28
2019 ജൂലായ്
ഞായർ
1194 കർക്കടകം 12

# കലാകൗമുദി

കൗമുദിപ്ലസ് ഞായറാഴ്ചപ്പതിപ്പ് ഇന്നത്തെ പത്രത്തോടൊപ്പം

ഇന്ന് ചൂട് 26°c പകൽ
മഴ 20% സാദ്ധ്യത

Published from Thiruvananthapuram, Kollam, Mumbai
തിരുവനന്തപുരം ■ 16 പേജ് ■ ₹ 7.50 (Invitation Price)
www.kalakaumudi.com



കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് ഏറ്റുവാങ്ങിയ ജോജു ജോർജ്ജ്, നിമിഷ സജയൻ, സൗബിൻ സാഹിർ, ജയസൂര്യ, ശ്യാമപ്രസാദ്, സക്കറിയ തുടങ്ങിയവർ മുൻനിരയിൽ (വാർത്ത പേജ് 5) (ഫോട്ടോ അശോക് കരകുളം)

## ഇലക്ട്രിക് വാഹനങ്ങളുടെ ജി എസ് ടി 5%

ഡൽഹി: രാജ്യത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ജിഎസ്ടി 12 ശതമാനത്തിൽ നിന്ന് അഞ്ച് ശതമാനമാക്കി കുറച്ചു. കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമന്റെ അദ്ധ്യക്ഷതയിൽ ഇന്ന് ചേർന്ന ജിഎസ്ടി കൗൺസിലാണ് ഇതുസംബന്ധിച്ച തീരുമാനമെടുത്തത്.

ഇലക്ട്രിക് വാഹന ചാർജ്ജറിനുള്ള ജിഎസ്ടിയും അഞ്ച് ശതമാനമാക്കി കുറച്ചു. നേരത്തെ ഇത് 18 ശതമാനമായിരുന്നു. ഓഗസ്റ്റ് ഒന്ന് മുതൽ പുതിയ നികുതി നിരക്ക് പ്രാബല്യത്തിൽ വരും.

ഇലക്ട്രിക് വാഹന വില്പന പ്രോത്സാഹിപ്പിക്കാനുള്ള കേന്ദ്ര സർക്കാർ നയത്തിന്റെ ഭാഗമായാണ് നികുതി നിരക്ക് കുറച്ചത്. പ്രാദേശിക ഭരണകൂടങ്ങൾ ഇലക്ട്രിക് ബസുകൾ വാടകയ്ക്കെടുക്കുമ്പോൾ ജിഎസ്ടി ഒഴിവാക്കാനുള്ള തീരുമാനവും കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്.

വില്പന പ്രോത്സാഹിപ്പിക്കാനായി ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് വായ്പ എടുത്തവർക്ക് 1.5 ലക്ഷം രൂപ ആദായ നികുതി ഇളവ് നൽകുമെന്ന് കഴിഞ്ഞ ബജറ്റിൽ നിർമ്മലാ സീതാരാമൻ പ്രഖ്യാപിച്ചിരുന്നു. 2030 ഓടെ രാജ്യത്തെ ആകെ വാഹനങ്ങളിൽ 30 ശതമാനം ഇലക്ട്രിക് വാഹനങ്ങളാക്കാനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

## എൽദോയുടെ കൈയ്ക്ക് ഒടിവില്ല

മർദ്ദിക്കുന്ന ചിത്രവും വ്യാജം 05

ഉന്നം കാനം തന്നെ 06

എസ്. എൽ. ശ്യാം

തിരുവനന്തപുരം: പൊലീസ് കൈ അടിച്ചൊടിച്ചെന്ന സി. പി. ഐ എം. എൽ. എയുടെ വാദം കള്ളമെന്ന് തെളിയുന്നു. എം. എൽ. എയുടെ കൈയിലെ എല്ലിന് പോറൽ പോലുമില്ലെന്നാണ് മെഡിക്കൽ റിപ്പോർട്ട്.

കൊച്ചിയിൽ ഡി. ഐ. ജി ഓഫീസിലേയ്ക്ക് നടന്ന മാർച്ചിനു നേരെയുണ്ടായ ലാത്തിച്ചാർജ്ജിൽ പരിക്കേറ്റ പ്രവർത്തകരെ ആശുപത്രിയിൽ എത്തിക്കാൻ നേതൃത്വം നൽകിയത് എൽദോ ആയിരുന്നു. അന്ന് ഇരു കൈകളും അനായാസം ഉയർത്തി നിൽക്കുന്ന എൽദോ എബ്രഹാമിന്റെ ദൃശ്യങ്ങൾ പുറത്തു വന്നിരുന്നു.



എൽദോ എബ്രഹാം

എന്നാൽ വൈകാതെ ഇടതു കൈയിൽ പ്ലാസ്റ്ററുമായി എൽദോ രംഗത്തു വന്നു. പൊലീസ് അടിച്ചൊടിച്ചെന്ന പ്രചാരണവും നടത്തി. മാദ്ധ്യമങ്ങൾ ഇത് ഭംഗിയായി ആഘോഷിച്ചു.

സി. പി. ഐ മന്ത്രി ഇ. ചന്ദ്രശേഖരൻ മുഖ്യമന്ത്രി പിണറായി വിജയനെ നേരിൽകണ്ട് പൊലീസ് നടപടിയിലുള്ള പ്രതിഷേധം അറിയിച്ചു. അന്വേഷിക്കാമെന്നായിരുന്നു മുഖ്യമന്ത്രിയുടെ മറുപടി. അടുത്ത ദിവസം നടന്ന മന്ത്രിസഭാ യോഗത്തിലും സി. പി. ഐ മന്ത്രിമാർ ശക്തമായി പ്രതിഷേധം അറിയിച്ചു.

എന്നാൽ സി. പി. ഐ സംസ്ഥാന സെക്രട്ടറി കാനംരാജേന്ദ്രൻ കാര്യമായി പ്രതികരിച്ചില്ല. പാർട്ടി എറണാകുളം ജില്ലാ നേതൃത്വത്തെ ഒന്ന് കുത്തുകയും ചെയ്തു. വീട്ടിൽക്കയറി തല്ലിയതൊന്നുമല്ലല്ലോ എന്നായിരുന്നു കാനത്തിന്റെ മറുപടി. സി. പി. ഐ എറണാകുളം ജില്ലാ സെക്രട്ടറി പി. രാജുവും കൂട്ടരും സംസ്ഥാന നേതൃത്വവുമായി നല്ല രസത്തിലായിരുന്നില്ല. നേതൃത്വം നിർദ്ദേശിച്ച പൊലീസ് സ്റ്റേഷനു പകരം ഡി. ഐ. ജി ഓഫീസിലേക്കാണ് മാർച്ച് നടത്തിയത്. പരമാവധി പ്രകോപനമുണ്ടാക്കി ലാത്തിച്ചാർജ്ജിന് കളമൊരുക്കാൻ ജില്ലാ നേതൃത്വം അണികൾക്ക് നിർദ്ദേശവും നൽകി. പ്രവർത്തകർ അത് കൃത്യമായി നടപ്പാക്കി. ലാത്തിച്ചാർജ്ജ് നടന്നു.

ആഭ്യന്തര വകുപ്പു കൂടി കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി പിണറായി വിജയനെ പ്രതിക്കൂട്ടിലാക്കുകയായിരുന്നു ഒരു ലക്ഷ്യം. മുഖ്യമന്ത്രിക്കും സി. പി. എമ്മിനും മുന്നിൽ കാനം രാജേന്ദ്രനെ വിലകുറച്ചു കാണിക്കാമെന്ന ഉദ്ദേശവും ഇതിലൂടെ പി. രാജുവിനും സംഘത്തിനും ഉണ്ടായിരുന്നുവെന്നും ആരോപണമുണ്ട്. ഇതിനിടെയാണ് എൽദോയുടെ മെഡിക്കൽ റിപ്പോർട്ട് പുറത്തു വന്നത്. ആശുപത്രിറിപ്പോർട്ടിൽ എല്ലിന് യാതൊരു ക്ഷതവും പറ്റിയിട്ടില്ലെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്.

## സുപ്രീംകോടതി വിധി നടപ്പാക്കി

• കട്ടച്ചിറ പള്ളിയിൽ ഓർത്തഡോക്സ് വിഭാഗം പ്രവേശിച്ചു

ദീപു മറ്റപ്പള്ളി


ആലപ്പുഴ: സഭാതർക്കം നിലനിൽക്കുന്ന കായംകുളം കട്ടച്ചിറ പള്ളിയിൽ സുപ്രീംകോടതി വിധി നടപ്പാക്കി. കനത്ത പൊലീസ് സുരക്ഷയിൽ ഓർത്തഡോക്സ് വിഭാഗം പള്ളിയിൽ പ്രവേശിച്ചു. സബ് കളക്ടർ കൃഷ്ണ തേജയുടെ നിർദ്ദേശത്തെ തുടർന്നാണ് ഓർത്തഡോക്സ് വിഭാഗം വിശ്വാസികളെ പള്ളിവളപ്പിൽ പ്രവേശിപ്പിച്ചത്. സബ് കളക്ടറുടെ നേതൃത്വത്തിൽ തന്നെയാണ് പള്ളിയുടെ പൂട്ട് തുറന്ന് വിശ്വാസികളെ പ്രവേശിപ്പിച്ചത്. കഴിഞ്ഞവർഷം ഓഗസ്റ്റിലാണ് ഓർത്തഡോക്സ് വിഭാഗത്തിന് അനുകൂലമായി സുപ്രീം കോടതിയുടെ മൂന്നംഗ ബഞ്ച് ഈ പള്ളി സംബന്ധിച്ച് അന്തിമ വിധി പറഞ്ഞത്. സുപ്രീം കോടതി വിധി നടപ്പാക്കാത്തതിനെതിരെ രൂക്ഷമായ വിമർശനം ഉയർത്തിയിരുന്നു. ഇതിനെത്തുടർന്ന് ഓർത്തഡോക്സ് വിഭാഗം വിധി നടപ്പാക്കണമെന്ന് ജില്ലാ ഭരണകൂടത്തോട് രണ്ടാഴ്ച മുമ്പ് രേഖാമൂലം ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇന്നലെ വിധി നടപ്പാക്കാൻ ജില്ലാ ഭരണകൂടം തീരുമാനിച്ചത്. തുറന്ന പള്ളിയിൽ വികാരി ഫാ. ജോൺസ് ഈപ്പന്റെ നേതൃത്വത്തിൽ സന്ധ്യാ നമസ്കാരം നടത്തി. ഇന്ന് രാവിലെ പള്ളിയിൽ കുർബ്ബാന അർപ്പിക്കുമെന്നും അറിയിച്ചു.

വിധി വന്നതിനെത്തുടർന്ന് പല തവണ പ്രവേശിക്കാൻ ശ്രമിച്ചെങ്കിലും യാക്കോബായ വിഭാഗത്തിന്റെ പ്രതിഷേധത്തെ തുടർന്ന് സാദ്ധ്യമായിരുന്നില്ല. ഓർത്തഡോക്സ് പുരോഹിതൻമാർ പ്രാർത്ഥനയ്ക്കായെത്തുമെന്ന അറിയിപ്പ് ലഭിക്കുമ്പോൾ മുതൽ വിശ്വാസികൾ കനത്ത പ്രതിഷേധവുമായി പള്ളികളിൽ തടിച്ച് കൂടുകയും പുരോഹിതർ പള്ളിയിൽ പ്രവേശിക്കാൻ കഴിയാതെ മടങ്ങുകയുമായിരുന്നു. പള്ളി പരിസരത്ത് വൻ പൊലീസ് സംഘത്തെ വിന്യസിച്ചിട്ടുണ്ട്. കോടതി വിധി നടപ്പാക്കുന്നതിനെതിരെ യാക്കോബായ വിഭാഗം സംഘടിച്ചെത്തിയതിനെ തുടർന്ന് പള്ളിയിൽ സംഘർഷാവസ്ഥയുണ്ടായി.പ്രതിഷേധവുമായി എത്തിയവരെ കുരിശടിക്കു സമീപം പൊലീസ് തടഞ്ഞു. പൊലീസുമായുള്ള തർക്കത്തിനിടെ യാക്കോബായ വിഭാഗത്തിൽപ്പെട്ട



കട്ടച്ചിറ പള്ളിയിൽ ഓർത്തഡോക്സ് വിഭാഗം വൈദികരുടെ നേതൃത്വത്തിൽ നടന്ന സന്ധ്യനമസ്ക്കാരം

വയോധിക കുഴഞ്ഞു വീണു. ഇവരെ കായംകുളം ഗവ.ആശുപത്രിയിലേക്കു മാറ്റി. സംഘർഷത്തെ തുടർന്ന് കായംകുളം പുനലൂർ റോഡിൽ ഒരു മണിക്കൂറോളം ഗതാഗതം തടസപ്പെട്ടു. വിധി നടപ്പാക്കുകയല്ലാതെ മറ്റ് മാർഗ്ഗങ്ങളില്ലെന്ന് സമരക്കാരെ അറിയിച്ചു. എന്നാൽ പള്ളിയുടെ പരിസരപ്രദേശങ്ങളിൽ തമ്പടിച്ചിരുന്നു. ഇന്നും പ്രതിഷേധം ഉയർത്താനാണ് യാക്കോബായ വിഭാഗത്തിന്റെ തീരുമാനം. വിധി നടപ്പാക്കുന്നതിന് പൂർണ്ണ സഹകരണം നൽകിയ ജില്ലാഭരണകൂടത്തിനും പൊലീസ് അധികാരികൾക്കും ഓർത്തഡോക്സ് സഭാ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ നന്ദി അറിയിച്ചു.



മുബൈയിൽ വെള്ളക്കെട്ടിൽ കുടുങ്ങിയ മുംബൈ-കോലാപ്പൂർ മഹാലക്ഷ്മി എക്സ്പ്രസ്

## മുബൈയിൽ വെള്ളക്കെട്ടിൽ ട്രെയിൻ കുടുങ്ങി യാത്രക്കാരെ രക്ഷിച്ചു

സ്വന്തം ലേഖകൻ

മുംബൈ: കനത്ത മഴയെത്തുടർന്ന് വെള്ളക്കെട്ടിൽ കുടുങ്ങിയ മുംബൈ-കോലാപ്പൂർ മഹാലക്ഷ്മി എക്സ്പ്രസിൽ നിന്ന് യാത്രക്കാരെ സുരക്ഷിതമായി മാറ്റി. മഹാലക്ഷ്മി എക്സ്പ്രസിലെ യാത്രക്കാരെ കൊണ്ടുപോകുന്നതിന് കല്യാൺ മുതൽ കോലാപ്പൂർ വരെ 19 കോച്ചുകളുള്ള സ്പെഷ്യൽ ട്രെയിൻ ഓടിച്ചതായി മധ്യമേഖലാ റെയിൽവേ ചീഫ് പബ്ലിക് റിലേഷൻസ് ഓഫിസർ സുനിൽ ഉദാസി അറിയിച്ചു. വടക്കൻ കൊങ്കൺ മേഖലയിൽ അടുത്ത 24 മണിക്കൂറിൽ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് കാലാവസ്ഥാ പ്രവചനം. മുംബൈ റെയിൽവേ ഡിവിഷനിലെ 9 ട്രെയിനുകൾ വഴി മാറ്റി. രണ്ട് ട്രെയിനുകൾ റദ്ദാക്കുകയും 3 എണ്ണം ദൂരം വെട്ടിച്ചുരുക്കുകയും ചെയ്തു.

രണ്ടു സൈനിക ഹെലികോപ്റ്ററുകളും ദേശീയ ദുരന്ത നിവാരണ സേനയുടെ ആറു ബോട്ടുകളും ഉപയോഗിച്ചാണ് യാത്രക്കാരെ രക്ഷിച്ചത്.

മുംബൈയിൽ നിന്ന് 70 കിലോമീറ്റർ അകലെയാണ് സർവീസ് തുടരാൻ കഴിയാതെ മുംബൈ-കോലാപ്പൂർ എക്സ്പ്രസ് കുടുങ്ങിയത്. ട്രെയിനിന് ചുറ്റും ആറടിയോളം വെള്ളമുണ്ടായിരുന്നു. വെള്ളിയാഴ്ച രാത്രി മുതൽ ട്രെയിനിൽ കുടുങ്ങിക്കിടന്ന യാത്രികർ തങ്ങളെ രക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് സമൂഹമാദ്ധ്യമങ്ങളിൽ വിഡിയോകൾ പോസ്റ്റ് ചെയ്തിരുന്നു. നിരവധി മണിക്കൂറുകൾ വെള്ളമോ ഭക്ഷണമോ ലഭിച്ചില്ല. സംഭവം ചർച്ചയായതിനെ തുടർന്നാണ് രണ്ടു സൈനിക ഹെലികോപ്റ്ററുകളും ആറു ബോട്ടുകളും അയയ്ക്കാൻ തീരുമാനിച്ചതെന്ന് മന്ത്രി ഏക്നാഥ് ഗെയ്ക്വാദ് അറിയിച്ചു.

കനത്ത മഴയിൽ നദികൾ കവിഞ്ഞൊഴുകിയതിനെ തുടർന്ന് ബാദൽപുർ, ഉൽഹാസ്നഗർ, വാൻഗായ് തുടങ്ങിയ മേഖലകൾ വെള്ളത്തിലായി. കനത്ത മഴ റോഡ്-റയിൽ-വ്യോമ ഗതാഗത സംവിധാനങ്ങളെ രൂക്ഷമായി ബാധിച്ചു. ഛത്രപതി ശിവജി രാജ്യാന്തര വിമാനത്താവളത്തിന്റെ പ്രവർത്തനം ഭാഗികമായി തടസപ്പെട്ടു. റൺവേയിലെ കാഴ്ചപരിധി കുറഞ്ഞതിനെത്തുടർന്ന് 17 രാജ്യാന്തര വിമാനങ്ങൾ ഉൾപ്പടെ ഒട്ടേറെ സർവീസുകൾ വൈകി.

നഗരത്തിന്റെ ജീവനാഡിയായ ലോക്കൽ ട്രെയിൻ സർവീസുകൾ പലതും പാതിവഴിയിൽ നിർത്തി. ജനങ്ങൾ വെള്ളക്കെട്ടുകളിൽ ഇറങ്ങരുതെന്നും തീരമേഖലയിൽ നിന്ന് അകലം പാലിക്കണമെന്നും മുംബൈ പൊലീസ് മുന്നറിയിപ്പ് നൽകി. മൺസൂണിനു പുറമേ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദ്ദവുമാണ് കനത്ത മഴയ്ക്കു കാരണം.

## അഖിൽ അറസ്റ്റിൽ

• പിടിയിലായത് വിമാനത്താവളത്തിൽ, രാഹുലും പിടിയിൽ

തിരുവനന്തപുരം: അമ്പൂരിയിൽ രാഖി എന്ന യുവതിയെ കൊലപ്പെടുത്തിയ കേസിലെ ഒന്നാം പ്രതിയും സൈനികനുമായ അഖിൽ(26) അറസ്റ്റിൽ. ഡൽഹിയിൽ നിന്ന് എത്തിയ അഖിലിനെ ഇന്നലെ രാത്രി എട്ട് മണിയോടെയാണ് തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് പിടി കൂടിയത്.

പെട്ടെന്ന് തിരിച്ചറിയാതിരിക്കാൻ മീശ ഉൾപ്പെടെ വടിച്ചാണ് അഖിൽ എത്തിയത്. ഇയാൾ എത്തുന്നതായി പൊലീസിന് മുൻകൂട്ടി വിവരം ലഭിച്ചിരുന്നു. അഖിലിന്റെ സഹോദരനും രണ്ടാം പ്രതിയുമായ രാഹുൽ കഴിഞ്ഞദിവസം അറസ്റ്റിലായിരുന്നു. മൂന്നാം പ്രതിയും ഇവരുടെ സുഹൃത്തുമായ ആദർശിനെ ആദ്യം തന്നെ അറസ്റ്റ് ചെയ്തിരുന്നു. മലയിൻകീഴിൽ നിന്നാണ് രാഹുലിനെ അറസ്റ്റ് ചെയ്തത്. എന്നാൽ രാഹുൽ കഴിഞ്ഞ ദിവസം തന്നെ കീഴടങ്ങിയിരുന്നുവെന്നാണ് വിവരം. അഖിൽ ഉടൻ കീഴടങ്ങുമെന്ന് പിതാവ് മണിയൻ കഴിഞ്ഞ ദിവസം പൊലീസിനെ അറിയിച്ചിരുന്നു.



അഖിൽ



രാഖി



രാഹുൽ



ആദർശ്

അഖിലും സഹോദരനും ചേർന്ന് രാഖിയെ കാറിൽ വച്ച് കഴുത്തിൽ കയർ മുറുക്കി കൊന്നുവെന്നാണ് പൊലീസ് റിപ്പോർട്ട്. സംഭവത്തെക്കുറിച്ച് പൊലീസ് പറഞ്ഞതിങ്ങനെ. സംഭവദിവസം അഖിൽ നെയ്യാറ്റിൻകരയിൽനിന്ന് രാഖിയെ കാറിൽ അമ്പൂരിയിലെ വീട്ടിലെത്തിച്ചു. അപ്പോൾ അവിടെയുണ്ടായിരുന്ന രാഹുൽ എന്റെ അനിയന്റെ വിവാഹം നീ മുടക്കും അല്ലേടി, നീ ജീവിച്ചിരിക്കേണ്ടടി' എന്ന് പറഞ്ഞ് രാഖിയെ കാറിനുള്ളിൽ വച്ച് ശ്വാസം മുട്ടിച്ചു. രാഖി ബഹളം വച്ചപ്പോൾ ശബ്ദം പുറത്ത് വരാതിരിക്കാൻ ആദർശ് കാറിന്റെ എൻജിൻ ഇരപ്പിച്ചു. തുടർന്ന് കാറിന്റെ പിൻസീറ്റിലെത്തിയ അഖിൽ നേരത്തെ വാങ്ങി സൂക്ഷിച്ചിരുന്ന പ്ലാസ്റ്റിക് കയർ രാഖിയുടെ കഴുത്തിൽ മുറുക്കി. ജ്യേഷ്ഠനും അനുജനും ചേർന്ന് കയർ മുറുക്കി രണ്ട് വശത്തേയ്ക്കും വലിച്ച് മരണം ഉറപ്പാക്കി. തുടർന്ന് നേരത്ത തയാറാക്കിയ കുഴിക്കടുത്തെത്തിച്ച് വസ്ത്രങ്ങളെല്ലാം മാറ്റി. രാഖിയെ കുഴിയിലാക്കി ഉപ്പ് വിതറി മണ്ണിട്ട് മൂടുകയായിരുന്നു. വസ്ത്രങ്ങളെല്ലാം പിന്നീട് കത്തിച്ച് നശിപ്പിച്ചു. ഒരുമാസം പഴക്കമുണ്ടായിരുന്ന മൃതദേഹം മൂന്ന് ദിവസം മുമ്പാണ് അഖിലിന്റെ വീട്ടുവളപ്പിൽ കുഴിച്ചിട്ട നിലയിൽ കണ്ടെത്തിയത്. രാഖിയെ കാണാതായതിനെത്തുടർന്ന് പിതാവ് പൂവാർ പൊലീസിൽ പരാതി നൽകിയിരുന്നു. കഴിഞ്ഞ ജൂൺ 21ന് രാഖിയുടെ ഫോൺ ഓഫായിരുന്നു. എന്നാൽ അതിന് ശേഷവും ആ സിമ്മിൽ നിന്ന് വീട്ടുകാർക്ക് മെസേജ് ലഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലാണ് പൊലീസ് അഖിലാണ് കൊലപാതകി എന്ന നിഗമനത്തിൽ എത്തിയത്. പുതുതായി വാങ്ങിയ ഫോണിൽ അഖിൽ രാഖിയുടെ സിം ഉപയോഗിച്ച് വിളിക്കുകയായിരുന്നു.

## വിജിലൻസ് അന്വേഷണവും കേസ് നടത്തിപ്പും പ്രതിസന്ധിയിൽ

സ്വന്തം ലേഖകൻ

തിരുവനന്തപുരം: വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ആവശ്യപ്പെട്ട തസ്തികകൾ ധനവകുപ്പ് അനുവദിച്ചില്ല. സാമ്പത്തിക ബാദ്ധ്യത ചൂണ്ടിക്കാണിച്ച് വിജിലൻസ് ഫയൽ മടക്കി അയച്ചു. ഇതോടെ കേസ് നടത്തിപ്പും അന്വേഷണവും അവതാളത്തിലാകുമെന്ന് വ്യക്തമാക്കി വിജിലൻസ് ഡയറക്ടർ ആഭ്യന്തര വകുപ്പിന് പ്രത്യേക കത്ത് നൽകി. അഭിഭാഷകരെ നിയമോപദേശകരെന്നും പ്രോസിക്യൂട്ടർമാരെന്നും തരംതിരിക്കുന്നതിനാണ് പ്രത്യേക തസ്തികകൾ വിജിലൻസ് ആവശ്യപ്പെട്ടത്.ഇത് അടിയന്തര പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതില്ലെന്ന നിലപാടാണ് ധനവകുപ്പ് സ്വീകരിച്ചത്.

സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിലാണ് പുതിയ ക്രമീകരണത്തിന് വിജിലൻസ് തയ്യാറായത്. നിയമോപദേശം നൽകുന്ന അഭിഭാഷകർ തന്നെ കേസുകൾ വാദിക്കരുതെന്നായിരുന്നു സുപ്രീം കോടതി ഉത്തരവ്. ഓരോ കേസുകളിലും വിജിലൻസ് നിയമോപദേശം തേടാറുണ്ട്. പലപ്പോഴും വിജിലൻസ് പ്രോസിക്യൂട്ടർമാരിൽ നിന്നായിരിക്കും ഉപദേശം തേടുക. ഇതേ പ്രോസിക്യൂട്ടർമാർ കേസ് നടത്തിപ്പിനും ഹാജരാകും. ഈ നടപടി അവസാനിപ്പിക്കണമെന്നാണ് സുപ്രീം കോടതി നിർദ്ദേശിച്ചത്.

പുതുതായി നാല് നിയമോപദേശകരുടെ തസ്തിക സൃഷ്ടിക്കാനായിരുന്നു വിജിലൻസ് ഡയറക്ടർ അനിൽകാന്ത് ശുപാർശ നൽകിയത്. ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ആഭ്യന്തര വകുപ്പ് സെക്രട്ടറി ധനവകുപ്പിന് ഫയൽ നൽകി.വിജിലൻസ് വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിക്ക് പൊലീസ് ഉപദേഷ്ടാവ് രമൺ ശ്രീവാസ്തവ നൽകിയ അനുകൂല ഉപദേശത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഫയൽ അയച്ചത്. എന്നാൽ കൂടുതൽ നടപടികളിലേയ്ക്ക് കടക്കാതെ ധനവകുപ്പ് ഫയൽ മടക്കുകയായിരുന്നു.

ഫയൽ മടക്കിയതോടെ വിജിലൻസ് ഡയറക്ടർ ആഭ്യന്തര വകുപ്പിനെ സമീപിച്ചു. നടപടി കേസുകളെ ബാധിക്കുമെന്ന് വിശദീകരിച്ചു. ഇപ്പോൾ അന്വേഷണം നടക്കുന്ന പ്രധാന കേസുകളെയും ഇത് ബാധിക്കുമെന്ന് അറിയിച്ചു. കേസുകളുടെ തുടർ നടപടികൾ വിജിലൻസ് പ്രത്യേക കോടതികളിലാണ് നടക്കേണ്ടത്. അന്വേഷണം, പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കൽ, എഫ്ഐആർ രേഖപ്പെടുത്തൽ, കുറ്റപത്രം തയ്യാറാക്കൽ തുടങ്ങിയവയ്ക്ക് ഉദ്യോഗസ്ഥർ നിയമോപദേശം തേടാറുണ്ട്.

അഭിഭാഷകരാകട്ടെ ഇപ്പോൾ രേഖാമൂലം ഉപദേശം നൽകുന്നില്ല. ഇത് പലപ്പോഴും പ്രതികൂലമായി ബാധിക്കാറുണ്ട്.

വിവാദങ്ങളുണ്ടാകുമ്പോൾ ഉദ്യോഗസ്ഥർ ആരോപണ വിധേയരാകും. അഭിഭാഷകർ നിയമോപദേശം നൽകിയത് വെളിപ്പെടുത്തുകയുമില്ല. ഈ സ്ഥിതി ഉദ്യോഗസ്ഥരുടെ പ്രവർത്തനത്തെ ബാധിക്കും. കേസുകളിലുള്ള തുടർ നടപടികളെയും പ്രതികൂലമായി ബാധിക്കും. വിജിലൻസിലുണ്ടായ പ്രതിസന്ധി അക്കമിട്ടു നിരത്തിയ ശുപാർശയാണ് വിജിലൻസ് ഡയറക്ടർ വീണ്ടും നൽകിയത്. ആഭ്യന്തര വകുപ്പും ഇതേ വിഷയങ്ങൾ ഉൾപ്പെടുത്തി ഫയൽ ധനകാര്യ വകുപ്പിനു നൽകിയിട്ടുണ്ട്. മന്ത്രിതലത്തിലുള്ള ഇടപെലുണ്ടാകണമെന്ന ആവശ്യവും ആഭ്യന്തര വകുപ്പ് ഉന്നയിച്ചിട്ടുണ്ട്. മുഖ്യമന്ത്രി പിണറായി വിജയൻ ധനവകുപ്പ് മന്ത്രി ഡോ.ടി.എം. തോമസ് ഐസകുമായി ഇക്കാര്യത്തിൽ ആശയ വിനിമയം നടത്തിയേക്കും. എണ്ണത്തിൽ കുറവ് വരുത്തിയെങ്കിലും നിയമോപദേശകരുടെ തസ്തിക സൃഷ്ടിക്കുകയോ പുറത്തു നിന്ന് നിയമോപദേശം തേടുന്നതിനുള്ള അനുമതി നൽകുകയോ ചെയ്ത് വിജിലൻസിന്റെ ആവശ്യം പരിഗണിക്കാനാണ് സാദ്ധ്യത.

## യൂണിവേഴ്സിറ്റി കോളേജ്

# 9 വിദ്യാർത്ഥികൾക്ക് കൂടി സസ്പൻഷൻ

### കോളേജിൽ നിന്നും പൊലീസിനെ പുറത്താക്കി

തിരുവനന്തപുരം: യൂണിവേഴ്സിറ്റി കോളേജിൽ സഹപാഠിയെ കുത്തിയ കേസിൽ ഉൾപ്പെട്ട ഒമ്പത് വിദ്യാർത്ഥികളെ കൂടി സസ്പൻഡ് ചെയ്തു. ഇതോടെ സംഭവവുമായി ബന്ധപ്പെട്ട് സ്പെൻഷനിലായവരുടെ എണ്ണം 15 ആയി.

അതേസമയം, കോളേജിൽ വിന്യസിച്ചിരുന്ന പൊലീസിനെ പുറത്താക്കി. എഎസ്ഐ അടക്കം അഞ്ച് പൊലീസുകാരാണ് സുരക്ഷാ ചുമതലയ്ക്ക് കോളേജിനുള്ളിൽ ഉണ്ടായിരുന്നത്.

ഇന്നലെ രാവിലെ പുറത്തിറങ്ങാനുള്ള നിർദ്ദേശത്തെ തുടർന്ന് ഇവർ




മതിൽ കെട്ടിന് പുറത്തിറങ്ങി. വിദ്യാർത്ഥി പ്രതിഷേധത്തെ തുടർന്നാണ് ഉന്നത ഉദ്യോഗസ്ഥർ ഇടപെട്ട് പൊലീസിനെ പിൻവലിച്ചത്.

അതിനിടെ മുഖ്യപ്രതികളിലൊരാളായ ശിവരഞ്ജിത് താൻ ഉത്തരക്കടലാസുകൾ മോഷ്ടിച്ചിരുന്നെന്ന് സമ്മതിച്ചു. കോളേജിലെത്തിച്ച ഉത്തരക്കടലാസ് കെട്ടിൽനിന്നാണ് മോഷണം നടത്തിയതെന്നും കോപ്പിയടിയായിരുന്നു ലക്ഷ്യമെന്നും മൊഴിയിലുണ്ട്.

ഉത്തരക്കടലാസ് മോഷ്ടിച്ച സ്ഥലം തെളിവെടുപ്പിൽ ശിവരഞ്ജിത്ത് ചൂണ്ടിക്കാണിച്ച് നൽകിയെന്നും പൊലീസ് വ്യക്തമാക്കി.ശിവരഞ്ജിത്തിനെ ഇന്നലെ രാവിലെയാണ് കോളേജിലെത്തിച്ച് തെളിവെടുത്തത്.

നേരത്തെ ശിവരഞ്ജിതിന്റെ വീട്ടിൽ നിന്നും പൊലീസ് ഒന്നും എഴുതിയിട്ടില്ലാത്ത ഉത്തരക്കടലാസ് കെട്ടുകൾ കണ്ടെടുത്തിരുന്നു. പിഎസ്‌സിയുടെ പൊലീസ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ശിവരഞ്ജിതിന്റെ നേട്ടവും അന്വേഷണ പരിധിയിലാണ്.

## യൂണിവേഴ്സിറ്റി കോളേജിൽ അദ്ധ്യാപകർക്ക് കൂട്ട സ്ഥലം മാറ്റം

തിരുവനന്തപുരം: യൂണിവേഴ്സിറ്റി കോളേജിൽ അദ്ധ്യാപകരെ കൂട്ടത്തോടെ സ്ഥലം മാറ്റി. പതിനൊന്ന് അദ്ധ്യാപകരെയാണ് സ്ഥലം മാറ്റിയത്. കത്തിക്കുത്ത് സമയം താത്കാലിക ചുമതലയുണ്ടായിരുന്ന പ്രിൻസിപ്പാൾ കെ വിശ്വംഭരനെയും മൂന്ന് അനദ്ധ്യാപകരെയും നേരത്തെ സ്ഥലം മാറ്റിയിരുന്നു.ഇപ്പോഴത്തെ സ്ഥലംമാറ്റം നേരത്തേ നിശ്ചയിച്ചിരുന്നെങ്കിലും ഇടത് അദ്ധ്യാപക സംഘടനയുടെ സമ്മർദ്ദം മൂലം നീണ്ട് പോവുകയായിരുന്നു. പരീക്ഷ ക്രമക്കേടിനെ തുടർന്ന് ആരോപണം ഉയർന്ന സാഹചര്യത്തിലാണ് സ്ഥലം മാറ്റം. എസ്എഫ്ഐ പ്രവർത്തകരായ വിദ്യാർത്ഥികളെ സഹായിക്കുന്നത് അദ്ധ്യാപകരാണെന്ന് യൂണിവേഴ്സിറ്റി നടത്തിയ അന്വേഷണത്തിൽ വ്യക്തമായിരുന്നു. ഇതേ തുടർന്നാണ് സ്ഥലം മാറ്റമെന്നാണ് സൂചന. വരും ദിവസങ്ങളിൽ യൂണിവേഴ്സിറ്റി തലത്തിൽ കൂടുതൽ നടപടികളുണ്ടാകും. സർക്കാർ ശക്തമായ നിലപാടു സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് നടപടികൾ.

## ഹോട്ടലുകളിൽ മുറിയെടുത്ത് പണം വച്ച് ചീട്ടുകളി: 9 അംഗ സംഘം പിടിയിൽ

തിരുവനന്തപുരം: ഹോട്ടലുകളിൽ മുറിയെടുത്ത് പണംവച്ച് ചീട്ടുകളി നടത്തുന്ന സംഘം പിടിയിൽ. ശാസ്തമംഗലം സ്വദേശി അശോകൻ(55), പെരുന്താന്നി സ്വദേശി സന്തോഷ് കുമാർ(42), വലിയതുറ സ്വദേശി ശരത്(30), കുര്യാത്തി സ്വദേശി അനിൽകുമാർ(55) അമ്പലത്തറ സ്വദേശികളായ ശിവരാജൻ(47) ബേബികുട്ടൻ(42), സജീവ്(41), നെടുമങ്ങാട് കൊപ്പം സ്വദേശി കുഞ്ഞുമോൻ(43), പൂന്തുറ സ്വദേശി സിദ്ദിഖ്(34) എന്നിവരെയാണ് വഞ്ചിയൂർ പൊലീസ് പിടികൂടിയത്. ഇവരിൽനിന്ന് മുക്കാൽ ലക്ഷത്തോളം രൂപയും പിടിച്ചെടുത്തു. നഗരത്തിലെ ഹോട്ടലുകളിലാണ് ഒത്തുകൂടി ഇവർ ചീട്ടുകളിച്ചിരുന്നത്. സന്തോഷിന്റെയും സിദ്ദിഖിന്റെയും മേൽനോട്ടത്തിയിരുന്നു ചീട്ടുകളി.ഓരോ ദിവസവും വ്യത്യസ്ത ഹോട്ടലുകളിലായിരിക്കും ചീട്ടുകളി. കളി തുടങ്ങുന്നതിന് തൊട്ടുമുമ്പ് മാത്രമായിരിക്കും ഹോട്ടൽ ഏതെന്ന് സംഘത്തിലുള്ളവർ അറിയുന്നത്. രാത്രി മുതൽ നേരം പുലരും വരെ സംഘം ചീട്ടുകളി നടത്തും. സ്പെഷ്യൽ ബ്രാഞ്ച് എ.സി. പ്രമോദ് കുമാർ, കൺട്രോൾ റൂം എ.സി. ശിവസുതൻ പിള്ള, വഞ്ചിയൂർ എസ്.എച്ച്.ഒ. നിസാം, എസ്.ഐ. സഫീർ, ഷാഡോ എ.എസ്.ഐ.മാരായ അരുൺ കുമാർ, യശോധരൻ, ഷാഡോ ടീമംഗങ്ങൾ എന്നിവരാണ് അന്വേഷണത്തിനും അറസ്റ്റിനും ഉണ്ടായിരുന്നത്.

## കേടായ വാട്ടർ മീറ്റർ മാറ്റിയില്ലെങ്കിൽ കണക്ഷൻ വിച്ഛേദിക്കും

തിരുവനന്തപുരം: വാട്ടർ അതോറിറ്റി പി എച്ച് നോർത്ത് ഡിവിഷന് കീഴിൽ വരുന്ന ഉപഭോക്താക്കൾ തങ്ങളുടെ കേടായ വാട്ടർമീറ്ററുകൾ ഏഴുദിവസത്തിനകം മാറ്റണമെന്നാവശ്യപ്പെട്ട് നോട്ടീസ് നൽകാൻ ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയർമാർക്ക് നിർദ്ദേശം നൽകിയതായി എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.

ഡിവിഷന് കീഴിൽ എണ്ണായിരത്തിലധികം ഉപഭോക്താക്കളുടെ മീറ്ററുകൾ തകരാറിലാണ്. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാത്തവരുടെയും വെള്ളക്കര കുടിശ്ശികയുള്ളവരുടെയും കുടിവെള്ള കണക്ഷൻ ഓഗസ്റ്റ് 31ന് മുമ്പ് മറ്റൊരറിയിപ്പ് കൂടാതെ വിച്ഛേദിക്കും. വെള്ളക്കര കുടിശ്ശികയുള്ള ഉപഭോക്താക്കൾക്കും നോട്ടീസ് നൽകും. ഉപഭോക്താവിന്റെ പരിധിയിൽ വരുന്ന സ്ഥലത്ത് ചോർച്ചയുണ്ടായാൽ ലഭിക്കുന്ന 'ലീക്ക് ബെനഫിറ്റ്' ആനുകൂല്യത്തിനുള്ള അപേക്ഷകൾ അതതു മാസം തന്നെ രേഖപ്പെടുത്താൻ മീറ്റർ റീഡർമാർക്കും നിർദ്ദേശം നൽകി. രണ്ടു മാസം പിന്നിട്ട ചോർച്ചകൾ 'ലീക്ക് ബെനഫിറ്റി'ന് അർഹമായിരിക്കില്ല എന്നും അത്തരം അവസരങ്ങളിൽ മീറ്റർ റീഡർമാരായിരിക്കും നഷ്ടത്തിന് ഉത്തരവാദികൾ എന്നും വാട്ടർ അതോറിറ്റി നോർത്ത് പിഎച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.




ബലിസദ്യയോടനുബന്ധിച്ച് കരിക്കകം ശ്രീ ചാമുണ്ഡി ക്ഷേത്രത്തിൽ നടന്ന പ്രത്യേക ചടങ്ങ്

## കരിക്കകം ശ്രീചാമുണ്ഡി ക്ഷേത്രത്തിൽ ബലിസദ്യ

തിരുവനന്തപുരം: കരിക്കകം ശ്രീ ചാമുണ്ഡി ക്ഷേത്രത്തിലെ ആണ്ട് വിശേഷമായ ബലിസദ്യ ഇന്നലെ നടന്നു.

വിശിഷ്ട പൂജകളും, സായൂജ്യപൂജ, അന്നദാനം എന്നിവയും ഉണ്ടായിരുന്നു. തന്ത്രി പുലിയന്നൂർ മന നാരായണൻ നമ്പൂതിരി, മേൽശാന്തി ശ്രീഭദ്രമഠം പി.രാധാകൃഷ്ണൻ നമ്പൂതിരി എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

ചടങ്ങിൽ നൂറുകണക്കിന് ഭക്തജനങ്ങൾ പങ്കെടുത്തു.

## എം.ജി യുടെ ഓർമ്മകളുമായി ഘനശ്യാമസന്ധ്യ

തിരുവനന്തപുരം: എം.ജി.രാധാകൃഷ്ണൻ ഫൗണ്ടേഷൻ ,കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവൻ,ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം

ദൂരദർശൻ എന്നിവ സംയുക്തമായി ഒരുക്കുന്ന ഘനശ്യാമസന്ധ്യ തിങ്കളാഴ്ച വൈകുന്നേരം 5 ന് ടാഗോർ തിയേറ്ററിൽ അരങ്ങേറും. ഭാരത് ഭവൻ മെമ്പർ സെക്രട്ടറി പ്രമോദ് പയ്യന്നൂരിന്റെ അദ്ധ്യക്ഷതയിൽ ടൂറിസം ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഘനശ്യാമസന്ധ്യ ഉദ്ഘാടനം ചെയ്യും. 2019 ലെ എം.ജി.രാധാകൃഷ്ണൻ പുരസ്കാരം ഗായകൻ എം. ജയചന്ദ്രന് മന്ത്രി സമ്മാനിക്കും.

ചലച്ചിത്രതാരങ്ങളായ മധു, കെ.പി.എ.സി. ലളിത, ഇന്നസെന്റ്, സീമ, എന്നിവരെ ചടങ്ങിൽആദരിക്കും. പി. ശ്രീകുമാർ. ജഗദീഷ്, ശ്രീലതാ നമ്പൂതിരി, മല്ലികാ സുകുമാരൻ,ഡോ. ഓമനക്കുട്ടി, പത്മജാ രാധാകൃഷ്ണൻ എന്നിവർ എം.ജി. രാധാകൃഷ്ണനെ അനുസ്മരിച്ച് സംസാരിക്കും.

തുടർന്ന് എം.ജി.രാധാകൃഷ്ണന്റെ സർഗസ്പർശം കൊണ്ട് അനശ്വരമായ ലളിതഗാനങ്ങളും ചലച്ചിത്രഗാനങ്ങളും കോർത്തിണക്കിയ സംഗീത സംഗീതസന്ധ്യ നടക്കും. പ്രശസ്ത ചലച്ചിത്ര പിന്നണി ഗായകർ ഗാനങ്ങൾ ആലപിക്കും.

## ഭാരത് ഭവൻ ഗ്രാമീണ നാടക പുരസ്കാരത്തിന് അപേക്ഷിക്കാം

തിരുവനന്തപുരം: സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവൻ, കേരളത്തിലെ മികച്ച ഗ്രാമീണ നാടകപ്രവർത്തകനായി ഏർപ്പെടുത്തിയ ഭാരത് ഭവൻ ഗ്രാമീണ നാടകപുരസ്കാരത്തിനും,

മികച്ച ഗ്രാമീണ നാടക രചനയ്ക്കായ് ഏർപ്പെടുത്തിയ പുഷ് പോത്തവൻ ഗ്രാമീണ നാടകപുരസ്

കാരത്തിനും അപേക്ഷ ക്ഷണിച്ചു. ഭാരത് ഭവൻ സംസ്ഥാന തലത്തിൽ നടത്തി വരുന്ന തീയട്രം ഫാർമെ പദ്ധതിയോടനുബന്ധിച്ചാണ് ക്യാഷ് അവാർഡും ഫലകവും പ്രശസ്തി പത്രവുമടങ്ങുന്ന പുരസ്കാരം നൽകുന്നത്. ഗ്രാമീണ നാടക രംഗത്ത് മൂല്യവത്തും സജീവവുമായ ഇടപെടലുകൾ നടത്തുന്നവരെയും മികച്ച ഗ്രാമീണ നാടക രചയിതാക്കളെയുമാണ് പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നത്. അപേക്ഷകർക്ക് പ്രായപരിധി ബാധകമല്ല. ഓഗസ്റ്റ് ഏഴിനകം വിശദമായ ബയോഡാറ്റ അടങ്ങിയ അപേക്ഷയോ നോമിനേഷനോ മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ,തൃപ്തി ബംഗ്ലാവ്, തൈക്കാട് പി.ഒ,തിരുവനന്തപുരം-14 വിലാസത്തിലോ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471- 2321747, 999 54 84148.

## നവീകരിച്ച ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്തു

കുടപ്പനക്കുന്ന്: വട്ടിയൂർക്കാവ് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിലെ നവീകരിച്ച ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടനം മരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ പുഷ്പലത ഉദ്ഘാടനം ചെയ്തു. 8 ലക്ഷം രൂപ ചെലവിട്ടാണ് ഓഡിറ്റോറിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തിയത്. വാർഡ് കൗൺസിലർ എസ്. ഹരിശങ്കർ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. നികുതി അപ്പീൽകാര്യ ചെയർപേഴ്സൺ സിമി ജ്യോതിഷ്, കമലേശ്വരം വാർഡ് കൗൺസിലർ ഗിരി, പി.ടി.എ പ്രസിഡന്റ് ബിനു എന്നിവർ പങ്കെടുത്തു.




വട്ടിയൂർക്കാവ് സ്കൂളിലെ നവീകരിച്ച ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടനം മരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ പുഷ്പലത നിർവ്വഹിക്കുന്നു

## ബാച്ച് ഫെസ്റ്റിവൽ ഇന്ന്

തിരുവനന്തപുരം: ക്ലാസിക്കൽ-സമകാലിക സംഗീത പരിപാടിയായ ബാച്ച് ഫെസ്റ്റിവൽ ഇന്ന് വൈകിട്ട് 6.45 ന് തൈക്കാട് ഗണേശത്തിൽ നടക്കും. അഡിഷണൽ ചീഫ് സെക്രട്ടറി ഡോ. ആശ തോമസ് ഉദ്ഘാടനം നിർവഹിക്കും.സംഗീത പരിപാടി തിരുവനന്തപുരം ക്ലെഫ് ആൻഡ് കാന്റോ മ്യൂസിക് സ്കൂളാണ് സംഘടിപ്പിക്കുന്നത്. ഡാന ബെക്പോസിനോവ (പിയാനോ), കെൻസെഗൽ അക്ഷെകിന (സെല്ലോ), ഗ്ലെബ് നെച്ചേവ് (വിയോള), വൈകോട്സെവ ഓൾഗ നിക്കോളാവ്ന (വോക്കൽ) എന്നിവരാണ് പരിപാടി അവതരിപ്പിക്കുന്നത്.

## രാഖിയെ മറവ് ചെയ്ത കുഴിയെടുക്കാൻ അഖിലിന്റെ അച്ഛനും കൂടി

തിരുവനന്തപുരം: രാഖിമോളെ മറവ് ചെയ്ത കുഴിയെടുക്കാൻ മുഖ്യപ്രതി അഖിലിന്റെ അച്ഛൻ മണിയനും പങ്കുചേർന്നിരുന്നെന്ന് നാട്ടുകാർ. ഇത്ര ആഴത്തിലുള്ള കുഴി എന്തിനെന്ന ചോദ്യത്തിന് മരം നടാനാണെന്നായിരുന്നു പറഞ്ഞതെന്നും പ്രദേശവാസികൾ മൊഴി നൽകി. കൃഷി പണി നടക്കുന്ന സ്ഥലം ആയതിനാൽ സംശയം തോന്നിയില്ലെന്നും നാട്ടുകാർ പറഞ്ഞു.കേസിന്റെ ആദ്യഘട്ടം മുതൽ മണിയന്റെ ഇടപെടൽ സംശയകരമായിരുന്നു. പൊലീസിനെ മനപൂർവ്വം വഴിതെറ്റിക്കാൻ മണിയൻ ശ്രമിക്കുന്നതായി സംശയം ഉയർന്നിരുന്നു.

അഖിലിന്റെ അച്ഛനും അമ്മയ്ക്കും കൊലപാതകത്തിൽ പങ്കുണ്ടെന്നാണ് വിശ്വാസമെന്ന് രാഖിയുടെ പിതാവ് രാജൻ ആരോപിച്ചിരുന്നു. പ്രതികളെ സംരക്ഷിക്കുന്ന നിലപാടാണ് പൊലീസിന്റെ ഭാഗത്തു നിന്ന് ഉണ്ടായതെന്നും രാഖിയുടെ അച്ഛൻ ആരോപിച്ചു. കൊലപാതകത്തിൽ പങ്കുള്ള എല്ലാവരെയും അറസ്റ്റ് ചെയ്യണമെന്ന് രാജൻ ആവശ്യപ്പെട്ടു. പ്രതികളെ കുറിച്ച് വിവരങ്ങളെല്ലാം പൊലീസിന് അറിയാം. പ്രതികൾക്ക് അധികാരകേന്ദ്രങ്ങളിൽ നിന്ന് പിന്തുണ ലഭിക്കുന്നുണ്ടെന്നും രാജൻ പറഞ്ഞു.

# സർക്കാർ ക്വാർട്ടേഴ്സുകൾ: ജീവനക്കാരുടെ പരാതി പരിശോധിക്കുമെന്ന് മുഖ്യമന്ത്രി

### ക്വാർട്ടേഴ്സുകളുടെ ശിലാസ്ഥാപനം നിർവഹിച്ചു

തിരുവനന്തപുരം: സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സുകളുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ പരാതികൾ ഗൗരവമായി പരിശോധിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം ലോ കോളേജ് ജംഗ്ഷൻ നേതാജി നഗറിൽ സർക്കാർ ജീവനക്കാർക്കായി പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന ക്വാർട്ടേഴ്സുകളുടെ ശിലാസ്ഥാപനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണിയിലും പരിപാലനത്തിലും വലിയ തോതിൽ ശ്രദ്ധക്കുറവ് വരുന്നെന്ന് പരാതിയുണ്ട്. വീഴ്ചകൾ പരിഹരിക്കാൻ ശ്രദ്ധിക്കണം. ചില ക്വാർട്ടേഴ്സുകൾ നിലനിൽക്കുന്നിടത്ത് മരങ്ങളും മറ്റും അപകടകരമായി നിൽക്കുന്നുണ്ടെങ്കിൽ അത് ഒഴിവാക്കണം വെള്ളക്കുടിശികയും മറ്റും കെട്ടിക്കിടക്കുന്നുണ്ടെങ്കിൽ ജല അതോറിറ്റി പ്രത്യേക അദാലത്തുകൾ നടത്താൻ ശ്രദ്ധിക്കണം.

സർക്കാർ ജീവനക്കാരുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ നടപടി ഇനിയുമുണ്ടാകും.



തിരുവനന്തപുരം ലോ കോളേജ് ജംഗ്ഷൻ നേതാജി നഗറിൽ സർക്കാർ ജീവനക്കാർക്കായി നിർമ്മിക്കുന്ന ക്വാർട്ടേഴ്സിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു

പ്രളയത്തിനു ശേഷമുള്ള പുനർനിർമ്മാണത്തിന്റെ കാര്യത്തിൽ തികഞ്ഞ ഇച്ഛാശക്തിയോടെയും ദീർഘവീക്ഷണത്തോടെയുമാണ് സർക്കാർ പ്രവർത്തിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം നിർമ്മിച്ച കെട്ടിടങ്ങൾ വലിയതോതിലുള്ള പ്രശംസ നേടുന്നതായി അദ്ധ്യക്ഷത വഹിച്ച പൊതുമരാമത്ത് മന്ത്രി ജി. സുധാകരൻ പറഞ്ഞു. പതിനായിരം കുടുംബങ്ങൾക്ക് താമസിക്കാൻ ആവശ്യമായ സർക്കാർ ക്വാർട്ടേഴ്സുകൾ നിലവിൽ ആവശ്യമാണ്. മേയർ അഡ്വ. വി.കെ. പ്രശാന്ത്, പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജി. കമലവർദ്ധനറാവു, പിഡബ്ല്യുഡി ചീഫ് എൻജിനീയർ ഇ.കെ. ഹൈദ്രു, സൂപ്രണ്ടിംഗ് എൻജിനീയർ ഹരിലാൽ തുടങ്ങിയവർ സംസാരിച്ചു. മൂന്ന് ബ്ളോക്കുകളിലായി 18 അപ്പാർട്ട്മെന്റുകളാണ് നിർമ്മിക്കുന്നത്. 18 മാസത്തിനകം നിർമ്മാണം പൂർത്തിയാക്കും.

## തെറ്റിയാർ കയ്യേറ്റം: എ ജിയുടെ സംഘം പരിശോധിച്ചു

കഴക്കൂട്ടം: തെറ്റിയാർ മലിനീകരണവും കൈയേറ്റവും പരാതികൾക്ക് ഇടയാക്കിയ പശ്ചാത്തലത്തിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രതിനിധികൾ സ്ഥലം സന്ദർശിച്ചു. എ.ജി. ഓഫീസിലെ പരിശോധനാ വിഭാഗത്തിലെ നാല് ഓഡിറ്റർമാരാണ് തെറ്റിയാർ കാണാനെത്തിയത്. ടെക്നോപാർക്ക് വളപ്പിനുളളിലും പുറത്തും നിന്ന് സംഘം വിവരങ്ങൾ ശേഖരിച്ചു.

സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിലെ ഉദ്യോഗസ്ഥരും കൂടെയുണ്ടായിരുന്നു. തെറ്റിയാർ സർവേക്ക് നേതൃത്വം നല്കിയ ഹെഡ് സർവേയർ ആർ.ജോയിയും തെളിവെടുപ്പിന് എത്തിയിരുന്നു.ടെക്നോപാർക്ക് വളപ്പിനുളളിൽ തെറ്റിയാർ ഗതിമാറ്റി വിട്ടിരിക്കുന്നത് സംഘത്തിന്റെ ശ്രദ്ധയിൽ പെട്ടു.ഇതിന് പുറമെ തോട് നികത്തി റോഡാക്കിയതും ഒരു കമ്പനി തോട് കൈയേറിയതും കാന്റീനിൽനിന്ന് മലിനജലം തോട്ടിലേക്ക് ഒഴുക്കുന്നതും കണ്ടെത്തി. തണ്ണീർത്തടം നികത്തിയിട്ടുളള ടെക്നോപാർക്കിന്റെ മൂന്നാം ഘട്ട പ്രദേശവും കണ്ടു. കരിമണൽ പ്രദേശത്ത് മലിനജലം തോട്ടിലേക്കൊഴുകുന്നതും കണ്ടെത്തി. തെറ്റിയാറിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് വെള്ളത്തിന്റെ സാമ്പിളുകൾ പരിശോധനയ്ക്കായി ശേഖരിച്ചു.




മലയിൻകീഴ് നാലാംകല്ലിന് സമീപം പെയിന്റ് ലോറി മരത്തിലിടിച്ച് ഉണ്ടായ അപകടത്തെ തുടർന്ന് റോഡിൽ വീണ പെയിന്റ് കിള്ളി ഫയർഫോഴ്സ് യൂണിറ്റ് വൃത്തിയാക്കുന്നു

## ലോറി നിയന്ത്രണം വിട്ടു മരത്തിൽ ഇടിച്ചു

മലയിൻകീഴ്: പെയിന്റ് കയറ്റി അമിത വേഗത്തിൽ പാഞ്ഞ മിനി ലോറി നിയന്ത്രണം വിട്ടു മരത്തിൽ ഇടിച്ചു. ലോറിയിൽ നിന്നും പെയിന്റ് റോഡിലേക്ക് പൊട്ടി വീണു. നിസാര പരിക്കേറ്റ ലോറി ഡ്രൈവർ അരുൺ ചന്തിനെ കാട്ടാക്കട താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ രാവിലെ 11ന് മലയിൻകീഴ് പാപ്പനംകോട് റോഡിൽ വിളവൂർക്കൽ നാലാംകല്ല് ജംഗ്ഷനു സമീപമാണ് സംഭവം. കാട്ടാക്കട ഫയർഫോഴ്സ് കഴുകി കളഞ്ഞു



# ഹോട്ടലിൽ മുഖംമൂടി ആക്രമണം: ഒരാൾ പിടിയിൽ

വെഞ്ഞാറമൂട്: കീഴായിക്കോണം, ശാലിനി ഭവനിലെ ഹോട്ടലിൽ മുഖം മൂടി ആക്രമണം നടത്തിയ കേസിൽ ഒരാൾ അറസ്റ്റിൽ.

മണലിമുക്ക്, അജ്മിയ മൻസിലിൽ അജ്ഫർ ഖാൻ (20) നെയാണ് വെഞ്ഞാറമൂട് സർക്കിൾ ഇൻസ്പകൂർ ബി.ജയന്റെയും സബ് ഇൻസ്പകൂർ ബിനീഷ് ലാലിന്റെയും നേതൃത്വത്തിലുള്ള സംഘം അറസ്റ്റ് ചെയ്തത്.

ജൂൺ 30 ന് രാത്രി 10 നാണ് കേസിനാസ്പദമായ സംഭവം. കീഴായിക്കോണം ശാലിനി ഭവൻ സ്കൂളിന് സമീപം പ്രവർത്തിച്ചു വരുന്ന മീൻചോലാ ഹോട്ടൽ പതിനഞ്ചോളം വരുന്ന മുഖം മൂടിസംഘം ബൈക്കിലെത്തി അടിച്ചു തകർക്കുകയായിരുന്നു. സംഭവം നടക്കുന്നതിന്റെ തലേ ദിവസം ഹോട്ടൽ ഉടമയായ വെമ്പായം സ്വദേശിയുമായുണ്ടായ



അറസ്റ്റിലായ അജ്ഫർ ഖാൻ

തർക്കമാണ് ആക്രമണത്തിൽ കലാശിച്ചതെന്ന് പൊലീസ് പറയഞ്ഞു. സംഭവ സ്ഥലത്ത് നിന്ന് ലഭിച്ച ബൈക്കുകളുടെ നമ്പർ കേന്ദ്രീകരിച്ച് പൊലീസ് അന്വേഷണം ആരംഭിച്ചെങ്കിലും ഇതേക്കുറിച്ച് സൂചന ലഭിച്ച പ്രതികൾ ഒളിവിൽ പോകുകയായിരുന്നു.കഴിഞ്ഞ ദിവസം



ഹോട്ടൽ അടിച്ചു തകർത്ത നിലയിൽ (ഫയൽ ചിത്രം)

വെഞ്ഞാറമൂട് സി.ഐയ്ക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ഇന്നലെ വൈകിട്ട് 4ന് നെടുമങ്ങാട് വാളിക്കോട് നിന്നും അജ്ഫർ ഖാനെ പിടികൂടുകയായിരുന്നു. ഈ കേസിൽ പൊലീസിന് ലഭിച്ച ഏക പ്രതിയാണിയാൾ.

## വീടുകയറി ആക്രമണം പ്രതി പിടിയിൽ



മനു

ആറ്റിങ്ങൽ: വീടിന്റെ കതക് വെട്ടിപ്പൊളിച്ച് വീട്ടുടമയെ ആക്രമിച്ച കേസിൽ പ്രതി പിടിയിൽ. മാമം പഴയറോഡ് തിരുവോണം വീട്ടിൽ മനു (23) ആണ് അറസ്റ്റിലായത്. ആറ്റിങ്ങൽ കൊട്ടിയോട് മഠത്തിൽ വിളാകംവീട്ടിൽ മനോജിന്റെ വീട്ടിലാണ് ഇയാൾ ആക്രമണം നടത്തിയത്

മനോജിന്റെ വീടിനുമുന്നിൽ നിന്ന് മനു അസഭ്യം വിളിച്ചത് വിലക്കിയതാണ് പ്രകോപനമുണ്ടാക്കിയതെന്ന് പൊലീസ് പറഞ്ഞു.

ആറ്റിങ്ങൽ എസ്.ഐ. എം.ജി. ശ്യാമിന്റെ നേതൃത്വത്തിൽ അറസ്റ്റുചെയ്ത പ്രതിയെ കോടതിയിൽ ഹാജരാക്കി.

# കഞ്ചാവുമായി രണ്ടു പേർ അറസ്റ്റിൽ

പാറശാല: രണ്ടുകിലോ കഞ്ചാവുമായി രണ്ടു പേരെ പാറശ്ശാല പൊലീസ് അറസ്റ്റ് ചെയ്തു. കൊല്ലം മയ്യനാട്, സുധിഷ് ഭവനിൽ സുധിഷ് (25), മയ്യനാട് അൽത്താഫ് മൻസിലിൽ അൽത്താഫ് (19) എന്നിവരെയാണ് പിടികൂടിയത്. മധുരയിൽ നിന്നും രണ്ടുകിലോ കഞ്ചാവ് വാങ്ങിയ ശേഷം പാറശ്ശാല റെയിൽവേ സ്റ്റേഷനിൽ ട്രെയിനിൽ നിന്നും ഇറങ്ങി റോഡ് മാർഗം തിരുവനന്തപുരത്ത് പോകുന്നതിനുവേണ്ടി ഇഞ്ചിവിളയിൽ ബസ് കാത്ത് നിൽക്കുമ്പോൾ സംശയം തോന്നിയ നാട്ടുകാർ പാറശാല പൊലീസിൽ അറിയിക്കുകയായിരുന്നു. തുടർന്നു പൊലീസെത്തി രണ്ടു പേരെയും പിടികൂടി സ്റ്റേഷനിൽ എത്തിക്കുകയായിരുന്നു. ചോദ്യം ചെയ്യനിടെ ഇവരുടെ ബാഗിനുള്ളിൽ ഒളിപ്പിച്ച നിലയിൽ കഞ്ചാവു കണ്ടെടുത്തു.

മധുരയിൽ നിന്നും വാങ്ങിയതാനെന്നും കൊല്ലം ഭാഗങ്ങളിൽ സ്കൂൾ വിദ്യാർത്ഥികൾക്കും അന്യ സംസ്ഥാന തൊഴിലാളികൾക്കും ചെറുപൊതികളാക്കി വിൽപന നടത്തനാണെന്ന് പ്രതികൾ പൊലീസിനോട് പറഞ്ഞു.




അറസ്റ്റിലായ പ്രതികൾ

## സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ നൽകി വൈസ്മാൻ ക്ലബ്ബ്

വെഞ്ഞാറമൂട്: വൈസ്മാൻ ഇന്റർനാഷണൽ ക്ലബ്ബ് ഓഫ് വെഞ്ഞാറമൂടിന്റെ 2019-20 ലെ പ്രോജക്ടായ 'ക്യാൻസർ കെയറിനും ' മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സൗജന്യ ഇൻഷ്വറൻസ് പരിരക്ഷയ്ക്കും തുടക്കം കുറച്ചു.

ഇതിന് മുന്നോടിയായി വെഞ്ഞാറമൂട് നക്ഷത്ര റീജൻസി ഹാളിൽ നടന്ന വാർഷിക പൊതുയോഗത്തിൽ വച്ച് ക്യാൻസർ രോഗികൾക്കുള്ള മെഡിക്കൽ കിറ്റുകൾ വിതരണം ചെയ്തു. പുതിയ ഭാരവാഹികളായി മുജീബ് (പ്രസിഡന്റ്), ബീനാ റാണി (സെക്രട്ടറി), സലിം (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.



മുജീബ് (പ്രസിഡന്റ്) ബീനാ റാണി (സെക്രട്ടറി), സലീം (ട്രഷറർ)

# കല്ലറ പഞ്ചായത്തിൽ കോൺഗ്രസ് അവിശ്വാസം പാസായി

## സി.പി.എം പഞ്ചായത്ത് പ്രസിഡന്റ് പുറത്ത്

കല്ലറ: കല്ലറ ഗ്രാമപഞ്ചായത്തിൽ സിപിഎം പഞ്ചായത്ത് പ്രസിഡന്റ് ശാന്തകുമാറിനെതിരെ പ്രതിപക്ഷത്തെ കോൺഗ്രസ് അംഗങ്ങൾ കൊണ്ടുവന്ന അവിശ്വാസ പ്രമേയം പാസായി. സിപിഎം പ്രസിഡന്റ്പുറത്തായി. ആകെ 17 അംഗഭരണസമിതിയിലെ 9 കോൺഗ്രസ് അംഗങ്ങൾ വാമനപുരം ബിഡിഒ വിളിച്ച അവശ്വാസ പ്രമേയ ചർച്ചായോഗത്തിൽ പങ്കെടുത്തു. സിപിഎമ്മിലെ പ്രസിഡന്റടക്കം എട്ടംഗങ്ങൾ പങ്കെടുത്തില്ല. തുടർന്ന് ബി.ഡി.ഒ അവിശ്വാസ പ്രമേയം പാസായതായി പ്രഖ്യാപിച്ചു. വാമനപുരം ബി.ഡി.ഒ മോഹൻകുമാർ ആണ് യോഗം വിളിച്ചിരുന്നത്. വൈസ് പ്രസിഡന്റ് സിപിഐലെ ബീനക്കെതിരെ കോൺഗ്രസ് അംഗങ്ങൾ കൊണ്ട് വന്ന അവിശ്വാസ പ്രമേയവും പാസായി. 9 കോൺഗ്രസ് അംഗങ്ങൾ ഹാജരായപ്പോൾ എട്ട് ഇടതുമുന്നണി അംഗങ്ങളും വിട്ടുനിന്നു. സിപിഎം ഭരിച്ചിരുന്ന കല്ലറ ഗ്രാമ പഞ്ചായത്തിൽ ഒരംഗം സ്ഥിര ജോലി ലഭിച്ചതിനെ തുടർന്ന് രാജി വച്ചിരുന്നു. തുടർന്ന് നടന്ന ഉപതിരഞ്ഞെടുപ്പിൽ സിപിഎമ്മിൽ നിന്നും വാർഡ് കോൺഗ്രസ് പിടിച്ചെടുക്കുകയായിരുന്നു. ഇതോടെ സി.പി.എമ്മിന് ഭൂരിപക്ഷം നഷ്ടപ്പെട്ടു. ഇതായിരുന്നു ഭരണ പ്രതിസന്ധിക്ക് കാരണമായത്. മുൻ പഞ്ചായയത്ത് പ്രസിഡന്റായിരുന്ന ശിവദാസനാണ് ഇവിടെ നിന്നും വിജയിച്ചത്. പ്രസിഡന്റ് വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് തിരഞ്ഞടുപ്പ് കമ്മിഷന്റെ തീരുമാനപ്രകാരം നടക്കുമെന്ന് ബി.ഡി.ഒ അറിയിച്ചു .

## വായനോത്സവവും അമ്മ വായനയും സംഘടിപ്പിച്ചു

വെഞ്ഞാറമൂട്: നെല്ലനാട് ഗവ. എൽപിഎസിൽ വായനോത്സവവും അമ്മ വായനയും സംഘടിപ്പിച്ചു. ഒരാഴ്ച നീണ്ട് നിന്ന വായനോത്സവം ഇന്നലെ സമാപിച്ചു. കവി വിഭൂപിരപ്പൻകോട് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

അമ്മമാർ കുട്ടികൾക്ക് കഥ പറഞ്ഞ് കൊടുത്തും വായിച്ച് കൊടുത്തും കുട്ടികൾക്ക് ഒപ്പം ചേർന്നു. സ്കോളർഷിപ്പ് നേടിയ കുട്ടികളെയും ആദരിച്ചു. എസ്എംസി ചെയർമാൻ അദ്ധ്യക്ഷനായി. സ്കൂൾ എച്ച്എം ഗീത എസ്പി, മെമ്പർ ലീല ശശിധരൻ, അഭിജിത്ത് തുടങ്ങിയവർ സംസാരിച്ചു.

## വാവുബലി

ശ്രീകാര്യം: ചെമ്പഴന്തി അണിയൂർ തച്ചിങ്ങൽ ശ്രീമഹാവിഷ്ണു ക്ഷേത്രത്തിലെ വാവുബലി ഒരുക്കങ്ങൾ പൂർത്തിയായി 31ന് രാവിലെ 4.30 മുതൽ തിരുവല്ലം രാജീവ് കൃഷ്ണ അയ്യരുടെ മുഖ്യകാർമ്മികത്വത്തിൽ ബലിതർപ്പണം നടക്കുമെന്ന് ക്ഷേത്ര ഭാരവാഹികൾ അറിയിച്ചു.



അനിൽകുമാറിന്റെ മൃതദേഹത്തിൽ ഉന്നത ഉദ്യോഗസ്ഥർ ദേശീയപതാക പുതപ്പിക്കുന്നു

## അനിൽകുമാറിന് നാടിന്റെ അന്ത്യാഞ്ജലി

നേമം: ബിഎസ്എഫ് സൈനികന്റെ മൃതദേഹം സൈനിക ബഹുമതികളോടെ സംസ്കരിച്ചു. നേമം പൊന്നുമംഗലം ശാന്തിവിള മാത്തുവീട് ജയശ്രീ ഭവനിൽ കെ.പി അനിൽകുമാർ (49)ന്റെ മൃതദേഹമാണ് തൈയ്ക്കാട് ശാന്തികവാടത്തിൽ സംസ്കരിച്ചത്. ലീവ് കഴിഞ്ഞ് ജോലി സ്ഥലത്തേയ്ക്ക് മടങ്ങുന്ന വഴി ആസാമിൽ വച്ചാണ് ട്രെയിനിൽ നിന്നും വീണ് മരിച്ച നിലയിൽ കണ്ടെത്തിയത്.

നടപടികൾക്ക് ശേഷം ഇന്നലെ രാവിലെ വിമാനമാർഗം എത്തിച്ച മൃതദേഹവുമായി ബി.എസ്.ഫ് ഉദ്യോഗസ്ഥരടക്കം ശാന്തിവിളയിലെ വീട്ടിലെത്തി. പൊതുദർശനത്തിന് വച്ച മൃതദേഹത്തിൽ നിരവധിപേർ ആദരാഞ്ജലികൾ അർപ്പിച്ചു. ശേഷം സൈനിക വാഹനത്തിൽ ഉച്ചയ്ക്ക് പന്ത്രണ്ട് മണിയോടെ ശാന്തികവാടത്തിൽ എത്തിച്ചു.

## ബലിതർപ്പണം: പൊഴിക്കരയിൽ സ്നാനഘട്ടങ്ങളൊരുങ്ങി

പൂവാർ: നെയ്യാറും അറബിക്കടലും സംഗമിക്കുന്ന പൂവാർ പൊഴിക്കരയിൽ 31 ന് നടക്കുന്ന കർക്കടകവാവ് ബലിതർപ്പണത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയാകുന്നു.

സംഗമതീരത്ത് അന്നേ ദിവസം ആയിരങ്ങളാണ് ബലിയിടാനായി ഇവിടെ എത്തുന്നത്. നെയ്യാറിന്റെ തീരത്ത് ബലിപ്പുരകൾ കെട്ടുന്നതിന് വിവിധ സംഘടകളിൽപ്പെട്ടവരും വ്യക്തികളും ഇടം കണ്ടെത്തി ബുക്ക് ചെയ്ത് കഴിഞ്ഞു. നെയ്യാറിന്റെ കുളിക്കടവുകൾ ഇവർ തന്നെ വൃത്തിയാക്കി ബാരിക്കേടുകൾ കെട്ടിയിട്ടുണ്ട്.

കടൽ ക്ഷോഭമുള്ളതിനാൽ കെട്ടി വേർതിരിച്ച് ഇപ്പോൾ ആരെയും കടത്തിവിടുന്നുമില്ല.

വരും ദിവസങ്ങളിൽ സ്ഥിതി ശാന്തമാകുമെന്ന പ്രതീക്ഷയിലാണ്. നെയ്യാറിൽ മുങ്ങിയശേഷം ബലിതർപ്പണം നടത്തി കടലിൽ കുളിക്കാൻ സൗകര്യമുള്ള പൊഴിക്കരയിലും പരിസരത്തും ലൈറ്റുകൾ സ്ഥാപിച്ചു. നിലവിലുള്ള ലൈറ്റുകളുടെ കേടുപാടുകൾ തീർക്കാൻ കെ. എസ്. ഇ. ബി യും പഞ്ചായത്തും രംഗത്തുണ്ട്. തീരദേശ പൊലീസ് സ്റ്റേഷൻ ഇവിടെയുള്ളതിനാൽ സ്നാനഘട്ടങ്ങളിൽ പൊതുജനങ്ങൾക്കുള്ള സുരക്ഷാ ക്രമീകരണങ്ങളും പൂർത്തിയായിട്ടുണ്ട്.



പൂവാർ കെഎസ്എസ്പി ഡബ്ല്യുഎ ജില്ലാ സമ്മേളനം നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ വി.ശശി ഉദ്ഘാടനം ചെയ്യുന്നു. അരുമാനൂർ മോഹൻ, ഊക്കോട് കൃഷ്ണൻകുട്ടി എന്നിവർ സമീപം.

# പാറമുകളും പരിസര പ്രദേശങ്ങളും വൃത്തിയാക്കി ജീവനകല

വെഞ്ഞാറമൂട്: ജീവകല കലാസാംസ്കാരിക മണ്ഡലം 'സ്വച്ഛ് ഭാരത് ഇന്റേൺഷിപ്പിന്റെ ഭാഗമായി മലീമസമായ പാറമുകളും പരിസര പ്രദേശങ്ങളും വൃത്തിയാക്കി. ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡൻറ് രമണി പി.നായർ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു.

മൂന്ന് മണിക്കൂർ നീണ്ട സന്നദ്ധ പ്രവർത്തനത്തിലൂടെ ഏകദേശം 150 കിലോയോളം പ്ലാസ്റ്റിക്, കുപ്പിച്ചില്ലുകൾ തുടങ്ങിയവ ശേഖരിച്ചു. ജില്ലയിലെ പ്രമുഖ വിനോദ സഞ്ചാര കേന്ദ്രമാണ് വെള്ളാണിക്കൽ പാറമുകൾ. പ്ലാസ്റ്റിക് മാലിന്യങ്ങളും കുപ്പിച്ചില്ലുകളും കൊണ്ട് ഇവിടം മാലിന്യ കൂമ്പാരമാറിയിരുന്നു. ദിനംപ്രതി നൂറുകണക്കിനാളുകളാണ് കുടുംബസമേതം ഇവിടം സന്ദർശിക്കാനെത്തുന്നത്.

നെഹ്റു യുവകേന്ദ്ര സംഘദൻ, കേന്ദ്ര യുവജനക്ഷേമ കായിക മന്ത്രാലയം, കേന്ദ്ര ശുചിത്വ - കുടിവെള്ള വിതരണ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഭാരതത്തിലെ യൂത്ത് ക്ലബ്ബുകൾ മുഖേന നടത്തി വരുന്ന സ്വച്ഛ് ഭാരത് ഇന്റേൺഷിപ്പിന്റെ ഭാഗമായാണ് ജീവകല പാറമുകൾ വൃത്തിയാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

ജീവകല പ്രസിഡന്റ് എം.എച്ച്. നിസാർ, സെക്രട്ടറി വി.എസ്. ബിജുകുമാർ, ടീം ക്യാപ്റ്റൻ അഖിൽ.കെ.എൻ, പി. മധു, എസ്. ഈശ്വരൻ പോറ്റി, ആർ.ശ്രീകുമാർ, പുല്ലമ്പാറ ദിലീപ്, ലീലാ രവി ആശുപത്രി ചീഫ് ഡോ: കെ.രവി, ശാന്തിമഠം റജി, പാറമുകൾ സംരക്ഷണ സമിതി ഭാരവാഹികളായ ബൈജു പ്രകൃതി, രതീഷ് വെള്ളാണിക്കൽ തുടങ്ങി നിരവധി സന്നദ്ധ പ്രവർത്തകർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി.



വെഞ്ഞാറമൂട് ജീവനകലയുടെ നേതൃത്വത്തിൽ പ്രവർത്തകർ പാറമുകൾ ശുചിയാക്കുന്നു.

## ബൈക്കിലെത്തി വിദ്യാർത്ഥിനിയുടെ മാല പൊട്ടിച്ചു

വെഞ്ഞാറമൂട്: വിദ്യാർത്ഥിനിയുടെ മാല ബൈക്കിലെത്തിയവർ പൊട്ടിച്ച് കടന്നു. ഇന്നലെ വൈകിട്ട് നാലോടെ കൊപ്പം അന്താരാഷ്ട്ര നീന്തൽ കുളത്തന് സമീപം വച്ചാണ് സംഭവം. ചിറത്തലയ്ക്കൽ വീട്ടിൽ ഗോപിനാഥൻ നായരുടെ 14വയസുള്ള മകളുടെ കഴുത്തിൽ കിടന്ന മാലയാണ് ബൈക്കിലെത്തിയസംഘം പൊട്ടിച്ചത്.

സാധനം വാങ്ങാനായി കടയിലേക്ക് വന്ന കുട്ടിയോട് വഴിചോദിക്കാനെന്ന് വ്യാജേന സമീപിച്ച യുവാക്കാൾ പൊട്ടന്ന് ഒന്നര പവൻ വരുന്ന മാലപൊട്ടിച്ച് കടന്നു കളയുകയായിരുന്നു. വെഞ്ഞാറമൂട് പൊലീസ് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു. സമീപത്തെ വീട്ടിലെ സിസി ടിവിയിൽ മോഷ്ടാക്കളുടെ ദൃശ്യം പതിഞ്ഞിട്ടുണ്ട്.

## ഇന്നത്തെ സിനിമ

- കൈരളി (2332747)
  **എ ഫോർ ആപ്പിൾ** (11:15) **ഒരു ദേശ വിശേഷം** (11:15 02:30) **തണ്ണീർമത്തൻ ദിനങ്ങൾ** (11:15 02:30 06:15 09:30) **സത്യം പറഞ്ഞ വിശ്വസിക്കുവോ** (02:30 09:30) **സ്ത്രീ** (06:15) **തങ്കഭസ്മ കുറിയിട്ട തമ്പുരാട്ടി** (06:15 09:30)
- ലെനിൻ സിനിമാസ് (2339977)
  **ലൂക്ക** (11:30 02:30 06:30 09:30)
- ന്യൂ (2331222)
  **ഡിയർ കോമ്രേഡ്** (11:00 02:30 06:00 09:30) **കാദാരം കൊണ്ടാൻ** (11:30 02:30) **സച്ചിൻ** (11:30 02:30) **ശുഭരാത്രി** (06:30) **ഉണ്ട** (06:30) **പതിനെട്ടാം പടി** (09:30) **ചില ന്യൂ ജെൻ നാട്ടുവിശേഷങ്ങൾ** (09:45)
- ശ്രീപത്മനാഭ
  **ചില ന്യൂ ജെൻ നാട്ടുവിശേഷങ്ങൾ**(11:00 02:30) **ദി ലയൺ കിംഗ്** (06:00 09:30)
- ധന്യ (2476773)
  **ഡിയർ കോമ്രേഡ്** (11:15 02:30 06:15 09:30)
- രമ്യ (2476773)
  **ജഡ്ജ്മെന്റൽ ഹേ ക്യാ** (11:15 02:30 06:15 09:30)
- ഏരീസ് പ്ളക്സ് എസ്എൽ സിനിമാസ്
  **നീർമാതളം പൂത്തകാലം** (10:30) **ആലൈ** (11:00) **ലൂക്ക** (11:00 07:15) **തണ്ണീർമത്തൻ ദിനങ്ങൾ** (11:00 02:00 07:15 10:15) **ഡിയർ കോമ്രേഡ്** (11:15 07:00) **ഡിയർ കോമ്രേഡ്** (01:30 10:15) **ദി ലയൺ കിംഗ്** (11:30 03:00 07:00 10:15) **ചില ന്യൂ ജെൻ നാട്ടുവിശേഷങ്ങൾ** (01:10 07:15) **സത്യം പറഞ്ഞ വിശ്വസിക്കുവോ** (01:40 10:15) **സ്പൈഡർ മാൻ ഫാർ ഫ്രം ഹോം** (01:45 04:30) **ജഡ്ജ്മെന്റൽ ഹേ ക്യാ** (03:50) **സൂപ്പർ 30** (04:15) **സച്ചിൻ** (04:30) **ജനമൈത്രി** (04:45 10:15) **അർജ്ജുൻ പട്യാല** (06:05) **ഉയരെ** (08:05) **കാദാരം കൊണ്ടാൻ** (10:30)
- സെൻട്രൽ മാൾ (2462865)
  **ദി ലയൺ കിംഗ്** (10:00 12:30 03:00 05:30 10:30) **തണ്ണീർമത്തൻ ദിനങ്ങൾ** (10:15 06:45 10:00) **സത്യം പറഞ്ഞ വിശ്വസിക്കുവോ** (10:30 10:15) **കാദാരം കൊണ്ടാൻ** (10:45 04:30) **സച്ചിൻ** (01:00) **ഡിയർ കോമ്രേഡ്** (01:10 09:45) **ഡിയർ കോമ്രേഡ്** (07:00) **ലൂക്ക** (01:20) **പതിനെട്ടാം പടി** (04:00) **ജനമൈത്രി** (04:15) **തമാശ** (07:30) **ജഡ്ജ്മെന്റൽ ഹേ ക്യാ** (08:00)
- കൃപ സിനിമാസ് (7356333911)
  **ദി ലയൺ കിംഗ്** (10:30 01:15 06:45 09:30) **ഡിയർ കോമ്രേഡ്** (11:15 06:15) **ഡിയർ കോമ്രേഡ്** (02:45) **ഡിയർ കോമ്രേഡ്** (09:45) **ജഡ്ജ്മെന്റൽ ഹേ ക്യാ** (04:00)
- അജന്ത (2472825)
  **ഡിയർ കോമ്രേഡ്** (11:30 06:30 09:45) **മാഫി ഡോണ** (02:30)
- കാർണിവൽ സിനിമാസ് മാൾ ഓഫ് ട്രാവൻകൂർ
  **ചില ന്യൂ ജെൻ നാട്ടുവിശേഷങ്ങൾ** (10:00 10:30) **ഡിയർ കോമ്രേഡ്** (10:00 01:00) **ഡിയർ കോമ്രേഡ്** (04:10 07:15) **ദി ലയൺ കിംഗ്** (10:00 12:40 03:20 06:00 08:40 11:20) **തണ്ണീർമത്തൻ ദിനങ്ങൾ** (10:30 01:30 04:30 07:30 10:30) **ജനമൈത്രി** (10:40) **അർജ്ജുൻ പട്യാല** (01:30) **കാദാരം കൊണ്ടാൻ** (01:30 04:30) **പതിനെട്ടാം പടി** (04:00) **സച്ചിൻ** (07:20) **സത്യം പറഞ്ഞ വിശ്വസിക്കുവോ** (07:40) **ജഡ്ജ്മെന്റൽ ഹേ ക്യാ** (10:20) **ലൂക്ക** (10:45)
- കലാഭവൻ (0471 232 2314)
  **സത്യം പറഞ്ഞ വിശ്വസിക്കുവോ** (11:30 06:30) **തണ്ണീർമത്തൻ ദിനങ്ങൾ** (02:30 09:30)

## റോഡ് മുറിച്ച് കടക്കവേ ലോറി ഇടിച്ച് അജ്ഞാതൻ മരിച്ചു

കഴക്കൂട്ടം: പൊലീസ് സ്റ്റേഷന് സമീപം റോഡ് മുറിച്ച് കടന്ന അജ്ഞാതൻ ലോറി ഇടിച്ച് മരിച്ചു. വെള്ളിയാഴ്ച്ച രാത്രി 10.30 ഓടെയായിരുന്നു അപകടം. തിരുവനന്തപുരത്ത് നിന്ന് ആറ്റിങ്ങൽ ഭാഗത്തേക്ക് പോകുകയായിരുന്ന പാഴ്സൽ ലോറിയാണ് ഇയാലെ ഇടിച്ചത്. ഏകദേശം 40 വയസ് തോന്നിക്കുന്ന ഇയാളെ ഉടൻ തന്നെ മെഡിക്കൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല

# നെടുമങ്ങാട് സ്കൂളിന് സമീപത്ത് നിന്ന് കഞ്ചാവ് ചെടി കണ്ടെത്തി

വെമ്പായം: നെടുമങ്ങാട് ടൗൺ സ്കൂളിന് സമീപത്തു നിന്ന് കഞ്ചാവ് ചെടി കണ്ടെത്തി. കൺട്രോൾ റൂം എക്സൈസ് ഇൻസ്പെക്ടർ സജിത്തിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ തിരച്ചിലിലാണ് നെടുമങ്ങാട് ടൗൺ ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന് സമീപത്തു നിന്ന് ഉദ്ദേശം 250 സെന്റിമീറ്ററോളം പൊക്കമുള്ള കഞ്ചാവ് ചെടിയാണ് കണ്ടെത്തിയത്. ചെടിക്ക് ഉദ്ദേശം ആറ് മാസത്തോളം വളർച്ചയുണ്ട്. സ്കൂളിന് എതിർവശത്തായി പാഴ്ചെടികൾ വളർന്ന് കിടക്കുന്നതിനിടയിലാണ് കഞ്ചാവ് ചെടി നിന്നിരുന്നത്. ഇത് സംബന്ധിച്ച് നെടുമങ്ങാട് റേഞ്ചിൽ എൻ.ഡി.പി.എസ് (മേജർ) കേസ് രജിസ്റ്റർ ചെയ്ത്, ഊർജ്ജിത അന്വേഷണം ആരംഭിച്ചതായി എക്സൈസ് ഇൻസ്പെക്ടർ സജിത് പറഞ്ഞു.



നെടുമങ്ങാട് ടൗൺ സ്കൂളിന് സമീപം വളർന്നു നിന്ന കഞ്ചാവ് ചെടി എക്സൈസ് സംഘം കണ്ടെത്തിയപ്പോൾ

# കരവാരത്തെ പാറ ഖനനത്തിനെതിരെ നാളെ മുതൽ അനിശ്ചിതകാല സമരം

## ഭരണകൂടവും കൂട്ടുനിൽക്കുന്നതായി ആരോപണം

സ്വന്തം ലേഖകൻ

കല്ലമ്പലം: കരവാരം നഗരൂർ പഞ്ചായത്തുകളിലെ പാറക്വാറികളിൽ അനധികൃത ഖനനം നടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടും പഞ്ചായത്ത് നടപടിയെടുക്കാത്തതിൽ പ്രതിഷേധിച്ച് ജനകീയ സംരക്ഷണ സമിതിയുടെ അനിശ്ചിതകാല രണ്ടാം ഘട്ട സമരം നെടുമ്പറമ്പ് - കുഞ്ചയ്ക്കവിള പഞ്ചായത്ത് റോഡിനു സമീപം നാളെ മുതൽ ആരംഭിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

2018 ഒക്ടോബർ എട്ടിന് അനധികൃത ഖനനത്തിനെതിരെ ജനകീയ സമിതി കുത്തിയിരുപ്പ് സത്യാഗ്രഹം നടത്തുകയും പിന്നീട് സമരം നീണ്ടുപോകുകയും ചെയ്തിരുന്നു. തുടർന്ന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പു നൽകിയതിനെ തുടർന്ന് സമരം പിൻവലിച്ചെങ്കിലും ഒന്നും പാലിച്ചിട്ടില്ലെന്നാണ് ആക്ഷേപം. അനധികൃത പാറഖനനത്തെ തുടർന്ന് സമീപ പ്രദേശങ്ങളിലെ വീടുകളിലെല്ലാം വിള്ളൽ വീഴുകയും റോഡിലും മറ്റ് പ്രദേശങ്ങളിലും ഗർത്തങ്ങൾ രൂപപ്പെടുകയും ചെയ്തതായി നാട്ടുകാർ ചൂണ്ടികാട്ടുന്നു. റോഡുകളിലൂടെ പാറകളുടെ അമിത ലോഡുമായി സമയക്രമം പോലും പാലിക്കാതെ തലങ്ങും വിലങ്ങും ഓടുന്ന ടിപ്പർ ലോറികൾ നാട്ടുകാർക്കും വിദ്യാർത്ഥികൾക്കും വൻ ഭീഷണി ഉയർത്തിയിട്ടും യാതൊരു നടപടിയുമില്ലെന്നും ഭരണകൂടവും ഇതിന് കൂട്ടുനിൽക്കുന്നതായും ആരോപണമുണ്ട്.

അന്തരീക്ഷ മലിനീകരണവും ശബ്ദ മലിനീകരണവും അസുഖങ്ങളും മൂലം ജനം പൊറുതിമുട്ടുന്നുവെന്ന് കാട്ടി വർഷങ്ങൾക്ക് മുൻപേ ക്വാറി ഉടമകളെയും അധികൃതരെയും അറിയിച്ചെങ്കിലും നടപടിയുണ്ടായിട്ടില്ല. 20 അടി താഴ്ചയിൽ കൂടുതൽ ഖനനം നടത്തുകയാണിവിടെ. ഇതിന് പരിഹാരമുണ്ടാകും വരെ സമരം ചെയ്യുമെന്നും ജനകീയ സമരസമിതി പത്ര സമ്മേളനത്തിൽ അറിയിച്ചു.

## പിന്നാക്ക വിഭാഗങ്ങളുടെ സംവരണ പട്ടിക പുതുക്കുന്നതിൽ സർക്കാർ പരാജയം; ഹൈക്കോടതി

കൊച്ചി: സംസ്ഥാനത്തെ പിന്നോക്ക വിഭാഗങ്ങളുടെ സംവരണ പട്ടിക പുതുക്കുന്നതിൽ സർക്കാർ പരാജയമാണെന്ന് കേരള ഹൈക്കോടതി. പിന്നോക്കാവസ്ഥ സംബന്ധിച്ച് നിശ്ചിത പരിധിക്കുള്ളിൽ നടത്തേണ്ട പിന്നോക്കാവസ്ഥ സംബന്ധിച്ച സാമൂഹിക-സാമ്പത്തിക സർവ്വേ നടത്തുന്നതിലും സർക്കാർ പരാജയമാണെന്നും ചീഫ് ജസ്റ്റിസ് ഹൃഷികേശ് റോയ് അദ്ധ്യക്ഷനായ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഇടക്കാല ഉത്തരവിൽ പറഞ്ഞു.

എല്ലാ പത്തു വർഷം കൂടുമ്പോഴും സംവരണ ലിസ്റ്റ് പുനപരിശോധിക്കണമെന്നാവശ്യപ്പെട്ട് മൈനോറിറ്റി ഇന്ത്യൻസ് പ്ലാനിങ് ആന്റ് വിജിലൻസ് കമ്മീഷൻ ട്രസ്റ്റ് ചെയർമാൻ സീനിയർ അഡ്വക്കറ്റ് വി.കെ.ബീരാൻ സമർപ്പിച്ച ഹർജിയിലാണ് ഇടക്കാല ഉത്തരവ്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ നിയമത്തിലെ വകുപ്പ് 11 പ്രകാരമുള്ള ഒ.ബി.സി ലിസ്റ്റ് പുനപരിശോധിക്കാത്തത് പ്രഥമദൃഷ്ട്യാ തന്നെ സർക്കാരിന്റെ പരാജയമാണെന്ന് മനസിലാവുന്നതായി ഡിവിഷൻ ബെഞ്ച് നിരീക്ഷിച്ചു.

## യൂട്യൂബിൽ മലയാളം ചാനലുകൾക്ക് വൻ ഡിമാൻഡ്

കൊച്ചി: യൂട്യൂബിലെ മലയാളം ഉള്ളടക്കത്തിന് വൻ ഡിമാൻഡ്. 10 ലക്ഷത്തിലേറെ സബ്സ്ക്രൈബർമാരുള്ള മലയാളം ചാനലുകളുടെ എണ്ണം 17 ആയാണ് ഉയർന്നിരിക്കുന്നത്. അഞ്ച് ലക്ഷത്തിനും 10 ലക്ഷത്തിനുമിടയിൽ വരിക്കാരുള്ള ചാനലുകളുടെ എണ്ണം അമ്പതും ഒരു ലക്ഷത്തിലേറെ വരിക്കാരുള്ള ചാനലുകളുടെ എണ്ണം 400 ആയും ഉയർന്നിട്ടുണ്ടെന്ന് യൂട്യൂബ് ഇന്ത്യയുടെ കണ്ടന്റ് പാർട്ണർഷിപ്പ് വിഭാഗം ഡയറക്ടർ സത്യ രാഘവൻ വ്യക്തമാക്കി.

യൂട്യൂബിലെ മലയാള ഭാഷാ ഉള്ളടക്കത്തിന്റെ സുപ്രധാന വർഷമായിരുന്നു 2018 എന്നും 100 ശതമാനത്തിലേറെ വാർഷിക വളർച്ചയാണ് കഴിഞ്ഞ ഒരു വർഷം കൊണ്ട് നേടിയിരിക്കുന്നതെന്നും സത്യ രാഘവൻ പറഞ്ഞു. മലയാളം ഉള്ളടക്കത്തിന് കൂടുതൽ കാഴ്ച്ചക്കാരെ ലഭിക്കുകയും ക്രിയേറ്റർമാർ സൂപ്പർ താരങ്ങളായി മാറുകയും ചെയ്യുന്ന സ്ഥിതിയാണ് നിലവിലേത്. വിനോദം, സംഗീത വിഭാഗങ്ങൾ എന്നിവയാണ് യൂട്യൂബിലെ മുൻനിര മേഖലകൾ. സാങ്കേതികവിദ്യ, വിദ്യാഭ്യാസം, ആരോഗ്യം, ഭക്ഷണം തുടങ്ങിയ മേഖലകൾ വളർച്ചയുടെ പാതയിലാണ്.

2.60 മില്യൺ സബ്സ്ക്രൈബർമാരുള്ള കോമഡി ചാനൽ കരിക്ക് ആണ് മലയാളത്തിലെ ഒന്നാം നമ്പർ ചാനൽ. 1.80 മില്യൺ വരിക്കാരുമായി ടെക്നോളജി ചാനൽ എം 4 ടെക്കാണ് രണ്ടാം സ്ഥാനത്തുള്ളത്.

1.1 മില്യൺ വരിക്കാരാണ് ഫുഡ് ചാനലുകളായ വില്ലേജ് ഫുഡ് ചാനലിനും വീണാസ് കറി വേൾഡിനുമുള്ളത്. ഇന്ത്യയിൽ പ്രതിമാസം 265 മില്യൺ ഉപഭോക്താക്കളാണ് യൂട്യൂബ് കാണുന്നത്. അതിൽ 60 ശതമാനം ആളുകളും ചെറിയ നഗരങ്ങളിൽ നിന്നും ഗ്രാമങ്ങളിൽ നിന്നുമുള്ളവരാണ്. കൂടാതെ ഇന്ത്യൻ ഭാഷകളിലുള്ള വീഡിയോ ഉപഭോഗം 95 ശതമാനം ആണ്.

## ഡോക്യുമെന്ററി സംവിധായകരുടെ പാനൽ പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം:ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പിന്റെ ഡോക്യുമെന്ററി സംവിധായകരുടെ പാനൽ പ്രസിദ്ധീകരിച്ചു. പാനലും കാറ്റഗറി തിരിച്ചുള്ള സംവിധായകരുടെ പട്ടികയും വെബ്സൈറ്റായ www.prd.kerala.gov.in ൽ ലഭ്യമാണ്.

## പനി ബാധിച്ച് എട്ടുവയസുകാരി മരിച്ചു

കാഞ്ഞങ്ങാട്: ജില്ലയിൽ വീണ്ടും പനിമരണം. ഇന്നലെ എട്ടുവയസുകാരിയാണ് പനി ബാധിച്ച് മരിച്ചത്. തൃക്കരിപ്പൂർ ഉദിനൂർ സെൻട്രൽ എയുപി സ്കൂളിലെ മൂന്നാം ക്ലാസ് വിദ്യാർത്ഥിനി ഋഷികയാണ് മരിച്ചത്. രണ്ട് ദിവസം മുമ്പ് അസുഖത്തെ തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയിരുന്നു. പിന്നീട് തിരിച്ചുവന്നെങ്കിലും ഇന്നലെ രാവിലെ പനി മൂർച്ഛിക്കുകയായിരുന്നു. തുടർന്ന് വീണ്ടും ആശുപത്രിയിലെത്തുകയും ഡോക്ടർ മംഗളൂരുവിലേക്ക് കൊണ്ടുപോകാൻ നിർദേശിക്കുകയും ചെയ്തു. വിദഗ്ദ ചികിത്സയ്ക്കായി മംഗളൂരുവിലേക്ക് കൊണ്ടുപോകാനൊരുങ്ങുന്നതിനിടെയാണ് മരണം സംഭവിച്ചത്.

തമിഴ്നാട് സ്വദേശികളായ രാജന്റെയും മണിമാലയുടെയും മകളാണ്.

### കാനത്തിനെതിരെ പോസ്റ്റർ

## മൂന്നു പ്രവർത്തകരെ പാർട്ടിയിൽ നിന്നു പുറത്താക്കി

ആലപ്പുഴ: സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രനെതിരെ ആലപ്പുഴയിൽ പോസ്റ്റർ ഒട്ടിച്ചത് സിപിഐ പ്രവർത്തകർ തന്നെ. സംഭവത്തിൽ രണ്ടു പേരെ പൊലീസ് അറസ്റ്റ് ചെയ്തു. ഒരാൾ ഒളിവിലാണ്. മൂവരെയും പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽ നിന്നു പുറത്താക്കിയതായി സിപിഐ നേതൃത്വം അറിയിച്ചു.

എഐവൈഎഫ് ജില്ലാ കമ്മറ്റിയംഗം ജയേഷ്,അമ്പലപ്പുഴ മണ്ഡലം കമ്മിറ്റി അംഗം ഷിജു എന്നിവരെയാണു പൊലീസ് പിടികൂടിയത്. കിസാൻസഭ മണ്ഡലം പ്രസിഡന്റ് കൃഷ്ണകുമാറാണ് ഒളിവിലുള്ളത്. പോസ്റ്റർ ഒട്ടിച്ചതിനെതിരെ സിപിഐ ആലപ്പുഴ ജില്ലാ സെക്രട്ടറി പൊലീസിൽ പരാതി നൽകിയിരുന്നു. തുടർന്ന് പൊലീസ് നടത്തിയ അന്വേഷണത്തിലാണ് പ്രവർത്തകർ കുടുങ്ങിയത്.അപകീർത്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ഗൂഢാലോചന നടത്തി എന്ന കുറ്റം ചുമത്തിയാണ് പൊലീസ് ഇവർക്കെതിരെ കേസെടുത്തിരിക്കുന്നത്.

പോസ്റ്റർ പതിച്ച സംഭവത്തിൽ സി.പി.ഐ. ജില്ലാ സെക്രട്ടറി നൽകിയ പരാതിയിലാണ് പൊലീസ് മൂന്നുപേർക്കെതിരെയും കേസെടുത്തത്.

സിപിഐ എംഎൽഎ എൽദോ എബ്രഹാമിനെ പൊലീസ് മർദിച്ച സംഭവത്തിൽ എംഎൽഎയ്ക്കും പ്രവർത്തകർക്കും എതിരെ സംസാരിച്ചതിനു പിന്നാലെയാണ് കാനത്തിനെതിരെ ആലപ്പുഴയിൽ പോസ്റ്റർ പ്രത്യക്ഷപ്പെട്ടത്.

കാനത്തെ മാറ്റി പാർട്ടിയെ രക്ഷിക്കണമെന്നായിരുന്നു ആവശ്യം. സിപിഐ ആലപ്പുഴ ജില്ലാ കമ്മിറ്റി ഓഫിസിനു മുന്നിൽ 'തിരുത്തൽവാദികൾ സിപിഐ അമ്പലപ്പുഴ' എന്ന പേരിലാണ് പോസ്റ്റർ പ്രത്യക്ഷപ്പെട്ടത്. എൽദോ എബ്രഹാം എംഎൽഎയ്ക്കും സിപിഐ എറണാകുളം ജില്ലാ സെക്രട്ടറി പി. രാജുവിനും പോസ്റ്ററിൽ അഭിവാദ്യം അർപ്പിക്കുന്നു. എംഎൽഎ പൊലീസിന്റെ അടി മേടിച്ചത് അങ്ങോട്ടുപോയി പ്രതിഷേധിച്ചിട്ടാണെന്നായിരുന്നു കാനം പറഞ്ഞത്.

## വൈദ്യുതി തകരാർ പരിഹരിച്ചില്ല; ഉദ്യോഗസ്ഥനെ കൊല്ലാൻ ശ്രമം

അമ്രോഹ: വൈദ്യുതി ലൈനിലെ തരാർ പരിഹരിക്കാൻ വിസ്സമ്മതിച്ചെന്നാരോപിച്ച് വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥനെ കൊല്ലാൻ ശ്രമിച്ചു. യു.പിയിലെ അമ്രോഹ ജില്ലയിലെ ബ്രഹ്മ്ബാദ് ഗ്രാമത്തിലാണ് സംഭവം. ഉദ്യോഗസ്ഥനായ സോം ദത്ത് രാത്രി വീട്ടിലേക്ക് മടങ്ങുമ്പോഴാണ് ബിജേന്ദർ ത്യാഗി എന്ന കർഷകൻ വൈദ്യുതി ലൈനിലെ തകരാർ പരിഹരിക്കണം എന്നാവശ്യം ഉന്നയിച്ച് ഉദ്യോഗസ്ഥനെ സമീപിച്ചത്. സോം ദത്ത് ഈ ആവശ്യം തള്ളിക്കളഞ്ഞു.

തുടർന്നുള്ള വാക്കുതർക്കത്തിനിടെ ത്യാഗിയുടെ മരുമകനായ അതിൻ എന്ന യുവാവ് നാടൻ തോക്കുമായി വീട്ടിൽ നിന്ന് പുറത്തേയ്ക്ക് വരികയും നിറയൊഴിക്കുകയുമായിരുന്നു.

## തോഷിബ പ്രതിനിധികൾ കെഎഎൽ സന്ദർശിച്ചു

തിരുവനന്തപുരം: ലോകത്തെ പ്രമുഖ ഇലക്ട്രോണിക്സ് കമ്പനിയായ ജപ്പാനിലെ തോഷിബയുടെ പ്രതിനിധികൾ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ നെയ്യാറ്റിൻകരയിലെ കേരളാ ഓട്ടോമൊബൈൽസ് ലിമിറ്റഡ് (കെഎഎൽ) സന്ദർശിച്ചു. ഇലക്ട്രിക് വാഹനങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട് കെഎഎല്ലുമായുള്ള സഹകരണത്തിന്റെ സാധ്യതകൾ പരിശോധിക്കാനായിരുന്നു സന്ദർശനം.



തോഷിബയുടെ പ്രതിനിധികൾ നെയ്യാറ്റിൻകരയിലെ കേരളാ ഓട്ടോമൊബൈൽസ് ലിമിറ്റഡ് സന്ദർശിച്ചപ്പോൾ

ബാറ്ററി നിർമാണത്തിൽ ഏറ്റവും നിലവാരമുള്ള സാങ്കേതികവിദ്യയാണ് തോഷിബയുടേത്. ഒപ്പം ലിഥിയം ബാറ്ററി നിർമാണത്തിൽ ലോകത്തെ മികച്ച സ്ഥാപനവുമാണ്. ഇ-ഓട്ടോ നിർമ്മാണം കെഎഎല്ലിൽ പുരോഗമിക്കുകയാണ്. ഇ ബസ് നിർമ്മാണവും വൈകാതെ ആരംഭിക്കും. ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ബാറ്ററിയുടെ നിർമ്മാണത്തിൽ തോഷിബയുമായി സഹകരിക്കാൻ സാധിച്ചാൽ കെഎഎല്ലിന് വലിയ നേട്ടമാകും.

ചാർജിങ്ങിന് കൂടുതൽ സമയം എടുക്കുന്നുവെന്നത് ഇലക്ട്രിക് വാഹനങ്ങളുടെ കാര്യത്തിൽ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ്. തോഷിബയുടെ ലിഥിയം, ടൈറ്റാനിയം ബാറ്ററി ടെക്നോളജികൾ ഉപയോഗിക്കുമ്പോൾ 20-25 മിനിട്ടിനുള്ളിൽ 80 ശതമാനം വരെ ചാർജ് ചെയ്യാൻ സാധിക്കും. ഇതിലൂടെ സാധാരണ എഞ്ചിൻ പ്രവർത്തിപ്പിക്കുന്ന രീതിയിൽ ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കാൻ കഴിയും. സുരക്ഷിതവും ഷോർട്ട് സർക്യൂട്ട് പോലുള്ള പ്രശ്നങ്ങൾക്ക് സാധ്യത വളരെ കുറവുമാണ്. ഇത്തരം ബാറ്ററികൾ ഏറെനാൾ നിലനിൽക്കുകയും ചെയ്യും. 30 മുതൽ 60 ഡിഗ്രി വരെ ചൂടിലും പ്രവർത്തിക്കും.

തോഷിബ എംഡി തൊമഹിക്കൊ ഒക്കാഡ, സീനിയർ വൈസ്പ്രസിഡന്റ് കൊജിമോറിറ്റ, ഇലക്ട്രിക് ഓപ്പറേഷൻ സീനിയർ മാനേജർ രാകേഷ് ട്രാക്രു എന്നിവരടങ്ങുന്ന സംഘം കെഎഎൽ ചെയർമാൻ കരമന ഹരി, എംഡി എ. ഷാജഹാൻ എന്നിവരുമായി കൂടിക്കാഴ്ച നടത്തി. ഇലക്ട്രിക് ഓട്ടോ നിർമാണപ്ലാന്റ് സന്ദർശിച്ച സംഘം സംതൃപ്തിയോടെയാണ് മടങ്ങിയതെന്ന് ചെയർമാനും എം ഡിയും പറഞ്ഞു.

പൊതുമേഖലാ സ്ഥാപനങ്ങളെ മികവിലേക്കുയർത്താൻ എൽഡിഎഫ് സർക്കാർ നടപ്പാക്കിയ നയങ്ങളുടെ വിജയംകൂടിയാണ് ലോകോത്തര കമ്പനിയുടെ സന്ദർശനം. വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്ന സർക്കാരിന്റെ ഇടപെടലുകളും വിദേശകമ്പനികളെ ആകർഷിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശമ്പളം പോലും നൽകാനില്ലാതെ അടച്ചുപൂട്ടലിന്റെ വക്കിലായിരുന്ന കെഎഎൽ വൈവിധ്യവൽക്കരണത്തിലൂടെ വൻ തിരിച്ചുവരവ് നടത്തുകയാണ്.

## അക്ഷരങ്ങളിലൂടെ അതിരുകൾ കടന്ന അതികായൻ

ജിദ്ദ: അക്ഷരങ്ങൾ കൊണ്ട് അതിരുകൾ കടന്ന് ചക്രവാളങ്ങൾ കീഴടക്കിയ ഫറൂഖ് ലുക്ക്മാൻ മാദ്ധ്യമ പ്രവർത്തകൻ എന്നത് പോലെ തന്നെ മികച്ച ഗ്രന്ഥകാരനും കൂടിയാണ്. പോരാട്ടങ്ങളിലൂടെയും ആഭ്യന്തര കലാപങ്ങളിലൂടെയും കുപ്രസിദ്ധിയാർജ്ജിച്ച യമൻ എന്ന രാജ്യത്തിന്റെ യഥാർത്ഥ ചിത്രം ലോകത്തിനു മുന്നിൽ ആദ്യമായി വ്യക്തതയോടെ വരച്ചു കാട്ടിയത് ലുക്ക്മാനായിരുന്നു.

പത്രപ്രവർത്തനത്തിന്റെ ഭാഗമായി യമനിലെ സാഹചര്യങ്ങൾ പഠിച്ച അദ്ദേഹം 1970 ൽ യമനെ കുറിച്ചൊരു പുസ്തകം പ്രസിദ്ധീകരിച്ചു. ഗൾഫ് നാടുകളിൽ മാത്രമല്ല ലോക രാജ്യങ്ങളിലെല്ലാം ഈ പുസ്തകം ചർച്ചയാകുകയും ചെയ്തു. അങ്ങനെ യമനിലെ സാഹചര്യങ്ങൾ ലോകത്തിനു തുറന്ന് കാട്ടിയ ആദ്യ പുസ്തകം ചരിത്രമായി മാറി. സമഗ്രമായ പഠനമായിരുന്നു പുസ്തകം. പിന്നീട് വിദേശ വിഷയങ്ങൾ പഠിക്കുന്ന ലോക വിദ്യാർത്ഥികൾക്ക് ഈ പുസ്തകം മികച്ച പാഠഗ്രന്ഥമായി.

അറബിയിലും ഇംഗ്ളീഷിലുമായി നിരവധി പുസ്തകങ്ങൾ രചിച്ചു. ഇതിൽ നൂറിൽ പരം ലേഖനങ്ങൾ ഇന്ത്യയെ കുറിച്ചായിരുന്നു. പ്രസാധകരായ സഹോദരങ്ങൾ ഹിഷാം അലി ഹാഫിസ്, മുഹമദ് അലി ഹാഫിസ് എന്നിവരോടൊപ്പം പ്രവർത്തിക്കാനായി ജിദ്ദയിലേയ്ക്ക് വന്ന ലുക്ക്മാൻ 1975 ൽ അറബ് ന്യൂസിന്റെ ആദ്യ മാനേജിങ് എഡിറ്ററായി ചുമതലയേറ്റു. ഇതിനു മുമ്പ് അറബ് ലോകത്തിലെ തന്നെ ആദ്യ സാമ്പത്തിക കാര്യ ദിനപത്രമായ ഇഖ്തിസാദിയുടെ മാനേജിങ് എഡിറ്ററായി പ്രവർത്തിച്ചു. സൗദി റിസർച്ച് ആൻഡ് പബ്ളിഷിംഗ് കമ്പനിയുടെ പത്രപ്രവർത്തന പരിശീലന കേന്ദ്രം ഡയറക്റ്ററായും സഹോദരങ്ങളുടെ പ്രസാധക സ്ഥാപനങ്ങളുടെ ഉപദേശകനായും പ്രവർത്തിച്ചിരുന്നു.

സ്വന്തം സ്ഥാപനം ഇതര രാജ്യങ്ങളിലെ പ്രാദേശിക ഭാഷകളിൽ ദിനപത്രങ്ങൾ തുടങ്ങിയപ്പോൾ അവയുടെ മുഖ്യ എഡിറ്ററായിരുന്നു. മലയാളം ന്യൂസിന് പുറമെ ഉറുദു ന്യൂസ്, ഉറുദു മാഗസിൻ എന്നിവയുടെ ചീഫ് എഡിറ്ററായും പ്രവർത്തിച്ചിരുന്നു. അറബി ഭാഷയിൽ മാത്രം അയ്യായിരത്തിൽപരം ലേഖനങ്ങൾ എഴുതി. പന്ത്രണ്ട് രാജ്യങ്ങളിൽ നിന്നായി പ്രസിദ്ധീകരിക്കുന്ന ഷർഖുൽ ഔസത്തിന്റെയും ഇഖ്തിസാദിയ ദിനപത്രത്തിന്റെയും സ്ഥിരം കോളമിസ്റ്റായിരുന്നു.

അറബി പത്രത്തിൽ പ്രസിദ്ധീകരിച്ച ആലം ബിലാ ഹുദൂദ് ( അതിരുകളില്ലാത്ത ലോകം ) എന്ന കോളം 200 അധ്യായങ്ങൾ വീതമുള്ള രണ്ട് വോള്യങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്ത്യൻ കറിക്കൂട്ടുകൾ, തായ് വാന്റെ കഥ എന്നിവ രണ്ട് എഡിഷനുകൾ പ്രസിദ്ധീകരിച്ചു. 300 വ്യക്തികളുടെ ജീവ ചരിത്ര കുറിപ്പുകൾ അടങ്ങിയ വിരൽപ്പാടുകൾ, പ്രസാധകരായ ഹാഫിസ് സഹോദരന്മാരുടെ ജീവചരിത്രം, അറബ് ലോകത്തെ അതിപ്രശസ്തനായ ഈജിപ്ഷ്യൻ കാലിഗ്രാഫിസ്റ്റ് സയ്യിദ് ഇബ്രാഹിമിന്റെ ജീവചരിത്രവും ഏറെ പ്രശംസ പിടിച്ചുപറ്റിയ സൃഷ്ടിയായിരുന്നു. ജവഹർലാൽ നെഹ്റു മുതൽ രാജീവ് ഗാന്ധിവരെയുള്ള നെഹ്റു കുടുംബത്തിലെ മൂന്ന് തലമുറ നേതാക്കളുടെ അഭിമുഖം എടുത്ത ഏക വിദേശ പത്രപ്രവർത്തകനും ലുഖ്മാനായിരുന്നു.

ഏദനിലെ ബ്രിട്ടീഷ് ഗ്രാമർ സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം, ബോംബെ സെന്റ്സേവിയേഴ്സ് കോളേജിൽ നിന്നും ബിരുദവും അമേരിക്കയിലെ കൊളംബിയ സർവകലാശാലയിൽ നിന്നും പത്രപ്രവർത്തനത്തിൽ ബിരുദാനന്തര ബിരുദവും നേടി. പത്ര പ്രവർത്തന രംഗത്ത് മികച്ച സംഭവാന നൽകിയ ഫാറൂഖ് ലുക്ക്മാൻ കേരളവുമായി ഹാർദമായ ബന്ധം സൂക്ഷിചിരുന്നുവെന്ന് മുഖ്യമന്ത്രി പണറായി വിജയൻ അനുസ്മരിച്ചു. ലുക്മാന്റെ വിയോഗത്തിൽ മുഖ്യമന്ത്രി അനുശോചനം രേഖപ്പെടുത്തി.

## നരേന്ദ്ര മോദിക്ക് കത്തെഴുതിയവർക്കെതിരെ ബീഹാർ ഹൈക്കോടതിയിൽ ഹർജി

പാട്ന: ആൾക്കൂട്ട ആക്രമണം, മതവിദ്വേഷത്തിന്റെ പേരിലുള്ള ആക്രമണം എന്നിവയിൽ ആശങ്ക രേഖപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തെഴുതിയ സാംസ്ക്കാരിക പ്രവർത്തകർക്കെതിരെ ബീഹാർ ഹൈക്കോടതിയിൽ ഹർജി. രാജ്യത്തിന്റെ പ്രതിച്ഛായ കളങ്കപ്പെടുത്തിയെന്നും പ്രധാനമന്ത്രിയുടെ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുന്നതാണ് കത്തെന്നും ആരോപിച്ച് 49 പേർക്കെതിരെയാണ് ഹർജി സമർപ്പിച്ചത്.

സുധീർ കുമാർ ഓജ എന്നയാൾ ബീഹാർ ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലാണ് ഹർജി സമർപ്പിച്ചത്. ഇവർക്കെതിരെ രാജ്യദ്രോഹകുറ്റം ചുമത്തി കേസെടുക്കണമെന്നാണ് ഹർജിക്കാരന്റെ ആവശ്യം. അടൂർ ഗോപാലകൃഷ്ണൻ, മണി രത്നം, അനുരാഗ്, കശ്യപ്, അപർണ സെൻ, കൊങ്കണ സെൻ ശർമ്മ, സൗമിത്ര ചാറ്റർജി, രേവതി, ശ്യാം ബെനഗൽ, റിദ്ധി സെൻ, ബിനായക് സെൻ തുടങ്ങിയവരായിരുന്നു പ്രധാനമന്ത്രിക്ക് കത്തയച്ചത്. ജയ് ശ്രീരാം ഇപ്പോൾ യുദ്ധത്തിനുള്ള മുറവിളിയായി മാറിയിരിക്കുകയാണെന്നും അതിൽ വേദനയുണ്ടെന്നുമാണ് കത്തിൽ ഇവർ പറയുന്നത്.

## പിന്നാലെ നടന്ന് ശല്യപ്പെടുത്തിയത് പരാതിപ്പെട്ട യുവതിയെ കൊലപ്പെടുത്തി

ന്യൂഡൽഹി: പിന്നാലെ നടന്ന് ശല്യപ്പെടുത്തിയതിന് പരാതി പറഞ്ഞ യുവതിയെ 22കാരൻ മാർക്കറ്റിലിട്ട് കുത്തിക്കൊലപ്പെടുത്തി. സൗത്ത് ഡൽഹിയിലെ ഭോഗൽ മേഖലയിലാണ് സംഭവം നടന്നത് പ്രതിയായ ഷക്കീലിനെ കച്ചവടക്കാർ പിടികൂടി കൈകാര്യം ചെയ്തശേഷം പൊലീസിന് കൈമാറി.

യുവതിയുടെ കഴുത്തിനും നെഞ്ചിലും വയറ്റിലുമായി ഒരു ഡസനിലേറെ കുത്തുകൾ ഏറ്റിട്ടുണ്ടെന്നാണ് പൊലീസ് പറഞ്ഞു.ആക്രമണം തടയാൻ ശ്രമിച്ചവരെയും യുവാവ് കുത്താൻ ശ്രമിച്ചു. നിസ്സാമുദ്ദീനിലെ മഥുര റോഡിലുള്ള ആഴ്ച ചന്തയിൽ എത്തിയതായിരുന്നു യുവതി. ഈ സമയം പിന്നാലെ വന്ന അക്രമി യുവതി തള്ളി നിലത്തിടുകയും അവരുടെ മേൽകയറിയിരുന്ന് ആഞ്ഞുകുത്തുകയുമായിരുന്നു.

EMPLOYMENT FOR SALE RENTAL BUSINESS

കലാകൗമുദി Classifieds

CONTACT: 9496101342, 9388 828999, 9072232031

അനന്ത
സ്പെഷ്യൽ ഹെയർ ഓയിൽ
മുടിയിഴകളെ പുനരുജ്ജീവിപ്പികുന്നു
ഇനി കഷണ്ടിയുടെ പേരിൽ മുഖം മറയ്ക്കേണ്ട
സംശയങ്ങൾക്ക് വിളിക്കുക
ഡോ. അനിൽകുമാർ റ്റി.പി. എം.ഡി
9846979555
ANANTHAPURI HERBALS
9447021165, 9447071165

ആവശ്യമുണ്ട്
ഓഫീസ് ക്ലീനിംഗിന്
സ്ത്രീകളെ ആവശ്യമുണ്ട്
ഫോൺ: 6238007944







കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471-2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

കാരുണ്യ KR 406 നറുക്കെടുപ്പ് ഫലം 27-07-2019
സ്ഥലം: ഗോർഖി ഭവൻ, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം

ഒന്നാം സമ്മാനം 80ലക്ഷം രൂപ KL 656408 (ആലപ്പുഴ)

സമാശ്വാസ സമ്മാനം 8000രൂപ
KA 656408, KB 656408, KC 656408, KD 656408, KE 656408
KG 656408, KH 656408, KJ 656408, KK 656408

2-ാം സമ്മാനം 10ലക്ഷം രൂപ KL 744082 (കൊല്ലം)

3-ാം സമ്മാനം 1ലക്ഷം രൂപ
KA 233782 (ഇടുക്കി) KB 134279 (തൃശൂർ) KC 737862 (മലപ്പുറം) KD 143878 (തിരുവനന്തപുരം)
KE 459835 (തൃശൂർ) KG 677724 (കോട്ടയം) KH 670252 (തിരുവനന്തപുരം) KJ 328512 (എറണാകുളം)
KK 444500 (മലപ്പുറം) KL 205599 (പാലക്കാട്)

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

4-ാം സമ്മാനം 5000രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0318 | 0437 | 1266 | 1816 | 2084 | 2489 | 3021 | 3372 | 4152 | 4284 |
| 6508 | 6927 | 7119 | 7423 | 7697 | 8017 | | | | |

5-ാം സമ്മാനം 1000രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0022 | 0278 | 0949 | 1533 | 2028 | 2709 | 2752 | 2865 | 2956 | 2996 |
| 3233 | 3707 | 3772 | 4208 | 4821 | 4881 | 4895 | 4988 | 5128 | 5289 |
| 5332 | 5435 | 5446 | 5845 | 6047 | 6868 | 6903 | 6967 | 7048 | 7124 |
| 7411 | 8074 | 8542 | 9005 | 9384 | 9452 | 9514 | 9772 | 9817 | 9862 |

6-ാം സമ്മാനം 500രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0042 | 0083 | 0090 | 0129 | 0320 | 0558 | 0885 | 1251 | 1316 | 1356 |
| 1478 | 1728 | 1747 | 1916 | 2038 | 2073 | 2091 | 2152 | 2285 | 2350 |
| 2626 | 2761 | 2839 | 2976 | 3062 | 3131 | 3250 | 3497 | 3519 | 3525 |
| 3690 | 3747 | 3802 | 3946 | 3981 | 4045 | 4120 | 4241 | 4250 | 4384 |
| 4473 | 4541 | 4724 | 4739 | 5039 | 5068 | 5086 | 5116 | 5124 | 5214 |
| 5255 | 5306 | 5396 | 5987 | 6298 | 6690 | 6782 | 6900 | 7208 | 7213 |
| 7220 | 7450 | 7521 | 7546 | 7586 | 7629 | 7707 | 7759 | 7834 | 8049 |
| 8129 | 8434 | 8726 | 8936 | 9023 | 9040 | 9305 | 9359 | 9409 | 9706 |
| 9900 | 9924 | 9991 | | | | | | | |

7-ാം സമ്മാനം 100 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0048 | 0049 | 0211 | 0238 | 0312 | 0324 | 0337 | 0344 | 0494 | 0876 |
| 0909 | 1083 | 1111 | 1164 | 1283 | 1336 | 1365 | 1833 | 1907 | 2016 |
| 2074 | 2292 | 2371 | 2667 | 2888 | 2889 | 3000 | 3080 | 3159 | 3214 |
| 3415 | 3528 | 3805 | 3816 | 4073 | 4100 | 4236 | 4242 | 4440 | 4505 |
| 4512 | 4538 | 4720 | 4793 | 4800 | 4814 | 4837 | 4869 | 4878 | 5042 |
| 5130 | 5183 | 5207 | 5222 | 5237 | 5318 | 5399 | 5509 | 5511 | 5619 |
| 5651 | 5716 | 5764 | 5871 | 5915 | 5927 | 6030 | 6074 | 6145 | 6201 |
| 6326 | 6381 | 6398 | 6407 | 6488 | 6583 | 6612 | 6841 | 6908 | 6933 |
| 7097 | 7105 | 7302 | 7309 | 7327 | 7351 | 7444 | 7520 | 7526 | 7679 |
| 7866 | 7909 | 7916 | 8078 | 8089 | 8132 | 8271 | 8639 | 8694 | 8735 |
| 8835 | 8887 | 8914 | 8967 | 9022 | 9237 | 9401 | 9553 | 9657 | 9987 |

(ഒപ്പ്) കെ.ഡി.അപ്പച്ചൻ , ഡെപ്യൂട്ടി ഡയറക്ടർ,ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

നറുക്കെടുപ്പ് തത്സമയ സംപ്രേഷണം എല്ലാ ദിവസവും
കൈരളി, കൗമുദി ചാനലുകളിൽ

## പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ: എം രഞ്ജിത്ത് പ്രസിഡന്റ്

കൊച്ചി: ചലച്ചിത്ര നിർമ്മാതാക്കളുടെ സംഘടനയായ ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ തിരഞ്ഞെടുപ്പിൽ എം രഞ്ജിത്തിനെ പ്രസിഡൻറായി തിരഞ്ഞെടുത്തു. സുരേഷ് കുമാറിന്റെയും എം രഞ്ജിത്തിന്റെയും നേതൃത്വത്തിലുള്ള ഔദ്യോഗിക പാനലിൽ നിന്ന് ഹസീബ് ഹനീഫ് ഒഴികെ ബാക്കിയെല്ലാവരും വിജയിച്ചു. എതിർപക്ഷത്തുണ്ടായിരുന്ന വിനയൻ പാനലിൽ നിന്ന് വിജയിച്ചത് വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ലിസ്റ്റിൻ സ്റ്റീഫൻ മാത്രമാണ്. പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ട എം രഞ്ജിത്തിന് 162 വോട്ട് കിട്ടി. എതിർത്ത് മത്സരിച്ച, സംവിധായകൻ കൂടിയായ വിനയന് 94 വോട്ടാണ് കിട്ടിയത്. അഞ്ചര വർഷത്തിന് ശേഷമാണ് ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ തിരഞ്ഞെടുപ്പ് നടക്കുന്നത്. 2014-ലാണ് ജി സുരേഷ് കുമാർ പ്രസിഡന്റും എം രഞ്ജിത് സെക്രട്ടറിയുമായുള്ള ഭരണസമിതി അധികാരത്തിലേറിയത്. രണ്ടു വർഷമായിരുന്നു ഭരണസമിതിയുടെ കാലാവധി. 2016-ൽ തിരഞ്ഞെടുപ്പ് നടത്തേണ്ടതായിരുന്നു. എന്നാൽ ഭരണ സമിതി ഇതിന് തയ്യാറാകാതെ വന്നതിനെത്തുടർന്ന് ഒരു വിഭാഗം കോടതിയെ സമീപിച്ചു.

ഇത് പരിഗണിച്ച ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരമാണ് ഇപ്പോൾ തിരഞ്ഞെടുപ്പ് നടത്തിയത്. നിലവിലെ സെക്രട്ടറി എം രഞ്ജിത്തിനിന്റെ നേതൃത്വത്തിലുള്ള പാനലിനെതിരെ മത്സരിച്ചത് വിനയൻ നേതൃത്വം നൽകുന്ന പാനലാണ്. നിർമ്മാതാക്കളുടെ സംഘടനയുടെ ആസ്ഥാന മന്ദിര ഉദ്ഘാടനം തിരഞ്ഞെടുപ്പിന് മുമ്പ് ഇരുവിഭാഗവും ചർച്ചാ വിഷയമാക്കിയിരുന്നു.



ദേശീയതലത്തിൽ ഒന്നാം സ്ഥാനത്തെത്തിയ തിരുവനന്തപുരം ഒറ്റശേഖരമംഗലം പൂഴനാട് കുടുംബാരോഗ്യ കേന്ദ്രം

## സംസ്ഥാന ആരോഗ്യ വകുപ്പിന് വീണ്ടും അംഗീകാരം

# ഏഴ് കുടുംബാരോഗ്യ കേന്ദ്രങ്ങൾ രാജ്യത്ത് ഒന്നാമത്

തിരുവനന്തപുരം: സംസ്ഥാനത്തെ ഏഴ് കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം. തിരുവനന്തപുരം ഒറ്റശേഖരമംഗലം പൂഴനാട് കുടുംബാരോഗ്യ കേന്ദ്രം രാജ്യത്ത് തന്നെ ഒന്നാമതെത്തി. 99 മുതൽ 88 വരെ സ്കോർ നേടിയ കേരളത്തിലുള്ള ഏഴ് കേന്ദ്രങ്ങളാണ് പട്ടികയിൽ ആദ്യ ഏഴ് സ്ഥാനങ്ങളിലുള്ളത്. സ്കോർ 99 നേടിയാണ് പൂഴനാട് കുടുംബാരോഗ്യ കേന്ദ്രം ഒന്നാമതെത്തിയത്.

മികച്ച ചികിത്സാ സൗകര്യങ്ങൾ ഒരുക്കി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ കേന്ദ്രങ്ങളാണ് രാജ്യത്ത് ഒന്നാം നിരയിലേയ്ക്ക് ഏത്തിയത്. പൂഴനാടിന് പുറമെ മലപ്പുറം ചാലിയാർ (സ്കോർ 95), പാലക്കാട് ശ്രീകൃഷ്ണപുരം (സ്കോർ 94), പത്തനംതിട്ട ഓതറ (സ്കോർ 93), കോഴിക്കോട് രാമനാട്ടുകര (സ്കോർ 92), കണ്ണൂർ കൊട്ടിയൂർ (സ്കോർ 92), തൃശൂർ മുണ്ടൂർ (88) എന്നിവയാണ് ദേശീയ ഗുണനിലവാര അംഗീകാരമായ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് പട്ടികയിൽ ഇടം നേടിയത്.

55 കേന്ദ്രങ്ങളാണ് ദേശീയ അംഗീകാരത്തിനായി കേരളത്തിൽ നിന്നും അയച്ചത്. അതിൽ 32 കേന്ദ്രങ്ങൾക്ക് നേരത്തെ അംഗീകാരം ലഭിച്ചിരുന്നു. പത്ത് കേന്ദ്രങ്ങളുടെ ഫലം വൈകാതെ വരും. നടപടി ക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. കഴിഞ്ഞ മെയ്, ജൂൺ മാസങ്ങളിൽ മൂല്യനിർണയം പൂർത്തിയാക്കിയ സ്ഥാപനങ്ങളുടെ ഫലമാണ് ഇപ്പോൾ പുറത്തു വന്നിരിക്കുന്നത്. ഈ വർഷം അവസാനത്തോടെ 140 കേന്ദ്രങ്ങൾക്ക് ദേശീയ അംഗീകാരം നേടിയെടുക്കുന്നതിനാണ് ആരോഗ്യ വകുപ്പ് ശ്രമിക്കുന്നത്.

രോഗികൾക്കുള്ള മികച്ച സേവനം, മരുന്നുകളുടെ ലഭ്യതയും വിതരണവും, ക്ലിനിക്കൽ സേവനങ്ങൾ, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, മാതൃ ശിശു ആരോഗ്യം, ജീവിതശൈലി രോഗ നിയന്ത്രണം, പ്രതിരോധ കുത്തിവെപ്പ് സേവനങ്ങൾ തുടങ്ങി എട്ട് വിഭാഗങ്ങളെ അടിസ്ഥാനമാക്കിയാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡിന് പരിഗണിക്കുന്നത്. സംസ്ഥാന തലത്തിലും ദേശീയ തലത്തിലുമുള്ള വിവിധ മൂല്യനിർണയങ്ങളിലൂടെയാണ് ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡിനായി തിരഞ്ഞെടുക്കുന്നത്. ഈ സംഘങ്ങൾ ഓരോ ആശുപത്രിയും പരിശോധിച്ചാണ് ഗുണനിലവാര മാനദണ്ഡം ഉറപ്പാക്കുന്നത്. ഇവയിൽ ഓരോ വിഭാഗത്തിലും എഴുപത് ശതമാനത്തിൽ കൂടുതൽ മാർക്ക് നേടണം.

കഴിഞ്ഞ വർഷം കാസർകോട് കയ്യൂർ കുടുംബാരോഗ്യകേന്ദ്രം ഇതേ സ്കോർ നേടിയാണ് രാജ്യത്ത് ഒന്നാമതെത്തിയത്. ആരോഗ്യ സൂചികയിൽ കേരളം ഒന്നാമതെത്തിയതിന് പിന്നാലെ കിട്ടുന്ന വലിയ ബഹുമതിയാണ് സംസ്ഥാനത്തെ ഒരു കുടുംബാരോഗ്യ കേന്ദ്രം ഗുണനിലവാര മാനദണ്ഡങ്ങളിൽ ദേശീയതലത്തിൽ ഒന്നാമതെത്തുന്നത്. ആർദ്രം പദ്ധതിയുടെ ഭാഗമായി 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിരുന്നു.

രണ്ടാം ഘട്ടത്തിൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനായി തെരഞ്ഞെടുത്തിട്ടുണ്ട്. വൈകുന്നേരം വരെയുള്ള മികച്ച ഒ.പി. സൗകര്യം, രജിസ്ട്രേഷൻ കൗണ്ടറുകൾ, മുൻകൂട്ടി ബുക്കിംഗ് സൗകര്യം, മെച്ചപ്പെട്ട കാത്തിരിപ്പ് സ്ഥലങ്ങൾ, കുടിവെള്ള ടോയിലറ്റ് സൗകര്യങ്ങൾ, സ്ത്രീ സൗഹൃദ-ഭിന്നശേഷി സൗഹൃദം, പ്രി-ചെക്കപ്പ് ഏരിയ, ലാബുകൾ, ഡിസ്‌പ്ലേകൾ, സ്വകാര്യതയുള്ള പരിശോധനാ മുറികൾ, വിവിധ ക്ലിനിക്കുകൾ എന്നീ സൗകര്യങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിലുണ്ട്.

# കലാകാരന്മാർക്കെതിരായ ഭീഷണി കേരളത്തിൽ വിലപ്പോകില്ല: മുഖ്യമന്ത്രി

## സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ വിതരണം ചെയ്തു

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ചലച്ചിത്ര രംഗത്ത് വർഗീയ വിദ്വേഷം പടർത്തുന്നത് ദേശീയ തലത്തിൽ ശക്തിപ്പെട്ട് വരുന്നുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തങ്ങൾ പറയുന്നത് അനുസരിക്കുന്നില്ലെങ്കിൽ ചന്ദ്രനിലേയ്ക്ക് പോകാനാണ് ചിലർ പറയുന്നത്. ഈ ഭീഷണി കേരളത്തിൽ വിലപ്പോകില്ല. സംസ്ഥാന ചലച്ചിത്ര അവാർഡ് വിതരണ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കലാകാരന്മാരെ നിശബ്ദമാക്കുന്നതിനുള്ള അർദ്ധ ഫാസിസ്റ്റ് സ്വഭാവത്തിലുള്ള പൊതുവായ നീക്കങ്ങളുടെ ഭാഗമായി വേണം അടൂർ ഗോപാലകൃഷ്ണന് നേരെയുണ്ടായ ഭീഷണിയെ കാണാൻ. ദേശീയ തലത്തിൽ നിരവധി വിഖ്യാത കലാപ്രതിഭകൾക്ക് അക്രമമോ, ഭീഷണിയോ ഉണ്ടായിട്ടുണ്ട്. ഫാൽക്കെ അവാർഡ് നേടിയ കലാകാരനെ ആക്ഷേപിക്കുന്നതിലൂടെ വർഗീയ ശക്തികളുടെ വക്താക്കൾ തങ്ങളുടെ സംസ്കാര രാഹിത്യമാണ് വെളിവാക്കുന്നത്.

നിർഭയമായി അഭിപ്രായം പറയുന്നവർ ഒഴിവായാലേ ഇവരുടെ രാഷ്ട്രീയവുമായി മുന്നോട്ട് പോകാനാകൂ എന്ന ഭീരുത്വമാണ് വെളിവാകുന്നത്. സാമുദായിക ചേരിതിരിവ് രൂക്ഷമാകുന്ന ഇക്കാലത്ത് വിശാല മാനവികതയ്ക്ക് വേണ്ടി നിലകൊള്ളുന്ന സിനിമകൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. കഴിഞ്ഞ കുറെക്കാലമായി ചലച്ചിത്രലോകത്ത് വർഗീയതയുടെ വിദ്വേഷം പടർത്താനുള്ള ശ്രമങ്ങൾ ദേശീയതലത്തിൽ ശക്തിപ്പെട്ടുവരുന്നുണ്ട്. ചലച്ചിത്രകലാകാരന്മാർ ഗുരുവായി കാണുന്ന ദിലീപ് കുമാറിനു പോലും വർഗീയ ഫാസിസത്തിന്റെ ഭീഷണി നേരിടേണ്ടി വന്നു. കമൽഹാസൻ, ആനന്ദ്പട്വർദ്ധൻ, ദീപാമേഹ്ത്ത, ഷബാന ആസ്മി തുടങ്ങിയ വിഖ്യാത ചലച്ചിത്രപ്രതിഭകൾക്ക് ഭീഷണിയോ, ആക്രമണമോ ഉണ്ടായി.

സർഗ്ഗാത്മക രംഗത്ത് വ്യാപരിക്കുന്നവരെ കേരളവും കേരള ജനതയും സർക്കാരും സംരക്ഷിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. സർഗ്ഗാത്മക രംഗത്ത് വ്യാപരിക്കുന്നവരെ കേരളവും കേരള ജനതയും സർക്കാരും സംരക്ഷിക്കും. അവർക്ക് സ്വതന്ത്രവും ഭയരഹിതവുമായ രീതിയിൽ തുടർന്നും സംഭാവനകൾ നൽകാനുള്ള അന്തരീക്ഷം ഉറപ്പാക്കും. കലാകാരന്റെ സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കാൻ ചലച്ചിത്രരംഗത്തുള്ളവർ എല്ലാ വിഭാഗീയതയ്ക്കും വേർതിരിവിനും അതീതമായി നിൽക്കണമെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

സ്വതന്ത്രവും ഭയരഹിതവുമായി കലാസംഭാവനകൾ നൽകാൻ അവർക്ക് അന്തരീക്ഷം ഉറപ്പാക്കും. സാമൂഹ്യ പുരോഗതിക്ക് ഊർജം പകരുന്നതിൽ മലയാള സിനിമ വലിയപങ്ക് വഹിച്ചിട്ടുണ്ട്. ആദ്യകാലം മുതൽ മണ്ണിലുറച്ച് നിന്ന് തികഞ്ഞ യാഥാർഥ്യബോധം പ്രകടിപ്പിക്കുകയും സാമൂഹ്യ ആശങ്കകൾ പങ്കുവയ്ക്കുകയും ചെയ്തു. എന്നും നല്ല സിനിമകളുടെ ഭാഗമായിരിക്കുകയും മികച്ച കഥാപാത്രങ്ങളെ അവതരിപ്പിക്കുകയും ചെയ്തു തിരശ്ശീലയിലെ മികച്ച സ്ത്രീസാന്നിധ്യമാകാൻ കഴിഞ്ഞ വ്യക്തിയാണ് ജെ.സി ദാനിയേൽ പുരസ്കാരം നേടിയ നടി ഷീലയെന്നും മുഖ്യമന്ത്രി പറഞ്ഞു. കലാമൂല്യവും പ്രമേയപുതുമയും പുലർത്തിയവരെയാണ് സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങളിലൂടെ ആദരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജനപ്രീതിയും കലാമൂല്യവുമുള്ള ചിത്രത്തിനുള്ള പ്രത്യേക അവാർഡ് സുഡാനി ഫ്രം നൈജീരിയക്ക് ലഭിച്ചു. ദേശീയവാദം ശക്തിപ്രാപിക്കുന്ന കാലത്ത് മികച്ച ചിത്രമായ സുഡാനി ഫ്രം നൈജീരിയ എന്ന ചിത്രം വളരെ ശക്തമായ പ്രമേയമാണ് അവതരിപ്പിച്ചത്. 2018ലെ ജെ.സി. ദാനിയേൽ പുരസ്കാരം നടി ഷീല മുഖ്യമന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി. 2018 ലെ സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങളും മുഖ്യമന്ത്രി വിതരണം ചെയ്തു. മികച്ച നടനുള്ള പുരസ്കാരം ജയസൂര്യയും സൗബിൻ ഷാഹിറും പങ്കിട്ടു. മികച്ച നടിക്കുള്ള പുരസ്കാരം നിമിഷാ സജയൻ, മികച്ച ചിത്രത്തിനുള്ള പുരസ്കാരം കാന്തൻ-ദി ലവർ ഓഫ് കളറിന്റെ സംവിധായകൻ ഷെരീഫ് സി, മികച്ച രണ്ടാമത്തെ ചിത്രത്തിനുള്ള പുരസ്കാരവും മികച്ച സംവിധായകനുള്ള പുരസ്കാരവും ഒരു ഞായറാഴ്ചയുടെ സംവിധായകൻ ശ്യാമപ്രസാദ് തുടങ്ങിയവർ ഏറ്റുവാങ്ങി.

മലയാള സിനിമയ്ക്ക് അമൂല്യമായ സംഭാവനകൾ നൽകിയ ചലച്ചിത്ര പ്രതിഭകളെയും ചടങ്ങിൽ ആദരിച്ചു. ആർ.എസ്.പ്രഭു, ടി.ആർ. ഓമന, സി.എസ്. രാധാദേവി, നെയ്യാറ്റിൻകര കോമളം, വിപിൻ മോഹൻ, ശിവൻ, ശ്രീലതാ നമ്പൂതിരി, ലതാ രാജു, ബി. ത്യാഗരാജൻ, രഘുനാഥ് തുടങ്ങിയവർ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.

ചടങ്ങിൽ സാംസ്കാരിക മന്ത്രി എ.കെ. ബാലൻ അദ്ധ്യക്ഷനായിരുന്നു. മന്ത്രിമാരായ കെ.കൃഷ്ണൻകുട്ടി, വി.എസ്. സുനിൽകുമാർ, രാമചന്ദ്രൻ കടന്നപ്പള്ളി, കടകംപള്ളി സുരേന്ദ്രൻ, മേയർ വി.കെ.പ്രശാന്ത്, ഒ. രാജഗോപാൽ എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് വി.കെ. മധു, കെ.ടി.ഡി.സി ചെയർമാൻ എം. വിജയകുമാർ, കിലെ ചെയർമാൻ വി. ശിവൻകുട്ടി, സാംസ്കാരിക ക്ഷേമനിധി ചെയർമാൻ പി. ശ്രീകുമാർ, ചലച്ചിത്ര അക്കാദമി ചെയർമാൻ കമൽ, വൈസ് ചെയർമാൻ ബീനാപോൾ, സെക്രട്ടറി മഹേഷ് പഞ്ചു, സാംസ്കാരിക വകുപ്പ് സെക്രട്ടറി റാണി ജോർജ് തുടങ്ങിയവർ സംബന്ധിച്ചു. അവാർഡ് വിതരണത്തെ തുടർന്ന് 'നവവസന്തം' എന്ന പേരിൽ പത്തുവർഷത്തെ ചലച്ചിത്ര അവാർഡ് നേടിയ ഗാനങ്ങൾ കോർത്തിണക്കി സംഗീതപരിപാടിയും അരങ്ങേറി.

# ജില്ലാ പഞ്ചായത്തിൽ തിരിച്ചടി ജോസഫ് നിലപാട് കടുപ്പിക്കുന്നു

## പാലാ ഉപതിരഞ്ഞെടുപ്പ് ജോസിനും ജോസഫിനും ഏറ്റുമുട്ടൽ വേദി

കോട്ടയം: ജില്ലാ പഞ്ചായത്തിൽ ജോസഫ് വിഭാഗം പ്രഖ്യാപിച്ച സ്ഥാനാർത്ഥിക്ക് പിൻമാറേണ്ടി വന്നതും ജോസ് കെ മാണിയുടെ സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യേണ്ട അവസ്ഥയും വന്നതോടെ ജോസഫും കൂട്ടരും തിരിച്ചടിക്കാനുള്ള പദ്ധതികൾ കോപ്പ് കൂട്ടുകയാണ്.ഇതിനുള്ള തിരിച്ചടി പാലാ ഉപതിരഞ്ഞെടുപ്പിൽ നൽകുന്നതിനാണ് ജോസഫ് വിഭാഗം ഒരുങ്ങുന്നത്. എട്ടുമാസം ജോസ് പക്ഷത്തെ സെബാസ്റ്റ്യൻ കുളത്തുങ്കൽ പ്രസിഡന്റാകുമെന്നാണ് യുഡിഎഫ് ധാരണയായി പുറത്തുവന്നിരിക്കുന്നത്. ബാക്കി ആറുമാസ കാലയളവ് ജോസഫ് പക്ഷത്തെ അജിത്ത് മുതിരമലയ്ക്കും. എന്നാൽ ഇങ്ങനെയൊരു ധാരണ ഇല്ലെന്നാണ് ജോസ് വിഭാഗത്തിലെ റോഷി അഗസ്റ്റിൻ എംഎൽഎ പറഞ്ഞിരിക്കുന്നത്. ഇതോടെ ജോസഫും കൂട്ടരും വീണ്ടും വെട്ടിലായിരിക്കുകയാണ്. ആറുമാസത്തിനുശേഷം രാഷ്ട്രീയ കാലാവസ്ഥ എങ്ങനെയെന്ന് പ്രവചിക്കാനാവാത്ത സാഹചര്യത്തിൽ യുഡിഎഫ് നേതൃത്വം തങ്ങളോട് വഞ്ചന കാട്ടി എന്ന കടുത്ത നിലപാടിലാണ് ജോസഫ് കഴിഞ്ഞ ദിവസം പൊട്ടിത്തെറിച്ചത്. തിരിച്ചടി എന്ന ആദ്യ നീക്കത്തിന്റെ ഭാഗമായി കോട്ടയത്ത് ശക്തി പ്രകടനം നടത്തി ചില ജോസ് വിഭാഗം നേതാക്കളെ രംഗത്തിറക്കി ജോസ് കെ മാണിയെ ഞെട്ടിക്കുന്ന നീക്കങ്ങൾ നടത്താനാണ് നീക്കം. നീക്കങ്ങൾ ചർച്ച ചെയ്യാൻ കഴിഞ്ഞ ദിവസം ജോസഫ് ഗ്രൂപ്പ് യോഗം ചേർന്നിരുന്നു. ഇതിലാണ് ശക്തി പ്രകടനം ഉടൻ തന്നെ സംഘടിപ്പിക്കുവാനും പാലാ ഉപതിരഞ്ഞെടുപ്പിൽ തിരിച്ചടി നൽകുവാനും തീരുമാനം എടുത്തത്.

എന്നാൽ ജോസ് കെ മാണിയും കൂട്ടരും നേടിയ അപ്രതീക്ഷിത വിജയം ജോസഫിനെയും കൂട്ടരെയും കുറച്ചൊന്നുമല്ല അമ്പരപ്പിച്ചിരിക്കുന്നത്. ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വിപ്പ് നൽകാനുള്ള അധികാരം തനിക്കാണെന്ന് കാട്ടി ജോസഫ് തന്റെ നാർഥി അജിത്ത് മുതിരമലയെ വിജയിപ്പിക്കാൻ ശ്രമിക്കുമ്പോഴും വിപ്പിന് വിലയില്ലാതായതാണ് തിരഞ്ഞെടുപ്പ് കേസിലും തിരിച്ചടിയാകുമോ എന്ന് ഭയപ്പെടുന്നത്.

കോട്ടയം, പത്തനംതിട്ട, എറണാകുളം ഉൾപ്പെടെ മേഖലകളിൽ ജോസ് കെ മാണി വിഭാഗത്തിനാണ് ശക്തിയെന്ന കോൺഗ്രസിന്റെ വിലയിരുത്തലാണ് ജോസിനോട് യുഡിഎഫ് നേതൃത്വം മൃദു സമീപനം കാട്ടാൻ കാരണമായി പറയുന്നത്. ഇതാണ് ജോസഫിനെ ചൊടിപ്പിച്ചിരിക്കുന്നത്. കോട്ടയം ജില്ലാ പ്രസിഡന്റായി പഴയ മാണി വിഭാഗത്തിലായിരുന്നു സജി മഞ്ഞക്കടമ്പന് ചുമതല നൽകിയത് കടുത്ത മാണി വിഭാഗം നേതാക്കളെ ആകർഷിക്കാനുള്ള നീക്കത്തിന്റെ ഭാഗമായാണ്. എന്നാൽ അപ്രതീക്ഷിതമായി ജോസ് വിഭാഗം ജില്ലാ പഞ്ചായത്ത് സ്ഥാനം കരസ്ഥമാക്കിയത് തന്ത്രങ്ങളുടെ പിഴവായിട്ടാണ് നേതാക്കൾ കരുതുന്നത്.

# യു ഡി എഫ് വന്നാലുടൻ യൂണിവേഴ്സിറ്റി കോളേജ് മാറ്റും: കെ. മുരളീധരൻ എം പി

കോഴിക്കോട്: യുഡിഎഫ് അധികാരത്തിലെത്തിയാൽ യൂണിവേഴ്സിറ്റി കോളേജ് മാറ്റി സ്ഥാപിക്കുമെന്ന് കെ.മുരളീധരൻ എം.പി. കേന്ദ്ര,സംസ്ഥാന സർക്കാരുകളുടെ ഭരണം ഒരുപോലെ വിമർശിക്കപ്പെടേണ്ടതാണ്. നരേന്ദ്രമോദിക്കു പറ്റിയ ആളാണു പിണറായി വിജയൻ. അതു കൊണ്ട് തിരുവനന്തപുരത്തിരുന്നു കേന്ദ്രസർക്കാരിനെ വിമർശിക്കുന്ന ബുദ്ധിജീവികൾ തങ്ങളുടെ തൊട്ടു മുൻപിലുള്ള യൂണിവേഴ്സിറ്റി കോളേജ് കൊലക്കളമാക്കാൻ കൂട്ടുനിൽക്കുന്ന മുഖ്യമന്ത്രിയെ വിമർശിക്കാൻ കൂടി തയ്യാറാകണം.

1999ൽ ലോകസഭയിൽ വച്ചു ബിജെപി എംപി സോണിയ ഗാന്ധിയെ ഇറ്റാലിയൻ വനിതയെന്ന് ആക്ഷേപിച്ചപ്പോൾ ആഭ്യന്തര മന്ത്രിയായിരുന്ന എൽ.കെ.അഡ്വാനി മാപ്പു പറഞ്ഞു. ആ സംസ്കാരത്തിൽ നിന്നു തെറി പറയുന്നവരെ പ്രോൽസാഹിപ്പിക്കുന്ന രീതിയിലേക്കു ബിജെപി നേതൃത്വം മാറി. അടൂർ ഗോപാലകൃഷ്ണനെതിരെയുള്ള ആക്രമണം ഇതിനു തെളിവാണെന്നും മുരളീധരൻ പറഞ്ഞു.

തല്ലു കൊള്ളുന്നതാണ് സുഖമെന്ന നിലപാടാണു കാനം രാജേന്ദ്രന്. കാനത്തിനെതിരെയുള്ള കാര്യങ്ങൾ സിപിഐക്കാർ തന്നെ പുറത്തുവിടും. കേരളം അടുത്ത 35 വർഷം ഇടതുപക്ഷം ഭരിക്കുമെന്നാണ് എൽദോ എബ്രഹാം എംഎൽഎ ആയപ്പോൾ നിയമസഭയിൽ പ്രസംഗിച്ചത്. ഭരണം മൂന്നര വർഷമായപ്പോൾ അദ്ദേഹത്തിന്റെ എല്ലൊടിഞ്ഞു. 35 വർഷം ഭരിച്ചാൽ സിപിഐക്കാരുടെ കുട്ടികൾക്കു പോലും എല്ലുണ്ടാവില്ല. കോൺഗ്രസിന്റെ ഒപ്പമുള്ള കാലമായിരുന്നു സിപിഐയുടെ സുവർണ കാലഘട്ടമെന്നും മുരളീധരൻ പറഞ്ഞു.

## ന്യൂസ്പ്രിന്റ് തീരുവ പിൻവലിക്കണം

ന്യൂഡൽഹി: ഇറക്കുമതി ചെയ്യുന്ന ന്യൂസ്പ്രിന്റിന് ഏർപ്പെടുത്തിയ 10% തീരുവ പിൻവലിക്കണമെന്ന് ഇന്ത്യൻ ന്യൂസ്പേപ്പർ സൊസൈറ്റി (ഐഎൻഎസ്) എക്സിക്യൂട്ടീവ് കമ്മിറ്റി കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചു. പത്രക്കടലാസായി ഉപയോഗിക്കുന്ന ന്യൂസ്പ്രിന്റ്, കോട്ടിങ് ഇല്ലാത്ത (ഗ്ലേസ്ഡ്) പേപ്പർ, കനം കുറഞ്ഞ കോട്ടഡ് പേപ്പർ എന്നിവയ്ക്ക് ഇറക്കുമതിച്ചുങ്കം ചുമത്തിയുള്ള ജൂലൈ 6 ലെ ഉത്തരവു പിൻവലിക്കണമെന്നാണ് ആവശ്യം.

# നാളെ വിശ്വാസ വോട്ടെടുപ്പ്

## വിമതരുടെയും സ്പീക്കറുടെയും നിലപാട് നിർണ്ണായകം

## സ്പീക്കർക്കെതിരെ അവിശ്വാസത്തിന് നീക്കം

ബംഗളൂരു: യദ്യൂരപ്പ നാളെ കർണ്ണാടകനിയമസഭയിൽ വിശ്വാസവോട്ട് തേടും. ഇതുവരെ സ്പീക്കർ അയോഗ്യരാക്കിയിട്ടില്ലാത്ത 14 വിമത എംഎൽഎമാരുടെ തീരുമാനമാകും നാളെ സഭയിൽ ഏറെ നിർണ്ണായകമാകുക. ഇവർ എത്തി കോൺഗ്രസ്- ജെ.ഡി.എസ് സഖ്യത്തിന് അനുകൂലമായി വോട്ട് ചെയ്താൽ വിശ്വാസ പ്രമേയം പരാജയപ്പെടും. സ്പീക്കറുടെ നിലപാടും യെദ്യൂരപ്പയുടെ ഭാവി തീരുമാനിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കും. ബി.ജെ.പിക്ക് അനുകൂലമാകുമെന്നതിനാൽ വിമതരെ അയോഗ്യരാക്കുന്നതിനും അവരുടെ രാജി അംഗീകരിക്കുന്നതിനുമുള്ള സാദ്ധ്യത കുറവാണ്. തിങ്കളാഴ്ച രാവിലെ 10ന് സഭയിൽ വിശ്വാസം തെളിയിക്കും എന്നാണ് യെഡിയൂരപ്പയുടെ പ്രഖ്യാപനം. ഇതിനിടെ അയോഗ്യരാക്കപ്പെട്ട മൂന്ന് എംഎൽഎമാർ സുപ്രീംകോടതിയെ സമീപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എങ്ങനെയും നാളെ വിശ്വാസ വോട്ടെടുപ്പ് വിജയിക്കുന്നതിനുള്ള ശ്രമങ്ങൾ ബി.ജെ.പിയും യെദ്യൂരപ്പയെ വിശ്വാസം തെളിയിക്കാനനുവദിക്കാതെ പുറത്താ

ക്കാനുള്ള നീക്കങ്ങൾ കോൺഗ്രസും ദളും നടത്തുന്നുണ്ട്. എങ്ങനെയും വിശ്വാസം തെളിയിക്കുകയും ഉപതിരഞ്ഞെടുപ്പിൽ വിജയിച്ച് ഭൂരിപക്ഷം വർദ്ധിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങളാണ് ബിജെപി നേതൃത്വം നടത്തുന്നത്. അതിനിടെ കർണാടക സ്പീക്കർക്കെതിരെ ബിജെപി അവിശ്വാസ പ്രമേയം കൊണ്ടുവന്നേക്കുമെന്ന് സൂചന. സ്പീക്കർ കെ.ആർ. രമേശ് കുമാർ സ്വയം രാജി വയ്ക്കാൻ തയ്യാറായില്ലെങ്കിൽ അവിശ്വാസ പ്രമേയം കൊണ്ടുവരാനാണ് ബിജെപി ആലോചിക്കുന്നത്. ഇക്കാര്യം ഒരു ബിജെപി എംഎൽഎ പറഞ്ഞതായി പിടിഐ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

ബിജെപിയുടെ ആദ്യ അജണ്ട സഭയിൽ ഭൂരിപക്ഷം തെളിയിക്കുക എന്നതാണ്. തുടർന്ന് ധനബിൽ പാസാക്കും. ഇതിന് ശേഷം സ്പീക്കർ രാജിവയ്ക്കുമോ ഇല്ലയോ എന്ന് നോക്കിയതിന് ശേഷം ഭാവി നടപടികളിലേക്ക് പോകുമെന്നും ബിജെപി എംഎൽഎ പറയുന്നു. എന്നാൽ എംഎൽഎ പേര് വെളിപ്പെടുത്താൻ തയ്യാറായിട്ടില്ല.

എങ്ങനെയാണ് പ്രതിപക്ഷ പാർട്ടിയിൽ പെട്ട ഒരംഗത്തെ സ്പീക്കറായി നിലനിർത്താനാകുകയെന്ന് അദ്ദേഹം ചോദിക്കുന്നു. സഭയിൽ ഭൂരിപക്ഷം തെളിയിച്ചതിന് ശേഷം സ്പീക്കറിനെതിരെ അവിശ്വാസം കൊണ്ടുവരുന്നത് പരിഗണിക്കുമെന്നും എംഎൽഎ പറയുന്നു.

13 മാസത്തോളം നീണ്ട കോൺഗ്രസ്-ജെഡിഎസ് സഖ്യസർക്കാരിന്റെ പതനത്തിന് പിന്നാലെ വെള്ളിയാഴ്ച അപ്രതീക്ഷിതമായി യെദ്യൂരപ്പ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുകയായിരുന്നു. 16 ഭരണപക്ഷ എംഎൽഎമാർ സർക്കാരിനെതിരെ തിരഞ്ഞതോടെയാണ് സഖ്യസർക്കാർ താഴെവീണത്.

# എൽദോ എബ്രഹാമിനെ പൊലീസ് മർദ്ദിക്കുന്ന ചിത്രവും വ്യാജം

കൊച്ചി: മുവാറ്റുപുഴ എം.എൽ.എ എൽദോ എബ്രഹാമിനെ പൊലീസ് മർദ്ദിക്കുന്ന തരത്തിൽ സി.പി.ഐ. എറണാകുളം ജില്ലാ നേതൃത്വം പുറത്തുവിട്ടത് വ്യാജ ചിത്രമെന്ന് വിവരം.

എറണാകുളം സെൻട്രൽ എസ്. ഐ. വിപിൻ തന്നെ മർദ്ദിക്കുന്നതായി കാട്ടി എൽദോ എബ്രഹാം മാദ്ധ്യമങ്ങൾക്ക് നൽകിയ ചിത്രം ഫോട്ടോഷോപ്പിൽ കൂട്ടിച്ചേർത്തതാണെന്ന് വിദഗ്ദ്ധ പരിശോധനയിലാണ് വ്യക്തമായത്. എസ്. ഐ. ലാത്തി വീശുന്ന ചിത്രവും എം.എൽ.എയുടെ ചിത്രവും ഫോട്ടോ ഷോപ്പിൽ ഒന്നിച്ചു ചേർക്കുകയായിരുന്നു. ചിത്രത്തിന്റെ താഴെ ഭാഗത്ത് രണ്ടു ചിത്രങ്ങളും തമ്മിൽ സിങ്ക് ചെയ്യുന്നതിന് വെള്ള നിറത്തിൽ എൽ ആകൃതിയിൽ വരച്ചു ചേർത്തത് മായ്ച്ചു കളയാൻ ഫോട്ടോഷോപ്പ് ചെയ്ത ആൾ വിട്ടുപോയി. ഒപ്പം അതിനോടു ചേർന്നു തന്നെ എം.എൽ. എയുടെ മുണ്ടിനുള്ളിൽ നിന്ന് ഒരു പൊലീസ് ഓഫീസറുടെ ബ്രൗൺ നിറത്തിലുള്ള ഷൂവും കാണാം. ഇതും ഫോട്ടോഷോപ്പ് കലാകാരൻ മായ്ച്ചു കളയാൻ മറന്നു പോയി എന്നത് വ്യക്തം. പൊലീസ് മർദ്ദനത്തിന്റെ പേരിൽ വ്യാജ തെളിവുണ്ടാക്കാൻ സി.പി.ഐ. ജില്ലാ നേതൃത്വം തയ്യാറായ കാര്യം സർക്കാരിനും ബോധ്യമായിട്ടുണ്ടെന്നാണ് വിവരം.

ഇതിനിടെ പൊലീസ് മർദ്ദനത്തിൽ തന്റെ കൈ ഒടിഞ്ഞുവെന്ന എൽദോയുടെ വാദവും പൊളിഞ്ഞു '. എം.എൽ.എയുടെ കൈ യ്ക്ക് പൊട്ടലില്ല എന്ന് എൽദോ ചികിത്സയിൽ കഴിഞ്ഞിരുന്ന സ്വകാര്യ ആശുപത്രയിലെ ചീഫ് മെഡിക്കൽ ഓഫീസർ ഹരിഹരൻ , സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്ന എറണാകുളം ജില്ലാ കളക്ടർക്ക് രേഖാമൂലം റിപ്പോർട്ട് നൽകി. എം.എൽ.എ. പുറത്തു വിട്ട ചിത്രം ഫോട്ടോഷോപ്പ് ചെയ്തതാണെന്ന് വ്യക്തമായിട്ടും സർക്കാരിനെതിരായ വികാരമുണ്ടാക്കാൻ ചിത്രത്തിന്റെ ചുവട് ഭാഗം കട്ടു ചെയ്താണ് ചില മാദ്ധ്യമങ്ങൾ പ്രസിദ്ധീകരിച്ചത്.

സി.പി.ഐ പ്രവർത്തരുടെ ആക്രമണത്തിൽ പരിക്കേറ്റ അസി.കമ്മീഷണർ കെ. ലാൽജി, സെൻട്രൽ എസ്. ഐ. വിപിൻ എന്നിവർ എറണാകുളം ജനറൽ ആശുപത്രിയിൽ ചികിത്സയിൽ തുടരുകയാണ്. ഇരുവരുടെയും വലതുകൈയിലെ എല്ലിന് പൊട്ടലുണ്ട് എന്ന മെഡിക്കൽ റിപ്പോർട്ട് എറണാകുളം ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്.

# മത്സ്യബന്ധന യാനങ്ങളുടെ വർദ്ധിപ്പിച്ച ലൈസൻസ് ഫീസ് പുനഃപരിശോധിക്കും: മന്ത്രി

തിരുവനന്തപുരം: മത്സ്യബന്ധന യാനങ്ങളുടെ വർധിപ്പിച്ച ലൈസൻസ്-പെർമിറ്റ് ഫീസുകൾ ഇളവ് ചെയ്യുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണെന്ന് ഫിഷറീസ് മന്ത്രി ജെ. മേഴ്സിക്കുട്ടി അമ്മ അറിയിച്ചു.

തെറ്റായ പ്രചാരണങ്ങളിൽ മത്സ്യത്തൊഴിലാളികൾ വീഴരുത്. 2001ലാണ് ഇതിന് മുൻപ് രജിസ്ട്രേഷൻ ലൈസൻസ് ഫീസ് പുതുക്കിയത്. എങ്കിലും ഇപ്പോൾ വരുത്തിയ ഫീസ് വർധന് സംബന്ധിച്ച് തൊഴിലാളി സംഘടനകൾക്ക് ഇടയിലുള്ള ആശങ്കകൾ സർക്കാർ ദൂരീകരിക്കുന്നതാണ്. മത്സ്യതൊഴിലാളി സമൂഹത്തിന്റെ പൊതുനൻമ ലക്ഷ്യമിട്ടാണ് തീരുമാനം കൈക്കൊണ്ടത്.

15 മീറ്ററിൽ കൂടുതൽ നീളമുള്ള മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷന്റെയും ലൈസൻസിന്റെയും ഫീസ് ഇനത്തിലാണ് വർധന ഉണ്ടായത്. ഒരു മത്സ്യബന്ധന യാനം ഒരിക്കൽ മാത്രം രജിസ്ട്രേഷൻ ഫീസ് അടച്ചാൽ മതി. രജിസ്ട്രേഷനുള്ള ഒരു മത്സ്യബന്ധന യാനത്തെയും ഫീസിൽ വരുത്തിയ മാറ്റം ബാധിക്കില്ല.

ഏതെങ്കിലും വിഭാഗത്തിലെ മത്സ്യബന്ധന യാനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസിലും ലൈസൻസ് ഫീസിലും ന്യായീകരിക്കാനാകാത്ത വർധന് ഉണ്ടോയെന്ന് പരിശോധിക്കുമെന്നും, ബോധ്യപ്പെട്ടാൽ ന്യായമായ ഇളവ് അനുവദിക്കാനും ട്രേഡ് യൂണിയനുകളുമായി നടത്തിയ ആശയവിനിമയത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ ആരംഭിച്ചതായി മന്ത്രി അറിയിച്ചു.

250 എച്ച്.പി-യിൽ കൂടുതൽ ശേഷിയുള്ള എൻജിൻ ഘടിപ്പിച്ച മത്സ്യബന്ധന യാനങ്ങൾക്ക് ലൈസൻസിന് പകരം ഏർപ്പെടുത്തിയ പെർമിറ്റ് ഫീസിലും ന്യായമായ ഇളവ് ഏർപ്പെടുത്തും. പെർമിറ്റ് ഫീസ് ഈടാക്കുന്ന മത്സ്യബന്ധന യാനങ്ങൾക്ക് ലൈസൻസ് ഫീസ് അടയ്ക്കേണ്ടതില്ല. പുതുക്കിയ ഫീസ് ഇതിനകം ഒടുക്കിയ യാനം ഉടമകൾക്കും ഫീസ് ഇളവിന്റെ ആനുകൂല്യം ലഭ്യമാക്കുന്ന കാര്യവും പരിശോധിക്കുമെന്നും മന്ത്രി പറഞ്ഞു.

ഈ സർക്കാർ വന്നശേഷം മത്സ്യത്തൊഴിലാളി പെൻഷൻ 600 രൂപയിൽ നിന്ന് 1200 ആയി വർധിപ്പിച്ചിരുന്നു. ഭവനനിർമാണ തുക രണ്ടു ലക്ഷത്തിൽ നിന്നും നാലു ലക്ഷമായി വർധിപ്പിച്ചതും, ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങി വീട് വെയ്ക്കാൻ 10 ലക്ഷം രൂപ അനുവദിച്ചതും സമ്പാദ്യ സമാശ്വാസ തുക 2700 ൽ നിന്നും 4500 ആയി വർധിപ്പിച്ചതും കേന്ദ്ര വിഹിതം ലഭിക്കാഞ്ഞിട്ടുപോലും സമാശ്വാസ പദ്ധതി തുടർന്നതും ഈ സർക്കാരാണ്.

കടലോരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസ പദ്ധതിയ്ക്കായി 1900 കോടി രൂപയുടെ പദ്ധതി നടപ്പാക്കാനുള്ള അനുമതി ലഭിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. 1798 കുടുംബങ്ങൾക്ക് ഇതിനകം 10 ലക്ഷം രൂപ നൽകി ഭൂമിയും ഭവനവും ലഭ്യമാക്കി. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 119 കോടി രൂപയുടെ മണ്ണെണ്ണ സബ്സിഡിയാണ് സർക്കാർ നൽകിയത്.

കഴിഞ്ഞ മൂന്ന് വർഷമായി മത്സ്യമേഖലയിൽ 3600 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നത്. മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി 320 ഫൈബർ ബോട്ടുകൾ നൽകാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നത്. 5600 ഭവനങ്ങളാണ് മത്സ്യതൊഴിലാളികൾക്ക് പുതുതായി നൽകിയത്. 1220 ഭവനങ്ങൾ ലൈഫ് പദ്ധതിയിൽ നടപ്പാക്കി വരുന്നതായും മന്ത്രി പറഞ്ഞു.

# കൈക്കൂലി: വിജിഒയെ പിരിച്ചു വിട്ടു; മുന്നറിയിപ്പെന്ന് ജി. സുധാകരൻ




തിരുവനന്തപുരം: കോഴിക്കോട് ചാല സബ് രജിസ്ട്രാർ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ജി. ഗിരീഷ് കുമാറിനെ കൈക്കൂലി വാങ്ങിയതിന് സർവീസിൽനിന്ന് പിരിച്ചുവിട്ടെന്ന് മന്ത്രി ജി. സുധാകരൻ. കോട്ടപ്പടി സബ് രജിസ്ട്രാർ ഓഫീസിൽ ഹെഡ് ക്ലാർക്കായിരിക്കെ കൈക്കൂലി വാങ്ങിയ കേസിൽ ഗിരീഷ് കുമാർ കുറ്റക്കാരനാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് ഇയാളെ പിരിച്ചുവിട്ടതെന്ന് മന്ത്രി ഫേസ് ബുക്കിൽ കുറിച്ചു. അഴിമതിക്കെതിരെ പ്രസംഗിക്കുക മാത്രമല്ല, അഴിമതിക്കാർക്കെതിരെ നടപടി എടുക്കുമെന്ന് തെളിയിക്കുകയാണ് പിണറായി സർക്കാർ. രജിസ്ട്രേഷൻ വകുപ്പിലും പൊതുമരാമത്ത് വകുപ്പിലും കഴിഞ്ഞ മൂന്ന് വർഷമായി നിരവധി പരിഷ്കാരങ്ങളും നടപടികളും എടുത്ത് ജനസൗഹൃദമാക്കുകയാണ്. പൊതുമരാമത്ത് വകുപ്പിലെ ചീഫ് എൻജിനീയർ മുതലുള്ള ഉദ്യോഗസ്ഥരെ പോലും സർക്കാരിന്റെ നയങ്ങൾക്ക് എതിരായി പ്രവർത്തിച്ചതിന് നടപടിക്ക് വിധേയരാക്കിയിട്ടുണ്ടെന്നും ഫേസ് ബുക്ക് പോസ്റ്റിൽ മന്ത്രി പറയുന്നു.

കുറച്ച് ദിവസം മുമ്പ് സബ് രജിസ്ട്രാർ ഓഫീസിൽ വന്ന ദമ്പതികളോട് അപമര്യാദയായി പെരുമാറിയ മുക്കം സബ് രജിസ്ട്രാർ ഉൾപ്പെടെ നാല് പേരെ സസ്പെന്റ് ചെയ്ത് നിർത്തിയിരിക്കുകയാണ്. അത് ജനങ്ങൾക്കിടയിൽ വലിയതോതിൽ പിന്തുണയുണ്ടാക്കിയ കാര്യവുമാണ്. പിണറായി സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിലെ രണ്ടാമത്തെ ആളെയാണ് ഇപ്പോൾ സർക്കാർ സർവ്വീസിൽ നിന്ന് പുറത്താക്കുന്നത്. സർവ്വീസിൽ നിന്ന് പുറത്താക്കുന്നതിന് സർക്കാരിന് മടിയൊന്നുമില്ല. ഇതൊരു സന്ദേശമാണിതെന്ന് മന്ത്രി ജി സുധാകരൻ പറഞ്ഞു.

ഈ സന്ദേശം ഉൾകൊള്ളാൻ കഴിയുന്ന ആളുകളാണ് മഹാഭൂരിപക്ഷം വരുന്ന ജീവനക്കാരും. എന്നാൽ ഇതൊന്നും ഉൾകൊള്ളാത്ത അപൂർവ്വം ചില ഉദ്യോഗസ്ഥരെയും കാണാം, അവർക്കെതിരെ നടപടി എടുത്ത് വരികയാണ്. എല്ലാ ഉദ്യോഗസ്ഥരും അവരവരുടെ വകുപ്പുകളിലെ നിയമങ്ങളും ചട്ടങ്ങളും പഠിച്ച് മനസ്സിലാക്കി പ്രവർത്തിക്കണം. കോട്ടപ്പടി സബ്‌രജിസ്ട്രാർ ഓഫീസിൽ ഹെഡ് ക്ലാർക്കായി ജോലി ചെയ്യവേ ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പിന് അപേക്ഷ സമർപ്പിച്ച കക്ഷിയിൽ നിന്നും ചാല സബ് രജിസ്ട്രാർ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ജി. ഗിരീഷ് കുമാർ കൈക്കൂലി ആവശ്യപ്പെട്ടിരുന്നു.

ഇതിനെതിരെ കക്ഷി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ പരാതി നൽകുകയും പരാതിയിന്മേലുള്ള പ്രാഥമിക അന്വേഷണത്തിനു ശേഷം വിജിലൻസ് കോട്ടപ്പടി സബ് രജിസ്ട്രാർ ഓഫീസിൽ നടത്തിയ പരിശോധനയിൽ പരാതിക്കാരനിൽ നിന്ന് കൈക്കൂലി വാങ്ങിയ ഫിനോഫ്തിലിൻ പുരട്ടിയ നോട്ടുകൾ പിടികൂടി കോടതിയിൽ ഹാജരാക്കി ഉദ്യോഗസ്ഥനെ റിമാന്റ് ചെയ്യുകയും ചെയ്തിരുന്നു.

അഴിമതി നിരോധന നിയമത്തിന്റെ അടിസ്ഥാനത്തിൽ കൈക്കൂലി വാങ്ങിയതിന് ഗിരീഷ് കുമാർ കുറ്റക്കാരനാണെന്ന് തെളിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഗിരീഷ് കുമാറിനെ സർവീസിൽ തുടരാൻ യോഗ്യനല്ലെന്ന് കണ്ട് പിരിച്ചുവിട്ടത്. അഴിമതി നടത്തുന്ന ഉദ്യോഗസ്ഥർക്ക് ഇതൊരു മുന്നറിയിപ്പാണെന്നും മന്ത്രി അറിയിച്ചു.



ശ്രീനാരായണഗുരു

സമ്പാദിച്ച അറിവ് കളയരുത് അത് വലുതാക്കിയാൽ എത്ര പങ്കു വയ്ക്കാം! ഈശ്വരൻ പ്രസാദിച്ചാൽ മതി.

കലാകൗമുദി

www.kalakaumudi.com

2019 ജൂലായ് 28 ഞായർ

# നിയമനിർമ്മാണം ജനാധിപത്യത്തിൽ അധിഷ്ഠിതമാകട്ടെ

പാർലമെന്ററി സമിതികളുടെ പരിശോധനയില്ലാതെ ബില്ലുകൾ തിടുക്കത്തിൽ പാസാക്കുന്ന പ്രവണത ലോക്സഭയിലും രാജ്യസഭയിലും വർദ്ധിച്ചു വരികയാണ്. ഇത് ചോദ്യം ചെയ്ത് 17 പ്രതിപക്ഷ പാർട്ടികൾ രാജ്യസഭാദ്ധ്യക്ഷൻ എം വെങ്കയ്യനായിഡുവിന് കത്ത് നൽകിയിരിക്കുകയാണ്. ഇപ്പോഴത്തെ രീതി ആശങ്കയുണ്ടാക്കുന്നതാണെന്നും പ്രതിപക്ഷ ശബ്ദം അമർത്താനും അംഗങ്ങളുടെ അവകാശങ്ങൾ അട്ടിമറിക്കാനുമുള്ള സർക്കാർ ശ്രമം അംഗീകരിക്കില്ലെന്നും കത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പാർലമെന്ററി സ്ഥിരം സമിതികളുടെയോ സെലക്ട് കമ്മിറ്റികളുടെയോ പരിശോധനയില്ലാതെ ബില്ലുകൾ പാസാക്കിയെടുക്കുന്നത് നിയമനിർമ്മാണത്തിൽ നിലനിന്ന രീതികളിൽ നിന്നുള്ള വ്യതിയാനമാണ്. സമിതികളുടെ പരിശോധനയിൽ പൊതുചർച്ചകളടക്കമുള്ള കാര്യങ്ങളുണ്ട്. ഇതെല്ലാം നിയനിർമ്മാണ സഭയുടെ ജനാധിപത്യ സ്വഭാവം നിലനിർത്തുന്നതാണ്. എന്നാൽ ചർച്ചകൾ കൂടാതെ ബില്ലുകൾ പാസാക്കുമ്പോൾ പ്രതിപക്ഷ ശബ്ദമാണ് ഇല്ലാതാകുന്നത്. ആദ്യ ലോക്സഭയുടെ നേതാവായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ കാലം മുതൽ പ്രതിപക്ഷത്തിന്റെ എതിർപ്പുകൾക്ക് ചെവി കൊടുക്കുന്ന ഒരു കീഴ്‌വഴക്കമാണ് നിലനിന്നത്. ചർച്ചകളിൽ ഉയരുന്ന എതിർവാദങ്ങളിൽ കഴമ്പുള്ളവ ബില്ലിൽ ഉൾപ്പെടുത്തിയാണ് പലപ്പോഴും നിയമമാക്കിയിട്ടുള്ളത്. ഇക്കാര്യങ്ങളെല്ലാം സഭാ രേഖകളിൽ ചേർക്കാറുമുണ്ട്.

എന്നാൽ അടുത്ത കാലത്ത് ഇതിനെല്ലാം മാറ്റം വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പതിന്നാലാം ലോക്സഭ 60 ശതമാനം ബില്ലുകളും പതിനഞ്ചാം ലോക്സഭ 70 ശതമാനം ബില്ലുകളും പരിശോധിച്ചു. എന്നാൽ പതിനാറാം ലോക്സഭയുടെ കാലത്ത് 26 ശതമാനം ബില്ലുകൾ മാത്രമാണ് സഭാ സമതികളുടെ പരിശോധനയ്ക്ക് അയച്ചത്. അതിനേക്കാൾ ആശങ്കയുണ്ടാക്കുന്നതാണ് ഈ ലോക്സഭയുടെ നടപടികൾ. ഈ സമ്മേളനത്തിൽ മാത്രം 14 ബില്ലുകളാണ് പാസാക്കിയത്. ഇതിൽ ഒന്നു പോലും സഭാ സമിതികളുടെ പരിശോധനയ്ക്ക് വിട്ടില്ല. ഇത് ആശങ്കയുണ്ടാക്കുന്നതാണ്. ചർച്ചയില്ലാതെയും സഭാ സമിതികളുടെ പരിശോധന ഇല്ലാതെയും ബില്ലുകൾ പാസാക്കുന്നത് ജനാധിപത്യ വിരുദ്ധമാണ്.

നിയമവിരുദ്ധ പ്രവർത്തന നിരോധന നിയമം രാജ്യസഭ പാസാക്കിയപ്പോഴാണ് ഇത് ഏറ്റവും കൂടുതൽ പ്രകടമായത്. ദുരുപയോഗം ചെയ്യപ്പെടാൻ ഏറ്റവും സാദ്ധ്യതയുള്ള നിയമമാണിത്. ബിൽ പാസാക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട സഭാ സമിതികൾ വ്യവസ്ഥകൾ പരിശോധിച്ച് വിലയിരുത്തണമായിരുന്നു. എന്നാൽ അതിനൊന്നും തയ്യാറാകാതെ തിരക്കിട്ട് നിയമം പാസാക്കുകയായിരുന്നു. സംസ്ഥാനങ്ങളുടെ അവകാശം പോലും കവർന്നെടുക്കുന്നതാണ് ഈ നിയമം. നിയമനിർമ്മാണ സഭകളെ നോക്കുകുത്തിയാക്കിക്കൊണ്ടുള്ള ഇത്തരം നിയനിർമ്മാണം എതിർക്കപ്പെടേണ്ടതാണ്. ജനാധിപത്യം കൊല ചെയ്യുന്ന നിയമനിർമ്മാണത്തോട് യോജിക്കാനാവില്ല.

ജനാധിപത്യത്തിലും നിയമ നിർമ്മാണ സഭകളിലും വിശ്വാസമില്ലെന്നതിന്റെ സൂചനയാണിത്. ആൾക്കൂട്ടം നിയമങ്ങൾ കൈയിലെടുക്കുന്ന പ്രവണത കൂടി വരുന്ന ഇക്കാലത്ത് നിയമനിർമ്മാണത്തിൽ സുതാര്യത അനിവാര്യമാണ്. എതിർ ശബ്ദങ്ങൾ ഇല്ലാതാക്കി സ്വന്തം ഗൂഢ താല്പര്യങ്ങൾക്ക് നിയമത്തിന്റെ പിൻബലം നൽകാനാണ് ഇത്തരം നടപടികൾ. രാജ്യത്തെ പകുതി ജനങ്ങളുടെ പോലും പിന്തുണയില്ലാത്തവരാണ് ഇത്തരം നടപടികൾ സ്വീകരിക്കുന്നതെന്നത് ആശങ്ക വർദ്ധിപ്പിക്കുന്നു. ഇത് രാജ്യത്തെ അവസാന തിരഞ്ഞെടുപ്പാണെന്ന് വരെ പറഞ്ഞവർക്ക് ജനാധിപത്യത്തോട് എത്രമാത്രം മതിപ്പുണ്ടാകുമെന്ന് വ്യക്തമാണല്ലോ. അത്തരം ലക്ഷ്യങ്ങളിലേയ്ക്കു

ള്ള നീക്കത്തിന്റെ ഭാഗമാണിതെല്ലാമെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റം പറയാനാവില്ല. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യമാണ് ഇന്ത്യ. ഇന്ത്യയിൽ ജനാധിപത്യം കൊല ചെയ്യാൻ മുമ്പും ശ്രമങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ അതിനെയെല്ലാം അതിജീവിച്ച മഹത്തായ പരമ്പര്യമാണ് ഈ രാജ്യത്തിനുള്ളത്. ആ മഹത്തായ പാരമ്പര്യത്തിലാണ് ഈ രാജ്യത്തെ ജനങ്ങളുടെ പ്രതീക്ഷ. ഇത്തരം പ്രവണതകൾക്കെതിരെ രാജ്യം എപ്പോഴും ഉണർന്നിരിക്കണം

## ചരിത്രത്തിൽ ഇന്ന്

- ലോക പ്രകൃതി സംരക്ഷണ ദിനം
- ദേശീയ ഹെപ്പറ്റൈറ്റിസ് ബി നിർമാർജന ദിനം
- 1858 വിരലടയാളം തിരിച്ചറിയൽ മാർഗമായി ഉപയോഗിച്ചു. ഗഞ്ചിപ്പൂരിൽ സിവിൽ സർവീസ് ഉദ്യോഗസ്ഥനായിരുന്ന വില്യം ഹെർഷലാണ് ആദ്യമായി വിരലടയാളം രേഖയായി സ്വീകരിച്ചത്
- 1914 ഒന്നാം ലോക മഹായുദ്ധത്തിന് വെടിയൊച്ച മുഴങ്ങിയിട്ട് 105 വർഷം
- 1921 വിദേശവസ്തുക്കൾ ബഹിഷ്കരിക്കാൻ ഗാന്ധിജി ആഹ്വാനം ചെയ്തു
- 1946 സിസ്റ്റർ അൽഫോൻസ അന്തരിച്ചു
- 1984 ലോസ് ആഞ്ചലസ്സിൽ ഒളിമ്പിക്സ് മത്സരങ്ങൾ ആരംഭിച്ചു. സോവിയറ്റ് ചേരി രാഷ്ട്രങ്ങൾ മത്സരങ്ങൾ ബഹിഷ്കരിച്ചു
- 2004 ഡി എൻ എ യുടെ തന്മാത്രാഘടന കണ്ടെത്തിയ ഫ്രാൻസിസ് ഹാരി ക്രോംപ്ടൻ അന്തരിച്ചു
- 2005 എ പി ജെ അബ്ദുൾ കലാം കേരള നിയമസഭയെ അഭിസംബോധന ചെയ്തു.
- 2018 ബംഗാളി എഴുത്തുകാരിയും ജ്ഞാനപീഠ പുരസ്ക്കാര ജേതാവുമായ മഹാശ്വേതാ ദേവി അന്തരിച്ചു.

*സമ്പാദനം: ജോസ് ചന്ദനപ്പള്ളി*



# ഡാവിഞ്ചിയുടെ യേശുവും യൂദാസും

**നിങ്ങൾ കുറേ നാളുകൾക്ക് മുമ്പ് ക്രിസ്തുവിനെ വരയ്ക്കാൻ രൂപമാതൃകയാക്കിയ അതേ മനുഷ്യനാണ് ഞാൻ' തടവു പുള്ളിയുടെ വാക്കുകൾ ഡാവിഞ്ചിയെ ഏറെ ചിന്തിപ്പിച്ചു. എത്ര പെട്ടെന്നാണ് സാഹചര്യങ്ങൾ നിരുപാധികവും നിരുപമവുമായ സ്നേഹഭാവത്തെ ചതിയുടേയും വഞ്ചനയുടേയും ബീഭത്സഭാവമായി മാറാൻ വഴിയൊരുക്കുന്നത്**

ഒ.എസ്. രാജേഷ്

ചരിത്ര പന്ഥാവിലൂടെ പിന്നോട്ട് സഞ്ചരിക്കുന്നത് തെറ്റായ മാർഗ്ഗങ്ങളിൽ നിന്ന് വർത്തമാനകാല യുവത്വത്തെ മാറ്റി നടത്താൻ സഹായിച്ചേക്കും.

ലിയോനാർഡോ ഡാവിഞ്ചിയുടെ 'അവസാന അത്താഴം' എന്ന ചിത്രവുമായി ബന്ധപ്പെട്ടതാണ് ആ ചരിത്രം. അക്കാലത്ത് ആ നാട്ടിൽ ജീവിച്ചിരുന്ന മനുഷ്യരിൽ നിന്നാണ് പന്ത്രണ്ട് അപ്പൊസ്തലന്മാരുടെയും ക്രിസ്തുവിന്റെയും രൂപമാതൃക അദ്ദേഹം സ്വീകരിച്ചത്. ദീർഘമായ അന്വേഷണത്തിൽ പത്തൊമ്പത് വയസുള്ള ഒരു യുവാവിനെ ക്രിസ്തുവിന്റെ രൂപമാതൃകയായി അദ്ദേഹം കണ്ടെത്തി. തുടർന്ന് യൂദാസ് ഒഴികെയുള്ള അപ്പോസ്തലന്മാർക്ക് യോജിക്കുന്ന മനുഷ്യരേയും. മുപ്പത് വെള്ളിക്കാശിന് തന്റെ നാഥനെ ഒറ്റിക്കൊടുത്ത വഞ്ചകനായ യൂദാസിന്റെ രൂപ മാതൃക ദീർഘനാൾ അന്വേഷിച്ചിട്ടും കണ്ടെത്താനായില്ല.

അവസാനം റോമിലെ ഒരു തടവറയിൽ , കൊലപാതക കുറ്റത്തിന് ജീവപര്യന്തം തടവിന് വിധിക്കപ്പെട്ട മുഷിഞ്ഞ് വൃത്തികെട്ട നീളമുള്ള മുടി മുഖത്ത് പരന്നു കിടക്കുന്ന ഒരാളിനെ ഡാവിഞ്ചി കണ്ടെത്തി. രാജാവിന്റെ പ്രത്യേക അനുമതിയോടെ ഡാവിഞ്ചി തടവുകാരനെ ചിത്രം വരയ്ക്കുന്ന സ്ഥലത്തേയ്ക്ക് കൊണ്ടുപോയി. ചിത്രത്തിലെ അവസാന വരയും പൂർത്തിയാക്കിക്കഴിഞ്ഞപ്പോൾ പെട്ടന്നവൻ ഡാവിഞ്ചിയിയുടെ അടുത്തേയ്ക്ക് ഓടിയെത്തി. എന്നിട്ടവൻ ചോദിച്ചു. 'അങ്ങ് എന്നെയൊന്ന് സൂക്ഷിച്ച് നോക്കൂ. ഈ മുഖം എവിടെയെങ്കിലും കണ്ടതായി ഓർക്കുന്നുവോ ?

ഡാവിഞ്ചി ഒന്ന് സൂക്ഷിച്ചു നോക്കി.

അതിന് ശേഷം പറഞ്ഞു.

'റോമിലെ തടവറയിൽ നിന്ന് എന്റെ മുമ്പിൽ കൊണ്ടുവരുന്നതുവരെ ഞാൻ നിങ്ങളെ കണ്ടിട്ടേയില്ല.'

ഉടൻ തടവുകാരൻ ആകാശത്തേയ്ക്ക് നോക്കി ചോദിച്ചു

'ദൈവമേ..., ഞാൻ ഇത്രയധികം മാറിപ്പോയോ....'

എന്നിട്ട് ഡാവിഞ്ചിയോട് പറഞ്ഞു.

മനസ്സിലായില്ല അല്ലേ?

നിങ്ങൾ കുറേ നാളുകൾക്ക് മുമ്പ് ക്രിസ്തുവിനെ വരയ്ക്കാൻ രൂപമാതൃകയാക്കിയ അതേ മനുഷ്യനാണ് ഞാൻ'

തടവുപുള്ളിയുടെ വാക്കുകൾ ഡാവിഞ്ചിയെ ഏറെ ചിന്തിപ്പിച്ചു.

എത്ര പെട്ടെന്നാണ് സാഹചര്യങ്ങൾ നിരുപാധികവും നിരുപമവുമായ സ്നേഹഭാവത്തെ ചതിയുടേയും വഞ്ചനയുടേയും ബീഭത്സഭാവമായി മാറാൻ വഴിയൊരുക്കുന്നത്.

ഇതുപോലൊരു രൂപമാറ്റമാണ് തിരുവനന്തപുരം യൂണിവേഴ്സറ്റി കോളേജിൽ സ്വന്തം വിദ്യാർത്ഥി സംഘടനയിലെ സഖാവിനെ കുത്തിമലർത്തിയ ശിവരഞ്ജിത്ത് എന്ന പഴയ വിദ്യാർത്ഥിയിൽ തിരുവനന്തപുരം എസ് എം വി സ്കൂളിൽ അവനെ പഠിപ്പിച്ച സ്മിത ടീച്ചർ കണ്ടത്.ടീച്ചറുടെ കുറിപ്പ് ഇങ്ങനെ.

'ധർമ്മസങ്കടത്തിലാണ്. ഞാൻ പഠിപ്പിച്ച കുട്ടി ഇന്ന് കേരളത്തിൽ കുപ്രസിദ്ധനാണ്. 2011–13കളിൽ ഞാനവനെ പഠിപ്പിച്ചിട്ടുണ്ട്. അന്നവൻ പ്രശ്നക്കാരനല്ലായിരുന്നു. പിന്നീടിതുവരെ കണ്ടിട്ടില്ല. ആറുവർഷങ്ങൾകൊണ്ട് പരിവർത്തനങ്ങൾ സംഭവിച്ചിരിക്കാം. പേടിയെക്കാളേറെ വിഷമമുണ്ട്. മിടുക്കരായ വിദ്യാർത്ഥികളെക്കുറിച്ച് അഭിമാനിക്കാനുള്ള യോഗവും വഴിതെറ്റിപ്പോയവരെയോർത്ത് വ്യാകുലപ്പെടാനുള്ള വിധിയും അദ്ധ്യാപനജീവിതത്തിൽ സഹജമെന്നറിയുന്നു.

ശിവരഞ്ജിത്ത്. ആറ് വർഷക്കാലയളവിൽ പ്രശ്നക്കാരനായതിന്റെ കൈവഴികൾ കണ്ടെത്തി പഠന വിധേയമാക്കേണ്ടത് ഇന്നത്തെ പ്രധാന ആവശ്യങ്ങളിൽ ഒന്നാണ്.

സർഗ്ഗാത്മകമായ വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുക എന്ന യജ്ഞത്തിലൂടെ കലാലയങ്ങളെ സ്വർഗ്ഗതുല്യമാക്കുകയാണല്ലോ വിദ്യാർത്ഥി സംഘടനകളുടെ ലക്ഷ്യം. ഇന്നത്തെ വിദ്യാർത്ഥി നാളത്തെ പൗരനാകുമ്പോൾ പ്രശ്നങ്ങൾ സധൈര്യം നേരിടാനുള്ള ഉൾക്കരുത്ത് കലാലയ രാഷ്ട്രീയ പ്രവർത്തനങ്ങളും തുറന്ന സംവാദങ്ങളും നൽകുമെന്നത് തർക്കരഹിതമാണ്.

ഭാരതീയ സംസ്കാരത്തിൽ അദ്ധ്യയന പ്രക്രിയ ഗുരുവും ശിഷ്യനും ഒന്നുചേർന്നുള്ള യജ്ഞമാണ്.

'ഓം സഹ നാവവതു<br>
സഹ നൗ ഭുനക്ത്യു<br>
സഹവീര്യം കരവാവഹൈ<br>
തേജസ്വി നാവധീതമസ്തു<br>
മാ വിദ്വിഷാവഹൈ<br>
ഓം ശാന്തിഃശാന്തിഃശാന്തിഃ'

ആചാര്യനും ശിഷ്യനുമായ ഞങ്ങൾക്ക് രണ്ടു പേർക്കും രക്ഷ ചെയ്യട്ടെ. ഞങ്ങൾ ഒരുമിച്ച് ഭുജിക്കട്ടെ. ഞങ്ങൾക്ക് ഒരുമിച്ച് വിദ്യാസാമർത്ഥ്യത്തെ പ്രദാനം ചെയ്യട്ടെ. ഞങ്ങൾ വിദ്വേഷിക്കാതിരിക്കട്ടെ. ആദ്ധ്യാത്മികവും ആധിഭൗതികവും ആധിദൈവികവുമായ മൂന്നു വിധം ശാന്തി ഭവിക്കട്ടെ.

എന്നല്ലേ? ഇതിന്റെ അർത്ഥം.

ഷേക്സ്പിയർ വേലായുധൻ നായർ, ഇ.പി.നാരായണപിള്ള, കെ.ശേഷാദ്രി, വിഷ്ണുനാരായണൻ നമ്പൂതിരി, ഒ.എൻ.വി കുറുപ്പ്, സുഗതകുമാരി, ഹൃദയകുമാരി, ആനന്ദക്കുട്ടൻ, എൻ.കൃഷ്ണപിള്ള., കാർട്ടൂണിസ്റ്റ് ശങ്കർ, മധുസൂദനൻ നായർ,ബാലചന്ദ്രമേനോൻ, ജി.വേണുഗോപാൽ, ശ്രീനിവാസ് , താണുപത്മനാഭൻ........

ഇങ്ങനെ നീളുന്ന യൂണിവേഴ്സിറ്റി കോളേജിന്റെസുവർണ്ണകാലഘട്ടം എന്ന് ചരിത്രം രേഖപ്പെടുത്തിയ അദ്ധ്യാപക വിദ്യാർത്ഥി പരമ്പര.

ജീവിതത്തേയും കലാലയത്തിന്റെ ശ്രേയസ്സിനേയും വിപരീത ദിശയിൽ ബാധിക്കുന്ന തരത്തിൽ കുറച്ച് പ്രവർത്തനങ്ങൾ നടത്തിക്കളയാം എന്ന ലക്ഷ്യത്തോടെയല്ല ഒരു വിദ്യാർത്ഥിയും വരുന്നത്.

ആരക്കെയോ വ്യാജമായ നല്ല നാളെകളുടെ സ്വപ്നം കൊടുത്ത്, എന്തുവന്നാലും ഞങ്ങൾ സംരക്ഷിച്ചുകൊള്ളാം എന്നൊരു ഉറപ്പിന്റ പടച്ചട്ട അണിയിച്ചു കഴിയുമ്പോൾ കൈവരുന്ന ധൈര്യമാണ് അവനെ തെറ്റിന്റെ വഴിയേ നയിക്കുന്നത്. ഈ പടച്ചട്ടയുടെ ബലമാണ് സ്വന്തം പടപ്പാളയത്തിലെ സഖാവിനെ ആക്രമിക്കാനുള്ള ധൈര്യം കാമ്പസ് രാഷ്ട്രീയത്തിന്റെ ബലത്തിൽ ശിവരഞ്ജിത്തിന് കിട്ടിയത്. അങ്ങനെയാണ് സ്മിത ടീച്ചറേ.. പ്രിയശിഷ്യൻ പ്രശ്നക്കാരനായത്.

വാൽക്കഷണം

പ്രൊഫ: എം.കൃഷ്ണൻ നായർ സാർ സാഹിത്യ വാരഫലത്തിൽ യൂണിവേഴ്സിറ്റി കോളേജിൽ ഫിലോസഫി ഡിപ്പാർട്ട്മെന്റിൽ പഠിച്ച ഒരു വിദ്യാർത്ഥിയെപ്പറ്റി എഴുതി.

'പരീക്ഷയുടെ തലേന്നാൾ അദ്ദേഹം തനിയ്ക്ക് ഇഷ്ടപ്പെട്ട പുസ്തകവും വായിച്ച് ശാന്തനായിരിക്കുന്നു .പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചപ്പോഴോ അദ്ദേഹത്തിന് ഒന്നാം റാങ്കും

സ്വർണ്ണ മെഡലും

വ്യക്തി ജീവിതത്തിലും രാഷ്ട്രീയ ജീവിതത്തിലും ഋഷി തുല്യനായിരുന്ന നമ്മുടെ പ്രിയപ്പെട്ട ആശാൻ എന്നറിയപ്പെടുന്ന കെ.വി.സുരേന്ദ്രനാഥ് ആയിരുന്നു ആ വിദ്വാൻ'

സോഷ്യലിസ്റ്റായ അദ്ദേഹം വ്യാജസീലും യൂണിവേഴസിറ്റി പരീക്ഷാ പേപ്പറും ഒന്നും ഹോസ്റ്റൽ മുറിയിലെ രഹസ്യ അറയിൽ സൂക്ഷിച്ചിരുന്നില്ല .

# ഉണ്ണം കാനം തന്നെ



**മകൻ ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ അഴിമതികൾ അന്വേഷിക്കാതിരിക്കുന്നതിനാണ് കാനം രാജേന്ദ്രൻ മുഖ്യമന്ത്രിയുടെ വനീത വിധേയനായി മർദ്ദനമേറ്റ പാർട്ടിക്കാരെ തള്ളിപ്പറഞ്ഞതെന്ന അതിരൂക്ഷമായ വിമർശനവും തടർന്നുണ്ടായി. ഇതിനിടെ സി.പി.എമ്മിന്റെയും സി.പി. ഐയുടെയും സംസ്ഥാന സെക്രട്ടറിമാർ പുത്രദുഃഖത്താൽ ബുദ്ധിമുട്ടുകയാണെന്ന പരിഹാസവും വിവിധ കോണുകളിൽ നിന്നുയർന്നു. മകനുണ്ടായിട്ടും അവന് പ്രായപൂർത്തിയായിട്ടും കുറച്ച് നാളുകളായെന്നും നിക്ഷിപ്തതാല്പര്യക്കാരാണ് വെറുതേ ആരോപണങ്ങൾ ഉന്നയിക്കുന്നതെന്നും കാനം രാജേന്ദ്രൻ വിശദമാക്കി.**

നിഷ.എസ്.പി

കേരളം ഭരിക്കുന്ന ഇടതുപക്ഷജനാധിപത്യമുന്നണിയിലെ രണ്ടാമത്തെ ഘടക കക്ഷിയായ സി. പി. ഐ നടത്തിയ ഒരു പൊലീസ് സ്റ്റേഷൻ മാർച്ചും തുടർന്നുണ്ടായ ലാത്തിച്ചാർജ്ജും കേരള രാഷ്ട്രീയത്തിൽ നിരവധി ചോദ്യങ്ങളാണ് ഉയർത്തുന്നത്.

അതിനൊപ്പം സി.പി. ഐ യുടെ ആഭ്യന്തരപ്രശ്നങ്ങൾ മറ നീക്കി പുറത്തു വരുന്നതിനും ഈ സംഭവം കാരണമായി. വൈപ്പിൻ കോളേജിലെ സംഘർഷത്തിൽ നീതി കേട് കാട്ടിയ ഞാറയ്ക്കൽ സി ഐയ്ക്കെതിരെ നടപടി ആവശ്യപ്പെട്ടാണ് എൽദോ എബ്രഹാം എം.എൽ.എയുടെയും ജില്ലാ സെക്രട്ടറി പി. രാജുവിന്റെയും നേതൃത്വത്തിൽ സി.പി.ഐ പ്രവർത്തകർ ഡി ഐ ജി ഓഫീസിലേക്ക് മാർച്ച് നടത്തിയത്.

മാർച്ച് അക്രമാസക്തമായതിനെത്തുടർന്നാണ് പൊലീസ് ലാത്തിച്ചാർജ്ജ് നടത്തിയതെന്നാണ് വാർത്തകളിൽ നിന്ന് മനസിലാകുന്നത്. ലാത്തിച്ചാർജ്ജിൽ എൽദോ എബ്രഹാം എം.എൽ.എയുടെ കൈ ഒടിയുകയും പി. രാജുവിനും നിരവധി പേർക്കും നല്ലരീതിയിൽ പരിക്കേൽക്കുകയും ചെയ്തുവെന്നായിരുന്നു വാർത്തകൾ. ഇവർക്കൊപ്പം എറണാകുളം എ.സി. പി. കെ. ലാൽജി, ഞാറയ്ക്കൽ എസ്. ഐ എന്നിവർക്കും പരിക്കേറ്റിരുന്നു. ഇവർ ഇപ്പോഴും ആശുപത്രിയിലാണ്. ഇതിൽ നിന്ന് പ്രകോപനപരമായ രീതിയിൽ ആക്രമണമുണ്ടായതാണ് ലാത്തിച്ചാർജ്ജിന് കാരണമായതെന്ന് വ്യക്തമാണ്.പൊലീസുകാർ തന്നെ എ.സി.പിയെയും മറ്റും ലാത്തി കൊണ്ടടിക്കുകയായിരുന്നുവെന്ന് സമരത്തിൽ പങ്കെടുത്ത സി.പി.ഐക്കാരാരും പറഞ്ഞ് കേട്ടുമില്ല.

ഇരുവിഭാഗത്തിലുള്ളവർക്കും പരിക്കേറ്റുവെങ്കിലും എം.എൽ.എയുടെ കൈ മുഖ്യമന്ത്രി പിണറായി വിജയന്റെ പൊലീസ് തല്ലിയൊടിച്ചു എന്ന തരത്തിൽ കാര്യങ്ങൾ പിന്നീട് മാറി. സ്വന്തം എം.എൽ.എയുടെ കൈ തല്ലി ഒടിക്കുകയും ജില്ലാ സെക്രട്ടറിയെ പരിരിക്കേൽപ്പിക്കുകയും ചെയ്തിട്ടും സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ മുഖ്യമന്ത്രിയേയും പൊലീസിനെയും ന്യായീകരിച്ചുവെന്നായിരുന്നു സി.പി. ഐയിൽ നിന്ന് തന്നെ ഉയർന്ന മറ്റൊരു ആരോപണം. ലാത്തിച്ചാർജ്ജിന് ശേഷം നടന്ന മന്ത്രിസഭായോഗത്തിൽ സി.പി. ഐ മന്ത്രിമാർ പൊലീസ് മർദ്ദനത്തിലെ പ്രതിഷേധം മുഖ്യമന്ത്രിയെ അറിയിച്ചിരുന്നു. ജില്ലാ കളക്ടർ അന്വേഷിക്കുന്നു കുറ്റക്കാർക്കെതിരെ നടപടി എടുക്കും എന്നായിരുന്നു മുഖ്യമന്ത്രിയുടെ മറുപടി. മന്ത്രി എ.കെ. ബാലൻ പ്രകോപനപരമായി സംസാരിച്ചത് സി.പി.ഐ മന്ത്രിമാരുമായുള്ള വാക്കേറ്റത്തിന് കാരണമായെന്നും വാർത്തകളുണ്ടായിരുന്നു. അതേസമയം സമരങ്ങളിൽ പങ്കെടുത്താൽ ചിലപ്പോൾ മർദ്ദനം ഏൽക്കേണ്ടി വരുമെന്ന സി.പി.ഐ സംസ്ഥാനസെക്രട്ടറി കാനം രാജേന്ദ്രന്റെ പ്രതികരണം പാർട്ടിക്കാരിൽ ഒരു വിഭാഗത്തെ ചൊടിപ്പിച്ചു. പാർട്ടി സെക്രട്ടറി മുഖ്യമന്ത്രിയുടെ തടവറയിലാണെന്നും. മുഖ്യമന്ത്രി പാർട്ടി സെക്രട്ടറിയെ വച്ച് ബ്ലാക്ക് മെയിൽ ചെയ്തിട്ടും പ്രതികരിക്കുന്നില്ലെന്നും ആരോപണം ഉണ്ടായി. മകൻ ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ അഴിമതികൾ അന്വേഷിക്കാതിരിക്കുന്നതിനാണ് കാനം രാജേന്ദ്രൻ മുഖ്യമന്ത്രിയുടെ വനീത വിധേയനായി മർദ്ദനമേറ്റ പാർട്ടിക്കാരെ തള്ളിപ്പറഞ്ഞതെന്ന അതിരൂക്ഷമായ വിമർശനവും തടർന്നുണ്ടായി. ഇതിനിടെ സി.പി.എമ്മിന്റെയും സി.പി. ഐയുടെയും സംസ്ഥാന സെക്രട്ടറിമാർ പുത്രദുഃഖത്താൽ ബുദ്ധിമുട്ടുകയാണെന്ന പരിഹാസവും വിവിധ കോണുകളിൽ നിന്നുയർന്നു.

മകനുണ്ടായിട്ടും അവന് പ്രായപൂർത്തിയായിട്ടും കുറച്ച് നാളുകളായെന്നും നിക്ഷിപ്തതാല്പര്യക്കാരാണ് വെറുതേ ആരോപണങ്ങൾ ഉന്നയിക്കുന്നതെന്നും കാനം രാജേന്ദ്രൻ വിശദമാക്കി. താൻ ആരുടെയും തടവറയിലല്ല, എന്നെ ഈ വയസുകാലത്ത് ആര് എന്തിന് ബ്ലാക്ക് മെയിൽ ചെയ്യണമെന്നും ചോദിക്കുന്ന കാനം ആരോപണങ്ങളെല്ലാം തള്ളുന്നു. ഇതിനിടെ പാർട്ടി സെക്രട്ടറി പറഞ്ഞതിലും കുറച്ചൊക്കെ ന്യായങ്ങൾ ഉണ്ട് എന്ന് തെളിയിക്കും വിധത്തിൽ ലാത്തിച്ചാർജ്ജിൽ എൽദോ എബ്രഹാം എം എൽ എയുടെ കൈക്ക് ഒടിവില്ലെന്ന മെഡിക്കൽ റിപ്പോർട്ട് പുറത്തു വന്നു. മാദ്ധ്യമങ്ങളിൽ വന്ന എം.എൽ.എയെ പൊലീസ് ലാത്തി കൊണ്ട് അടിക്കുന്ന ചിത്രം വ്യാജമാണെന്നും പൊലീസ് കണ്ടെത്തി.ഫോട്ടോ ഷോപ്പിൽ തയ്യാറാക്കിയതാണ് പൊലീസ് മർദ്ദിക്കുന്ന ഫോട്ടോയെന്നാണ് വിദഗ്ദ്ധർ കണ്ടെത്തിയത്. ഒടുവിൽ പൊലീസിന്റെ അടിയേറ്റ് കൈ ഒടിഞ്ഞെന്ന് താൻ ആരോടും പറഞ്ഞിട്ടില്ലെന്നും ജല പീരങ്കി പ്രയോഗിച്ചപ്പോൾ മൂന്ന് തവണ നിലത്ത് വീണുവെന്നുമാണ് എം.എൽ. എ ഇപ്പോൾ പറയുന്നത്. വീണപ്പോൾ കൈയ്ക്ക് പരിക്കേറ്റിരുന്നതായും ഇന്നലെ എം. എൽ.എ മാദ്ധ്യമങ്ങളെ അറിയിച്ചു.

പൊലീസ് സ്റ്റേഷനിലേയ്ക്ക് സമാധാനപരമായി മാർച്ച് നടത്താനായിരുന്നു സി.പി. ഐ. സംസ്ഥാന നേതൃത്വം ജില്ലാകമ്മിറ്റിക്ക് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ അത് ലംഘിച്ച് ജില്ലാ നേതൃത്വം ഡി.ഐ.ജി ഓഫീസിലേയ്ക്ക് മാർച്ച് നടത്തി പരമാവധി പ്രകോപനമുണ്ടാക്കി തല്ല് വാങ്ങിക്കൂട്ടുകയായിരുന്നുവെന്നാണ് പുറത്തു വരുന്ന വാർത്തകളിൽ നിന്ന് വ്യക്തമാകുന്നത്. സംഭവത്തിന് പിന്നാലെ ആലപ്പുഴയിൽ ഉൾപ്പെടെ കാനം രാജേന്ദ്രനെതിരെ പോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ടിരുന്നു. ഇതിന് പിന്നിലും പാർട്ടിക്കാർ തന്നെയെന്ന് പൊലീസ് പോസ്റ്റർ ഒട്ടിച്ചവരെ കണ്ടെത്തിയതോടെ വ്യക്തമായി. വൈപ്പിൻ കോളേജിലെ പ്രശ്നങ്ങളുടെ പേരിൽ സമരം നടത്തി തല്ല് വാങ്ങി ആഭ്യന്തരമന്ത്രിയായ മുഖ്യമന്ത്രിയെ മറയാക്കി പാർട്ടി സെക്രട്ടറിക്കെതിരെ പടപ്പുറപ്പാട് നടത്താനുള്ള സി.പി. ഐയിലെ ഒരു വിഭാഗത്തിന്റെ പ്രവർത്തനങ്ങളായിരുന്നു നടന്നതെന്ന് വേണം കരുതാൻ. ഈ പ്രശ്നം സി. പി. ഐയിലും കേരള രാഷ്ട്രീയത്തിലും കുറച്ച് ദിവസം വാദപ്രതിവാദങ്ങളായി നിലനിൽക്കും.

## കത്തുകൾ

കത്തുകളും നിർദ്ദേശങ്ങളും അയയ്ക്കേണ്ട വിലാസം: kktvmdesk@gmail.com

### ഭർത്ത്യബലാത്സംഗത്തിനു ഒരു മറുവശം കൂടിയുണ്ട്

ദാമ്പത്യത്തിൽ ഭർത്തൃബലാൽ സംഗത്തെക്കുറിച്ചുള്ള ലേഖനങ്ങളും, കഥകളും, പ്രസംഗങ്ങളും, ഫീച്ചറുകളും സർവ്വസാധാരണമായി മാറിയിരിക്കുന്നു. എന്നാൽ, ഇതിന് ഒരു മറുവശം കൂടിയുണ്ടെന്നുള്ളത് വിസ്മരിക്കുന്നു. ഭർത്താവിന്റെ ലൈംഗികആവശ്യം അവനു അനുഭവപ്പെടുന്നത് ലിംഗഉദ്ധാരണത്തിലൂടെയാണ്. ആ സമയം മാത്രമേ അവനു വേഴ്ച നടത്താനാകൂ. സ്ത്രീയുടെ ലൈംഗിക അവയവഘടന അനുസരിച്ച് ഏതാവസ്ഥയിലും അവൾക്ക് വേഴ്ചയിൽ ഏർപ്പെടാൻ സൗകര്യമുള്ള ലൈംഗികഅവയവഘടനയാണ്. അതേസമയം പുരുഷനും അതു സാധ്യമല്ല. അവൻ ഇഷ്ടപ്പെടുന്നതിനോടൊ, ആഗ്രഹിക്കുന്നതിനോടൊ മാത്രമേ, ഉദ്ധാരണം ഉണ്ടാവുകയുള്ളൂ. ഇഷ്ടപ്പെടാത്തതിന്റെ മുന്നിൽ അവന്റെ അവസ്ഥ തളർച്ചയാണ്. തിരിച്ച്, സ്ത്രീകൾക്കാകട്ടെ അവൾ ഇഷ്ടപ്പെടാത്ത സാഹചര്യത്തിലും, ഇഷ്ടപ്പെടാത്തതിനോടു പോലും വേഴ്ചയ്ക്ക് തടസ്സമില്ല.

അപ്പോൾ, ഭർത്താവിനു ലൈംഗികഉത്തേജനം ഉണ്ടാകുമ്പോൾ ഭാര്യ അതനുസരിച്ച് മാനസികമായും, ശാരീരികമായും ഉയരുകയാണ് വേണ്ടത്. ഭർത്താവിന്റെ ഉത്തേജന സമയത്ത് ഒരു ബലാത്സംഗത്തിലേക്ക് നയിക്കുന്ന അവസ്ഥ ഭാര്യ സൃഷ്ടിക്കരുത്. ഇനി ഭാര്യയ്ക്ക് വേഴ്ചനടത്തണമെന്ന് ആഗ്രഹമുണ്ടാകുമ്പോൾ ഭർത്താവിനെ ഉത്തേജിപ്പിച്ച് എടുക്കുയാണ് ഭാര്യ ചെയ്യേണ്ടത്. എന്നാൽ, നമ്മുടെ നാട്ടിലെ മിക്ക ഭാര്യമാരും ആ ആഗ്രഹം പുറത്ത് പ്രകടിപ്പിക്കാതെ ആ സമയം കടിച്ചമർത്തുകയാണ് ചെയ്യുന്നത്. ഭർത്താവിനോടു പോലും അങ്ങനെയൊരു സമീപനം എടുത്താൽ തന്റെ ഈഗോ ഇടിഞ്ഞുവീഴുമെന്ന് അവൾ കരുതുന്നു. ഈ മാനസികാവസ്ഥയുള്ള ഭാര്യയുമായി ഭർത്താവ് മുൻകൈയ്യടുത്ത് നടത്തുന്ന വേഴ്ചയെ ബലാത്സംഗമായി ചിത്രീകരിക്കുന്നു. പുരുഷനു ഉത്തേജനം ഉണ്ടാകുമ്പോൾ മാത്രമേ ലൈംഗിക വേഴ്ച നടത്താനാകൂ എന്ന അവന്റെ ജൈവഅവസ്ഥയിൽ, ആ സമയം ഭാര്യയെ പ്രയോജനപ്പെടുത്തുന്നത് എങ്ങനെ ബലാത്സംഗമാകും? എന്നാൽ ഇതൊന്നും മനസ്സിലാക്കാതെയാണ് സ്ത്രീ ആക്ടിവിസ്റ്റുകൾ പ്രസംഗങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും കഥകളിലൂടെയും, ഫീച്ചറുകളിലൂടെയും ഭർത്താവ് ഭാര്യയെ ബലാത്സംഗം ചെയ്യുന്നതായി ഉച്ചസ്ഥരം വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നത്. ഭാര്യയുടെ ആരോഗ്യനിലയും മറ്റ് അവസ്ഥകളും കൂടി പരിഗണിക്കാൻ ഭർത്താവ് ബാദ്ധ്യസ്ഥനാണ്.

എം. ജോൺസൺ റോച്ച്<br>
തിരുവനന്തപുരം

## അസമിൽ മരണം 81 ആയി

ഗുവാഹാട്ടി: അസമിൽ കടുത്ത മഴയിലും പ്രളയത്തിലും മരണം 81 ആയി. പ്രളയത്തിൽ ബാർപെട്ട ജില്ലയിൽ ശനിയാഴ്ച ഒരാൾക്കൂടി മരിച്ചു. വെള്ളം ഇറങ്ങിത്തുടങ്ങിയ സോണിപൂർ ജില്ലയിൽ കനത്ത മഴയെ തുടർന്ന് വീണ്ടും ജലനിരപ്പ് ഉയർന്നതായി പി.ടി.ഐ റിപ്പോർട്ട് ചെയ്തു. പ്രളയം ബാധിച്ച സംസ്ഥാനത്തെ 17 ജില്ലകളിലും ജലനിരപ്പ് ഉയർന്ന നിലയിൽ തുടരുകയാണെന്ന് അസം ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു.

ബക്സ, നൽബാരി, ബാർപെട്ട, ചിരാങ് തുടങ്ങിയ പ്രളയബാധിത ജില്ലകളിലെല്ലാം കൂടി 615 ദുരിതാശ്വാസ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 99,659 പേരാണ് ഇവിടെ കഴിയുന്നത്. സംസ്ഥാനത്തെ 1,716 ഗ്രാമങ്ങളെയും 21,68,134 ജനങ്ങളെയും പ്രളയം ബാധിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ട്.

## ന്യൂസിലാൻഡ് ഭീകരാക്രമണം: കൊല്ലപ്പെട്ടവരുടെ ബന്ധുക്കൾ അതിഥികളായി ഹജ്ജിനെത്തും

റിയാദ്: ന്യൂസീലാൻഡ് ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബാംഗങ്ങൾ സൗദി ഭരണാധികാരി സൽമാൻ രാജാവിന്റെ അതിഥികളായി ഹജ്ജ് നിർവഹിക്കാനെത്തും. 200 പേരാണ് ന്യൂസീലാൻഡിൽ നിന്ന് മക്കയിലെത്തുന്നത്. ഭീകരാക്രമണം നടന്ന അൽനൂർ പള്ളിയിൽവെച്ച് ഇവർക്ക് നൽകിയ യാത്രയയപ്പിൽ ന്യൂസീലൻഡിലെ സൗദി അംബാസിഡറാണ് തീർത്ഥാടകരെ സ്വീകരിച്ചത്.

കഴിഞ്ഞ മാർച്ചിലുണ്ടായ ഭീകരാക്രമണത്തിൽ 51 പേർക്കാണ് ജീവൻ നഷ്ടമായത്. ഇവരുടെ ആശ്രിതരായ 200 പേർക്ക് ഹജ്ജ് നിർവഹിക്കാൻ സൗദി രാജാവിന്റെ പ്രത്യേക ക്ഷണം ലഭിക്കുകയായിരുന്നു. വെടിയേറ്റ് കൊല്ലപ്പെട്ട തന്റെ സഹോദരനും ഈ യാത്രയിൽ ഒപ്പമുള്ളതുപോലെയാണ് തനിക്ക് അനുഭവപ്പെടുന്നതെന്ന് മക്കയിലേക്ക് പോകുന്നവരിലൊരാളായ ആയ അൽ ഉമരി പറഞ്ഞു. സൽമാൻ രാജാവിന്റെ അതിഥിയായി മക്കയിലെത്തുന്നത് ആദരവായി കാണുന്നുവെന്നും അവർ പറഞ്ഞു.

## ഒമാനിൽ അവിവാഹിതരുടെ താമസ സ്ഥലങ്ങളിൽ റെയ്ഡ്

മസ്കറ്റ്: ഒമാനിൽ അവിവാഹിതരുടെ താമസസ്ഥലങ്ങളിൽ പൊലീസ് പരിശോധന നടത്തി. മസ്കറ്റ് ഗവർണറേറ്റിലെ അവിവാഹതരായ പ്രവാസികൾ താമസിച്ചിരുന്ന വീട്ടിലായിരുന്നു റെയ്ഡ്.

അൽ മാബിലയിലെ തെക്കൻ മേഖലയിലായിരുന്നു കഴിഞ്ഞ ദിവസത്തെ പരിശോധന. മുനിസിപ്പാലിറ്റിയുടെ കെട്ടിട ഉപയോഗ ചട്ടങ്ങൾ ലംഘിച്ചാണ് ഇവിടെ പ്രവാസി ബാച്ചിലർമാരെ താമസിപ്പിച്ചിരുന്നതെന്ന് മസ്കറ്റ് മുനിസിപ്പാലിറ്റി അധികൃതർ വ്യക്തമാക്കി. റെസിഡൻഷ്യൽ ഏരിയകളിൽ ഇത്തരത്തിൽ പ്രവാസി ബാച്ചിലർമാർക്ക് താമസ സൗകര്യം ഏർപ്പെടുന്നത് നിയമലംഘനമാണെന്നും ഇത് സാമൂഹിക സുരക്ഷക്ക് ഭീഷണിയാണെന്നും അധികൃതർ പറഞ്ഞു.

## മാപ്പു പറഞ്ഞാലും അസംഖാനോട് പൊറുക്കില്ല: രമാദേവി എം പി

ന്യൂഡൽഹി: തനിക്കെതിരെ അശ്ലീല പരാമർശം നടത്തിയ അസംഖാൻ മാപ്പു പറഞ്ഞാലും അദ്ദേഹത്തോട് പൊറുക്കാനാവില്ലെന്ന് ബി.ജെ.പി. എം.പി. രമാദേവി. അശ്ലീല പരാമർശം നടത്തിയും മാപ്പ് പറയാൻ തയ്യാറാകാതെയും അസംഖാൻ ചെയറിനെ അപമാനിച്ചെന്നും രമാദേവി പറഞ്ഞു. അസംഖാൻ അശ്ലീല പരാമർശം നടത്തിയ സമയത്ത് താനായിരുന്നു സഭ നിയന്ത്രിച്ചിരുന്നത്. എല്ലാ അംഗങ്ങളെയും താൻ ഒരു പോലെയാണ് കാണുന്നത്. അദ്ദേഹത്തോട് എം.പിമാരെ നോക്കി സംസാരിക്കാതെ ചെയറിനെ നോക്കി സംസാരിക്കാൻ ആവശ്യപ്പെടുകയായിരുന്നു. എന്നാൽ ഒരിക്കലും ആവർത്തിക്കാനാവാത്ത വാക്കുകളാണ് അദ്ദേഹം പറഞ്ഞതെന്നും രമാദേവി പറഞ്ഞു.

അസംഖാന്റെ പരാമർശം സ്ത്രീകളുടെ മാത്രമല്ല, പുരുഷന്മാരുടെയും അന്തസിനെ കളങ്കപ്പെടുത്തുന്നതാണെന്നും അവർ പറഞ്ഞു.

വ്യാഴാഴ്ച ലോക് സഭ സമ്മേളനത്തിൽ മുത്തലാഖ് ബില്ലിന്മേൽ നടന്ന ചർച്ചയ്ക്കിടെയാണ് സമാജ് വാദി പാർട്ടി എം.പി. അസംഖാൻ രമാദേവിക്കെതിരേ അശ്ലീലപരാമർശം നടത്തിയത്. അസംഖാന്റെ പരാമർശത്തിനെതിരെ ബി.ജെ.പി. എം.പിമാർ ഒന്നടങ്കം പ്രതിഷേധിച്ചെങ്കിലും അദ്ദേഹം മാപ്പു പറയാൻ തയ്യാറായിരുന്നില്ല. താൻ തെറ്റായി ഒന്നും പറഞ്ഞിട്ടില്ലെന്നായിരുന്നു അസംഖാന്റെ പ്രതികരണം. സമാജ് വാദി പാർട്ടി അദ്ധ്യക്ഷൻ അഖിലേഷ് യാദവും അസംഖാനെ അനുകൂലിച്ച് രംഗത്തെത്തിയിരുന്നു.

## കുട്ടികളെ തട്ടിക്കൊണ്ട് പോകുന്നവരെന്ന് കരുതി കോൺഗ്രസ് നേതാക്കൾക്ക് മർദ്ദനം

ഭോപ്പാൽ: കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നവരാണെന്ന് തെറ്റിദ്ധരിച്ച് മദ്ധ്യപ്രദേശിൽ മൂന്ന് കോൺഗ്രസ് നേതാക്കൾക്ക് ആൾക്കൂട്ടത്തിന്റെ മർദ്ദനം. ബേതൂൾ ജില്ലയിലെ നവലസിൻഹ് ഗ്രാമത്തിൽ വ്യാഴാഴ്ച രാത്രിയിലാണ് സംഭവം. കുട്ടികളെ തട്ടിക്കൊണ്ടു പോകുന്നവർ ചുറ്റി നടക്കുന്നുണ്ടെന്ന പ്രചാരണത്തെ തുടർന്ന് ആൾക്കൂട്ടം തടികളും മറ്റും ഉപയോഗിച്ച് റോഡ് തടസപ്പെടുത്തിയിരുന്നു. ഈ സമയത്താണ് കോൺഗ്രസ് നേതാക്കാളായ ധർമേന്ദ്ര ശുക്ല, ധർമ്മു സിംഗ്, ലളിത് ബരസ്കർ എന്നിവർ ഇതു വഴി വന്നത്. റോഡ് തടസപ്പെടുത്തി കവർച്ചക്കാർ ഒളിഞ്ഞിരിക്കുന്നുണ്ടെന്ന് കരുതി ഇവർ വാഹനം തിരിച്ചു.

ഇത് കണ്ട ഗ്രാമീണർ തങ്ങളെ ഭയന്ന് കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നവർ തിരിച്ച് പോകുകയാണെന്ന് തെറ്റിദ്ധരിച്ച് ഇവരുടെ പിന്നാലെ വിടുകയായിരുന്നു. തുടർന്ന് വാഹനം എറിഞ്ഞ് തകർക്കുകയും കാറിലുണ്ടായിരുന്ന നേതാക്കളെ പുറത്തേക്കിറക്കി മർദ്ദിക്കുകയും ചെയ്തു.

സംഭവത്തിൽ കേസെടുത്തിട്ടുണ്ടെന്ന് മുതിർന്ന പൊലീസ് ഓഫീസർ രാം സ്നേഷി മിശ്ര പറഞ്ഞു. കുട്ടികളെ തട്ടിക്കൊണ്ട് പോകുന്നവരാണെന്ന് ആരോപിച്ചുള്ള പത്തിലധികം ആൾക്കൂട്ട ആക്രമണങ്ങൾ കഴിഞ്ഞ ആഴ്ചയിൽ മദ്ധ്യപ്രദേശിൽ ഉണ്ടായിട്ടുണ്ടെന്നും പൊലീസ് പറഞ്ഞു

## എൻസിപി വനിതാ വിഭാഗം അദ്ധ്യക്ഷ രാജിവച്ചു

മുംബയ്: നിയമസഭാ തിരഞ്ഞെടുപ്പിനൊരുങ്ങുന്ന മഹാരാഷ്ട്രയിൽ എൻസിപിക്ക് തിരിച്ചടിയായി നേതാക്കളുടെ കൊഴിഞ്ഞുപോക്ക്. പാർട്ടി മുംബയ് മേഖല അദ്ധ്യക്ഷൻ സച്ചിൻ അഹിർ കഴിഞ്ഞ ദിവസം ശിവസേനയിൽ ചേർന്നതിന് പിന്നാലെ എൻസിപി വനിതാ വിഭാഗം സംസ്ഥാന അദ്ധ്യക്ഷ ചിത്ര വാഗും രാജിവെച്ചു. എൻസിപിയിലെ പ്രാഥമിക അംഗത്വം ഉൾപ്പടേയുള്ള എല്ലാം സ്ഥാനങ്ങളും ചിത്ര വാഗ് രാജിവെച്ചിട്ടുണ്ട്.

തന്റെ രാജിക്കത്ത് പാർട്ടി അദ്ധ്യക്ഷൻ ശരത് പവാറിന് നൽകിയിട്ടുണ്ടെന്ന് ചിത്രവാഗ് വ്യക്തമാക്കി. പാർട്ടി തനിക്ക് നൽകിയ അവസരങ്ങൾക്കും സംസ്ഥാനത്തെ സ്ത്രീകൾക്ക് വേണ്ടി പ്രവർത്തിക്കാൻ അനുവദിച്ചതിലും പാർട്ടിയോടുള്ള നന്ദി വ്യക്തമാക്കിക്കൊണ്ടുള്ളതായിരുന്നു ചിത്രവാഗിന്റെ രാജിക്കത്ത്. എൻസിപി വനിതാ വിഭാഗം അദ്ധ്യക്ഷയായിരിക്കെ നിരവധി സമരങ്ങൾക്ക് നേതൃത്വം നൽകിയ വ്യക്തിയാണ് ചിത്ര വാഗ്.

അടുത്ത ദിവസം തന്നെ ഇവർ ബിജെപിയിൽ ചേർന്നേക്കുമെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. എന്നാൽ ഇതേക്കുറിച്ചുള്ള പ്രതികരണങ്ങളൊന്നും ഇവർ നടത്തിയില്ല. നിയമസഭാ തിരഞ്ഞെടുപ്പിന് ഒരുങ്ങുന്ന ഘട്ടത്തിൽ നേതാക്കൻമാരുടെ രാജി വലിയ പ്രതിസന്ധിയാണ് മഹാരാഷ്ട്രയിലെ എൻസിപിയിൽ സൃഷ്ടിക്കുന്നത്. പാർട്ടിയിൽ നിന്ന് രാജിവെച്ച മുംബയ് മേഖല അദ്ധ്യക്ഷൻ സച്ചിൻ സാഹിർ കഴിഞ്ഞ ദിവസം ശിവസേനിയിൽ ചേർന്നിരുന്നു.

## ഹിന്ദുവെന്ന വ്യാജേന ഷൂട്ടിംഗ് താരത്തെ വിവാഹം ചെയ്ത യുവാവിനെതിരെ കേസ്

ന്യൂഡൽഹി: ഹിന്ദുവെന്ന വ്യാജേന ദേശീയ ഷൂട്ടിംഗ് താരത്തെ വിവാഹം ചെയ്ത യുവാവിനെതിരെ കുറ്റം ചുമത്തി സിബിഐ കോടതി. താര സഹദേവ് എന്ന ഷൂട്ടിംഗ് താരത്തെയാണ് റാഖിബുൾ ഹസൻ എന്ന യുവാവ് ഹിന്ദുവെന്ന് തെറ്റിധരിപ്പിച്ച് വിവാഹം ചെയ്തത്.

രഞ്ജിത് കോലിയെന്ന പേരിലാണ് ഇയാൾ താരയെ വിവാഹം ചെയ്തത്. സംഭവം അറിഞ്ഞ താര വിവാഹ മോചനം ആവശ്യപ്പെട്ട് കോടതിയെ സമീപിക്കുകയും റാഖിബുൾ ഹസനെതിരെ നടപടിയാവശ്യപ്പെടുകയുമായിരുന്നു.

തന്നെ മതം മാറ്റാനായി റാഖിബുൾ ശ്രമിച്ചിരുന്നെന്നും താര സഹദേവ് കോടതിയിൽ വ്യക്തമാക്കിയിരുന്നു. ആൾ മാറാട്ടത്തിന് സഹായിച്ച യുവാവിന്റെ മാതാവ് കൗശൽ റാണി, മുൻ ജഡ്ജി പങ്കജ് ശ്രീവാസ്തവ്, ജുഡീഷ്യൽ മജിസ്ട്രേറ്റ് ഗയ രാജേഷ് പ്രസാദ് എന്നിവർക്കെതിരെയും കേസെടുത്തിട്ടുണ്ട്.

## നിശാനൃത്തം: 96 യുവതികളെ രക്ഷപ്പെടുത്തി

ഭുവനേശ്വർ: ഒഡിഷയിൽ അനധികൃതമായി പ്രവർത്തിച്ചിരുന്ന 11 നിശാനൃത്തശാലകളിൽനിന്നായി 96 യുവതികളെ പൊലീസ് രക്ഷപ്പെടുത്തി. ഭുവനേശ്വറിലെ ലക്ഷ്മീസാഗറിലും കട്ടക് റോഡിലുമായി പ്രവർത്തിച്ചിരുന്ന ഡാൻസ് ബാറുകളിലാണ് പരിശോധന നടത്തിയത്. പശ്ചിമ ബംഗാൾ, ഹിമാചൽ പ്രദേശ്, മുംബൈ, പഞ്ചാബ്, ഹരിയാന, ഒഡിഷ എന്നിവിടങ്ങളിൽനിന്നുള്ളവരാണ് ഇവിടെ ജോലിചെയ്തിരുന്നത്.

# കാശ്മീരിലേക്ക് 10,000 സൈനികർ കൂടി



ശ്രീനഗർ: സംസ്ഥാനത്തെ ഭീകര വിരുദ്ധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി അർദ്ധസൈനിക വിഭാഗത്തിൽ നിന്നുള്ള 10,000 സൈനികരെ കൂടി ജമ്മു കാശ്മീരിലേക്ക് അയക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു. ഇതിന് ആഭ്യന്തര മന്ത്രാലയം ഇന്നലെ അനുമതി നൽകി.

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലിന്റെ ദ്വിദിന കാശ്മീർ സന്ദർശനത്തിന് പിന്നാലെയാണ് ജമ്മു കാശ്മീരിലേക്ക് കൂടുതൽ സൈനികരെ അയക്കാനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടത്. 100 കമ്പനി സൈനികരെയാണ് അയക്കുന്നത്. ഓരോ കമ്പനിയിലും 100 സൈനികരാണുള്ളത്.

സംസ്ഥാനത്തെത്തിയ ഡോവൽ, മുതിർന്ന ഉദ്യോഗസ്ഥരുമായി സംസ്ഥാനത്തെ ക്രമസമാധാന നിലയെ കുറിച്ച് ചർച്ചകൾ നടത്തിയിരുന്നെന്ന് ഉന്നതവൃത്തങ്ങളെ ഉദ്ധരിച്ച് ദേശീയമാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

വടക്കൻ കാശ്മീരിൽ കൂടുതൽ സൈനികരെ വിന്യസിക്കണമെന്ന് അഭ്യർഥിച്ചിരുന്നതായി ജമ്മു കാശ്മീർ ഡി ജി പി ദിൽബാഗ് സിംഗ് പറഞ്ഞു. വടക്കൻ കാശ്മീരിൽ വിന്യസിച്ചിരിക്കുന്ന സൈനികരുടെ എണ്ണം കുറവാണ്. അതിനാലാണ് ഞങ്ങൾ കൂടുതൽ സൈനികരെ ആവശ്യപ്പെട്ടത്- ദിൽബാഗ് കൂട്ടിച്ചേർത്തു. തീവ്രവാദ വിരുദ്ധ ശൃംഖല ശക്തിപ്പെടുത്താനും കാശ്മീരിലെ ക്രമസമാധാനം സംരക്ഷിക്കാനുമാണ് കൂടുതൽ സൈനികരെ വിന്യസിക്കുന്നതിലൂടെ ലക്ഷ്യം വയ്ക്കുന്നതെന്ന് ആഭ്യന്തരമന്ത്രാലയം പുറപ്പെടുവിച്ച ഉത്തരവിൽ പറയുന്നു. ഈയടുത്ത് അമർനാഥ യാത്രക്ക് സുരക്ഷ ഏർപ്പെടുത്തുന്നതിന്റെ പേരിൽ നാൽപ്പതിനായിരം അർധസൈനികരെ കാശ്മീരിൽ വിന്യസിച്ചിരുന്നു.

## തീവ്രവാദകേസ്: ബഹ്റൈൻ മൂന്ന് പേരുടെ വധശിക്ഷ നടപ്പാക്കി

മനാമ: തീവ്രവാദ കേസുകളിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ മൂന്ന് പേരെ വധശിക്ഷക്ക് വിധേയമാക്കിയതായി ബഹ്റൈൻ അധികൃതർ വ്യക്തമാക്കി. രണ്ട് വ്യത്യസ്ത കേസുകളിലായി അറസ്റ്റ് ചെയ്ത മൂന്ന് പേരെയാണ് വധശിക്ഷക്ക് വിധേയമാക്കിയതെന്ന് ബഹ്റൈൻ ക്രിമിനൽ ക്രൈംസ് കമ്മിഷൻ അറ്റോർണി ജനറൽ ഡോ. അഹമ്മദ് അൽ -ഹമ്മാദി അറിയിച്ചതായി അറബ് ന്യൂസ് റിപ്പോർട്ട് ചെയ്തു. ആദ്യത്തെ കേസിൽ പൊലീസ് ഉദ്യോഗസ്ഥനെ കൊലപ്പെടുത്തിയതിനും രണ്ടാമത്തെ കേസിൽ ഇമാമിനെ കൊലപ്പെടുത്തിയതിനുമാണ് ശിക്ഷ വിധിച്ചത്.

# യെദ്യൂരപ്പയെ പിൻതുണയ്ക്കണമെന്ന് ജെഡിഎസിലെ ഒരുവിഭാഗം



ബംഗളൂരു: കർണാടകത്തിൽ അപ്രതീക്ഷിത ചുവടുവയ്പ്പുമായി ഒരു വിഭാഗം ജെഡിഎസ് എംഎൽഎമാർ. ബിജെപി സർക്കാരിനെ പിന്തുണയ്ക്കാൻ എച്ച്. ഡി കുമാരസ്വാമിയോട് അവർ ആവശ്യപ്പെട്ടിരിക്കുകയാണ്.

കുമാരസ്വാമിയുടെ അദ്ധ്യക്ഷതയിൽ ബംഗളൂരുവിൽ ചേർന്ന പാർട്ടി യോഗത്തിൽ ബിജെപി സർക്കാരിനെ പിന്തുണയ്ക്കേണ്ടതിന്റെ ആവശ്യകത അവർ ഊന്നിപ്പറഞ്ഞത്.

ചർച്ചയ്ക്ക് ശേഷം മുൻ മന്ത്രി ജി ടി ദേവഗൗഡയാണ് ഇക്കാര്യം അറിയിച്ചത്. ചില എംഎൽഎമാർ ബിജെപി സർക്കാരിനെ പിന്തുണയ്ക്കാൻ ആവശ്യപ്പെട്ടു. മറ്റു ചിലർ പുറത്തു നിന്ന് പിന്തുണയ്ക്കാനും പറഞ്ഞു, ജിടി ദേവഗൗഡ പറഞ്ഞു.

ജെഡിഎസ് പ്രതിപക്ഷ സ്ഥാനത്ത് ഇരിക്കണമെന്ന് ഏതാനും ചില എംഎൽഎമാരും ആവശ്യപ്പെട്ടിട്ടുണ്ട്. അതേസമയം തീരുമാനം എടുക്കുന്നതിന് പൂർണ ചുമതലയും എംഎൽഎമാർ കുമാരസ്വാമിക്ക് നൽകിയിട്ടുണ്ട്. കുമാരസ്വാമിയുടെ തീരുമാനം എന്തുതന്നെയായാലും അംഗീകരിക്കുമെന്നും അവർ അറിയിച്ചിട്ടുണ്ടെന്നും ദേവഗൗഡ വ്യക്തമാക്കി.

ആറോളം എംഎൽഎമാർ ജെഡിഎസ് വിട്ട് ബിജെപിയിലേക്ക് ചേക്കേറാൻ തയ്യാറായിരിക്കുകയാണെന്ന റിപ്പോർട്ടുകൾക്കിടെയാണ് എംഎൽഎമാർ പുതിയ ആവശ്യം ഉന്നയിച്ചിരിക്കുന്നത്.

## ഷാർജയെയും ദുബായിയെയും ബന്ധിപ്പിച്ച് ഫെറി സർവീസ്



ദുബായ്: ഷാർജയെയും ദുബായിയെയും ബന്ധിപ്പിച്ച് ഫെറി സർവീസ് ആരംഭിച്ചു. ദുബായിലെ അൽ ഗുബൈബ സ്റ്റേഷനിൽ നിന്ന് ഷാർജ അക്വാറിയം മറൈൻ സ്റ്റേഷനിലേയ്ക്ക് മുപ്പത്തിയഞ്ച് മിനുട്ടുകൊണ്ട് എത്താൻ സാധിക്കും. ദുബായ് റോഡ്സ് ആൻഡ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ (ആർ.ടി.എ) നേതൃത്വത്തിലാണ് ഫെറി സർവീസ്. നിത്യേന 42 സർവീസുകളാണ് നടത്തുന്നത്. ഒരു യാത്രയിൽ 125 പേർക്ക് സഞ്ചരിക്കാൻ കഴിയും.

പുലർച്ചെ അഞ്ചിന് ഷാർജയിൽ നിന്ന് സർവീസ് ആരംഭിക്കും. ദുബായിൽ നിന്ന് 5.15 നും സർവീസ് ആരംഭിക്കും. രാവിലെയും വൈകിട്ടും തിരക്കുള്ള സമയങ്ങളിലും ഓരോ അരമണിക്കൂറിലും സർവീസ് ഉണ്ടാകും. സിൽവർ ക്ലാസിന് 15 ഉം ഗോൾഡ് ക്ലാസിന് 25 ഉം ദിർഹമാണ് യാത്രാ നിരക്ക്. അഞ്ച് വയസിന് താഴെയുള്ള കുട്ടികൾക്കു ടിക്കറ്റ് ആവശ്യമില്ല.



കേന്ദ്രധനമന്ത്രി നിർമ്മല സീതാരാമന്റെ അദ്ധ്യക്ഷതയിൽ ജി എസ് ടി കൗൺസിൽ യോഗം ചേർന്നപ്പോൾ

## അസം വെള്ളപ്പൊക്കം: ചൈന ഉപഗ്രഹ ചിത്രങ്ങൾ കൈമാറി

ന്യൂഡൽഹി: അസം വെള്ളപ്പൊക്കത്തെ കുറിച്ചുള്ള ഉപഗ്രഹ ചിത്രങ്ങളും വിവരങ്ങളും ഇന്ത്യയുമായി ചൈന പങ്കുവച്ചു. ചൈനീസ് ഉപഗ്രഹമായ ഗാവോഫെൻ-2 പകർത്തിയ ചിത്രങ്ങളും വിവരങ്ങളുമാണ് ജൂലായ് പതിനെട്ടിന് ചൈന ഇന്ത്യക്ക് കൈമാറിയത്. ചൈനയെ കൂടാതെ ഫ്രാൻസ്, റഷ്യ തുടങ്ങി മറ്റ് ഏഴു രാജ്യങ്ങളും അസം വെള്ളപ്പൊക്കത്തിന്റെ ഉപഗ്രഹ വിവരങ്ങൾ ഇന്ത്യക്ക് കൈമാറാൻ തയ്യാറായിട്ടുണ്ട്.

സ്വാഭാവികമോ, മനുഷ്യനിർമ്മിതമോ ആയ പരിസ്ഥിതി ദുരന്തങ്ങളുണ്ടാകുമ്പോൾ അവയെ കുറിച്ച് ഉപഗ്രഹങ്ങൾ ശേഖരിച്ച വിവരങ്ങൾ രാജ്യങ്ങൾ പരസ്പരം പങ്കുവെക്കുന്ന കൂട്ടായ്മ നിലവിലുണ്ട്. ഇന്ത്യ ഈ കൂട്ടായ്മയിലെ അംഗമാണ്. ഇന്ത്യയുടെ അഭ്യർഥനയെ തുടർന്നാണ് ചൈന വിവരങ്ങൾ പങ്കു വയ്ക്കാൻ തയ്യാറായത്. ഈ കൂട്ടായ്മയിൽ നിന്ന് അസം വെള്ളപ്പൊക്കത്തെ കുറിച്ചുള്ള ഉപഗ്രഹവിവരങ്ങൾ ഇന്ത്യയുമായി പങ്കുവെക്കാൻ ആദ്യം മുന്നോട്ടുവന്നതും ചൈനയാണ്.

ഐഎസ്ആർഒ നടത്തിയ ഇന്റർനാഷണൽ ഡിസാസ്റ്റർ റിലീഫ് സപ്പോർട്ട് പ്രകാരമുള്ള അഭ്യർത്ഥന പ്രകാരം പ്രളയബാധിത മേഖലകളുടെ ഉപഗ്രഹവിവരങ്ങൾ ഇന്ത്യക്ക് കൈമാറിയതായി ഇന്ത്യയിലെ ചൈനീസ് അംബാസിഡർ ടിറ്റിറിലൂടെ വ്യക്തമാക്കി. പ്രളയം ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളെയും ബിഹാറിലെ വിവിധഭാഗങ്ങളെയും ബാധിച്ചിട്ടുണ്ട്

## അദ്ധ്യക്ഷനെ കണ്ടെത്താൻ കോൺഗ്രസ്; പ്രതിസന്ധി നീണ്ടുപോകുന്നതിൽ പ്രതിഷേധം

ന്യൂഡൽഹി: കോൺഗ്രസ് അദ്ധ്യക്ഷനെ കണ്ടെത്താൻ ആഗസ്റ്റ് ആദ്യവാരത്തിൽ പ്രവർത്തക സമിതി ചേരാൻ ആലോചന.

പ്രതിസന്ധി നീണ്ടുപോകുന്നതിൽ പ്രതിഷേധം ശക്തമായതോടെയാണ് നീക്കം. ഇതുവരെ നടത്തിയ ചർച്ചകളിൽ ഒറ്റ പേരിലേക്കെത്താനായിട്ടില്ല. പ്രവർത്തക സമിതിയിലും സമവായമായില്ലെങ്കിൽ വോട്ടെടുപ്പിലേക്ക് കടന്നേക്കാം. കോൺഗ്രസ് അദ്ധ്യക്ഷപദം ഒഴിഞ്ഞുകിടക്കാൻ തുടങ്ങിയിട്ട് രണ്ട് മാസം കഴിഞ്ഞു. പ്രവർത്തക സമിതി ചേരാൻ തടസം പറഞ്ഞിരുന്ന കർണാടക പ്രതിസന്ധിയും കഴിഞ്ഞ് നേതാക്കൾ ഡൽഹിയിൽ തിരിച്ചെത്തി. ഇനിയും പ്രവർത്തക സമിതി ചേരാത്തതിലാണ് നേതാക്കളും അണികളും അതൃപ്തി രേഖപ്പെടുത്തിയത്. പ്രതിഷേധം ശക്തമാകുന്നതിനാൽ ആഗസ്റ്റ് ആദ്യവാരം പ്രവർത്തക സമിതി യോഗം ചേരാനാണ് ആലോചന. മുതിർന്ന നേതാവ് അഹമ്മദ് പട്ടേലിന്റെ നേതൃത്വത്തിൽ ചർച്ചകൾ പലത് നടത്തിയിട്ടും ഒറ്റപേരിലേക്കെത്താനായിട്ടില്ല. യുവ നേതാവിനെ പിന്തുണക്കുന്നവരും പരിചയസമ്പന്നർ വരണമെന്ന് വാദിക്കുന്നവരുമായി നേതാക്കൾ രണ്ട് തട്ടിലാണ്. നിർദ്ദേശിക്കുന്ന പേരിലുകളിൽ വിട്ടുവീഴ്ചക്കും തയ്യാറല്ല.

സമവായമെന്നോണം പ്രിയങ്ക ഗാന്ധിയുടെ പേരുയർന്നെങ്കിലും പ്രിയങ്ക നിരസിച്ചു. ഗാന്ധി കുടുംബത്തിന് പുറത്തു നിന്നുള്ളയാൾ വരട്ടെ എന്ന നിലപാടിൽ രാഹുൽ ഗാന്ധിയും പ്രിയങ്കയും ഉറച്ചു നിൽക്കുന്നതിനാൽ സോണിയ ഗാന്ധിയും മൗനം പാലിക്കുയാണ്.

കേരളത്തിന്റെ ചുമതലയുള്ള ജനറൽ സെക്രട്ടറി മുകുൾ വാസ്നിക്കിന്റെ പേരിന് നിലവിൽ മുൻതൂക്കമുണ്ട്. മുൻ കേന്ദ്ര ആഭ്യന്തരമന്ത്രി സുശീൽ കുമാർ ഷിൻഡെ, മല്ലികാർജുൻ ഖാർഗെ, ദിഗ്‌വിജയ് സിങ്, കുമാരി ഷെൽജ, സച്ചിൻ പൈലറ്റ്, ജ്യോതിരാദിത്യ സിന്ധ്യ എന്നിവരും പരിഗണനയിൽ ഉണ്ട്.



സി ആർ പി എഫിന്റെ 81ാം സ്ഥാപകദിനാഘോഷത്തോടനുബന്ധിച്ച് കേന്ദ്ര ആഭ്യന്തര സഹമന്ത്രി ജി. കൃഷൻ റെഡ്ഢി ഹൈദരാബാദിലെ സേന ആസ്ഥാനത്തെ വീരജവാൻമാരുടെ സ്മൃതി മണ്ഡപത്തിൽ റീത്ത് സമർപ്പിക്കുന്നു

## നിയമസഭാ തിരഞ്ഞെടുപ്പിനൊരുങ്ങി പ്രിയങ്ക

ഉത്തർപ്രദേശ്: നിയമസഭാ തിരഞ്ഞെടുപ്പിനൊരുങ്ങി എ.ഐ.സി.സി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി.

പാർട്ടി വിരുദ്ധ പ്രവർത്തനം നടത്തിയതിന് പത്തിലധികം നേതാക്കളെ പ്രിയങ്ക പുറത്താക്കി. ആറ് വർഷത്തേക്കാണ് നടപടി. മുൻ എം.എൽ.എമാരായ അനുഗ്രഹ് നാരായൺ സിംഗ്, വിനോദ് ചൌധരി, രാംജീവൻ, അംബേദ്കർ നഗർ മുൻ ജില്ലാ പ്രസിഡന്റ്. ഫിറോസ് ഖാൻ, അച്ചൻ ഖാൻ, ഗൗരവ് പാണ്ഡെ, സുരേന്ദ്ര ശുക്ല, വിജ്മ കേർസർവാണി എന്നിവരെയാണ് ആറ് വർഷത്തേക്ക് പുറത്താക്കിയത്. രവിപ്രകാശ് രവേന്ദ്രയെ രണ്ട് വർഷത്തേക്കും പുറത്താക്കി. പാർട്ടി വിരുദ്ധ നീക്കം കണ്ടെത്തിയതിനെ തുടർന്നാണ് നടപടിയെന്ന് വക്താവ് ബ്രിജേന്ദ്ര കുമാർ സിഹ് വ്യക്തമാക്കി.

ലോക്സഭ തിരഞ്ഞെടുപ്പിന് തൊട്ട് പിന്നാലെ തന്നെ പ്രവർത്തനത്തിൽ പിന്നോട്ട് നിക്കുന്നവരെയും വിരുദ്ധ നീക്കം നടത്തുന്നവരെയും പുറത്താക്കുമെന്ന് കിഴക്കൻ യുപിയുടെ ചുമതലയുള്ള എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി വ്യക്തമാക്കിയിരുന്നു. പാർട്ടിയെ താഴെ തട്ടിൽ നിന്നും ശക്തിപ്പെടുത്തുക ലക്ഷ്യമാക്കി യുപി പര്യടനത്തിനൊരുങ്ങുകയാണ് പ്രിയങ്ക. ലോക്സഭ തിരഞ്ഞെടുപ്പിന് പിന്നാലെ പിരിച്ച് വിട്ട ഡിസിസികളിലേക്ക് നേതൃത്വത്തെ കണ്ടെത്താൻ പ്രിയങ്ക ഓരോ മേഖലകളിലുമെത്തി പ്രവർത്തകരുമായി കൂടിക്കഴ്ച നടത്തി അഭിപ്രായങ്ങൾ സ്വീകരിക്കും. 2022ൽ നടക്കാനിരിക്കുന്ന നിയമസഭ തിരഞ്ഞെടുപ്പിൽ ഭരണം തിരിച്ചുപിടിക്കണമെന്ന ഒറ്റ ലക്ഷ്യമാണ് പ്രിയങ്കക്കുള്ളത്.

## വാടകയുമായി ബന്ധപ്പെട്ട കേസ്; 22 തടവുകാരെ വിട്ടയയ്ക്കുന്നു

ദുബായ്: വാടക കേസുമായി ബന്ധപെട്ടു 22 തടവുകാരെ മോചിപ്പിക്കും. ദുബായ് ലാൻഡ് ഡിപാർട്മെന്റിലെ (ഡിഎൽഡി) വാടകത്തർക്ക പരിഹാര കേന്ദ്രം ബലിപെരുന്നാൾ പ്രമാണിച്ചാണ് ഇവരെ വിട്ടയയ്ക്കുന്നത്. ഇവരുടെ ബാധ്യതകൾ തീർക്കാനുള്ള പണം സ്വദേശി വ്യവസായി അബ്ദുല്ല അഹമ്മദ് അൽ അൻസാരി നൽകി. നടപടിക്രമങ്ങൾ പൂർത്തിയാക്കി ഉടൻ മോചിപ്പിക്കും.

## ഇറാനിയൻ ചരക്കുകപ്പൽ കാസ്പിയൻ കടലിൽ മുങ്ങി; ജീവനക്കാരെ രക്ഷപ്പെടുത്തി

തെഹ്റാൻ: ഇറാനിയൻ ചരക്കുകപ്പൽ കാസ്പിയൻ കടലിൽ മുങ്ങി. ഇന്ത്യക്കാർ ഉൾപ്പെടെ ഒമ്പതു ജീവനക്കാരെ അസർബൈജാൻ നാവിക സേനാ രക്ഷപ്പെടുത്തി.

അസർബൈജാനിലെ ലങ്കാറൻ തുറമുഖത്തോട് ചേർന്ന മേഖലിയലാണ് ഷാബഹാങ് എന്ന കപ്പൽ മുങ്ങിയത്. രണ്ടു ഇന്ത്യക്കാർ ഉൾപ്പെടെ ഒമ്പത് ജീവനക്കാരെയാണ് അസർബൈജാൻ നാവിക സേന ഹെലിക്കോപ്റ്റർ സഹായത്തോടെ രക്ഷപ്പെടുത്തി കരയിലെത്തിച്ചത്. ഏഴു പേർ ഇറാനികളാണ്.

കപ്പലിൽ നിന്നുള്ള അപായ സിഗ്നൽ അസർബൈജാൻ നാവിക സേനയ്ക്ക് ലഭിച്ചിരുന്നു. അപകടത്തിൽപ്പെടാനുണ്ടായ കാരണം വ്യക്തമല്ല. കപ്പൽ മുങ്ങുന്ന വേളയിലാണ് അസൈർബാജാനിലെ നാവിക വിഭാഗത്തിന് വിവരം ലഭിച്ചത്. സഹായം അഭ്യർത്ഥിച്ച് കപ്പലിൽ നിന്ന് കോൾ വന്ന കാര്യം ഉദ്യോഗസ്ഥർ സ്ഥിരീകരിച്ചു. ഇറാനിലെ അൻസാലി തുറമുഖത്ത് നിന്ന് ടൈലുമായി റഷ്യയിലെ മഖച്കാലയിലേക്ക് പോകുകയായിരുന്ന കപ്പലാണ് അപകടത്തിൽപ്പെട്ടത്.

അപായ സിഗ്നൽ ലഭിച്ചതിനു പിന്നാലെ സൈന്യം മേഖലയിലേക്ക പുറപ്പെടുകയും കപ്പൽ ജീവനക്കാരെ രക്ഷപ്പെടുത്തുകയുമായിരുന്നു. ഈ സമയം കപ്പലിൽ വെള്ളം കയറിത്തുടങ്ങിയിരുന്നു. അസർബൈജാനിലെ അസ്താര തുറമുഖത്ത് നിന്ന് 40 കിലോമീറ്റർ അകലെയായിരുന്നു സംഭവം.

ഇറാൻ ഒരു ഭാഗത്തും അമേരിക്കയും ബ്രിട്ടനും സഖ്യരാജ്യങ്ങളും മറുഭാഗത്തുമായി മേഖലയിൽ കൊമ്പുകോർക്കൽ തുടരുന്നതിനിടെയാണ് ഇറാനിയൻ ചരക്കു കപ്പൽ അപകടത്തിൽപ്പെട്ടത്

## പാകിസ്ഥാന് കൂടുതൽ എഫ്-16 വിമാനങ്ങൾ വിൽക്കാൻ അമേരിക്ക ഒരുങ്ങുന്നു



വാഷിംഗ്ടൺ: പാക് പ്രധാനമന്ത്രി ഇമ്രാൻ ഖാന്റെ സന്ദർശനത്തിന് പിന്നാലെ പാകിസ്ഥാന് എഫ്-16 വിമാനങ്ങൾ വിൽക്കാൻ യുഎസ് തീരുമാനിച്ചതായി റിപ്പോർട്ട്.

125 ദശലക്ഷം ഡോളറിന്റെ യുദ്ധവിമാന കരാറിനാണ് ഇരുരാജ്യങ്ങളും തയ്യാറെടുക്കുന്നത്. 2018 ജനുവരി മുതൽ പാകിസ്ഥാന് സുരക്ഷ സഹായം നൽകുന്നത് യുഎസ് നിർത്തി വച്ചിരുന്നു. ഈ തീരുമാനം പിൻവലിക്കാതെ കരാർ സാദ്ധ്യമാകില്ലെന്ന് യുഎസ് അധികൃതർ പറഞ്ഞതായി പിടിഐ റിപ്പോർട്ട് ചെയ്തു.

പാകിസ്ഥാനുള്ള സൈനിക സഹായ നിരോധനം നീക്കിയാൽ കരാറുമായി മുന്നോട്ട് പോകുമെന്നും യുഎസ് വിദേശകാര്യ വകുപ്പ് അറിയിച്ചു. ഈ ആഴ്ചയിൽ തന്നെ പ്രസിഡന്റ് ഡോണൾഡ് ട്രംപ് നേരത്തെയുള്ള നിരോധനം നീക്കിയേക്കും. യുഎസിന്റെ സാങ്കേതിക സഹായം തുടരുന്നതിനായി പാകിസ്ഥാൻ അപേക്ഷിച്ചിരുന്നു.

പുൽവാമ ഭീകരാക്രമണത്തെ തുടർന്ന് ഇന്ത്യ നടത്തിയ വ്യോമാക്രമണങ്ങളെ പ്രതിരോധിക്കാൻ പാകിസ്ഥാൻ എഫ്-16 വിമാനങ്ങളെ ഉപയോഗിച്ചിരുന്നു. പാകിസ്ഥാനിലെ ഭീകരരുടെ കേന്ദ്രങ്ങൾ തകർക്കാനാണ് യുഎസ് എഫ്-16 യുദ്ധവിമാനങ്ങൾ പാകിസ്ഥാന് കൈമാറിയത്. ഫ്രാൻസുമായി ഇന്ത്യ റാഫേൽ കരാർ ഒപ്പിട്ടതിന് പിന്നാലെയാണ് അമേരിക്കയിൽ നിന്ന് കൂടുതൽ എഫ്-16 വിമാനങ്ങൾ വാങ്ങുന്നത്.

## പൂർവ്വ വിദ്യാർത്ഥി അദ്ധ്യാപകനെ തല്ലി

കൊൽക്കത്ത: വിവേചനപരമായി പെരുമാറിയെന്നാരോപിച്ച് യൂണിവേഴ്സിറ്റി പ്രൊഫസറെ പൂർവ്വ വിദ്യാർത്ഥി മർദ്ദിച്ചു. ജാദവ്പൂർ യൂണിവേഴ്സിറ്റിയിലെ ബംഗാളി വിഭാഗത്തിലെ അദ്ധ്യാപകൻ അബ്ദുൾ കാഫിയെയാണ് വിദ്യാർത്ഥി മർദ്ദിച്ചത്.

വെള്ളിയാഴ്ച ഉച്ചയോടെ സർവകലാശാല കവാടത്തിന് സമീപം ചായ കുടിക്കുകയായിരുന്നു അദ്ധ്യാപകൻ. ഈ സമയം അവിടെ എത്തിയ രാജേഷ് സന്ത്ര എന്ന പൂർവ്വ വിദ്യാർത്ഥി പ്രൊഫസറെ മർദ്ദിക്കുകയായിരുന്നു. അടി കൊണ്ട് താഴെ വീണ അദ്ധ്യാപകനെ വിദ്യാർത്ഥികളും കാൽനടയാത്രക്കാരും ചേർന്നാണ് രക്ഷപെടുത്തിയത്.

## മദ്യപിക്കുന്നതിനിടെയുണ്ടായ തർക്കത്തിൽ കൂട്ടുകാരനെ കൊലപ്പെടുത്തിയ യുവാവ് അറസ്റ്റിൽ

പാലാ: മദ്യപിക്കുന്നതിനിടെയുണ്ടായ തർക്കത്തിൽ കൂട്ടുകാരനെ കൊലപ്പെടുത്തിയ കേസിൽ പ്രതി അറസ്റ്റിൽ. സംഭവത്തിൽ പെരുവന്താനം കണയങ്കവയൽ എഴുത്തിൽ ജോജോ ജോസഫിനെ (ജോപ്പൻ-37) ആണ് പൊലീസ് അറസ്റ്റ് ചെയ്തത്. പോണാട് കൊടൂർക്കുന്നേൽ എ.കെ.സാബു (മഞ്ജു-45) മദ്യപിക്കുന്നതിനിടയിലുണ്ടായ സംഘർഷത്തിൽ പരിക്കേറ്റ് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് മരിച്ചത്. പാലാ കെ.എസ്.ഇ.ബി. ഓഫീസിന് സമീപമുള്ള കടയുടെ താഴത്തെ നിലയിലുള്ള മുറിയിലാണ് സംഭവമുണ്ടായത്. കല്ല് സംബന്ധിച്ച് പണികൾ നടത്തുന്ന പ്രതി ജോജോ ഇവിടെ താമസിക്കുകയായിരുന്നു. കൂലിപ്പണിക്കാരനായ സാബുവും പ്രതിയും പരിചയക്കാരായിരുന്നു. മുൻപും അവർ ഒരുമിച്ച് ഈ മുറിയിൽ മദ്യപിച്ചിട്ടുണ്ട്. ഇവിടെയെത്തിയ സാബുവും ജോപ്പനും മദ്യപിക്കുന്നതിനിടയിൽ ഇറച്ചിക്കറി തയ്യാറാക്കി. ഇറച്ചിക്കറിയിൽ അഴുക്കുവെള്ളം ചേർത്തുവെന്നാരോപിച്ച് സാബുവുമായി പ്രതി വഴക്കുണ്ടാക്കിയതായി പൊലീസ് പറഞ്ഞു. മർദനമേറ്റ സാബുവിന്റെ വാരിയെല്ലുകൾ പൊട്ടിയിരുന്നു. അവശനിലയിലായ സാബുവിനെ ബന്ധുക്കൾ പാലാ ജനറൽ ആശുപത്രിയിലും പിന്നീട് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലും പ്രവേശിപ്പിച്ചു. കഴിഞ്ഞ ദിവസം രാത്രിയിലാണ് സാബു മരിച്ചത്. പാലാ ഡിവൈ.എസ്പി. ഷാജിമോൻ ജോസഫ്, എസ്ഐ. ജെ.ബിനോദ്കുമാർ എന്നിവരുടെ നേതൃത്വത്തിലാണ് പ്രതിയെ പിടികൂടിയത്.

## മലയാളി യുവാവ് അമേരിക്കയിൽ വെടിയേറ്റു മരിച്ചു



നീൽ പുരുഷ് കുമാർ

അമേരിക്ക: മലയാളി യുവാവ് അമേരിക്കയിൽ അക്രമിയുടെ വെടിയേറ്റു മരിച്ചു. ഷാർജ റോളയിൽ കഴിഞ്ഞ 52 വർഷമായി ഇംപ്രിന്റ് എമിറേറ്റ്സ് പബ്ലിഷ് കമ്പനി നടത്തുന്ന തൃശൂർ സ്വദേശി പുരുഷ് കുമാറിന്റെയും സീമയുടെയും മകൻ നീൽ പുരുഷ് കുമാർ (29) ആണ് അമേരിക്കയിലെ ബ്രൻഡിഡ്ജിൽ കൊല്ലപ്പെട്ടത്. ട്രോയ് യൂണിവേഴ്സിറ്റിയിൽ കംപ്യൂട്ടർ സയൻസിൽ ഉപരിപഠനം നടത്തുകയായിരുന്ന നീൽ ഒരു ഗ്യാസ് സ്റ്റേഷനിൽ മാനേജരായി പാർട് ടൈം ജോലി ചെയ്തു വരികയായിരുന്നു. ഷാർജയിൽ ജനിച്ചുവളർന്ന നീൽ ഷാർജ ഇന്ത്യൻ സ്കൂളിലെ പൂർവവിദ്യാർഥിയാണ്. തൃശൂർ ഗുരുകുലത്തിൽ നിന്ന് പ്ലസ് ടു കഴിഞ്ഞ് തഞ്ചാവൂരിൽ നിന്നു എഞ്ചിനീയറിങ് പൂർത്തിയാക്കി. പിതാവിനെ ബിസിനസിൽ സഹായിച്ചശേഷം ഒരു വർഷം മുൻപാണ് ഉപരിപഠനത്തിന് അമേരിക്കയ്ക്കു പോയത്. എന്നും രാവിലെ നീലായിരുന്നു ഗ്യാസ് സ്റ്റേഷനോട് ചേർന്നുള്ള സൂപ്പർമാർക്കറ്റ് തുറക്കുന്നത്. രാവിലെ ആറുമണിക്ക് കട തുറന്നയുടൻ സ്ഥലത്തെത്തിയ അക്രമി കടയിലുണ്ടായിരുന്ന ചെറിയൊരു സംഖ്യ കവർന്ന ശേഷം വെടിവയ്ക്കുകയായിരുന്നു. വളരെ അടുത്ത് നിന്നാണ് നീലിന് നേരെ നിറയൊഴിച്ചതെന്ന് ബ്രൻഡിഡ്ജ് പൊലീസ് സ്റ്റേഷൻ തലവൻ മോസസ് ഡാവൻപോർട് പറഞ്ഞു.

ഉടൻ തന്നെ അക്രമികൾ രക്ഷപ്പെടുകയും ചെയ്തു. സുരക്ഷാ ക്യാമറ പരിശോധിച്ചതിൽ നിന്ന് അക്രമികളെക്കുറിച്ചുള്ള വിവരം ലഭ്യമായിട്ടുണ്ട്. ഉടൻ തന്നെ അവരെ അറസ്റ്റ് ചെയ്യാൻ സാധിക്കുമെന്ന് കരുതുന്നതായും അദ്ദേഹം വ്യക്തമാക്കി. കൈതോക്കുമായി കടയിലേക്ക് പ്രവേശിച്ച യുവാവായ അക്രമി നീലിന് നേരെ തോക്ക് ചൂണ്ടി ക്യാഷ് കൗണ്ടറിൽ നിന്ന് പണമെടുത്ത ശേഷം വെടിയുതിർക്കുകയായിരുന്നുവെന്ന് സുരക്ഷാ ക്യാമറയിലെ ദൃശ്യങ്ങളിൽ നിന്ന് വ്യക്തമാണ്. പണമെടുക്കുമ്പോൾ നീൽ യാതൊരു എതിർപ്പും പ്രകടിപ്പിക്കാതിരുന്നിട്ടും കൊലപ്പെടുത്തുകയായിരുന്നു. ഇന്ത്യക്കാരനായതിനാൽ വർണവെറി മൂത്താണ് ഇതു ചെയ്തതെന്നാണ് സംശയിക്കുന്നത്. നീലിന്റെ സഹോദരിമാരായ നിമയും നിതാഷയും അമേരിക്കയിലുണ്ട്. വിവരമറിഞ്ഞ് മാതാപിതാക്കൾ അമേരിക്കയിലെത്തി.

## 500 ഗ്രാം കഞ്ചാവുമായി ഒരാൾ പിടിയിൽ



ജിതിൻ.കെ

കോഴിക്കോട്: തിരുവമ്പാടി അത്തിപ്പാറയിൽ വച്ച് 500 ഗ്രാം കഞ്ചാവ് ആയി ഒരാൾ പിടിയിൽ . അത്തിപ്പാറ കോമ്പാറ ജിതിൻ.കെ. യ ആണ് താമരശ്ശേരി എക്സൈസ് പിടികൂടിയത് .കഞ്ചാവ് ബൈക്കിൽ കടത്തിക്കൊണ്ടു വരുകയായിരുന്ന ഇയാൾ . തിരുവമ്പാടി സ്കൂളുകൾ കേന്ദ്രീകരിച്ചു മറ്റും കഞ്ചാവ് വിൽപ്പന നടത്തിയിരുന്നു ഇയാൾ കുറേക്കാലമായി താമരശ്ശേരി എക്സൈസിന്റെ നിരീക്ഷണത്തിലായിരുന്നു.

## പ്രണയാഭ്യർത്ഥന നിരസിച്ചതിന് പെൺകുട്ടിയെ യുവാവ് കുത്തി

തൃശ്ശൂർ: പ്രണയാഭ്യർത്ഥന നടത്തിയതിനു പിന്നാലെ പെൺകുട്ടിയെ യുവാവ് വധിക്കാൻ ശ്രമിച്ചു. കല്ലേപ്പാടം തിരുത്തിപ്പുള്ളിപ്പറമ്പിലാണ് സംഭവം നടന്നത്. യുവാവിന്റെ പ്രണയാഭ്യർത്ഥന നിരസിച്ചതിന്റെ പകയെത്തുടർന്നാണ് പെൺകുട്ടിയുടെ വീട്ടിൽക്കയറി യുവാവ് കുത്തി പരിക്കേൽപ്പിച്ചത്. മേപ്പാടത്തുപറമ്പ് ശരത്കുമാറാണ് പ്രതി.

സംഭവം നടക്കുന്ന സമയത്ത് വീട്ടിൽ സഹോദരിയും പെൺകുട്ടിയും മാത്രമാണ് ഉണ്ടായിരുന്നത്. പ്രതിയുടെ ആക്രമണത്തിൽ നിന്ന് പെൺകുട്ടി ഒഴിഞ്ഞുമാറാൻ ശ്രമിച്ചെങ്കിലും തോളെല്ലിനും കൈവിരലിനും പരിക്കേറ്റു. വീട്ടുകാരുടെ പരാതിയെത്തുടർന്ന് ചെറുകര മേപ്പാടത്തു പറമ്പ് ശരത്കുമാറിന്റെ (22) പേരിൽ പഴയന്നൂർ പൊലീസ് കേസെടുത്തു.

## കുടുംബത്തിലെ മൂന്നുപേർ മരിച്ച നിലയിൽ

ഡൽഹി: ഒരു കുടുംബത്തിലെ മൂന്നുപേരെ ഡൽഹിയിലെ ഐ.ഐ.ടി കാംപസിൽ മരിച്ച നിലയിൽ കണ്ടെത്തി. ആത്മഹത്യ ചെയ്തതാകാമെന്നാണു പ്രാഥമിക വിവരം. ഗുൽഷൻ ദാസ്, ഭാര്യ സുനിത, ഗുൽഷൻ ദാസിന്റെ അമ്മ കാംത എന്നിവരെയാണ് മരിച്ച നിലയിൽ കാണപ്പെട്ടത്. സംഭവമറിഞ്ഞ ഉടനെ ഡൽഹി പൊലിസ് സംഭവസ്ഥലത്തെത്തി.

ലാബ് ടെക്നീഷ്യനായ ഗുൽഷൻ ദാസിനെ സുഹൃത്ത് ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും കഴിഞ്ഞിരുന്നില്ല. ഇതേതുടർന്ന് പൊലിസിൽ പരാതിപ്പെടുകയായിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് കുടുംബത്തെ ഫൽറ്റിലെ റൂമിൽ മരിച്ച നിലയിൽ കണ്ടെത്തിയത്.

## പതിനാറുകാരനെ കത്തി കാട്ടി ഭീഷണിപ്പെടുത്തി പീഡിപ്പിച്ചു

ദുബൈ: പതിനാറു വയസ്സുള്ള വിദ്യാർഥിയെ വില്ലയിൽ കൊണ്ടുപോയി അഞ്ചു പേർ ചേർന്ന് കത്തി കാട്ടി ഭീഷണിപ്പെടുത്തി കൂട്ട പീഡിപ്പിച്ച കേസിന്റെ വിചാരണ ദുബൈ പ്രാഥമിക കോടതിയുടെ പരിഗണനയിൽ. ദുബൈ അൽ ഖാസിസിലെ ഒരു വില്ലയിൽ 2019 ഏപ്രിൽ 18നാണ് പീഡനം നടന്നത്. പ്രതികളിൽ ഒരാളെ പരിചയമുണ്ടെന്നും ഫുട്ബോൾ കളിക്കാനായി സ്പോർടസ് ക്ലബിൽ പോകുമ്പോഴുള്ള പരിചയമാണെന്നും പീഡനത്തിന് ഇരയായ വിദ്യാർഥി മൊഴി നൽകി. 2019 ഏപ്രിലിൽ സ്നാപ് ചാറ്റ് വഴി ഇയാൾ ഒരു സുഹൃത്തിനെ പരിചയപ്പെടുത്തുകയും കാറുകളെ കുറിച്ചും ബൈക്കുകളെ കുറിച്ചും സംസാരിക്കുകയും ചെയ്തിരുന്നു. 'തന്റെ വീടിനു സമീപമുള്ള സൂപ്പർ മാർക്കറ്റിൽ വച്ച് രാവിലെ കാണാമെന്ന് പ്രതികളിൽ ഒരാൾ പറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ കാറിൽ അവരോടൊപ്പം പ്രാതൽ കഴിക്കാൻ പോയി. എന്നാൽ, അവരിൽ ഒരാളുടെ കൈവശം കത്തിയുണ്ടായിരുന്നു. കാർ ഒരു വീടിനു മുന്നിൽ നിർത്തുകയും തന്നെ മുറിയിലേക്ക് കൊണ്ടുപോവുകയും ചെയ്തു. തുടർന്ന് കത്തി കാണിച്ച് പേടിപ്പിച്ച ശേഷം തന്നെ പീഡിപ്പിക്കുകയായിരുന്നു എന്ന് വിദ്യാർഥി കോടതിയിൽ നൽകിയ മൊഴിയിൽ വ്യക്തമാക്കി. തുടർന്ന് മറ്റു പ്രതികളും തന്നെ പീഡിപ്പിച്ചുവെന്ന് പതിനാറുകാരൻ പറയുന്നു. സംഭവത്തിനുശേഷം വിദ്യാർഥിയെ പ്രതികൾ തിരികെ വീട്ടിൽ എത്തിക്കുകയും ചെയ്തു. എന്നാൽ ഭയന്നുപോയ കുട്ടി പീഡനത്തിനിരയായെന്ന കാര്യം പുറത്തു പറഞ്ഞിരുന്നില്ല. അതിനിടെ വിദ്യാർഥിയുടെ സുഹൃത്തുക്കളിൽ ഒരാൾ സംഭവത്തിന്റെ വിഡിയോ കണ്ടുവെന്ന് പറഞ്ഞതോടെയാണ് കാര്യങ്ങൾ മാറിയത്. പ്രതികൾ വിദ്യാർഥിയെ പീഡിപ്പിക്കുന്നതിന്റെ ദൃശ്യങ്ങൾ ചിത്രീകരിക്കുകയും അവ പങ്കുവയ്ക്കുകയും ചെയ്തിരുന്നു. ആരോടും ഇതു പറയരുതെന്ന് കൂട്ടുകാരനോട് പറഞ്ഞ വിദ്യാർഥി ഏപ്രിൽ 23ന് തന്റെ സഹോദരനോട് കാര്യങ്ങൾ പറയുകയും ദുബൈ പൊലീസിൽ ഇതുസംബന്ധിച്ച് പരാതി നൽകുകയുമായിരുന്നു. 19നും 25നും ഇടയിൽ പ്രായമുള്ളവരാണ് കേസിലെ പ്രതികൾ. കേസിലെ മറ്റുപ്രതികളെ അവരുടെ താമസസ്ഥലങ്ങളിൽ നിന്നും പിടികൂടി. ചോദ്യം ചെയ്യലിൽ ഇവർ വിദ്യാർഥിയെ ഉപദ്രവിച്ചുവെന്ന കാര്യം സമ്മതിച്ചു. സംഭവത്തിന്റെ മുഖ്യ ആസൂത്രകൻ 19കാരൻ ആണെന്നും ഇവർ വ്യക്തമാക്കി. അറസ്റ്റിലായവരിൽ മൂന്നു പേർ മുൻപും സമാനമായ കേസുകളിൽ പ്രതികൾ ആണ്. കേസിന്റെ വാദം ഓഗസ്റ്റ് നാലിന് വീണ്ടും നടക്കും. പ്രതികളെല്ലാം പൊലീസ് കസ്റ്റഡിയിലാണ്.

## മധ്യവയസ്കൻ ദുരൂഹ സാഹചര്യത്തിൽ മരിച്ചനിലയിൽ

പത്തനംതിട്ട: പത്തനംതിട്ടയിൽ മധ്യവയസ്കനെ ദുരൂഹ സാഹചര്യത്തിൽ മരിച്ച നിലയിൽ കണ്ടെത്തി. വെട്ടിപ്രത്ത് എസ്പി ഓഫീസിന് സമീപത്തെ തോട്ടിലാണ് മൃതദേഹം കണ്ടെത്തിയത്. മേക്കഴൂർ സ്വദേശി ജോണി എന്ന കോശി തോമസാണ് മരിച്ചത്. തലയ്ക്കും, കൈകാലുകൾക്കും മുറിവേറ്റ നിലയിലായിരുന്നു മൃതദേഹം. കൊലപാതകമാണെന്നാണ് പൊലീസ് പറയുന്നത്. നഗരത്തിൽ അലഞ്ഞ് തിരിഞ്ഞ് നടക്കുന്നയാളായിരുന്നു ജോണി. ഇയാൾക്ക് വീടുമായി ബന്ധമില്ല.

മൃതശരീരത്തിന് സമീപത്ത് നിന്ന് മദ്യകുപ്പികൾ കണ്ടെത്തിയിട്ടുണ്ട്. ഫോറൻസിക് സംഘമെത്തി പരിശോധന നടത്തി. ഇൻക്വസ്റ്റ് പൂർത്തിയാക്കി മൃതദേഹം പോസ്റ്റ് മോർട്ടത്തിനായി കോട്ടയം മെഡിക്കൽ കോളജ് ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. സംഭവത്തിൽ ടൗൺ പൊലീസ് അന്വേഷണം ആരംഭിച്ചു

## നിർമ്മാണ സാമഗ്രികൾ മോഷ്ടിച്ചു വിറ്റു; 3 പേർ അറസ്റ്റിൽ

വാളയാർ: കഞ്ചിക്കോട്-മലമ്പുഴ റോഡിൽ പന്നിമടയിൽ ഐഐടി ക്യാംപസിന്റെ നിർമാണത്തിനെത്തിച്ച ബാറ്ററികളും നിർമാണ സാമഗ്രികളും തൊഴിലാളികളുടെ വാടക വീട്ടിൽ നിന്ന് മോഷ്ടിച്ചു വിറ്റ സംഭവത്തിൽ വീട്ടുടമയും സുഹൃത്തുക്കളും അറസ്റ്റിൽ.

പുതുശ്ശേരി കോങ്ങാട്ടുപാടം ബാബു(42), ഇയാളുടെ സുഹൃത്തുക്കളായ നീലിക്കാട് ഗംഗാധരൻ(37), മണികണ്ഠൻ(35) എന്നിവരെയാണ് കസബ പൊലീസ് അറസ്റ്റ് ചെയ്തത്.

15 ബാറ്ററികൾ, ഡ്രില്ലുകൾ, 2 ഗ്യാസ് സിലിണ്ടർ, ടൂൾ ബിറ്റ് ബോക്സ്, മെഷീനുകൾ എന്നിവ ഉൾപ്പെടെ 2 ലക്ഷം രൂപയോളം വിലമതിക്കുന്ന സാധനങ്ങളാണ് മോഷ്ടിച്ചത്. മദ്യപിക്കാനുള്ള പണം കണ്ടെത്താനാണ് മോഷണം നടത്തിയതെന്നു പൊലീസ് പറഞ്ഞു.

കരാർ കമ്പനിയിലെ തൊഴിലാളികളുടെ താമസസ്ഥലത്താണ് നിർമാണ സാമഗ്രികൾ പലതും സൂക്ഷിച്ചിരുന്നത്. ഇവർ അവധിക്കു പോയ സമയത്താണ് ബാബുവും സുഹൃത്തുക്കളും കവർച്ച നടത്തിയത്.

പൂട്ടു പൊളിച്ച് വീടിനകത്തെ സാധനങ്ങൾ രാത്രിയിൽ ഓട്ടോറിക്ഷയിൽ കടത്തുകയായിരുന്നു.

പിന്നീട് കഞ്ചിക്കോട്ടും കോയമ്പത്തൂരുമായെത്തിച്ച് വിറ്റു പണം വീതിച്ചെടുത്തു. ഇന്നലെ തൊഴിലാളികൾ എത്തിയപ്പോഴാണ് മോഷണ വിവരം അറിഞ്ഞത്.



### അനന്യ

കല്ലമ്പലം : ആറ്റിങ്ങൽ ചെമ്പൂർ തീർത്ഥം വീട്ടിൽ സജികുമാറിന്റെയും ഷിനിയുടെയും മകൾ തോന്നയ്ക്കൽ ബ്ലൂമൗണ്ട് പബ്ലിക് സ്കൂളിലെ എട്ടാം ക്ലാസ്സ് വിദ്യാർത്ഥിനി അനന്യ(12) നിര്യാതയായി. സഹോദരി അഭിന



### സുമതി

കല്ലമ്പലം: ഞെക്കാട് അക്കര വീട്ടിൽ പരേതനായ ഭരതന്റെ ഭാര്യ സുമതി (76) നിര്യാതയായി. മക്കൾ: വത്സല, അശോകൻ,ഹരിദാസ്,ഗിരിജ, അനിൽകുമാർ. മരുമക്കൾ: രാജൻ,ദീപ,വിജയ, അജയസിംഹൻ. സഞ്ചയനം ബുധനാഴ്ച രാവിലെ 8ന്



### നളിനി

കല്ലമ്പലം: നഗരൂർ കോയിക്കമൂല ഇരട്ടച്ചിറവീട്ടിൽ നളിനി (85. )പരേതനായ പുരുഷോത്തമൻ ഭർത്താവ് .മകൻ:അശോകൻ, മരുമകൾ: ഉഷ.



### ജോസഫ്

നെയ്യാറ്റിൻകര കുളത്തൂർ ഉച്ചക്കട പഴവഞ്ചാലയിൽ ജോസഫ് (78) നിര്യാതയായി. ഭാര്യ: പരേതയായ ബേബി. മക്കൾ: ഗേളി.ബി. അൽഫോൺസ്.ബി, ക്രിസ്റ്റഫർ,ജോസ്.മരുമക്കൾ: ബാബുരാജ്,വിൻസെന്റ് ,കുമാരി,ലേഖ.പ്രാർത്ഥന 30-7-2019 ചൊവ്വ രാവിലെ 8 മണിക്ക്



### ശശീന്ദ്രൻ

നേമം: കുടുംബന്നൂർ ആയില്യം വീട്ടിൽ ശശീന്ദ്രൻ(66) നിര്യാതനായി.ഭാര്യ: കെ.ഇന്ദിര.മക്കൾ: സതീഷ്കുമാർ, സരിത.മരുമക്കൾ: വിചിത്ര, സന്തോഷ്കുമാർ.



### സുകുമാരപിള്ള

ആറ്റിങ്ങൽ : കൊല്ലമ്പുഴ ബി.എസ് നി വാസിൽ സുകുമാരപിള്ള (87) നിര്യാതനായി. ഭാര്യ: രാജമ്മ. മക്കൾശ മോഹനൻ നായർ, മധുസൂദനൻ നായർ, പ്രസന്നൻ, പുഷ്പകുമാരി, കുമാരി ലേഖ, സന്തോഷ് കുമാർ, ബിജു, മിനിമോൾ. മരുമക്കൾ: രാധാമണി, മോളി, ശ്രീജ, സോമരാജൻ പിള്ള, രാമചന്ദ്രൻ നായർ, ലേഖ, സിന്ധു, ചന്ദ്രമോഹന



### ഭാസ്കരപിള്ള

കല്ലമ്പലം: പോങ്ങനാട് കീഴ് പേരൂർ മൂലവാരിയ വീട്ടിൽ ഭാസ്കരപിള്ള 83 (റിട്ട: ഫോറസ്റ്റ് റെയ്ഞ്ചർ) നിര്യാതനായി. ഭാര്യ രമാഭായി അമ്മ (റിട്ട. അധ്യാപിക ഗവ.വി എച്ച് എസ് എസ് കല്ലറ,) മക്കൾ: ശരത്ചന്ദ്രപ്രസാദ് (സോഫ്റ്റ് വെയർ എഞ്ചിനീയർ) , ശാലിനി പ്രീതി. മരുമക്കൾ: ശാരദാ നായർ, ജി. പ്രമോദ് (അധ്യാപകൻ, എം എം യു പി എസ് പേരൂർ

### ഐശാ ബീവി

കണിയാപുരം:ആലുംമൂട് വഴിയരികത്തുവീട്ടിൽ പരേതനായ മുഹമ്മദ് അബ്ദുൽ ഖാദറിന്റെ ഭാര്യ ഐശാ ബീവി (95) നിര്യാതയായി. മക്കൾ: ജുബൈർ, ഷെരീഫാ ബീവി, നസീമാ ബീവി, പരേതനായ ഇസ്മായിൽപിള്ള.



### എം.വിൽസൻ

പരണിയം:എംഎസ് കോട്ടേജിൽ ആറ്റിങ്ങൽ സിസ്റ്റർ എലിസബത്ത് ജോയൽ സിഎസ്ഐ സ്കൂൾ റിട്ട.ഡ്രൈവർ എം.വിൽസൻ (74) നിര്യാതനായി. ഭാര്യ: ജെ.ഓമന. മകൾ: റീന. മരുമകൻ: അനിൽകുമാർ. മരണാനന്തര ചടങ്ങ് ചൊവ്വ 8ന്.



### തമ്പി

പാറശാല:ആറയൂർ ഊറ്റൻകുളങ്ങര വീട്ടിൽ ഫിഷറീസ് റിട്ട.ജീവനക്കാരൻ തമ്പി (80) നിര്യാതനായി. സഞ്ചയനം ഇന്ന് 3ന്

### റെയ്ച്ചൽ

കീഴ് വായ്പൂർ: വല്യയമണ്ണിൽ (ജസിന്ത്) പി.സി. മാമന്റെ ഭാര്യ റെയ്ച്ചൽ (79, റിട്ട. ഹെഡ്മിസ്ട്രസ് എസ് വിഎച്ച്എസ് പുല്ലാട്) നിര്യാതയായി. സംസ്കാരം കീഴ് വായ്പൂര് സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ നടത്തി. പരേത ചുമത്രവേലിൽ കോയിക്കമാങ്കൽ കുടുംബാംഗം. മക്കൾ: ജസി മാമൻ (സിഡിപിഒ മാടപ്പള്ളി), മിനി സുജിത്ത് (ന്യൂഡൽഹി). മരുമക്കൾ: സക്കറിയ മാത്യു പ്രാറ്റേടത്ത് (കാത്തലിക് സിറിയൻ ബാങ്ക്, കോട്ടയം), സുജിത്ത് ലൂക്ക് മട്ടമേൽ പെരുന്പാവൂർ (ന്യൂഡൽഹി).

### തോമസ്

മരത്താക്കര: താഴത്തുകുന്നേൽ തോമസ് മകൻ തോമസ് (90) നിര്യാതനായി. സംസ്കാരം മരത്താക്കര പരിശുദ്ധ അമലോത്ഭവ മാതാവിൻ പള്ളിയിൽ നടത്തി. ഭാര്യ: പരേതയായ മറിയാമ്മ, ചെട്ടിയാശേരിയിൽ പാലാ. മക്കൾ: സിസ്റ്റർ ആലീസ് (ബഥനി, ത്രിപുര), ഡോ. ബേബി, ജോസ്, മാത്യു , ജെയിംസ് (വടക്കുഞ്ചേരി), സെബാസ്റ്റ്യൻ (കോഴിക്കോട്), ജോമോൻ (മരത്താക്കര).



### വി.തങ്കപ്പൻ നായർ

വട്ടപ്പാറ:പുങ്കുംമൂട് ജയാ ഭവനിൽ റിട്ട. എഐസ്ഐ: വി.തങ്കപ്പൻ നായർ (70) നിര്യാതനായി. ഭാര്യ: പി.ജയകുമാരി. മക്കൾ: ഡോ. ടി.ജെ.രാജേഷ്കുമാർ (അസി.പ്രഫസർ, ടികെഎം കോളജ് ഓഫ് എൻജിനീയറിങ്, കൊല്ലം), ടി.ജെ.രതീഷ്കുമാർ. മരുമകൾ: എൻ.എസ്.രോഹിണി (അധ്യാപിക). സഞ്ചയനം ചൊവ്വ 8.30ന്



### അപ്പു

നെയ്യാറ്റിൻകര:മണലൂർ കോതച്ചംതോട്ടത്തു വീട്ടിൽ അപ്പു (93) നിര്യാതനായി. ഭാര്യ: പരേതയായ ബേബി. മക്കൾ: ഉഷ, ശശി, ഷീല, ഷാജു, ബിജു, അജി. മരുമക്കൾ: വാസവൻ, ബിന്ദു, മണിയൻ, അതുല്യ, സജിത, വീണ. മരണാനന്തര ചടങ്ങ് തിങ്കൾ 9ന്

### അമ്മിണി

കുന്നന്താനം: മലയിൽ പരേതനായ എം.സി ജോണിന്റെ ഭാര്യ അമ്മിണി (76) നിര്യാതയായി. സംസ്കാരം കുന്നന്താനം സാൽവേഷൻ ആർമി ചർച്ച് സെമിത്തേരിയിൽ നടത്തി. പരേത ഇരവിപേരൂർ പുലയകുന്ന് കുടുംബാംഗം. മക്കൾ: എം.ജെ. ബാബു, എ.ജെ. രാജൻ (കെഎസ്ആർടിസി ചെങ്ങന്നൂർ), ജോയിസ് (കെഎസ്ഇബി, മല്ലപ്പള്ളി), എം.ജെ. വിജയൻ (അഡീഷണൽ ഗവണ്മെന്റ് പ്ലീഡർ, തിരുവല്ല). മരുമക്കൾ: സുമ, ബിജു, സുഗന്ധിമോൾ, പരേതനായ ഗോപാലകൃഷ്ണൻ.

### വീരാവു

വലപ്പാട്: കുരിശുപള്ളി സെന്ററിനടുത്ത് പോക്കാക്കില്ലത്ത് വീരാവു (95) നിര്യാതനായി. ഭാര്യ: പരേതയായ ഇന്പാത്തു, മക്കൾ: പരേതനായ ജമാൽ, മുഹമ്മദ്, നബീസ, മൈമുനമുത്ത്, റസിയാബി , അബദുൾ ബ ഖാദർ, മജീദ്.



### കെ.രാജൻ നായർ

ശ്രീകാര്യം:പാങ്ങപ്പാറ പാലം എഎൻആർഎ 16 കീഴില്ലം വീട്ടിൽ വിമുക്തഭടൻ കെ.രാജൻ നായർ (74) നിര്യാതനായി. ഭാര്യ: ഡി.കുമാരി പ്രസന്ന. മക്കൾ: അഡ്വ. കെ.ആർ.രാജേഷ്, കെ.ആർ.രാകേഷ് (ടെക്നോപാർക്ക്). മരുമക്കൾ: ഡോ. ആർ.എച്ച്.ആര്യ, ജി.യു.കവിതാറാണി (ടെക്നോപാർക്ക്). സഞ്ചയനം വ്യാഴം 8ന്

### മത്തായി

ചെമ്പനോട: കർഷകൻ കൊട്ടാരത്തിൽ മത്തായി (മത്തച്ചൻ - 91) നിര്യാതനായി. സംസ്കാരം ഇന്ന് 1.30 ന് ചെമ്പനോട സെന്റ് ജോസഫ് പള്ളിയിൽ. ഭാര്യ: മറിയാമ്മ (കോട്ടയം മറ്റക്കര കണ്ണാടിപ്പാറ കുടുംബാംഗം). മക്കൾ: ബ്രിജിറ്റ്, തോമസ് മാത്യു), ജയിംസ്, ജോസ), സോണി. മരുമക്കൾ: ടെൻസൻ ചെറുപറമ്പിൽ, എൽസി പനമറ്റം പറമ്പിൽ, സിസിലി പള്ളിത്താഴത്ത്, ലിസി പുല്ലൻ കുന്നേൽ, ടെസി പുളിക്കച്ചാലിൽ, ബിനു പുല്ലേപ്പള്ളിൽ. സഹോദരങ്ങൾ: പരേതരായ സ്കറിയാക്കുട്ടി, ബ്രിജിറ്റ് നടക്കൽ, ജോസഫ് (കുഞ്ഞേപ്പ്, മേലെ ചിന്നാർ കട്ടപ്പന), മാമി നെല്ലിക്കൽ (പാല.

### സെലിൻ

തോപ്പുംപടി: പാട്ടളത്ത് വലിയവീട്ടിൽ പരേതനായ ജോസഫിന്റെ ഭാര്യ സെലിൻ (90) നിര്യാതയായി. സംസ്കാരം കാട്ടിപ്പറന്പ് സെന്റ് ജൂഡ് പള്ളിയിൽ നടത്തി. പൊന്നാരിമംഗലം മേത്തശേരി കുടുംബാംഗമാണ് പരേത. മക്കൾ: ആൽബി (റിട്ട. എൻഎഡി), സിസി, വിൻസി, റൂബി, നിർമല, ജയ്സൻ, ഗീത, ലാകസിലി. പ്രദീപ്. മരുമക്കൾ: ജോസഫ് (റിട്ട. എയർ ഫോഴ്സ്), ഫ്രാൻസീസ് (റിട്ട. എച്ച്എംടി), മാർട്ടിൻ (റിട്ട. ഐആർഇ), പ്രസാദ്, രാജു, ഡാർവിൻ, ബേബി, ഷൈനി.

### ശശിധരൻ

അന്തിക്കാട്: മാങ്ങാട്ടുകര മാടന്പത്ത് പ്രഭാകരൻ മകൻ ശശിധരൻ (63) നിര്യാതനായി. സംസ്കാരം വീട്ടുവളപ്പിൽ നടത്തി. ഭാര്യ: അജിത. മകൻ: ഹരികൃഷ്ണൻ.



### സാവിത്രി എസ്

കല്ലിയൂർ: കുരുവിക്കാട് പനവിള വീട്ടിൽ സാവിത്രി എസ്(66) നിര്യാതയായി. ഭർത്താവ്: ജനാർദ്ധൻ.കെ. മക്കൾ: ജെ.എസ്.മരുകൻ,വി.മായാകുമാരി.മരുമക്കൾ: വി. സുമിത്ര



### ആർ.അച്ചുത്കുമാർ

തിരുവനന്തപുരം:ശാസ്തമംഗലം നികുഞ്ജം ഹാർമണി 8സിയിൽ ആർ.അച്ചുത്കുമാർ (66) നിര്യാതനായി. സംസ്കാരം ശാന്തികവാടത്തിൽ നടത്തി. ഭാര്യ: ആശാറാണി. മക്കൾ: ആരതി, അമൃത. മരുമക്കൾ: മഹേഷ്, കാർത്തിക്. സഞ്ചയനം വ്യാഴം 8ന്


### ജോബ് ജോർജ്

പിഴക്: കൂട്ടുങ്കൽ ജോബ് ജോർജ് (വക്കച്ചൻ-93) നിര്യാതനായി. സംസ്കാരം മകൻ കെ.വി. ജോസഫിന്റെ ഭവനത്തിലെ (പിഴക് നിർമല സ്കൂളിനു സമീപം) ശുശ്രൂഷകൾക്കു ശേഷം പിഴക് സെന്റ് ജോൺസ് പള്ളിയിൽ നടത്തി. ഭാര്യ പരേതയായ മറിയക്കുട്ടി ഐക്കൊന്പ് മണിമലകല്ലകത്ത് കുടുംബാംഗം. മക്കൾ: കെ.വി. ജോസഫ് (റിട്ട. ഫെഡറൽ ബാങ്ക്), എൽസമ്മ (റിട്ട. എൻടിഡിഎഫ്, ബംഗളൂരു), ജോബിച്ചൻ (ഐക്കൊന്പ്), പുഷ്പ ജോയി, ഡെയ്സി, ടോം ജോർജ് (എഎസ്ഐ, രാമപുരം), ജോയ്സ് കെ. ജോർജ് (ഗവ. എച്ച്എസ്എസ്, മുളന്തുരുത്തി), മാത്യൂസ്, റാണി സാജോ റൂബി സോജൻ. മരുമക്കൾ: സാലി കൊച്ചുപറന്പിൽ, പരേതനായ ടോമി നടയ്ക്കൽപീടിക, ആൻസി കള്ളിക്കൽ, ജോയി മാത്യു കാഞ്ഞിരപ്പാറയിൽ, ലിസ ടോം പ്ലാത്തോട്ടം സീന കണിയാരകശേരി അനിത മാത്യൂസ് കാഞ്ഞിരത്താംകുന്നേൽ, എല്ലക്കൽ (എസ്ജെപിജിഐ, ലക്നൗ), സാജോ താഴത്തുകരിന്പനയ്ക്കൽ, മൂലമറ്റം സോജൻ കള്ളുകാട്ട്.



### അശോക് കുമാർ

കാരേറ്റ്:പേടികുളം ജനാർദ്ദനഭവനിൽ പരേതനായ ജനാർദ്ദനപിള്ളയുടെയും സരസ്വതിപിള്ളയുടെയും മകൻ അശോക് കുമാർ (51) നിര്യാതനായി. ഭാര്യ: ശ്രീജ. മക്കൾ: ആർച്ച,



### കൃഷ്ണൻ നായർ

മാറനല്ലൂർ: നവോദയ ലെയ്ൻ കൃഷ്ണ വിലാസത്തിൽ കൃഷ്ണൻ നായർ(86) അന്തരിച്ചു.

ഭാര്യ- പരേതയായ മാധവി അമ്മ മക്കൾ-ജയകുമാരി, മോഹനൻ, ഗീതകുമാരി, മണികണ്ഠൻ മരുമക്കൾ-മോഹനൻ, ബിന്ദു, രാജശേഖരൻ നായർ, ശുഭ.സഞ്ചയനം- വ്യാഴാഴ്ച രാവിലെ 8.30 ന്.

### അച്ചാമ്മ

പയ്യപ്പാടി: കുറ്റിപ്പുറത്ത് പരേതനായ കെ.പി. കുരുവിളയുടെ ഭാര്യ അച്ചാമ്മ (ചിന്നമ്മ-88) നിര്യാതയായി. സംസ്കാരം ഇന്ന് രണ്ടിനു വെള്ളുക്കുട്ട സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ. പരേത സൗത്ത് ചെങ്ങളം ഇടത്തിനകത്ത് കുടുംബാംഗം. മക്കൾ: കെ.കെ. ഐപ്പ് (റിട്ട. ഉദ്യോഗസ്ഥൻ എംആർഎഫ് വടവാതൂർ), കെ.കെ. ബാബു, മോളി, ജോളി (സതേൺ റെയിൽവെ ചെന്നൈ). മരുമക്കൾ: ഗ്രേസി, പൊന്നമ്മ, വിൽസൺ വടക്കൻപറവൂർ കുന്നുംപുറത്ത് (റിട്ട. റെയിൽവെ ഉദ്യോഗസ്ഥൻ, ചെന്നൈ), ഷാജി (റിട്ട. എയർഫോഴ്സ് ചെന്നൈ).

### മാധവി

കോടാലി: കണ്ണന്തറ വീട്ടിൽ പരേതനായ ശങ്കുണ്ണിയുടെ ഭാര്യ മാധവി (86) നിര്യാതയായി. സംസ്കാരം നടത്തി. മക്കൾ: സുലോചന, ശാരദ, സതി, പരമേശ്വരൻ. മരുമക്കൾ: നടരാജൻ.



### ഗോപിനാഥൻ

നഗരൂർ:വെള്ളല്ലൂർ ഈഞ്ചമൂല ബംഗ്ലാവിൽ വീട്ടിൽ ഗോപിനാഥൻ (73) നിര്യാതനായി. ഭാര്യ: ഓമന. മക്കൾ: സജി, രാജീവ്. മരുമക്കൾ: ആശ, സൗമ്യ. സഞ്ചയനം ചൊവ്വ 8.30ന്



### ആർ.ലളിത

മംഗലത്തുകോണം:മേക്കേത്തോട്ടം വാറുവിളാകത്തുവീട് നീതുഭവനിൽ ആർ.ലളിത (65) നിര്യാതയായി. മകൾ: എൽ.ഗീത. മരുമകൻ: ജി.തുളസീധരൻ. സഞ്ചയനം ചൊവ്വ 8ന

### ഏലിക്കുട്ടി

കീഴൂർ: ഒറ്റക്കുന്നേൽ പരേതനായ ജോസഫിന്റെ ഭാര്യ ഏലിക്കുട്ടി (92) നിര്യാതയായി. സംസ്കാരം അറുനൂറ്റിമംഗലം സെന്റ് ജോസഫ് ക്നാനായ കത്തോലിക്ക പള്ളിയിൽ നടത്തി. പരേത കീഴൂർ മുണ്ടുവേലിൽ കുടുംബാംഗം. മക്കൾ: പരേതയായ ചിന്നമ്മ, പരേതനായ ഒ.ജെ. മാത്യു, ലീലാമ്മ, ഒ.ജെ. തോമസ് (യുഎസ്എ), മേരി, ലൂസി (റിട്ട. ഹെഡ്മിസ്ട്രസ്, പയ്യാവൂർ), ആനിമോൾ. മരുമക്കൾ: പരേതനായ തോമസ് പാലായിത്തറയിൽ പിറവം, ഫിലോ മാത്യു, പരേതനായ ജോർജ് മേച്ചേരിയിൽ ബ്രഹ്മമംഗലം, ത്രേസ്യാമ്മ (യുഎസ്എ), കെ.പി. തോമസ് കാവാട്ടുചിറയിൽ മംഗലാപുരം, വി.ജെ. തോമസ് വാക്കച്ചാലിൽ പയ്യാവൂർ, എം.സി. ലാസർ മുട്ടംപറന്പിൽ കണ്ണങ്കര.

### കുഞ്ഞിമോൾ

വടക്കേക്കാട്: കൊച്ചനൂർ കല്ലുവെച്ച പീടിക തറയിൽ പരേതനായ കണ്ടപ്പുവിന്റെ ഭാര്യ കുഞ്ഞിമോൾ(86) നിര്യാതയായി. സംസ്കാരം പരൂർ നിദ്രാ ലയത്തിൽ നടത്തി. മക്കൾ: ഭാസ്കരൻ ഗോപി, ഗീത, ബീന, ബാബു, ദാസൻ, പരേതനായ മോഹനൻ.



### ഭാസ്കരൻ

കാരേറ്റ്:കിളിമാനൂർ പുല്ലയിൽ ആൽത്തറമൂട്ടിൽ ബൈഷി നിവാസിൽ ഭാസ്കരൻ (85) നിര്യാതനായി. ഭാര്യ: വൈദേഹി. സഞ്ചയനം ഇന്ന്



### ഓമനഅമ്മ

പാങ്ങപ്പാറ:ഹെൽത്ത് സെന്റർ സംഗീതനഗർ ശോഭനമംഗലത്തുവീട്ടിൽ വിശ്വംഭരൻ നായരുടെ ഭാര്യ ഓമനഅമ്മ (78) നിര്യാതയായി. സംസ്കാരം ഇന്ന് 8.30ന്. മക്കൾ: ജയകുമാർ, ഉണ്ണിക്കൃഷ്ണൻ നായർ, ഉഷകുമാരി, പരേതയായ ശോഭന. മരുമക്കൾ: ശുഭ, സുജ, വിജയകുമാർ

### എം.ജെ. മാത്യു

കീഴൂർ: കാലായിൽ ജോസഫിന്റെ മകൻ എം.ജെ. മാത്യു (മാത്തുക്കുട്ടി-72) നിര്യാതനായി. സംസ്കാരം പള്ളിയിൽ നടത്തി. ഭാര്യ: ചിന്നമ്മ, പൂഴിക്കോൽ മുടക്കാംപുറം കുടുംബാംഗം. മക്കൾ: സജി ഏബ്രഹാം (യുകെ), സലിൻ മാത്യു (ന്യൂഡൽഹി), സാന്റി മാത്യു (തിരുവനന്തപുരം), ജയ്മോൻ (ജോയ് ആലുക്കാസ് ജുവല്ലറി, കൊല്ലം). മരുമക്കൾ: ഏബ്രഹാം ലൂക്കോസ് പുത്തൻകാലായിൽ (അസിസ്റ്റന്റ് അഗ്രിക്കൾച്ചർ ഓഫീസർ, മാഞ്ഞൂർ). മഞ്ജു സലിൻ പറപ്പള്ളിൽ മുട്ടുചിറ, അലക്സ് ചിലക്കൂർ കഴക്കൂട്ടം, സുമി ജയ്മോൻ വട്ടകുന്നേൽ പാലച്ചിറ.

### യൂസഫ്

കരൂപ്പടന്ന: കാരുമാത്ര നെടുങ്ങാണം കാഞ്ഞിരത്തിങ്കൽ പരേതനായ കുഞ്ഞുമുഹമ്മദിന്റെ മകൻ യൂസഫ് (60) നിര്യാതനായി. മക്കൾ: അഷറഫ്, റഹ്മത്ത്, സാബിറ. മരുമക്കൾ: സുമീന, ഹംസ, അൻവർ. സഹോദരങ്ങൾ: അബ്ദുൽ മജീദ്, പരേതനായ അബ്ദുൽ ലത്തീഫ്, മൊയ്തീൻകുട്ടി,



### ഗോപിനാഥൻ നായർ

ശ്രീകാര്യം:പൗഡിക്കോണം പാലത്തറ വിഎൻആർസി 12 ബിന്ദുഭവനിൽ ഗോപിനാഥൻ നായർ (68) നിര്യാതനായി. ഭാര്യ: ശോഭനകുമാരിഅമ്മ. മക്കൾ: ജി.എസ്.അർച്ചന, ജി.എസ്.അരുൺകുമാർ. മരുമകൻ: അനിൽകുമാർ. സഞ്ചയനം നാളെ 8.30ന്



### ബി.സരസ്വതി അമ്മ

കരകുളം:കുന്നൂർക്കൽ ഹൈസ്കൂൾ ജംക്ഷൻ കമല ഭവനിൽ പരേതനായ കൃഷ്ണൻ നായരുടെ ഭാര്യ ബി.സരസ്വതി അമ്മ (70) നിര്യാതയായി. മക്കൾ: എസ്.ഉഷാകുമാരി, എസ്.അജിതകുമാരി, കെ.സുരേഷ് ബാബു. മരുമക്കൾ: കെ.ജയചന്ദ്രൻ, ബി.മധുസൂദനൻ നായർ, എ.അജിതകുമാരി. സഞ്ചയനം വ്യാഴം 8.30ന്

### വാസുദേവൻ

പെരുന്പാവൂർ: ഇരിങ്ങോൾ വനത്തിന്റെ ഉടമസ്ഥനായിരുന്ന നാഗഞ്ചേരി വാസുദേവൻ നന്പൂതിരി (107) നിര്യാതനായി. സംസ്കാരം നടത്തി. കേരളത്തിൽ ഒന്പതോളം ക്ഷേത്രങ്ങൾ നടത്തിവന്നിരുന്ന വാസുദേവൻ നന്പൂതിരി നാളുകളായി കിടപ്പിലായിരുന്നു. 1500 ഹെക്ടർ കൃഷി ഭൂമിയുടെ ഉടമയായിരുന്ന അദ്ദേഹം ഭൂപരിഷ്കരണ നിയമം വന്നപ്പോൾ മിച്ചഭൂമി സർക്കാർ ഏറ്റെടുക്കുകയായിരുന്നു. തന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 60 ഏക്കറോളം വരുന്ന ഇരിങ്ങോൾ വനവും ക്ഷേത്രവും അദ്ദേഹം 45 വർഷങ്ങൾക്കു മുന്പ് ദേവസ്വം ബോർഡിന് എഴുതി നൽകി. 1980ൽ അദ്ദേഹം താമസിച്ചിരുന്ന മന നഗരസഭയ്ക്കും എഴുതി നൽകി. ഭാര്യ: പരേതയായ ശ്രീദേവി അന്തർജനം. മക്കൾ: നീലകണ്ഠൻ, ഗണപതി, പത്മജ, വനജ. മരുമക്കൾ: രമാദേവി, പരേതരായ ശംഭു നന്പൂതിരി, നാരായണ നന്പൂതിരി.

# ഇന്ത്യൻ ടീമിന്റെ പരിശീലകനാകാൻ റോബിൻ സിംഗും മൈക്ക് ഹെസനും

മുംബൈ: ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ മുഖ്യ പരിശീലക സ്ഥാനത്തേക്ക് മുൻ ഓൾറൗണ്ടർ റോബിൻ സിംഗും മുൻ ന്യൂസിലൻഡ് പരിശീലകൻ മൈക്ക് ഹെസനും അപേക്ഷ നൽകുമെന്നാണ് പുതിയ റിപ്പോർട്ട്.

പരിശീലനരംഗത്തുള്ള പരിചയസമ്പത്തും ടീം ഇന്ത്യയുടെ ഫീൽഡിംഗ് പരിശീലകനായിരുന്നതുമാണ് റോബിൻ സിംഗിന്റെ മുൻതൂക്കം. ഇന്ത്യൻ ടീമിനെ ലോകോത്തര ഫീൽഡിംഗ് സംഘമാക്കിയത് റോബിനാണ്. പരിശീലകനായ രവി ശാസ്ത്രിയെ കൂടാതെ മഹേള ജയവർധനെ, ടോം മൂഡി, വീരേന്ദർ സെവാഗ്, മൈക്ക് ഹസി തുടങ്ങിയ പ്രമുഖരും മത്സരരംഗത്തുണ്ട്.

പരിശീലകനായി 15 വർഷത്തെ പരിചയം റോബിൻ സിംഗിനുണ്ട്. 2007 മുതൽ രണ്ട് വർഷക്കാലം ഇന്ത്യൻ ടീമിന്റെ ഫീൽഡിംഗ് കോച്ചായിരുന്നു. ഈ സമയത്താണ് ഇംഗ്ലണ്ടിൽ ഇന്ത്യ ടെസ്റ്റ് പരമ്പര, പ്രഥമ ടി20 ലോകകപ്പ് കിരീടം അടക്കമുള്ള നേട്ടങ്ങൾ കൊയ്തത്. ഇന്ത്യൻ അണ്ടർ 19, എ ടീമുകളെ പരിശീലിപ്പിച്ചിട്ടുള്ള റോബിൻ സിംഗ് ഐപിഎല്ലിൽ മുംബൈ ഇന്ത്യൻസിന്റെ സഹ പരിശീലകനായിരുന്നു. കരീബിയൻ പ്രീമിയർ ലീഗിൽ ബാർബഡോസിനെയും പരിശീലിപ്പിച്ചിട്ടുണ്ട്. ന്യൂസിലൻഡിനൊപ്പം മികച്ച നേട്ടങ്ങളാണ് മൈക്ക് ഹെസനുള്ളത്. കിവികളെ 2012 മുതൽ 2018 വരെ പരിശീലിപ്പിച്ചപ്പോൾ 2015 ലോകകപ്പ് ഫൈനലിലെത്തി. ഐപിഎല്ലിൽ കഴിഞ്ഞ സീസണിൽ കിംഗ്സ് ഇലവൻ പഞ്ചാബിനെ പരിശീലിപ്പിച്ച പരിചയവും 44കാരനായ മൈക്കിനുണ്ട്.


റോബിൻ സിംഗ്


മൈക്ക് ഹെസൻ

രവി ശാസ്ത്രിയുടെ നേതൃത്വത്തിലുള്ള പരിശീലകസംഘത്തിന് വിൻഡീസ് പര്യടനം അവസാനിക്കും വരെയാണ് കാലാവധി നീട്ടിനൽകിയിരിക്കുന്നത്. ആഗസ്റ്റ് മൂന്ന് മുതൽ സെപ്റ്റംബർ മൂന്ന് വരെയാണ് ഇന്ത്യയുടെ വിൻഡീസ് പര്യടനം. ദക്ഷിണാഫ്രിക്കയ്ക്കെതിരായ പരമ്പരയിൽ പുതിയ പരിശീലകസംഘത്തിന് കീഴിലാണ് ഇന്ത്യ കളിക്കുക. കപിൽദേവ്, ശാന്ത രംഗസാമി, അൻഷുമാൻ ഗെയ്ക്‌വാദ് എന്നിവരടങ്ങിയ ഉപദേശകസമിതിയാണ് പരിശീലകരെ തിരഞ്ഞെടുക്കുന്നത്. ദക്ഷിണാഫ്രിക്കയ്ക്കെതിരായ പരമ്പരയിൽ പുതിയ പരിശീലകസംഘത്തിന് കീഴിലാണ് ഇന്ത്യ കളിക്കുക.

# ചണ്ഡീഗഡിന് ബിസിസിഐ അംഗത്വം



മുംബൈ: നാല് ദശാബ്ദക്കാലത്തെ കാത്തിരിപ്പിന് ശേഷം ചണ്ഡീഗഡിന് ബിസിസിഐ അംഗത്വം. ചണ്ഡീഗഡ് ക്രിക്കറ്റിന് ബിസിസിഐ യിൽ അംഗത്വം നൽകണമെന്ന കാര്യത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായി ചർച്ചകൾ നടക്കുന്നുണ്ടായിരുന്നു. എന്നാൽ ഇന്ന് കൂടിയ ബിസിസിഐ മീറ്റിംഗിലാണ് ചണ്ഡീഗഡിന് അംഗത്വം നൽകാൻ ബിസിസിഐക്കുള്ളിൽ അന്തിമ തീരുമാനമായത്. അംഗത്വം ലഭിക്കുന്നതോടെ സ്വന്തമായി ക്രിക്കറ്റ് ടീമുള്ള സംസ്ഥാനമായി ചണ്ഡീഗഡ് മാറും. ഇതോടെ ഇന്ത്യയിൽ നടക്കുന്ന അഭ്യന്തര ടൂർണമെന്റുകളിൽ ചണ്ഡീഗഡിന് സ്വന്തം ടീമിനെ കളിപ്പിക്കാനാകും. 1982 മുതൽ ബിസിസിഐ അംഗത്വം ലഭിക്കാൻ ചണ്ഡീഗഡ് ശ്രമങ്ങൾ തുടങ്ങിയിരുന്നെങ്കിലും പലവിധ കാരണങ്ങളാൽ അംഗത്വം നേടിയെടുക്കാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. ചണ്ഡീഗഡ്, ബിസിസിഐ അംഗമാകുന്നതോടെ സ്വന്തം ടീമിൽ കളിക്കാനുള്ള അവസരം കൂടിയാണ് അവിടുത്തെ താരങ്ങൾക്ക് ലഭിക്കുന്നത്. ഇന്ത്യൻ ക്രിക്കറ്റിലെ ഒട്ടേറെ സൂപ്പർ താരങ്ങൾ വളർന്ന് വന്ന നാടാണ് ചണ്ഡീഗഡിലേതെങ്കിലും സ്വന്തമായി ടീമില്ലാത്തതിനാൽ പഞ്ചാബ്, ഹരിയാന, ഹിമാചൽ പ്രദേശ് തുടങ്ങിയ മറ്റ് സംസ്ഥാനങ്ങൾക്ക് വേണ്ടിയായിരുന്നു അവരെല്ലാം കളിച്ചിരുന്നത്. ഇതിനാണ് ഇനി മാറ്റം വരാൻ പോകുന്നത്.

# ഫിഫയുടെ നിർദ്ദേശങ്ങൾ നടപ്പാക്കാനാവില്ലെന്ന് ഐഎഫ്എ

മുംബയ്: ഇന്ത്യൻ ഫുട്ബോളിനെ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് ഐ ലീഗ് ക്ലബുകൾ അയച്ച കത്തിനുള്ള മറുപടിയിൽ ഫിഫ നൽകിയ നിർദ്ദേശങ്ങൾ നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് ഇന്ത്യൻ ഫുട്ബോൾ അസോസിയേഷൻ. ഐ ലീഗും ഇന്ത്യൻ സൂപ്പർ ലീഗും ലയിപ്പിക്കാൻ വൈകരുതെന്നാണ് ഫിഫ പ്രധാനമായും നിർദ്ദേശിച്ചത്. ഇത് നിലവിലെ സാഹചര്യത്തിൽ ബുദ്ധിമുട്ടാണെന്ന് വ്യക്തമാക്കിയിരിക്കുകയാണ് എഐഎഫ്എഫ് ജനറൽ സെക്രട്ടറി കുശാൽ ദാസ്.

ഐ ലീഗും ഐഎസ്എല്ലും ലയിപ്പിക്കുകയെന്നത് വലിയ വെല്ലുവിളിയാണെന്ന് അദ്ദേഹം വിവരിച്ചു. ചുരുങ്ങിയത് മൂന്ന് വർഷമെങ്കിലും ഇതിന് വേണ്ടിവരുമെന്നും കുശാൽ ദാസ് വ്യക്തമാക്കി. ഫ്രാഞ്ചൈസികളും പ്രൊമോഷനുമല്ലാം പ്രശ്നമാണെന്നും അദ്ദേഹം വിശദമാക്കി. ഐ എസ് എൽ ക്ലബുകളുടെ നിലപാടും നീക്കത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്നും കുശാൽ ദാസ് മാദ്ധ്യമപ്രവർത്തകരോട് പറഞ്ഞു.

അതേസമയം വിഷയത്തിൽ ഫിഫ നിലപാട് മയപ്പെടുത്തുമോയെന്ന് കണ്ടറിയണം. ഇന്ത്യൻ ഫുട്ബോളിലെ ഇപ്പോഴത്തെ പ്രശ്നങ്ങൾ തുറന്നെഴുതണമെന്ന് കഴിഞ്ഞ ദിവസം ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷനോട് ഫിഫ ആവശ്യപ്പെട്ടിരുന്നു. ഐ ലീഗ് ക്ലബുകളെ തഴഞ്ഞുകൊണ്ട് സൂപ്പർ ലീഗിനെ രാജ്യത്തെ ഒന്നാം ലീഗാക്കാനുള്ള ശ്രമമുണ്ടായതോടെയാണ് ഐ ലീഗ് ക്ലബുകൾ ഫിഫയ്ക്ക് പരാതി നൽകിയത്.

# ഏകീകൃതലീഗ് നടപ്പാക്കണമെന്ന് ഫിഫ

കോഴിക്കോട്: വരുന്ന സീസണിൽ ഇന്ത്യൻ ഫുട്ബോളിൽ ഏകീകൃത ലീഗ് നടപ്പാക്കണമെന്ന് ഫിഫയുടെ മാർഗരേഖ. കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ ഫിഫയും ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷനും (എ.എഫ്.സി) ഇന്ത്യൻ ഫുട്ബോളിലെ പ്രശ്നപരിഹാരത്തിനും വികസനത്തിനും നൽകിയതാണിത്. മാർഗരേഖയിൽ സ്വീകരിച്ച കാര്യങ്ങൾ വിശദമാക്കാൻ ഫിഫ ആവശ്യപ്പെട്ടതോടെ ഇന്ത്യൻ ഫുട്ബോളിലെ പ്രതിസന്ധി പുതിയ വഴിത്തിരിവിലെത്തിയിട്ടുണ്ട്.

2019–20 സീസൺ മുതൽ ഒറ്റലീഗ്, ലീഗിന്റെ ഘടന, ലീഗ് ട്രാൻസിഷൻ കമ്മിഷൻ, ലീഗ് നടത്തിപ്പിനുള്ള സംവിധാനം, സംസ്ഥാന അസോസിയേഷനുകളുടെ ചുമതലകൾ, കളിക്കാരുടെ വേതനം, ഗ്രാസ്റൂട്ട് പദ്ധതികൾ എന്നിവയിൽ കൃത്യമായ നിർദേശങ്ങൾ മാർഗരേഖയിലുണ്ട്.

എന്നാൽ ഒരു വർഷം കഴിഞ്ഞിട്ടും മാർഗരേഖയിലെ പ്രധാനകാര്യങ്ങൾ നടപ്പാക്കാൻ അഖിലേന്ത്യ ഫുട്ബോൾ ഫെഡറേഷന് കഴിഞ്ഞിട്ടില്ല. ഇന്ത്യൻ ഫുട്ബോളിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ആറ് ഐലീഗ് ക്ലബ്ബുകൾ പരാതി നൽകിയതോടെയാണ് ഫിഫ ഇടപെടുന്നതും മാർഗരേഖ നടപ്പാക്കുന്നതിലെ പുരോഗതി അന്വേഷിച്ച് കത്തയക്കുകയും ചെയ്തത്. ഇതോടെ എ.ഐ.എ.എഫ്.എഫ്. വെട്ടിലായിട്ടുണ്ട്.

ഫിഫ–എ.എഫ്.സി, മാർഗരേഖപ്രകാരം 2019–20 സീസണിൽ ഒറ്റ ഫുട്ബോൾ ലീഗാണ് നടത്തേണ്ടത്. കഴിഞ്ഞ സീസണിൽ ഇളവുകളോടെയാണ് ഇന്ത്യൻ സൂപ്പർ ലീഗിനും ഐലീഗിനും അനുമതി നൽകിയത്.

നിർദേശം പാലിച്ചില്ലെങ്കിൽ എ.എഫ്.സി ക്ലബ്ബ് മത്സരങ്ങളിൽ പങ്കെടുക്കാൻ അനുമതിയുണ്ടാകില്ല.

മാർഗരേഖയിലെ നിർദേശപ്രകാരം സൂപ്പർലീഗും ലീഗും ചേർന്നുണ്ടാകുന്ന ഏകീകൃത ലീഗ് ഒന്നാം ഡിവിഷൻ ലീഗായി അറിയപ്പെടും. ഇതിൽ 12 ടീമുകളാണ് ഉണ്ടാകേണ്ടത്. പത്ത് ടീമുകൾ സൂപ്പർ ലീഗിൽ നിന്നും ഒരു ടീം ഐ ലീഗ് ചാമ്പ്യന്മാരുമാകും. ബാക്കി ഒരു ടീമിനെ ടെൻഡർവഴിയോ അല്ലെങ്കിൽ ഫുട്ബോളുമായി ബന്ധപ്പെട്ട മറ്റെന്തെങ്കിലും രീതിയിലോ തിരഞ്ഞെടുക്കാം.

ക്ലബ്ബ് ലൈസൻസ് നിബന്ധനപാലിക്കുന്നതും സാമ്പത്തിക ഭദ്രതയുമാണ് സൂപ്പർ ലീഗ് ക്ലബ്ബുകളെ കൂടുതലായി പരിഗണിക്കാൻ കാരണം. രണ്ടാം ഡിവിഷനിൽ നിന്ന് സ്ഥാനക്കയറ്റം കിട്ടിവരുന്ന ടീമുകളെ ഉൾപ്പെടുത്തി 2022–23 സീസണാകുമ്പോഴേക്കും 16 ടീമുകളാകണം. തുടർന്നാകും തരംതാഴ്ത്തൽ നടപ്പാക്കുക.

സംസ്ഥാന അസോസിയേഷനുകളുമായി സഹകരിച്ച് മൂന്നാം ഡിവിഷൻ ലീഗ് ആരംഭിക്കണമെന്നും നിർദേശമുണ്ട്. ഏകീകൃത ലീഗ് ആരംഭിക്കുന്നതിനായി ലീഗ് ട്രാൻസിഷൻ കമ്മിഷനെ നിയമിക്കണം. ലീഗ് ആരംഭിച്ചാൽ നടത്തിപ്പിനായി പ്രത്യേക സംവിധാനമുണ്ടാക്കണം.

ലീഗ് ചാമ്പ്യന്മാർക്ക് എ.എഫ്.സി. ചാമ്പ്യൻസ് ലീഗിലും ഒന്ന്, രണ്ട് ഡിവിഷനുകളിലെ മുഴുവൻ ടീമുകളും മൂന്നാം ഡിവിഷൻ ചാമ്പ്യന്മാരും ഉൾപ്പെടുന്ന ടൂർണമെന്റിലെ വിജയി എ.എഫ്.സി. കപ്പിലും മത്സരിക്കണം. സംസ്ഥാന അസോസിയേഷനുകളുടെ പ്രവർത്തനനിലവാരം ഉറപ്പാക്കണമെന്നും അല്ലാത്തവയ്ക്ക് സാമ്പത്തിക സഹായം അടക്കമുള്ളവ നൽകരുതെന്നും നിർദേശിക്കുന്നു. കളിക്കാരുടെ വേതന വ്യവസ്ഥകൾ സുതാര്യമാക്കുന്നതിനുള്ള നിർദേശങ്ങളും ഇതിലടങ്ങിയിട്ടുണ്ട്.

എ.എഫ്.സി ഏഷ്യ – യൂറോപ്പ് വിഭാഗം തലവൻ അലക്സ് ഫിലിപ്പ്, ഫിഫയുടെ ഫുട്ബോൾ കൺസൾട്ടന്റ് നിക്ക് കൗവാർഡ് എന്നിവർ ചേർന്നാണ് മാർഗരേഖ തയ്യാറാക്കിയത്.



# കൊൽക്കത്ത ഫുട്ബോൾ ലീഗിലെ മലയാളി താരങ്ങൾ

കൊൽക്കത്ത: ഫുട്ബോൾ ലീഗിന്റെ പുതിയ സീസൺ ഈ മാസം 31ന് ആരംഭിക്കുകയാണ്. 2 മത്സരങ്ങൾ നീട്ടിവെക്കേണ്ടി വന്നതാണ് ടൂർണമെന്റ് വൈകാൻ കാരണം. ഇത്തവണയും കൊൽക്കത്ത ഫുട്ബോൾ ലീഗിൽ നിരവധി മലയാളി താരങ്ങളുണ്ട്. കഴിഞ്ഞ തവണ ചാമ്പ്യന്മാരായ മോഹൻ ബഗാനൊപ്പം മലയാളി താരമായ ബ്രിട്ടോ ഉണ്ടായിരുന്നു. ഇത്തവണ കൊൽക്കത്ത ഫുട്ബോൾ ലീഗ് എ ഡിവിഷനിൽ 7 താരങ്ങളാണ് ഉള്ളത്.

ബ്രിട്ടോ ഇത്തവണയും മോഹൻ ബഗാനൊപ്പം ഉണ്ട്, ബ്രിട്ടോയ്ക്ക് കൂടെ ഇത്തവണ വി പി സുഹൈറും ബഗാൻ ജേഴ്സിയിൽ ഉണ്ട്. കഴിഞ്ഞ സീസണിൽ ഗോകുലം കേരള എഫ് സിയുടെ താരമായിരുന്നു സുഹൈർ. മുമ്പ് ഈസ്റ്റ് ബംഗാളിനൊപ്പം സി എഫ് എൽ കിരീടം സുഹൈർ നേടിയിട്ടുണ്ട്. ഈസ്റ്റ് ബംഗാളിലെ ഒരേയൊരു മലയാളി സാന്നിദ്ധ്യം മിർഷാദ് ആണ്. കാസർഗോഡ് സ്വദേശിയായ മിർഷാദ് അവസാന മൂന്ന് സീസണുകളിലായി ഈസ്റ്റ് ബംഗാളിനൊപ്പം ഉണ്ട്.

ബി എസ് എസ് സ്പോർടിംഗിൽ കളിക്കുന്ന റാഹിൽ, ജോർജ് ടെലിഗ്രാഫിലെ അഭിജിത്, അരുൺ സുരേഷ്, സതേൺ സമിറ്റിയുടെ ആസിഫ് വെങ്ങര എന്നിവരാണ് ലീഗിലെ മറ്റു മലയാളി സാന്നിദ്ധ്യങ്ങൾ.

# യുവരാജിന് ആദ്യ മത്സരത്തിൽ തിളങ്ങാനായില്ല

ടൊറന്റോ: വിരമിക്കലിനു ശേഷം ഭാഗ്യംതേടി കാനഡയിൽ പോയ യുവരാജിന് അവിടേയും നിരാശ. കാനഡയിലെ ഗ്ലോബൽ ടിന്റി–20 ക്രിക്കറ്റിൽ ടൊറന്റോ നാഷനൽസിന് വേണ്ടി കളിക്കാനിറങ്ങിയ യുവരാജ് ബാറ്റിങ്ങിൽ നിറംമങ്ങിപ്പോയതിനൊപ്പം പുറംവേദന സഹിക്കാനാകാതെ ഗ്രൗണ്ടിലിരിക്കുകയും ചെയ്തു.

ആദ്യം ബാറ്റ് ചെയ്ത ടൊറന്റോയ്ക്കായി നാലാമനായായിരുന്നു യുവരാജ് ക്രീസിലെത്തിയത്. എന്നാൽ, ബൗണ്ടറി കണ്ടെത്തുന്നതിൽ ഇടംകൈ ബാറ്റ്സ്മാൻ പരാജയപ്പെട്ടു. ഇതിനിടയിൽ പുറംവേദന സഹിക്കാനാകാതെ താരം ഗ്രൗണ്ടിലിരുന്നു. ഇതോടെ മത്സരം അൽപസമയം തടസ്സപ്പെടുകയും ചെയ്തു. 27 പന്തിൽ 14 റൺസെടുത്ത യുവരാജിന് ഒടുവിൽ ക്ഷമ നശിച്ചു. റിസ്വാൻ ചീമയെറിഞ്ഞ 17–ാം ഓവറിന്റെ രണ്ടാം പന്ത് യുവരാജിന്റെ ബാറ്റിൽ തട്ടി കീപ്പറുടെ അടുത്തേക്ക് പോയി.

സ്റ്റമ്പിന് തൊട്ടരികിൽ നിന്ന കീപ്പർ തോബിയസ് വിസീക്ക് പിടിക്കാനായില്ല. ഇതോടെ പന്ത് കാലിൽ തട്ടി സ്റ്റമ്പിലേക്ക് പോയി. പന്ത് സ്റ്റമ്പിൽ തട്ടുമ്പോൾ യുവി ക്രീസിലുണ്ടായിരുന്നു. എന്നാൽ, മൂന്നാം അമ്പയറുടെ തീരുമാനം കാത്തിരിക്കാതെ യുവരാജ് നടന്നു. മത്സരത്തിൽ ക്രിസ് ഗെയ്ൽ നയിച്ച വാൻകൂവർ നൈറ്റ്സ് യുവരാജിന്റെ ടീമിനെ എട്ട് വിക്കറ്റിന് തോൽപ്പിക്കുകയും ചെയ്തു.

# ഇന്ത്യൻ എ ടീം ജയത്തിനരികെ

ആന്റിഗ്വ:വെസ്റ്റിൻഡീസുമായുള്ള ആദ്യ അൺ ഒഫീഷ്യൽ ടെസ്റ്റിൽ ഇന്ത്യൻ എ ടീം ജയത്തിനരികെ. മൂന്നാം ദിവസം കളി അവസാനിക്കുമ്പോൾ ഇന്ത്യ 29 റൺസിന് ഒരു വിക്കറ്റ് നഷ്ടപ്പെട്ട നിലയിലാണ്. ടെസ്റ്റിന്റെ അവസാന ദിവസം ഇന്ത്യക്ക് ജയിക്കാൻ 9 വിക്കറ്റ് ശേഷിക്കെ 68 റൺസ് മതി.

ആദ്യ ഇന്നിങ്സിൽ 228 റൺസിന് ഓൾ ഔട്ട് ആയ വെസ്റ്റിൻഡീസ് ബാറ്റിംഗിന് മറുപടിയായി ഇന്ത്യ 312 റൺസ് എടുത്തിരുന്നു. ആദ്യ ഇന്നിങ്സിൽ ഇന്ത്യക്ക് വിലപ്പെട്ട 84 റൺസിന്റെ ലീഡ് ആണ് നേടാനായത്. തുടർന്ന് രണ്ടാം ഇന്നിങ്സിൽ ബാറ്റിംഗ് ആരംഭിച്ച വെസ്റ്റിൻഡീസ് 180 റൺസിന് ഓൾ ഔട്ട് ആവുകയായിരുന്നു. അഞ്ച് വിക്കറ്റ് നേടിയ ഷാഹ്ബസ് നദീം ആണ് വെസ്റ്റിൻഡീസ് ബാറ്റിങ്ങിന്റെ നട്ടെല്ല് ഓടിച്ചത്. മുഹമ്മദ് സിറാജ് മൂന്ന് വിക്കറ്റും ഡുബെ ഒരു വിക്കറ്റും വീഴ്ത്തി ഷാഹ്ബസ് നദീമിന് മികച്ച പിന്തുണ നൽകി.

തുടർന്ന് ജയം ലക്ഷ്യമാക്കി രണ്ടാം ഇന്നിംഗ്സ് ബാറ്റിങ്ങിന് ഇറങ്ങിയ ഇന്ത്യ മൂന്നാം ദിവസത്തെ കളി അവസാനിക്കുമ്പോൾ 29 റൺസിന് ഒരു വിക്കറ്റ് എന്ന നിലയിലാണ്. 5 റൺസ് എടുത്ത പഞ്ചലിന്റെ വിക്കറ്റ് ആണ് ഇന്ത്യക്ക് നഷ്ടമായാത്.

# സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റ്

തിരുവനന്തപുരം: കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കായി സെവൻസ് ഫുട്ബോൾ മത്സരം സംഘടിപ്പിക്കും. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നീണ്ടുനിക്കുന്ന മത്സരങ്ങൾ ആകും സംഘടിപ്പിക്കുക. ജില്ലാ മത്സരങ്ങളിൽ 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന ടീമുകൾക്ക് യഥാക്രമം 25,000, 10,000, 5,000 രൂപ സമ്മാനത്തുകയായി ലഭിക്കും.

ജില്ലാ മത്സരത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ യുവജനക്ഷേമബോർഡിന്റെ അതാത് ജില്ലാ യുവജന കേന്ദ്രവുമായി ആഗസ്ത് 5ന് മുമ്പായി ബന്ധപ്പെടണം. കൂടുതൽ വിവരങ്ങൾക്ക് www.ksywb.kerala.gov.in

# ലോകകപ്പ് തോൽവി: ടീം ഇന്ത്യയോട് വിശദീകരണം തേടില്ല

മുംബൈ: ലോകകപ്പ് തോൽവിയെക്കുറിച്ച് ഇന്ത്യൻ ടീമിനോട് വിശദീകരണം തേടില്ലെന്ന് ബിസിസിഐയുടെ താൽക്കാലിക അദ്ധ്യക്ഷൻ വിനോദ് റായ്. നായകൻ വിരാട് കോലിയും ഉപനായകൻ രോഹിത് ശർമ്മയും തമ്മിൽ ഭിന്നതയിലാണെന്ന വാർത്തകൾ അടിസ്ഥാനരഹിതമാണെന്നും വിനോദ് റായ് പറഞ്ഞു.

കിരീടസാധ്യതയിൽ ഏറെ മുന്നിലുണ്ടായിരുന്ന ഇന്ത്യ ലോകകപ്പ് സെമി ഫൈനലിൽ ന്യൂസിലൻഡിനോട് തോറ്റ് പുറത്തായിരുന്നു. ഇതിന് പിന്നാലെയാണ് നായകൻ രവി ശാസ്ത്രി, നായകൻ വിരാട് കോലി എന്നിവരോട് തോൽവിയെക്കുറിച്ച് ബിസിസിഐ വിശദീകരണം തേടുമെന്ന വാർത്തകൾ വന്നത്.

# ജോറൂട്ട് ക്യാപ്റ്റൻ, ആർച്ചർ ഇംഗ്ലീഷ് ടെസ്റ്റ് ടീമിൽ

ലണ്ടൻ: ആഷസ് പരമ്പരയിലെ ആദ്യ ടെസ്റ്റിനുള്ള ഇംഗ്ലണ്ട് ടീമിനെ പ്രഖ്യാപിച്ചു. ഏകദിന ലോകകപ്പിൽ ഇംഗ്ലണ്ടിന്റെ കിരീടവിജയത്തിൽ പ്രധാന പങ്കുവഹിച്ച പേസ് ബൗളർ ജോഫ്ര ആർച്ചർ ആദ്യമായി ടെസ്റ്റ് ടീമിൽ ഇടം നേടി. ഇതോടെ ഓസ്ട്രേലിയക്കെതിരായ ആഷസ് പരമ്പര 24കാരന്റെ ടെസ്റ്റ് അരങ്ങേറ്റത്തിന് വേദിയാകും.

ലോകകപ്പ് ഫൈനലിൽ ഇംഗ്ലണ്ടിനുവേണ്ടി സൂപ്പർ ഓവർ ബൗൾ ചെയ്തത് ആർച്ചർ ആയിരുന്നു. ലോകകപ്പിനു തൊട്ടുമുമ്പാണ് ആർച്ചർ ഏകദിന ടീമിൽ അരങ്ങേറ്റം കുറിച്ചത്. 14 ഏകദിനങ്ങളിൽ 23 വിക്കറ്റ് നേടി. ലോകകപ്പിൽ പ്രതീക്ഷയ്ക്കൊത്ത് ഉയർന്നതോടെ ടെസ്റ്റ് ടീമിലേക്കും വഴിതുറന്നു.

ഓസ്ട്രേലിയ–ഇംഗ്ലണ്ട് ആഷസ് ടെസ്റ്റ് ഓഗസ്റ്റ് ഒന്നിന് ബർമിങ്ങാമിൽ തുടങ്ങും. 14 അംഗ ഇംഗ്ലണ്ട് ടീമിനെ ജോ റൂട്ട് നയിക്കും. ബെൻ സ്റ്റോക്സാണ് വൈസ് ക്യാപ്റ്റൻ.

ടീം: ജോ റൂട്ട്, മോയിൻ അലി, ജയിംസ് ആൻഡേഴ്സൻ, ജോഫ്ര ആർച്ചർ, ജോണി ബെയർസ്റ്റോ, സ്റ്റുവർട്ട് ബ്രോഡ്, റോറി ബേൺസ്, ജോസ് ബട്‌ലർ, സാം കറൻ, ജോ ഡെൻലി, ജേസൺ റോയ്, ബെൻ സ്റ്റോക്സ്, ഒലി സ്റ്റോൺ, ക്രിസ് വോക്സ്.

# ഷമിക്ക് ബിസിസിഐ ഇടപെട്ട് യുഎസ് വിസ അനുവദിപ്പിച്ചു

ന്യൂഡൽഹി: യു.എസ് വിസ നിഷേധിക്കപ്പെട്ട ഇന്ത്യൻ പേസ് ബൗളർ മുഹമ്മദ് ഷമിക്ക് ഒടുവിൽ ബി.സി.സി.ഐയുടെ ഇടപെടലിനെ തുടർന്ന് വിസ അനുവദിച്ചു. താരത്തിനെതിരേ ഗാർഹിക പീഡനം, പരസ്ത്രീ ബന്ധമുൾപ്പെടെയുള്ള കേസുകൾ ഉള്ളതിനെ തുടർന്നാണ് വിസ നിഷേധിച്ചത്. ഇതിനു പിന്നാലെയായിരുന്നു ബി.സി.സി.ഐയുടെ ഇടപെടൽ. ബി.സി.സി.ഐ സി.ഇ.ഒ രാഹുൽ ജോഹ്രി, ഷമിയുടെ ലോകകപ്പ് പങ്കാളിത്തവും കേസിന്റെ വിശദവിവരങ്ങളും ഉൾപ്പെടുത്തി യു.എസ് എംബസിക്ക് കത്തയച്ചു. ഇതേ തുടർന്ന് താരത്തിന് വിസ അനുവദിച്ചു കിട്ടുകയായിരുന്നു. അന്താരാഷ്ട്ര കായിക താരങ്ങൾക്കുള്ള വിസയാണ് ഷമിക്ക് ലഭിച്ചത്. ഷമി ആദ്യം നൽകിയ അപേക്ഷ യു.എസ് എംബസി തള്ളുകയായിരുന്നു. താരത്തിന്റെ പൊലീസ് വെരിഫിക്കേഷൻ റെക്കോഡിലെ പ്രശ്നങ്ങളായിരുന്നു ഇതിന് കാരണം. ഷമിയുടെ ഭാര്യ ഹസിൻ ജഹാനാണ് പരസ്ത്രീ ബന്ധം, ഗാർഹിക പീഡനം ഉൾപ്പെടെ ആരോപിച്ച് കേസുകൊടുത്തത്. ഒത്തുകളി ഉൾപ്പെടെ ഹസിൻ ആരോപിച്ചിരുന്നു. സംഭവത്തിൽ ഷമിക്കെതിരേ കേസ് നിലവിലുണ്ട്. ഈ വിഷയത്തിൽ അന്വേഷണം നടത്തിയ ബി.സി.സി.ഐ താരത്തിന് ക്ലീൻ ചിറ്റ് നൽകി തിരികെ ടീമിലെടുത്തിരുന്നു.

# അത്‌ലറ്റിക്കോ മാഡ്രിഡ് റയൽ മാഡ്രിഡിനെ ഗോൾ മഴയിൽ മുക്കി

ന്യൂയോർക്ക്: ഇന്റർനാഷണൽ ചാമ്പ്യൻസ് കപ്പിൽ റയൽ മാഡ്രിഡിനെ ഗോൾമഴയിൽ മുക്കി അത്‌ലറ്റിക്കോ മഡ്രിഡ്. മൂന്നിനെതിരേ ഏഴു ഗോളുകൾക്കായിരുന്നു അത്‌ലറ്റിക്കോയുടെ വിജയം. 84–ാം മിനിറ്റുവരെ 7–1 എന്ന നിലയിലായിരുന്നു സ്കോർ നില. നാലു ഗോളുകൾ നേടിയ ഡിയഗോ കോസ്റ്റ അത്‌ലറ്റിക്കോയ്ക്കായി മികച്ച പ്രകടനമാണ് പുറത്തെടുത്തത്. മത്സരത്തിന്റെ ആദ്യ പകുതിയിൽ തന്നെ കോസ്റ്റ ഹാട്രിക്ക് തികച്ചിരുന്നു. 1, 28, 45 മിനിറ്റുകളിലായിരുന്നു ഗോളുകൾ. പിന്നാലെ 51–ാം മിനിറ്റിലും കോസ്റ്റ സ്കോർ ചെയ്തു. എന്നാൽ മത്സരത്തിന്റെ 65–ാം മിനിറ്റിൽ ഡാനി കാർവഹാലിന്റെ ഫൗൾ ചോദ്യം ചെയ്ത് ഏറ്റുമുട്ടിയ കോസ്റ്റയ്ക്ക് ചുവപ്പുകാർഡ് കിട്ടി.

കാർവഹാലിനും റഫറി ചുവപ്പുകാർഡ് നൽകി. കളി തുടങ്ങി ആദ്യ മിനിറ്റിൽ തന്നെ കോസ്റ്റയിലൂടെ അത്‌ലറ്റിക്കോ ഗോളടി തുടങ്ങി. എട്ടാം മിനിറ്റിൽ ജാവോ ഫെലിക്സും 19–ാം മിനിറ്റിൽ ഏയ്ഞ്ചൽ കൊറിയയും അവരുടെ ലീഡുയർത്തി. പിന്നീട് 28–ാം മിനിറ്റിലും 45–ാം മിനിറ്റിലും കോസ്റ്റ സ്കോർ ചെയ്തതോടെ ആദ്യ പകുതിയിൽ അത്‌ലറ്റിക്കോ 5–0 ന് മുന്നിലെത്തി. പിന്നാലെ 51–ാം മിനിറ്റിലും കോസ്റ്റ റയലിന്റെ വല കുലുക്കി. പിന്നാലെ 59–ാം മിനിറ്റിൽ നാച്ചോയിലൂടെ റയൽ ഒരു ഗോൾ മടക്കി. 85–ാം മിനിറ്റിൽ പെനാൽറ്റിയിലൂടെ കരിം ബെൻസേമയും 89–ാം മിനിറ്റിൽ ജാവിയർ ഹെർണാണ്ടസും റയലിന്റെ ഗോൾ പട്ടിക പൂർത്തിയാക്കി.

# ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഒരുക്കങ്ങൾ പൂർത്തിയാകുന്നു

തിരുവനന്തപുരം: ഐപിഎൽ മാതൃകയിൽ കേരളത്തിലെ ചുണ്ടൻ വള്ളം കളി മത്സരങ്ങളെ കോർത്തിണക്കി സംസ്ഥാന വിനോദസഞ്ചാര വകുപ്പ് സംഘടിപ്പിക്കുന്ന ജലോത്സവമായ പ്രഥമ ചാമ്പ്യൻസ് ബോട്ട് ലീഗ് (സിബിഎൽ) ഓഗസ്റ്റ് പത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

ലീഗിനുവേണ്ടി ചുണ്ടൻ വള്ളങ്ങൾ നീറ്റിലിറങ്ങാൻ ഇനി പതിമൂന്ന് നാൾ മാത്രം ബാക്കി നിൽക്കെ ഒരുക്കങ്ങൾ അവസാന ഘട്ടത്തിലേയ്ക്ക് നീങ്ങുന്നതായി ടൂറിസം, സഹകരണ, ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ പത്രസമ്മേളനത്തിൽ അറിയിച്ചു. ആലപ്പുഴ നെഹ്റു ട്രോഫി വള്ളംകളിയോടെ തുടക്കമിടുന്ന സിബിഎല്ലിന്റെ ഉദ്ഘാടന ചടങ്ങിൽ ക്രിക്കറ്റ് ഇതിഹാസം സചിൻ ടെൻഡുൽക്കർ മുഖ്യാതിഥിയായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

സിബിഎല്ലിൻറെ വെബ്സൈറ്റ് (ശ്ശ്ശ്.നമദശഹയസഷറധസദർവഫദഭൻഫ.യഷ) മന്ത്രി ഉദ്ഘാടനം ചെയ്തു. വിജയികൾക്കുള്ള ട്രോഫിയും അനാവരണം ചെയ്തു. ജലോത്സവത്തിന്റെ വിഡിയോ, ജേഴ്സി എന്നിവയും അദ്ദേഹം പ്രകാശനം ചെയ്തു. ടൂറിസം സെക്രട്ടറി റാണി ജോർജ്ജും കേരള ടൂറിസം ഡയറക്ടർ പി ബാലകിരണും ചടങ്ങിൽ പങ്കെടുത്തു. മൂന്നു മാസം നീളുന്ന സിബിഎല്ലിൽ ഒമ്പത് ടീമുകളാണ് മത്സരിക്കുന്നത്. 12 വാരാന്ത്യങ്ങളിലെ 12 വേദികളിലായി, 12 മത്സരങ്ങളാണ് നടക്കുക. ഓഗസ്റ്റ് 10 മുതൽ നവംബർ ഒന്നു വരെയാണ് മത്സരങ്ങൾ. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടി കേരള ടൂറിസം സർക്കാർ ഉടമസ്ഥതയിൽ പുതിയ കമ്പനിക്ക് രൂപം നൽകി. ഇ ഫാക്ടർ എന്റർടെയ്ൻമെന്റ്, ദി സോഷ്യൽ സ്ട്രീറ്റ് എന്നീ കമ്പനികൾ നേതൃത്വം നൽകുന്ന കൺസോർഷ്യമാണ് സിബിഎൽ കൺസൾട്ടന്റ്. ഒൻപതു ടീമുകളുടെ ഫ്രാഞ്ചൈസിയ്ക്കുള്ള ലേലം ഓഗസ്റ്റ് ഒന്നിന് കൊച്ചിയിലെ ഗ്രാന്റ് ഹയാത്ത് ഹോട്ടലിൽ നടക്കും. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ എന്ന ബഴദഷനമയറഫഫ@നമദശഹയസഷറധസദർവഫദഭൻഫ.യഷ വിലാസത്തിലാണ് ബന്ധപ്പെടേണ്ടത്. ലേലം നടക്കുന്ന ഓഗസ്റ്റ് ഒന്നിനുതന്നെ അവിടെവച്ച് ടീം ഉടമകളെ പ്രഖ്യാപിക്കും.മൊത്തം 5.9 കോടി രൂപയാണ് സമ്മാനത്തുക. ഒന്നാം സ്ഥാനത്തെത്തുന്നവർക്ക് 25 ലക്ഷം രൂപ ലഭിക്കും. രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 15ലക്ഷം, 10 ലക്ഷം രൂപ വീതമാണ് സമ്മാനമായി ലഭിക്കുക. ഇതിനുപുറമേ ഓരോ മത്സരത്തിലേയും ആദ്യ മൂന്ന് വിജയികൾക്ക് യഥാക്രമം 5 ലക്ഷം , 3 ലക്ഷം,ഒരു ലക്ഷം രൂപ എന്നിങ്ങനെ ലഭിക്കും. ഓരോ മത്സരത്തിലും എല്ലാ വള്ളംകളി സംഘത്തിനും നാലു ലക്ഷം രൂപ വീതം ബോണസ് ലഭിക്കും. പള്ളാത്തുരുത്തി ബോട്ട് ക്ലബ്, പോലീസ് ബോട്ട് ക്ലബ്, യുണൈറ്റഡ് ബോട്ട് ക്ലബ്, കുട്ടമംഗലം, കൈനകരി; എൻസിഡിസി/കുമരകം, വില്ലേജ് ബോട്ട് ക്ലബ്, എടത്വ, കെബിസി/എസ്എഫ്ബിസി കുമരകം, വേമ്പനാട് ബോട്ട് ക്ലബ് കുമരകം, ടൗൺ ബോട്ട് ക്ലബ് കുമരകം, ബ്രദേഴ്സ് ബോട്ട് ക്ലബ്, എടത്വ എന്നിവയാണ് സിബിഎല്ലിൽ മത്സരിക്കുന്ന ഒൻപതു ടീമുകൾ. ഓഗസ്റ്റ് പത്തിന് ആലപ്പുഴ പുന്നമടക്കായലിൽ നെഹ്റു ട്രോഫി വള്ളം കളിക്കൊപ്പമാണ് ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ആദ്യ മത്സരം. നവംബർ ഒന്നിന് കേരളപ്പിറവി ദിനത്തിൽ കൊല്ലത്തു നടക്കുന്ന പ്രസിഡൻസ് ബോട്ട് റെയ്സിനൊപ്പം സിബിഎൽ സമാപിക്കും. ഇതിനിടെ വരുന്ന വാരാന്ത്യങ്ങളിലാണ് ബാക്കി മത്സരങ്ങൾ. പുളിങ്കുന്ന്, ആലപ്പുഴ (ആഗസ്റ്റ് 17), താഴത്തങ്ങാടി, കോട്ടയം (ആഗസ്റ്റ് 24), പിറവം, എറണാകുളം (ഓഗസ്റ്റ് 31), മറൈൻ ഡ്രൈവ്, എറണാകുളം (സെപ്റ്റംബർ 7), കോട്ടപ്പുറം, തൃശൂർ (സെപ്റ്റംബർ 21), പൊന്നാനി, മലപ്പുറം (സെപ്റ്റംബർ 28), കൈനകരി, ആലപ്പുഴ (ഒക്ടോബർ 05), കരുവാറ്റ, ആലപ്പുഴ (ഒക്ടോബർ 12), കായംകുളം, ആലപ്പുഴ (ഒക്ടോബർ 19), കല്ലട, കൊല്ലം(ഒക്ടോബർ 26) എന്നിങ്ങനെയാണ് മത്സരങ്ങൾ. ഉച്ചതിരിഞ്ഞ് 2.30 മുതൽ 5 മണിവരെയാണ് എല്ലാ മത്സരങ്ങളും നടക്കുക.

രാമാമൃതം

# എകപത്നീവ്രതനായ ശ്രീരാമൻ



എ.കെ.ബി. നായർ

ഗൗതമി നദീതീരത്തുള്ള പഞ്ചവടിയിൽ ആശ്രമം നിർമ്മിച്ച് ശ്രീരാമൻ പത്നിയോടും സഹോദരനോടും കൂടെ താമസിച്ചു. അവിടെ വച്ച് ലക്ഷ്മണൻ മുക്തിമാർഗ്ഗം ഉപദേശിച്ച് നൽകണമെന്ന് ശ്രീരാമനോട് അഭ്യർത്ഥിച്ചു. സഹോദരന് അതിഗഹനമായ ആത്മതത്വം ശ്രീരാമൻ ഉപദേശിച്ചു കൊടുത്തു.



ശരീരം മനസ്, ബുദ്ധി എന്നിവയാണ് ആത്മാവെന്ന് തെറ്റിദ്ധരിക്കാൻ കാരണം മായയാണ്. മായക്ക് വിക്ഷേപം(തെറ്റിദ്ധരിക്കൽ) ആവരണം(മൂടൽ) എന്ന രണ്ട് രൂപങ്ങളുണ്ട്. കയറിനെ കണ്ട് പാമ്പാണെന്ന് തെറ്റിദ്ധരിക്കുന്നത് പോലെയാണ് ഈ ദൃശ്യപ്രപഞ്ചം യഥാർത്ഥമാണെന്ന് വിചാരിക്കുന്നത്. ജ്ഞാനത്തെ അജ്ഞാനം ആവരണം ചെയ്യുന്നതു കൊണ്ട് മനുഷ്യൻ സത്യമെന്താണെന്ന് മനസിലാക്കാതെ ആശയക്കുഴപ്പത്തിലാകുന്നു.

ജീവാത്മാവും പരമാത്മാവും തമ്മിൽ ഒരു ഭേദവുമില്ല. ഒന്നിന്റെ രണ്ട് ഭാവങ്ങൾ എന്നു മാത്രം. യഥാർത്ഥ ജ്ഞാനം കൊണ്ട് മാത്രമേ പരമാത്മാവിനെ പ്രാപിക്കുവാൻ സാധിക്കുകയുള്ളൂ. ഭക്തിയുണ്ടെങ്കിലേ ജ്ഞാനം ഉണ്ടാകുകയുള്ളൂ. ഭക്തി ഉണ്ടാകണമെങ്കിൽ ഭക്തന്മാരുമായി നിരന്തരബന്ധം ഉണ്ടാകണം. ഭക്തി വർദ്ധിച്ചാൽ ക്രമേണ ജ്ഞാനവൈരാഗ്യങ്ങൾ ഉണ്ടാകുകയും മുക്തി ലഭിക്കുകയും ചെയ്യും.

ലക്ഷ്മണോപദേശത്തിന് ശേഷം ശ്രീരാമനും സീതയും പഞ്ചവടിയിലെ പ്രകൃതി സൗന്ദര്യം ആസ്വദിക്കുകയായിരുന്നു. ഈ സമയത്ത് രാവണസഹോദരിയായ ശൂർപ്പണഖ സുന്ദരീരൂപത്തിൽ ശ്രീരാമന്റെ സമീപത്ത് ചെന്ന് തന്നെ പത്നിയായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു. തനിക്ക് ഒരു പത്നിയുണ്ടെന്നും അവൾ എപ്പോഴും തന്റെ കൂടെയാണ് കഴിയുന്നതെന്നും അതു കൊണ്ട് ശൂർപ്പണഖയെ പത്നിയായി സ്വീകരിക്കുന്നതിൽ വിഷമമുണ്ടെന്നും ശ്രീരാമൻ അറിയിച്ചു. ലക്ഷ്മണനെ സമീപിച്ച ശൂർപ്പണഖ തന്നെ പത്നിയായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു. ലക്ഷ്മണനും ആ അപേക്ഷ നിരസിച്ചു. ക്ഷുഭിതയും അപമാനിതയുമായ ശൂർപ്പണഖ തന്റെ രാക്ഷസീരൂപത്തെ പ്രകടിപ്പിച്ച് സീതയെ കൊന്ന് ഭക്ഷിക്കുവാൻ സമീപിച്ചു. ലക്ഷ്മണൻ അവളുടെ കണ്ണും മൂക്കും മുലയും ഛേദിച്ചു. നിലവിളിച്ച് ശൂർപ്പണഖ സഹോദരന്മാരായ ഖരദൂഷണന്മാരുടെ അടുത്ത് ചെന്ന് ശ്രീരാമനെ വധിക്കുവാൻ നിർദ്ദേശിച്ചു.അവർ സേനയോടൊപ്പം ശ്രീരാമനുമായി യുദ്ധത്തിലേർപ്പെട്ടു. ഒന്നര മണിക്കൂർ കൊണ്ട് ശ്രീരാമൻ അവരെയെല്ലാം വധിച്ചു.

**(ആദ്ധ്യാത്മികാചാര്യനായ എ.കെ.ബി. നായരുടെ മൊബൈൽ: 9946769900)**

# ഫാറൂഖ് ലുക്ക്മാൻ അന്തരിച്ചു



ജിദ്ദ: മലയാളം ന്യൂസ് എഡിറ്റർ ഇൻ ചീഫും അറേബ്യൻ രാജ്യങ്ങളിലെ പ്രമുഖ മാധ്യമപ്രവർത്തകനുമായ ഫാറൂഖ് ലുക്ക്മാൻ ( 80 ) അന്തരിച്ചു. അസുഖ ബാധിതനായി വിശ്രമത്തിലായിരുന്നു. പാരമ്പര്യം പിന്തുടർന്നാണ് ഫാറൂഖ് ലുക്ക്മാൻ മാധ്യമ പ്രവർത്തന രംഗത്ത് എത്തിയത്. ഏദനിലെ പിതാവിന്റെ പ്രസാധക സ്ഥാപനത്തിലായിരുന്നു ജോലി തുടങ്ങിയത്. അറബി ദിനപത്രമായ ഫതഉൽ ജസീറയുടെയും ഇംഗ്ലീഷ് വാരികയായ ഏദൻ ക്രോണിക്കിളിന്റെയും എഡിറ്റർ പദവിയായിരുന്നു ആദ്യത്തെ സുപ്രധാന ദൗത്യം. ഇതിനിടയെ ഡെയ്‌ലി മെയിൽ, ഫിനാഷ്യൽ ടൈംസ്, ന്യൂയോർക്ക് ടൈംസ്, ന്യൂസ് വീക്ക് എന്നിവയുടെ ലേഖകനായും പ്രവർത്തിച്ചുയ 1968 ൽ യെമനിൽ പത്ര ദേശസാൽക്കരണം വന്നതോടെ ന്യൂയോർക്ക് ടൈംസിന്റെയും വീക്കിന്റെയും യുപിഐയുടെയും മുഴുവൻ സമയ ലേഖകകനായി പ്രവർത്തിച്ചു. ഇന്ത്യയുമായും കേരളവുമായും ഊഷ്മള ബന്ധം സ്ഥാപിച്ചിരുന്നു ലുഖ്മാൻ. ഇന്ത്യയിലെ പ്രമുഖരായ രാഷ്ട്രീയ നേതാക്കളുമായി സൗഹാർദവും സ്ഥാപിച്ചിരുന്നു. ബിരുദ പഠനം ബോംബെയിലായിരുന്നു. കേരളത്തിൽ നിരവധി തവണ സന്ദർശിച്ച ലുഖ്മാൻ കേരളീയ സംസ്കാരത്തിൽ ആകൃഷ്ടനായി. വിനോദ സഞ്ചാര കേന്ദ്രങ്ങളിലും ചരിത്ര സ്മാരകങ്ങളിലും താൽപ്പര്യം പ്രകടിപ്പിച്ച ലുഖ്മാൻ വിവിധ ലേഖനങ്ങളിൽ ഇക്കാര്യങ്ങൾ വിശദമായി പരാമർശിച്ചിരുന്നു.

ബറക്ക ഹമൂദാണ് ഭാര്യ. അന്താരാഷ്ട്ര നിയമത്തിൽ ഡോക്റ്ററേറ്റ് നേടിയ ആദ്യ അറബ് വനിത വാഹി ലുഖ്മാൻ മകളാണ്. കാഴ്ച ശക്തിയില്ലാത്ത വാഹി ജിദ്ദ കിംഗ് യൂണിവേഴ്സിറ്റിയിൽ അദ്ധ്യാപികയാണ്.മകൻ ദാഫർ ലുഖ്മാൻ ദുബായിയിൽ ബാങ്കിംഗ് മേഖലയിൽ പ്രവർത്തിക്കുന്നു. മറ്റൊരു മകൾ യുംന പത്രപ്രവർത്തകയാണ്. നാലാമത്തെ മകൻ അബ്ദുല്ല ദുബായിയിൽ നിയമ രംഗത്തും ഇളയ മകൻ മാഹിർ ലുഖ്മാൻ യുഎഇയിൽ മാർക്കറ്റിംഗ് ഡയറക്റ്ററായും ജോലി ചെയ്യുന്നു.



മുംബൈ കോലാപൂർ മഹാലക്ഷ്മി എക്സ്പ്രസിൽ നിന്ന് യാത്രക്കാരെ രക്ഷപ്പെടുത്ത ദേശീയ ദുരന്തനിവരാണ സേന

# ജെയ്ഷെ ഭീകരൻ മുന്നാ ലാഹരി കശ്മീരിൽ കൊല്ലപ്പെട്ടു

ന്യൂഡൽഹി:കശ്മീരിൽ സുരക്ഷാ ഉദ്യോഗസ്ഥരുമായുള്ള ഏറ്റുമുട്ടലിൽ ജയ്ഷെ ഭീകരൻ മുന്നാ ലഹോരി കൊല്ലപ്പെട്ടു. മുന്നാ ഭായി, ഛോട്ടാ ബുർമി തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന ജയ്ഷെ മുഹമ്മദിന്റെ മുതിർന്ന കമാൻഡറായ ലഹോരി, ഷോപിയാനിൽ ഇന്നലെഴ്ച രാവിലെ നടന്ന ഏറ്റുമുട്ടലിലാണു കൊല്ലപ്പെട്ടത്. ഹിസ്ബുൽ മുജാഹിദീൻ ഭീകരൻ സീനത്ത്ഉൽഇസ്‌ലാമും സൈനിക നീക്കത്തിൽ കൊല്ലപ്പെട്ടു.

ദക്ഷിണ കശ്മീരിൽ നടന്ന നിരവധി ഭീകരാക്രമണങ്ങളുടെയും ബോംബ് സ്ഫോടനങ്ങളുടെയും സൂത്രധാരനാണ് പാക്കിസ്ഥാൻ പൗരനായ ലഹോരി. കൂടാതെ, കശ്മീരിൽ നിന്നു നിരവധി യുവാക്കളെ ഭീകരസംഘനയിലേക്കു ചേർക്കുകയും പരിശീലനം നൽകുകയും ചെയ്തിരുന്നതായും പൊലീസ് ഉദ്യോഗസ്ഥർ പറഞ്ഞു. രഹസ്യവിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, വെള്ളിയാഴ്ച രാത്രി ഷോപിയാനിലെ ബാൻഡേ മൊഹല്ല ബോൻബസാർ പ്രദേശത്തു നടത്തിയ തിരച്ചിലിലാണ് ലഹോരിയുടെയും സീനത്തിന്റെയും ഒളിത്താവളം സുരക്ഷാസേന കണ്ടുപിടിച്ചത്.

കഴിഞ്ഞ വർഷമാണു പത്തൊൻപതുകാരനായ ലഹോരി കശ്മീരിലേക്കു നുഴഞ്ഞുകയറിയത്. ബോംബ് നിർമാണത്തിലും മറ്റു വാഹനങ്ങളിൽ ബോംബ് ഘടിപ്പിക്കുന്നതിലെയും പ്രധാനിയായിരുന്നു ലഹോരിയെന്നു സുരക്ഷാ ഉദ്യോഗസ്ഥർ പറഞ്ഞു. ഐഇഡി നിർമാണത്തിൽ വിദഗ്ധനായിരുന്ന ഇയാളാണ് മാർച്ച് 30നും ജൂൺ 17നും സുരക്ഷാസേനയുടെ വാഹനവ്യൂഹത്തിനു നേരെ നടന്ന കാർ ബോംബ് ആക്രമണങ്ങളുടെയും സൂത്രധാരനെന്നു കശ്മീർ പൊലീസ് ട്വിറ്ററിൽ കുറിച്ചു.

ഫെബ്രുവരി 14ന് പുൽവാമയിൽ ഭീകരാക്രമണം നടന്നതിനു 30 കിലോമീറ്റർ മാത്രം അകലെയാണ് ജൂൺ 17ന് ആക്രമണം ഉണ്ടായത്.

ഏതാണ്ട് ഒരു വർഷത്തിനു മുൻപു തന്നെ കശ്മീരിൽ ലഹോരിയുടെയും സംഘത്തിന്റെയും സാന്നിധ്യമുള്ള വിവരം കേന്ദ്ര ഇന്റലിജൻസ് വിഭാഗത്തിനു ലഭിച്ചിരുന്നു. എന്നാൽ തിരിച്ചറിയാനും ഒളിത്താവളം കണ്ടെത്താനും നിരവധി മാസങ്ങളെടുത്തുവെന്ന് സുരക്ഷാസേനയിലെ മുതിർന്ന ഉദ്യോഗസ്ഥൻ പറഞ്ഞു.



ചലച്ചിത്ര മേഖലയിലെ സമഗ്ര സംഭാവനയ്ക്കുള്ള ജെ സി ഡാനിയേൽ പുരസ്കാരം മുഖ്യമന്ത്രി പിണറായി വിജയൻ നടി ഷീലക്ക് സമ്മാനിക്കുന്നു. കെ ടി ഡി സി ചെയർമാൻ എം വിജയകുമാർ, മേയർ വി കെ. പ്രശാന്ത്, ചലച്ചിത്ര അക്കാദമി ചെയർമാൻ കമൽ, മന്ത്രിമാരായ എ കെ. ബാലൻ, രാമചന്ദ്രൻ കടന്നപ്പള്ളി, വി. എസ്. സുനിൽകുമാർ, കടകംപള്ളി സുരേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി കെ. മധു എന്നിവർ സമീപം (വാർത്ത പേജ്-5)

# വാഹനരജിസ്ട്രേഷൻ ഫീസ് കുത്തനെ ഉയരും

## പൊളിക്കുന്ന വാഹനത്തിന്റെ സർട്ടിഫിക്കറ്റ് നൽകിയാൽ ഫീസില്ല

ന്യൂഡൽഹി: രാജ്യത്തെ വാഹന രജിസ്ട്രേഷൻ ഫീസ് കുത്തനെ ഉയർത്തും. കേന്ദ്ര ഗതാഗത വകുപ്പ് മന്ത്രാലയം ഇതുസംബന്ധിച്ച കരട് വിജ്ഞാപനം പുറത്തിറക്കി. പുതിയ പെട്രോൾ-ഡീസൽ കാറുകൾക്ക് രജിസ്ട്രേഷൻ ചാർജ് 5000 രൂപയാക്കി ഉയർത്തും.

രജിസട്രേഷൻ പുതുക്കാൻ 10000 രൂപയും. ഇത് രണ്ടിനും ഇപ്പോൾ 600 രൂപ മാത്രമാണ് ചാർജ്. ഇരുചക്ര വാഹനങ്ങൾക്ക് 50 രൂപയുണ്ടായിരുന്ന രജിസ്ട്രേഷൻ ചാർജ് പുതിയ വാഹനങ്ങൾക്ക് 1000 രൂപയാക്കിയും പഴയത് പുതുക്കാൻ 2000 രൂപയാക്കിയും ഉയർത്താനാണ് കരട് വിജ്ഞാപനത്തിൽ നിർദ്ദേശമുള്ളത്. ഇലക്ട്രിക് വാഹനങ്ങൾക്ക് കൂടുതൽ പ്രധാന്യം നൽകുന്നതിന്റെ ഭാഗമായാണ് ഗതാഗത മന്ത്രാലയത്തിന്റെ പുതിയ നീക്കം. കാലപ്പഴക്കമുള്ള ഇന്ധനവാഹനങ്ങൾ നിരത്തിൽ നിന്ന് ഒഴിവാക്കാനും പെട്രോൾ-ഡീസൽ വാഹന വിൽപ്പന കുറയ്ക്കാനുമാണ് ഇതുവഴി മന്ത്രാലയം ലക്ഷ്യമിടുന്നത്. പഴയ വാഹനം സ്ക്രാപിംഗ് നടത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ പുതിയ വാഹനം വാങ്ങുന്നവർക്ക് ഇനി മുതൽ രജിസ്ട്രേഷൻ ഫീസ് നൽകേണ്ടി വരില്ല. കാർ, ഇരുചക്ര വാഹനങ്ങൾക്ക് പുറമേ മറ്റു വാഹനങ്ങളുടെ രജിസ്ട്രേഷൻ ചാർജും ഉയർത്താൻ നിർദ്ദേശമുണ്ട്. പുതിയ ക്യാബുകൾക്ക് 10000 രൂപയും പുതുക്കാൻ 20000 രൂപയും ഈടാക്കും. നേരത്തെ ഇത് 1000 രൂപയായിരുന്നു.

ഇറക്കുമതി ചെയ്യുന്ന കാറുകളുടെ രജിസ്ട്രേഷൻ ചാർജ് 5000 രൂപയിൽ നിന്ന് 40,000 ആക്കി ഉയർത്താനാണ് തീരുമാനം. ഇറക്കുമതി ചെയ്യുന്ന ഇരുചക്ര വാഹനങ്ങൾക്ക് 20000 രൂപയും അടയ്ക്കേണ്ടി വരും, നിലവിൽ ഇത് 2500 രൂപയാണ്.

കരട് വിജ്ഞാപനത്തിലെ പ്രതികരണം അറിഞ്ഞ ശേഷം അടുത്ത 40-45 ദിവസങ്ങൾക്കുള്ളിൽ അന്തിമ ഫീസ് ഘടന രൂപപ്പെടുത്തുമെന്നും അധികൃതർ അറിയിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹന വിൽപ്പന പ്രോത്സാഹിപ്പിക്കാൻ ഇലക്ട്രിക്കിന്റെ രജിസ്ട്രേഷൻ ചാർജ് കുറയ്ക്കാനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ കരട് വിജ്ഞാപനം നേരത്തെ ഗതാഗത മന്ത്രാലയം പുറപ്പെടുവിച്ചിരുന്നു. നിരത്തുകളിൽ പഴയ വാണിജ്യ വാഹനങ്ങൾ നീക്കം ചെയ്ത് വാഹന മലിനീകരണം തടയുക, ഇലക്ട്രിക്ക് വാഹനങ്ങൾക്ക് പ്രചരണം കൊടുക്കുക തുടങ്ങിയ ലക്ഷ്യത്തോടെ രാജ്യത്തുടനീളമുള്ള വെഹിക്കിൾ സ്ക്രാപ്പിംഗ് ഏജൻസികളെ പ്രോത്സാഹിപ്പിക്കാനാണ് തീരുമാനം.

# വൈറ്റില മേൽപ്പാല നിർമ്മാണത്തിലും വീഴ്ച

വൈറ്റില: പാലാരിവട്ടത്തിന് പിന്നാലെ വൈറ്റില മേൽപ്പാലത്തിന്റെ പണിയിലും ഉദ്യോഗസ്ഥവീഴ്ച.

വീഴ്ചയെപ്പറ്റി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗം റിപ്പോർട്ട് നൽകി. പണി നിർത്തിവയ്ക്കാനും ആലോചനയുണ്ട്. മേൽനോട്ടം വഹിക്കേണ്ട ഉദ്യോഗസ്ഥർ സ്ഥലത്ത് എത്തുന്നില്ലായെന്നാണ് പരാതി.

മേൽപ്പാല നിർമാണത്തിന്റെ നിലവാരത്തിലും സംശയമുണ്ട്. കഴിഞ്ഞ മാസത്തെ നിലവാര പരിശോധനയിൽ കോൺക്രീറ്റിന്റെ ഫലം തൃപ്തികരമല്ലെന്നാണ് റിപ്പോർട്ട്. ഗർഡർ, ഡെക്ക് സ്ലാബ് എന്നിവയിൽ അപാകത വ്യക്തമായി.

ഇതോടെ കരാറുകാരന്റെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടെന്നു വേണം കരുതാൻ. കൂടുതൽ ഫലം വരാൻ കാത്തിരിക്കുകയാണ്.



# അപ്പാച്ചെ ഹെലികോപ്റ്ററുകളുടെ ആദ്യബാച്ച് ഇന്ത്യയിലെത്തി

ന്യൂഡൽഹി: അമേരിക്കൻ പ്രതിരോധ കമ്പനിയായ ബോയിംഗിൽ നിന്ന് ഇന്ത്യ വാങ്ങുന്ന അപ്പാച്ചെ ഹെലികോപ്റ്ററുകളുടെ ആദ്യബാച്ച് ഇന്ത്യയിലെത്തി. നാല് ഹെലികോപ്റ്ററുകളാണ് ഇന്നലെ ഇന്ത്യയിലെത്തിയത്. അടുത്ത ആഴ്ച നാല് ഹെലികോപ്റ്റർ കൂടെ ഇന്ത്യയ്ക്ക് കൈമാറും. വ്യോമസേനയുടെ ഹിൻഡോൺ വ്യോമതാവളത്തിലാണ് ഹെലികോപ്റ്ററുകൾ എത്തിയത്.

ആകെ 22 ഹെലികോപ്റ്ററുകളാണ് വ്യോമസേനയ്ക്ക് വേണ്ടി ഇന്ത്യ ബോയിംഗിൽ നിന്ന് വാങ്ങുന്നത്. ഇതിൽ എട്ടെണ്ണം പത്താൻകോട്ട് വ്യോമതാവളത്തിലാകും വിന്യസിക്കുക. സെപ്റ്റംബറിൽ ഇവയെ ഔദ്യോഗികമായി സേനയുടെ ഭാഗമാക്കും. 2015 സെപ്റ്റംബറിലാണ് ഇതിനായി ബോയിംഗുമായി കരാർ ഒപ്പിട്ടത്.

വ്യോമസേനയ്ക്ക് പുറമെ കരസേനയ്ക്ക് വേണ്ടി ആറ് അപ്പാച്ചെ ഹെലികോപ്റ്റർ കൂടി ഇന്ത്യ വാങ്ങുന്നുണ്ട്. അപ്പാച്ചെ എ.എച്ച്-64ഇ ഹെലികോപ്റ്ററുകൾ ലോകത്തിലേറ്റവും മികച്ചവെയെന്നാണ് വിലയിരുത്തുന്നത്. അമേരിക്കൻ സൈന്യം ഉൾപ്പെടെ 14 രാജ്യങ്ങളുടെ സൈന്യത്തിന്റെ ഭാഗമാണ് അപ്പാച്ചെ ഹെലികോപ്റ്റർ. 2020 ആകുമ്പോഴേക്കും 22 ഹെലികോപ്റ്ററുകളും വ്യോമസേനയുടെ ഭാഗമാകും.



അന്തരിച്ച മുൻ രാഷ്ട്രപതി ഡോ. എ പി ജെ അബ്ദുൾ കലാമിന്റെ നാലാം ചരമവാർഷികദിനത്തിൽ രാമേശ്വരത്ത് സംഘടിപ്പിച്ച ചടങ്ങിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ ആദരാഞ്ജലി അർപ്പിച്ചപ്പോൾ



## കലാകൗമുദി

**കലാകൗമുദി പത്രത്തിന്റെ തിരുവനന്തപുരം, കൊല്ലം യൂണിറ്റുകളിൽ താഴെ പറയുന്ന വേക്കൻസികളിലേക്ക് കഴിവും യോഗ്യതയുമുള്ള പ്രൊഫഷണലുകളെ ആവശ്യമുണ്ട്.**

**1) സ്പേസ് മാർക്കറ്റിംഗ് എക്സിക്യുട്ടീവ്**
**2) സർക്കുലേഷൻ എക്സിക്യുട്ടീവ്**
**3) ലോക്കൽ കറസ്പോണ്ടന്റ്**


**താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ തസ്തികയുടെ പേരും വിശദമായ ബയോഡാറ്റയും ഇ മെയിൽ ചെയ്യേണ്ടതാണ്. ഇ മെയിൽ ഐഡി:** kalakaumudihrd@gmail.com

**കലാകൗമുദി ഗാർഡൻസ്
കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ.
തിരുവനന്തപുരം
ഫോൺ: 7594881071, 9656550000, 9074952995**





Vol. II Issue No.178 Regd No: RNI 49829/90 Printed and Published by Kalakaumudi Publications Pvt Ltd at Kalakaumudi Press, T.C. 13/1827/5, Kalakaumudi Gardens, Kumarapuram, Thiruvananthapuram 695 011. Editor-In-Chief: M. S. Mani, Editor: Sukumaran Mani, Executive Editor: Prasad Lakshman. Phone: Editorial 0471-2447976, Bureau 0471-2447976. Editorial Office: Kalakaumudi Gardens, Kumarapuram, Medical College. P.O., Thiruvananthapuram. Email: kktvmdesk@gmail.com













ജൂലായ് 28
2019

കൗമുദിപ്ലസ്

കലാകൗമുദി
ഞായറാഴ്ചപ്പതിപ്പ്

# നൂറ്റാണ്ടുകടവിലടുക്കുന്ന ജി.കെ.പിള്ള

**മലയാള സിനിമയിലെ സീനിയർ മോസ്റ്റ് ആയ നടൻ ജി.കെ.പിള്ളയ്ക്ക് അഞ്ചു വർഷം കൂടി കഴിഞ്ഞാൽ 100 വയസ് പൂർത്തിയാകും. 96 ാം പിറന്നാൾ അദ്ദേഹം ഇടവയിലെ വീട്ടിൽ വച്ച് വലിയൊരു സ്നേഹ വലയത്തിനു നടുവിൽ ആഘോഷിച്ചു. ജി.കെ. പിള്ള പുത്രനെപ്പോലെ സ്നേഹിച്ചയാളും പ്രശസ്ത നാടകകൃത്തും നടനും നാടക സംവിധായകനുമായിരുന്ന അന്തരിച്ച ചിറയിൻകീഴ് ആർ. മോഹൻദാസ് വർഷങ്ങൾക്കുമുമ്പ് എഴുതിയ ലേഖനം പുന:പ്രസിദ്ധീകരിക്കുന്നു**



പുരസ്കാരങ്ങൾക്ക് അരികിൽ ജി. കെ. പിള്ള

**ആർ. മോഹൻദാസ് ചിറയിൻകീഴ്**



"നമുക്ക് എന്തരു വേണം കേശവപിള്ളേ... എന്തരോ ആയിക്കൊണ്ട് പോട്ടെന്ന്..."

മലയാള സിനിമ തറവാട്ടിലെ കാരണവരായ തിക്കുറിശ്ശിയുടേതാണ് ഡയലോഗ്. ദീർഘകാലമായി സിനിമാരംഗത്ത് സഹയാത്രികനായ കേശവപിള്ളയുടെ 'ഡിസിപ്ലിൻ' ആണ് പ്രശ്നം. അതുകൊണ്ടുതന്നെ, നേരിൽ കാണുമ്പോഴൊക്കെ ആവർത്തിച്ചാവർത്തിച്ച് കേശവപിള്ളയ്ക്ക് തിക്കുറിശ്ശി നൽകുന്ന ഉപദേശത്തിന്റെ 'വൺ ലൈനാ'ണ് മുകളിൽ സൂചിപ്പിച്ച ഡയലോഗ്.

പക്ഷേ, 'എന്തരോ ആയിക്കൊണ്ട് പോട്ട്' എന്ന രീതിയോട് പൊരുത്തപ്പെടാൻ എന്തുകൊണ്ടോ എത്ര ശ്രമിച്ചിട്ടും ഈ എഴുപത്തിരണ്ടാം വയസിലും കേശവപിള്ളയ്ക്കു കഴിയുന്നില്ല. അവിടെയാണ് കോൺഫ്ളിക്ട്. പതിനൊന്നു വർഷക്കാലം പട്ടാളക്കാരനായിരുന്ന കേശവപിള്ളയ്ക്ക് സിനിമാക്കാരനായിട്ടും നാടകക്കാരനായിട്ടും രാഷ്ട്രീയക്കാരനായിട്ടും പട്ടാളത്തിൽ നിന്നു ലഭിച്ച പരിശീലനവും ചിട്ടയും മനസിൽ നിന്ന് മായിച്ചുകളയാൻ പറ്റാത്തതുകൊണ്ടാവാം ഇങ്ങനെ ആയിപ്പോയത്.

പട്ടാളത്തിൽ കൂടെയുണ്ടായിരുന്ന ഒരു തമിഴൻ എപ്പോഴും പറയുന്ന ഒരു 'തമിഴ് മൊഴി' ഇന്നും കേശവപിള്ളയുടെ മനസിൽ ഉണ്ട്. "ഇപ്പടിയും വാഴലാം... എപ്പടി ആനാലും വാഴലാം... ആനാൽ ഇപ്പടിത്താൻ വാഴ്വേൻ എന്റേത് പട്ടാള മുറൈ"

ആ പട്ടാളമുറയാണ് കേശവപിള്ള ഇന്നും മനസിന്റെ മണിച്ചെപ്പിൽ തുരുമ്പെടുക്കാതെ സൂക്ഷിച്ചിരിക്കുന്ന ഒരു അമൂല്യനിധി.

### വർഷങ്ങൾക്കു മുമ്പ്...

ആറ്റിങ്ങൽ പത്മശ്രീയുടെ ആദ്യ നാടകത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്ന സമയം. പ്രഫഷണൽ നാടക രംഗത്തെ പ്രമാണിമാരായ വക്കം ഷക്കീറും ചെറുന്നിയൂർ ജയപ്രസാദും ആറ്റിങ്ങൽ ജയചന്ദ്രനും ജഗന്നാഥനും ഒത്തൊരുമിച്ച് രംഗത്തും അണിയറയിലുമായി പ്രവർത്തിച്ച ഒരു നാടകമുണ്ട്, 'ഓപ്പറേഷൻ ബ്ലൂ സ്റ്റാർ.'

ഉപേന്ദ്രനാഥ് എന്ന കേണൽ സ്വന്തം താത്പര്യങ്ങൾക്കു വേണ്ടി സിക്ക് തീവ്രവാദികൾക്ക് രാജ്യത്തെ അടിയറ വയ്ക്കാൻ ശ്രമിക്കുന്നതും പിറന്ന നാടിന്റെ സ്വാതന്ത്ര്യവും അഖണ്ഡതയും ഭർത്താവിന്റെ ജീവനേക്കാൾ വലുതാണ് എന്നു കരുതുന്ന ഭാര്യയുടെ വെടിയേറ്റു മരിച്ചുവീഴുന്നതും മരിക്കുന്നതിനു മുമ്പ് താൻ ചെയ്തുപോയ തെറ്റിനെയോർത്ത് പശ്ചാത്തപിക്കുന്നതുമാണ് നാടകത്തിന്റെ പ്രമേയം.

നാടക ക്യാമ്പിൽ ചർച്ചകളും നടീനടന്മാരെക്കുറിച്ചുള്ള അന്വേഷണങ്ങളും തകൃതിയായി നടക്കുന്നു. നാടകത്തിൽ പ്രധാന കഥാപാത്രമായ കേണൽ ഉപേന്ദ്രനാഥിന്റെ വേഷം അവതരിപ്പിക്കുവാൻ പറ്റിയ തരത്തിൽ ശരീരവും ശാരീരവും ഒത്തിണങ്ങിയ ഒരു നടനെ വേണം. പലരും പലരുടെയും പേരുകൾ നിർദ്ദേശിച്ചു. നാടകം കളിക്കാൻ വേണ്ടി മുഖത്ത് ചായം പൂശുന്ന എ മുതൽ ഇസഡ് വരെയുള്ള പ്രമുഖരുടെ പേരുകൾ-വയറുപിഴപ്പിനു വേണ്ടി പുലിവേഷം കെട്ടുന്ന 'നമ:ശിവായം മജിസ്ട്രേറ്റു'മാർ വരെയുള്ള പേരുകൾ. അങ്ങനെ ചർച്ചകൾക്ക് നീളം കൂടുന്നു. പക്ഷേ, എന്തു ചെയ്യാം. "അത് ഇരുന്താൽ ഇത് ഇല്ലൈ... ഇത് ഇരുന്താൽ അത് ഇല്ലൈ" എന്ന് കവി കണ്ണദാസൻ തമിഴിൽ പാടിയ മാതിരി. ശരീരമുള്ളവന് ശാരീരമില്ല. ശാരീരമുള്ളവന് ശരീരമില്ല. രണ്ടും ഉള്ളവൻ വരാൻ തയാറുമില്ല. ഈ സാഹചര്യത്തിൽ എന്താ ചെയ്യുക? സൂര്യൻ ഉദിക്കുന്നു, അസ്തമിക്കുന്നു. അതുപോലെ ചർച്ചകൾ തുടങ്ങുന്നു അവസാനിക്കുന്നു. ഒടുവിൽ തീരുമാനിച്ചു. കാടിളക്കാൻ!

നാടകാചാര്യനായ എൻ എൻ പിള്ളയുടെ നാടകങ്ങളിൽ എല്ലാം കൂടി 450 ഓളം കഥാപാത്രങ്ങളുണ്ട്. ഈച്ച മുതൽ ഈശ്വരൻ വരെയുള്ളവർ അക്കൂട്ടത്തിൽ പെടും. കൂട്ടത്തിൽ ചക്കയും ആഞ്ഞിലിച്ചക്കയും ഉണ്ട്. അവകാശസ്ഥാപനത്തിനു കൊടിയും പിടിച്ച് ഈ കഥാപാത്രങ്ങളെയെല്ലാം രംഗത്ത് അവതരിപ്പിച്ചതാരാ? എൻ എൻ പിള്ളയും കുടുംബാംഗങ്ങളും.

അങ്ങനെ നോക്കുമ്പോൾ ഒരു നടനുവേണ്ടി എന്തിനാണ് കാടിളക്കുന്നത്? ഏതൊരു കിഴങ്ങനും 'കേണലാ'കാം. കേണലാണെന്നു പ്രേക്ഷകരെ ബോധ്യപ്പെടുത്താൻ കഴിയണം. അതു മതി. ഇവന്മാർക്ക് ഭ്രാന്താ... ശുദ്ധ ഭ്രാന്ത്..ഹാ...!

പിറ്റേ ദിവസവും സൂര്യൻ കിഴക്കു തന്നെ ഉദിച്ചു. ഒരു മാറ്റവുമില്ല. പടിഞ്ഞാറു തന്നെ അസ്തമിക്കാൻ തുടങ്ങുന്നു. അതിനും മാറ്റമില്ല. അപ്പോഴാണ് യുറേക്ക എന്നു വിളിച്ചുകൂവിയ ശാസ്ത്രജ്ഞനെ അനുസ്മരിപ്പിച്ചുകൊണ്ട് ഓടിക്കിതച്ച് ജോയിയുടെ വരവ്. ജോയി, അദ്ദേഹമാണ് പത്മശ്രീയുടെ ന്യൂക്ലിയസ്. സെക്രട്ടറിയെന്നോ നിർമ്മാതാവെന്നോ ഉടമസ്ഥനെന്നോ എന്ത് ഓമനപ്പേരിലും വിളിക്കാം.

കേണലിന്റെ വേഷം ചെയ്യാൻ പറ്റിയ ഏതോ തിമിംഗലം ജോയിയുടെ ചൂണ്ടയിൽ കൊത്തി എന്ന് വരവു കണ്ടപ്പോൾ തന്നെ ക്യാമ്പിലുണ്ടായിരുന്നവർക്ക് തോന്നി.

"കിട്ടിയോ?"

"ഊം"

"ആരാ?"

ജിജ്ഞാസ എവറസ്റ്റോളം എത്തി. ഓടിക്കിതച്ചുവന്ന ജോയിക്ക് ശ്വാസം നേരെ നിന്നിട്ടുവേണ്ടെ എല്ലാം തെളിച്ചുപറയാൻ. വല്ല വിധേനയും പറഞ്ഞൊപ്പിച്ചു.

"പിള്ളച്ചേട്ടൻ"

ഹാ..വീണ്ടും സസ്പെൻസ്! നാടകരംഗത്ത് പിള്ളമാർ ഒന്നും രണ്ടുമല്ല, നിരവധിയുണ്ട്. അതിൽ ഏതു പിള്ള? എവിടുത്തെ പിള്ള? ആരു പെറ്റ പിള്ളയാ?

"പിള്ളച്ചേട്ടൻ, ജി കെ പിള്ളച്ചേട്ടൻ"

നമ്മുടെ കഥാനായകനായ കേശവപിള്ള ഒരിക്കൽ നാടുവിട്ടു. ഇന്നത്തെ എട്ടാം ക്ലാസായ തേഡ് ഫോമിൽ പഠിക്കുമ്പോൾ. പരീക്ഷയിൽ തോറ്റതുകൊണ്ടോ, വീട്ടിലെ പ്രാരാബ്ധം കൊണ്ടോ നാടുചുറ്റിക്കാണാനുള്ള കൊതി കൊണ്ടോ അല്ല. സ്വാതന്ത്ര്യ സമരം കൊടുമ്പിരികൊണ്ടിരിക്കുന്ന സമയം.

"പോരുവിൻ പോരുവിൻ സോദരേ-
പോരിന്നായ് പോരുവിൻ
അക്രമരാഹിത്യമാണ് നമ്മൾ
കൈക്കൊണ്ടിരിക്കുന്ന വജ്രായുധം" എന്ന പാട്ടുപാടി കേശവപിള്ളയും കൂട്ടുകാരും സ്വാതന്ത്ര്യ സമരത്തിൽ പങ്കാളികളാകുന്നു. തുടർച്ചയായി കലാപരിപാടി നടന്നുവരവെ ഒരു ദിവസം എവിടെ നിന്നോ പൊലീസ് പ്രത്യക്ഷപ്പെട്ട കാര്യം പിള്ളയ്ക്കിന്നും ഓർമ്മയുണ്ട്.

മുണ്ടഴിച്ച് തലയിൽ കെട്ടിയതും ഹൈ സ്പീഡും ഹർഡിൽസും ഹൈജമ്പും ഒരുമിച്ച് പ്രാക്ടീസ് ചെയ്തതും ഫ്ലാഷ് ബാക്കിലുണ്ട്. പകൽമുഴുവൻ ഒളിച്ചുനടന്നിട്ട്, ഊടുവഴികൾ പിന്നിട്ട് രാത്രി വീട്ടിൽ എത്തിയപ്പോൾ അറിഞ്ഞു കേശവപിള്ളയുടെ സുഖവിവരങ്ങൾ അന്വേഷിച്ച് വീട്ടിലും പൊലീസ് എത്തിയെന്ന്. അമ്മയോട് കുശലങ്ങൾ ചോദിച്ച ശേഷം ഒത്തിരി 'പര്യായങ്ങളും' 'ഇടംപേരുകളും' 'ഇരട്ടപ്പേരുകളും' വിളിച്ചു കൂവിയിട്ടാണ് അവർ പിരിഞ്ഞതെന്ന് ഒരു അയൽവക്കത്തുകാരൻ പറഞ്ഞറിഞ്ഞു.



**നമുക്ക് എന്തരു വേണം, കേശവ പിള്ള എന്തരോ ആയിക്കൊണ്ട് പോട്ടെന്ന്**

വടക്കൻപാട്ടിലെ വീരനായകന്മാരെപ്പോലെ രക്തത്തിന്റെ ടെമ്പറേച്ചർ ഉയർന്ന സെന്റിഗ്രേഡിൽ എത്തിയെങ്കിലും ജയിലറയിലെ ഗോതമ്പുണ്ടയെക്കുറിച്ചും ചട്ടിയിൽ മൂത്രം ഒഴിച്ചിട്ട് അതിന്റെ മുന്നിൽ കിടന്നുറങ്ങുന്നതിന്റെ സുഖത്തെക്കുറിച്ചും ആലോചിച്ചപ്പോൾ അമ്മയുടെ മിച്ച സമ്പാദ്യം സൂക്ഷിക്കുന്ന കാശ് കുടുക്കയിൽ ഈർക്കിൽ കൊണ്ട് കുത്തിയപ്പോൾ പുറത്തുവീണുകിട്ടിയ ഒന്നര ചക്രവും കൊണ്ട് ഊരുചുറ്റാനാണ് പിള്ളയ്ക്ക് മനസിൽ തോന്നിയത്.

നേരെ പോയത് ചിറയിൻകീഴിൽ നിന്ന് തിരുവനന്തപുരത്തേക്കും അവിടെ നിന്ന് തിരിച്ചും ഷട്ടിൽ സർവീസ് നടത്തുന്ന കെട്ടുവള്ളങ്ങൾ പാർക്ക് ചെയ്യുന്ന യാർഡിലേക്കാണ്. അന്ന് തിരുവനന്തപുരം വരെയുള്ള യാത്രയ്ക്ക് രണ്ടു ചക്രമാണ്. പിള്ളയുടെ കൈയിലുള്ളത് വെറും ഒന്നര ചക്രം. ഒടുവിൽ ഒരു വള്ളക്കാരനെ മണിയടിച്ച് അകത്തുകടന്ന് ഒരു മൂലയിൽ ചുരുണ്ടു.

യാത്ര തുടങ്ങി ഏകദേശം ഒന്നര ദിവസം കഴിഞ്ഞപ്പോൾ ആ യാനം തിരുവനന്തപുരത്തെ വള്ളക്കടവിൽ എത്തി. കെട്ടുവള്ളത്തിൽ നിന്നും കരയിൽ എത്തിയപ്പോൾ എന്തു ചെയ്യണമെന്നോ എങ്ങോട്ടുപോകണമെന്നോ ഒരു രൂപവുമില്ല.

ചിറയിൻകീഴിലെ പ്രസിദ്ധമായ ശാർക്കര ദേവീക്ഷേത്രത്തിലെ സ്ഥിരം ഭക്തനായ കേശവപിള്ള, ദേവിയെ മനസിൽ ധ്യാനിച്ചുകൊണ്ട് ഒരു ലക്ഷ്യവുമില്ലാതെ മുന്നോട്ടുനടന്നു. നടന്നുനടന്ന് തമ്പാനൂർ ഓവർ ബ്രിഡ്ജിൽ എത്തിയപ്പോൾ തൊട്ടടുത്ത സ്കൂളിനു മുന്നിൽ കുറെ ആളുകൾ കൂട്ടംകൂടി നിൽക്കുന്നു. അന്വേഷണത്തിൽ അറിഞ്ഞു, പട്ടാളത്തിലേക്ക് റിക്രൂട്ട്മെന്റ് നടന്നുകൊണ്ടിരിക്കുന്നു. പിന്നെ ഒന്നും ആലോചിക്കാതെ. ഒട്ടും ചിന്തിക്കാതെ ക്യൂവിൽ സ്ഥാനം പിടിച്ചു. ചില ദേഹപരിശോധനളും ചില ടെസ്റ്റുകളുമൊക്കെ കഴിഞ്ഞ് പട്ടാളക്കാരുടെ വണ്ടിയിലേക്കു കയറ്റിയപ്പോഴാണ് പിള്ളയ്ക്ക് സത്യം ബോധ്യമായത്, വണ്ടി നേരെ പോകുന്നത് കോയമ്പത്തൂരിലേക്കാണ്. തന്നെയും ഒരു പട്ടാളക്കാരനായി അംഗീകരിച്ചിരിക്കുന്നു.

എല്ലാ ആപൽഘട്ടങ്ങളിലും ശാർക്കര ദേവി തന്നോടൊപ്പമുണ്ടെന്ന് ജി കെ പിള്ള ഇന്നും വിശ്വസിക്കുന്നത്, ഇതുപോലെ ഒരുപാട് അനുഭവങ്ങൾ മനസിൽ ഉള്ളതു കൊണ്ടാണ്. അതുകൊണ്ടുതന്നെ, എപ്പോഴും തല ഉയർത്തിപ്പിടിച്ചുനടക്കുന്ന പിള്ള തല കുമ്പിട്ടുനിൽക്കുന്ന ഒരേയൊരു സ്ഥലം ശാർക്കര ദേവീക്ഷേത്ര സന്നിധിയാണെന്ന് അദ്ദേഹത്തെ അടുത്തറിയാവുന്ന എല്ലാപേർക്കും അറിയാം.

അതുകൊണ്ടാണല്ലോ, കൊച്ചിയിൽ നിന്നും പുറത്തിറങ്ങിയ ഒരു പത്രത്തിൽ സിനിമയിൽ അഭിനയിക്കാൻ പുതുമുഖങ്ങളെ ക്ഷണിച്ച പരസ്യം പട്ടാള ക്യാമ്പിൽ വച്ച് ശ്രദ്ധയിൽപ്പെടാനും പരസ്യത്തിൽ കണ്ട മേൽവിലാസത്തിൽ കത്തയ്ക്കാനും കത്തിനു മറുപടിയായി ടെലിഗ്രാം വരാനും പട്ടാളമേധാവികളുടെ അനുമതി കൂടാതെ ക്യാമ്പ് വിടാനും മനസിൽ തോന്നിയത്.

സ്നേഹസീമ, കൂടെപ്പിറപ്പ്, ഹരിശ്ചന്ദ്ര, മന്ത്രവാദി, നായരുപിടിച്ച പുലിവാല് തുടങ്ങിയ എത്രയെത്ര പടങ്ങളിൽ എത്രയെത്ര വേഷങ്ങൾ. മിക്കതിലും വില്ലൻ വേഷങ്ങൾ ആയതുകൊണ്ടാകാം ദൂരെ നിന്നു നോക്കിക്കാണുന്ന ഒരാളിന് പിള്ളയെക്കുറിച്ച് വളരെ മോശമായ ഒരു ചിത്രം മനസിൽ പതിയുന്നത്.

പട്ടാളക്കാരന്റെയും നാടകക്കാരന്റെയും സിനിമാക്കാരന്റെയും നാടകമുതലാളിയുടെയും വേഷങ്ങൾക്കു പുറമെ മറ്റൊരു വേഷം കൂടി പിള്ളയ്ക്കുണ്ട്. രാഷ്ട്രീയക്കാരന്റെ വേഷം. 1953 മുതൽ കോൺഗ്രസിൽ പ്രവർത്തിക്കുന്നു. ഇന്നും കോൺഗ്രസുകാരൻ തന്നെ. കേരള പ്രദേശ് എക്സ് സർവീസ് മെൻസ് കോൺഗ്രസ് കമ്മിറ്റിയുടെ പ്രസിഡന്റായിരുന്ന പിള്ള ഭരണം കയ്യിലുണ്ടായിരുന്ന കാലത്ത് ആരുടെയും പുറകെ ഒരു സ്ഥാനത്തിനുവേണ്ടിയും പോയിട്ടില്ല. എള്ള് ഉണങ്ങിയാൽ എണ്ണ കിട്ടും. ഞാൻ ഉണങ്ങിയാൽ എനിക്കെന്തു കിട്ടും, എന്നു മാത്രം അന്വേഷിച്ചുനടക്കുന്ന രാഷ്ട്രീയ ഭിക്ഷാംദേഹികളുടെ നടുവിൽ ജി കെ പിള്ള എന്ന രാഷ്ട്രീയക്കാരൻ ഒരു ഒറ്റയാനായി നിൽക്കുന്നു.

"നമുക്ക് എന്തരു വേണം, കേശവപിള്ള എന്തരോ ആയിക്കൊണ്ട് പോട്ടെന്ന്," എന്ന തിക്കുറിശ്ശിയുടെ ഡയലോഗ് ജീവിതവ്രതമാക്കിയിരുന്നെങ്കിൽ കേശവപിള്ള എന്ന ജി. കെ. പിള്ളയിൽ നിന്ന് നമുക്ക് കൂടുതൽ കഥാപാത്രങ്ങളെ കിട്ടുമായിരുന്നു.■


# പിശാചിന്റെ വക്കീൽ

## പറയാത്ത കഥ

ഒരു മാധ്യമ പ്രവർത്തകന്റെ ധീരമായ നിലപാടുകളാണ് കരൺ ഥാപ്പറിന്റെ പിശാചിന്റെ വക്കീൽ, പറയാത്ത കഥ എന്ന പുസ്തകത്തിന്റെ ഉള്ളടക്കം

**വി.കെ.ബാബു പ്രകാശ്**


പ്രശസ്ത ടെലിവിഷൻ മാധ്യമ പ്രവർത്തകനും ബി.ബി.സിയിൽ ഹാർഡ് ടോക്ക് ഇന്ത്യ, എന്ന സ്ഥിരം അഭിമുഖങ്ങൾ, സി.എൻ.എൻ–ഐ.ബി.എൻ ടെലിവിഷനിൽ പിശാചിന്റെ വക്കീൽ എന്ന പരിപാടികൾ ചെയ്ത് പ്രശസ്തനായ കരൺ ഥാപ്പറിന്റെ ആദ്യ പുസ്തകമാണ് പിശാചിന്റെ വക്കീൽ, പറയാത്ത കഥ.




ഹാർപ്പർ കോളിൻസ് ഇൻഡ്യയാണ് പുസ്തം 2018–ൽ പ്രസിദ്ധികരിച്ച് വിൽപ്പന നടത്തുന്നത്. ഒരു മാധ്യമ പ്രവർത്തകന്റെ ഇൻർവ്യു അനുഭവങ്ങളാണ് വായനക്കാരനെ രസിപ്പിക്കുന്ന വിധത്തിൽ കരൺ ഥാപ്പർ ഈ പുസ്തകത്തിൽ അനാവരണം ചെയ്തിട്ടുള്ളത്. ഇൻഡ്യൻ ആർമിയിലെ ഒരു സീനിയർ ജനറലും പിന്നീട് അഫ്ഗാനിസ്ഥാനിൽ അംബാസഡറുമായിരുന്നു കരണിന്റെ പിതാവ്. കരൺ സ്കൂൾ വിദ്യാഭ്യാസം പ്രശസ്തമായ ഡറാഡൂണിലെ ഡൂൺ സ്കൂളിലായിരുന്നു പൂർത്തിയാക്കിയത്. കോളേജ് വിദ്യാഭ്യാസം ഇംഗ്ലണ്ടിലെ കേംബ്രിഡ്ജിലെ പെംബ്രോക്ക് കോളേജിലും. കേംബ്രിഡ്ജിലെ, കേംബ്രിഡ്ജ് ഡിബേറ്റിംഗ് സൊസൈറ്റിയിൽ അംഗമായതാണ് തന്റെ കഴിവുകൾ വികസിക്കാൻ ലഭിച്ച സുവർണാവസരമെന്ന് കരൺ എഴുതുന്നു. ജവഹർലാൽ നെഹറു കേംബ്രിഡ്ജ് പഠനകാലത്ത് ഈ സൊസൈറ്റിയിൽ അംഗമായിരുന്നു. പിന്നീട് മോഹൻ കുമാരമംഗലവും സൊസൈറ്റിയിൽ അംഗമായിരുന്നു.

ഡിബേറ്റുകളിൽ പങ്കെടുത്ത് അനവധി സമ്മാനങ്ങൾ നേടിയ കരൺ ക്രമേണ ക്യാമ്പസിൽ പ്രശസ്തനായി. കേംബ്രിഡ്ജിലെ സൊസൈറ്റി പോലെ പ്രധാനപ്പെട്ട ഡിബേറ്റിംഗ് സൊസൈറ്റിയായിരുന്നു ഓക്സ്ഫോർഡിലെ യുണിയൻ സൊസൈറ്റി. ഓക്സ്ഫോർഡ് സൊസൈറ്റി പ്രസിഡന്റ് പാകിസ്താൻ പ്രധാനമന്ത്രിയായിരുന്ന സുൽഫിക്കർ അലിഭൂട്ടോയുടെ മകൾ ബേനസിർ ഭൂട്ടോയായിരുന്നു. ബേനസിറുമായി പിന്നീട് വലിയ സൗഹൃദം കരൺ പങ്കുവയ്ക്കുന്നുണ്ട്. കാലങ്ങൾ ഏറെ കഴിഞ്ഞ് ബേനസിർ പാകിസ്താൻ പ്രധാനമന്ത്രിയായതും പിന്നീട് പാകിസ്താനിൽ നിന്ന് പുറത്താക്കപ്പെട്ട് ഇംഗ്ലണ്ടിൽ അഭയം പ്രാപിച്ചതും തദവസരത്തിൽ ബേനസിറിനെ ഇന്റർവ്യു ചെയ്യാൻ കഴിഞ്ഞതും കരൺ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്.

കരണിന്റെ മറ്റൊരു സുഹൃത്തായിരുന്നു ബർമ്മയിലെ (ഇപ്പോഴത്തെ മ്യാൻമർ) മനുഷ്യാവകാശ പ്രവർത്തകയും ഇപ്പോൾ മ്യാൻമർ പ്രധാനമന്ത്രിയുമായ അംഗ്സൻ സുയിക്കി. അംഗ്സന്റെ മാതാവ് ഇന്ത്യയിലെ ബർമ്മിസ് അംബാസഡറായ സമയം അംഗ്സൻ ഡൽഹിയിലെ ലേഡി ശ്രീറാം കോളേജിൽ ബിരുദ വിദ്യാർഥിയായിരുന്നു. കരണിന്റെ പുസ്തകത്തിൽ രാജിവ് ഗാന്ധിയുമായുള്ള ദീർഘകാല സൗഹൃദവും അതിലുടെ രാജീവ് എന്ന മാന്യനായ രാഷ്ട്രീയക്കാരന്റെ വ്യക്തിത്വം മനസിലാക്കാൻ കഴിഞ്ഞതും ഇൻഡ്യയ്ക്ക് ഏറ്റവും അനുയോജ്യനായ പ്രധാനമന്ത്രി രാജിവ് ഗാന്ധി ആയിരുന്നു എന്നും കരൺ വിശദമായി പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. പുസ്തകത്തിൽ പ്രധാനമായും എൽ.കെ.അദ്വാനി, അമിതാഭ് ബച്ചൻ, കപിൽ ദേവ് തുടങ്ങിയവരെ ഇന്റർവ്യു ചെയ്ത കാര്യം വിവരിക്കുണ്ട്. അതിൽ അമിതാഭുമായുള്ള ഇന്റർവ്യുവിൽ ക്ഷുഭിതനായി അമിതാഭ് തട്ടികയറുന്നുണ്ട്. 1990–ൽ ദൂരദർശന്റെ ദൃക്സാക്ഷി എന്ന പരിപാടിയിൽ എൽ.കെ. അദ്വാനിയെ ഇന്റർവ്യു ചെയ്തതും ഇതേ പോലെ അവസാനിച്ചു. ഇന്റർവ്യു ടെലികാസ്റ്റ് ചെയ്തത് അദ്വാനി കണ്ടിരുന്നില്ല. ഇന്റർവ്യുവിൽ അരോചകമായ ഒരു ചോദ്യവും താൻ ചോദിച്ചിരുന്നില്ല എന്ന് കരൺ പറയുന്നു. എന്നാൽ ആരോ അദ്വാനിയോട് ഇന്റർവ്യൂവിൽ അദ്ദേഹത്തെ മോശമായി ചിത്രികരിച്ചതായി നുണ പറഞ്ഞുകൊടുത്തു. ഇന്റർവ്യു കാണുക പോലും ചെയ്യാതെ അദ്വാനി കരണിനെ വിളിച്ച് തന്റെ പ്രതിഷേധം അറിയിച്ചു. എന്നാൽ ഇന്റർവ്യൂവിന്റെ ടേപ്പ് നൽകിയ കരൺ അതൊന്നു കാണുവാൻ അദ്വാനിയോട് അഭ്യർത്ഥിച്ചു . ഇന്റർവ്യു കണ്ടശേഷം അദ്വാനിയുടെ അഭിപ്രായം മാറുകയാണ് ചെയ്തത്. പിന്നീട് 1998–ൽ മറ്റൊരു ഇന്റർവ്യുവിൽ കരണിന്റെ ഒരു ചോദ്യം അദ്വാനിയെ പ്രകോപിച്ചു. ഇന്റർവ്യൂ മുഴുമിപ്പിക്കാതെ ഇറങ്ങി പോയ അദ്വാനി പിന്നീട് തിരികെവന്ന് മാപ്പ് പറഞ്ഞ് ഇന്റർവ്യൂ പൂർത്തിയാക്കി. 2000–ൽ ഇൻഡ്യൻ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ കപിൽ ദേവുമായുള്ള ഇന്റർവ്യൂവും രസകരമായരുന്നു. ഇന്റർവ്യുവിനൊടുവിൽ കപിൽ ദേവ് പൊട്ടികരയുകയും കരയുന്ന കപിലിന്റെ മുഖം അനവധി തവണ ബി.ബി.സി. ടെലിവിഷൻ പ്രേക്ഷകരെ കാണിക്കുകയും ചെയ്തത് ഈ അവസരത്തിൽ ഓർത്തുപോകുന്നു. ബി.ബി.സിയുടെ മുഖാമുഖം എന്ന മൃദുവായ ഇന്റർവ്യൂ പരിപാടിക്കായാണ് കരൺ കപിലിനെ സമീപിക്കുന്നത്. കപിലിനെ ഇന്റർവ്യു ചെയ്യുന്നതിന് തൊട്ടുമുമ്പ് കപിലിനെതിരെ വലിയ ഒരു ആരോപണം മാധ്യമങ്ങൾ പുറത്ത് വിട്ടിരുന്നു. ഇൻഡ്യൻ ടീം തോറ്റു കൊടുക്കുന്നതിനായി 25 ലക്ഷം രൂപ വാതുവെപ്പുകാരിൽ നിന്ന് കപിൽ ദേവ് കൈപ്പറ്റി എന്നായിരുന്നു വാർത്ത. ഇന്റർവ്യുവിന് സമ്മതിച്ച കപിൽ പക്ഷേ കരൺ തന്നെ ബി. ബി. സി യുടെ ഹാർഡ് ടോക്ക് ഇൻഡ്യ എന്ന പരിപാടിക്കായി ഇന്റർവ്യു ചെയ്യണമെന്നാണ് ആവശ്യപ്പെട്ടത്. കരൺ കപിലിനോട് അതിന്റെ വരുംവരായ്കകൾ സൂചിപ്പിച്ചെങ്കിലും കപിൽ നിർബന്ധിച്ചതിനാൽ കരൺ സമ്മതിക്കുകയും ചെയ്തു. ഒട്ടും മയമില്ലാതെ ആ ദൗത്യം ഏറ്റെടുത്ത് ക്രിക്കറ്റ് കോഴ സംബന്ധിച്ച വെടിയുണ്ടകൾ പോലുള്ള ചോദ്യങ്ങൾക്ക് മുന്നിൽ പതറിപ്പോയ കപിൽ കൊച്ചു കുട്ടിയെപ്പോലെ കാമറയ്ക്ക് മുന്നിൽ പൊട്ടികരയുകയാണ് ചെയ്തത്. ലൈവ് ടെലികാസ്റ്റ് ആയതിനാൽ ഇടയ്ക്ക് വച്ച് ഓഫ് ചെയ്യുവാൻ സാധ്യമായിരുന്നില്ല. ഇത്രയും നിർമ്മലനായ ഒരു മനുഷ്യനെ ലോകത്തിന് മുന്നിൽ ഇത്തരത്തിൽ ഇന്റർവ്യു ചെയ്തതിൽ കരണിന്റെ വിഷമവും പുസ്തകത്തിൽ രേഖപ്പെടുത്തുന്നു.



കരൺ ഥാപ്പർ

കരണിന്റെ മാധ്യമ ജിവിതത്തിൽ പക്ഷേ രണ്ട് വ്യക്തികളെ ഇന്റർവ്യു ചെയ്തതാണ് ഏറ്റവും പ്രധാനമായി പുസ്തകത്തിൽ രേഖപ്പെടുത്തുന്നത്. പ്രസ്തുത ഇന്റർവ്യുകൾ തന്റെ വ്യക്തി ജീവിതത്തെ തകിടം മറിച്ചതായി കരൺ വ്യക്തമാക്കുന്നു. 2004–ൽ തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന ജയലളിതയുമായും 2007–ൽ രണ്ടാം തവണ ഗുജറാത്ത് മുഖ്യമന്ത്രിയാവാൻ തെരഞ്ഞടുപ്പ് നേരിട്ട നരേന്ദ്ര മോദിയുമായുള്ള ഇന്റർവ്യുവിന്റെ വിവരങ്ങളാണവ. 2004–ൽ ജയലളിതയുമായുള്ള ഇന്റർവ്യുവിന് അവർ ആദ്യമൊന്നും സമ്മതം നൽകിയിരുന്നില്ല. കുറെ നാളത്തെ പ്രയത്നത്തിനുശേഷം ഒടുവിൽ 2004–ൽ ആണ് ജയലളിത സമ്മതം മൂളുന്നത്. എന്നാൽ ഒരു വ്യവസ്ഥ ജയലളിത മുന്നോട്ടുവച്ചു. മുൻകൂർ എഴുതി തയ്യാറാക്കി ചോദ്യങ്ങൾ നൽകണം. അതിൽ നിന്ന് വ്യത്യസ്തമായി ഒന്നും ചോദിക്കരുത്. ബി.ബി.സിയുടെ ഹാർഡ് ടോക്ക് ഇന്ത്യ എന്ന പരിപാടിക്കായാണ് ഇന്റർവ്യു ചെയ്തത്. തുടക്കം മുതൽ തന്നെ ഇന്റർവ്യു ചെയ്യുന്ന ആളും ഇന്റർവ്യു ചെയ്യപ്പെടുന്ന ജയലളിതയും തമ്മിൽ മാനസിക അകൽച്ച പ്രകടമായിരുന്നു. എന്തോ തന്നോട് അകാരണമായ ഒരു വെറുപ്പ് ജയലളിതയുടെ മുഖത്ത് പ്രതിഫലിച്ചിരുന്നതായി കരൺ രേഖപ്പെടുത്തുന്നു. ലളിതമായ പരിചയപ്പെടുത്തലിനുശേഷം ആദ്യചോദ്യം തന്നെ ജയലളിതയെ പ്രകോപിപ്പിച്ചു. ജയലളിതയുടെ വ്യക്തിത്വം വൈരുധ്യം നിറഞ്ഞതാണെന്നും പലപ്പോഴും ജനാധിപത്യവിരുദ്ധവും, അവിശ്വസനീയവും, നിരുത്തരവാദപരവുമായാണ് അവർ പെരുമാറുന്നതെന്നും ഉദാഹരണ സഹിതം കരൺ ചോദിച്ചപ്പോൾ ദേഷ്യം കടിച്ചുപിടിച്ചുള്ള ജയലളിതയുടെ മറുപടി കരണിനെ വിറപ്പിച്ചകളഞ്ഞു . കരുണാനിധി എന്ന വയോധികനെ രാത്രിയുടെ അന്ത്യയാമത്തിൽ അറസ്റ്റ് ചെയ്ത് ജയിലിലടച്ച രീതിയെക്കുറിച്ച് ചോദിച്ചപ്പോൾ ജയലളിത തന്റെ ക്ഷോഭം മറച്ചുവയ്ക്കാൻ നന്നേ പാടുപെടുന്നുണ്ടായിരുന്നു. ഒടുവിൽ ഇന്റർവ്യു പൂർത്തിയാക്കി കൈ കൊടുക്കാൻ കരൺ ശ്രമിച്ചപ്പോൾ അതിനുതുനിയാതെ ഈ ഇന്റർവ്യു ഒട്ടും സന്തോഷകരമായിരുന്നില്ല എന്ന് പറഞ്ഞുകൊണ്ട് ജയലളിത പോകുകയാണ് ചെയ്തത്. പിന്നീട് മൂന്നു വർഷത്തിനുശേഷം ഡൽഹിയിൽ ദേശിയോത്ഗ്രഥന സമ്മേളനത്തിൽ പങ്കെടുക്കവേ കരൺ ഒറിസ്സ ാ മുഖ്യമന്ത്രി നവിൻ പാട്നായ്ക്കുമായി സംസരിക്കവേ അപ്രതീക്ഷിതമായി ജയലളിത അവിടേക്ക് കടന്നുവന്നു. ഒഴിഞ്ഞുമാറാൻ ശ്രമിച്ച കരണിനെ അങ്ങോട്ട് ചെന്ന് കൈ കൊടുത്ത് ഊഷ്മളമായി ജയലളിത പെരുമാറിയെന്നും അത് തന്നെ അമ്പരപ്പിച്ചതായും കരൺ രേഖപ്പെടുത്തു. താൻ അത്ര കൂരയൊന്നും അല്ലെന്ന് തമാശ രൂപേണ ജയലളിത കരണിനോട് പറയുകയും ചെയ്തു. പിന്നീട് ജയലളിതയുടെ മരണശേഷം ഈ ഇന്റർവ്യു യുട്യൂബിൽ വൈറൽ ആവുകയും ചെയ്തു.

എന്നാൽ 2007–ൽ നരേന്ദ്രമോദിയുമായുള്ള ഇന്റർവ്യു ആണ് തനിക്ക് ഏറ്റവും പ്രയാസകരമായ അനുഭവം സമ്മാനിച്ചത് എന്ന് കരൺ രേഖപ്പെടുത്തുന്നു. 2002 –ലെ ഗുജറാത്തിലെ ഗോധ്റ കലാപത്തിൽ അനവധി മുസ്ലിങ്ങൾ മരണപ്പെട്ടതിനെപ്പറ്റി ഇന്റർവ്യുവിൽ ചോദി ക്കാതിരിക്കാൻ കരണിന് കഴിഞ്ഞില്ല. എന്നാൽ ഇന്റർവ്യു തുടങ്ങി മൂന്ന് മിനിറ്റിനകം ഇന്റർവ്യു അവസാനിപ്പിച്ച് മോദി ക്ഷുഭിതനായി ഇറങ്ങി പോകുകയാണ് ചെയ്തത്. എന്നാൽ പിന്നീട് എത്ര ശ്രമിച്ചിട്ടും മോദിയെ കാണാൻ അവസരം നിഷേധിക്കുകയാണ് ചെയ്തത്. 2018–ൽ ഈ പുസ്തകം രചിക്കുമ്പോൾ മോദിയുമായി കണ്ടുമുട്ടാൻ ശ്രമിച്ചപ്പോൾ അവസരങ്ങളെല്ലാം നിഷേധിക്കുകയാണ് ഉണ്ടായത് എന്ന് കരൺ എഴുതുന്നു. തന്റെ സുഹൃത്തായ അരുൺ ജയ്റ്റിലിയുമായുള്ള ഒരു ഇന്റർവ്യു പോലും ഈ പശ്ചാത്തലത്തിൽ ജയ്റ്റിലി റദ്ദാക്കിയെന്നും, നിർമ്മല സീതാരാമൻ, അമിത്ഷാ തുടങ്ങിയവർ താനുമായി അകലം പാലിച്ചുവെന്നും, ബി.ജെ.പി. ജനറൽ സെക്രട്ടറി റാം മാധവ് മാത്രം ഇന്റർവ്യുവിന് സമ്മതം നൽകി എന്നും കരൺ ഖേദപൂർവം തുടരുന്നു. എന്നാൽ നരേന്ദ്ര മോദി തന്നോട് പൊറുത്തിട്ടില്ല എന്നും ഇപ്പോഴും അദ്ദേഹത്തിന്റെ മനസിൽ തന്നെക്കുറിച്ച് വെറുപ്പാണ് നിലനിൽക്കുന്നതെന്നും ദു:ഖപൂർവം സ്മരിച്ചു കൊണ്ട് കരൺ പുസ്തകം അവസാനിപ്പിക്കുന്നു.

ഒരു മാധ്യമ പ്രവർത്തകന്റെ ധീരമായ നിലപാടുകളാണ് പിശാചിന്റെ വക്കീൽ പറയാത്ത കഥ എന്ന പുസ്തകത്തിന്റെ ഉള്ളടക്കം. എത്ര വലിയ നേതാവായാലും അവരെ നാം അടുത്ത് കാണുമ്പോഴും ഇടപെടുമ്പോഴും അവരൊക്കെ സാധാരണ മനുഷ്യരെപ്പോലെയാവും ചിലപ്പോൾ പെരുമാറുക. ആകാശത്തിലെ നക്ഷത്രം വിദൂരതയിൽ തിളക്കമാർന്നതും യാതൊരു കളങ്കവുമില്ലാതെ കാണപ്പെടുമെങ്കിലും അടുത്ത് ചെല്ലുമ്പോൾ ആണ് നക്ഷത്രങ്ങളുടെ യഥാർത്ഥ ചിത്രം വെളിവാകുക എന്നത് നേതാക്കളെയും ബാധിക്കുന്ന പൂരകമാണ് എന്നും കരൺ വ്യംഗ്യന്തരേണ ഈ പുസ്തകത്തിൽ വ്യക്തമാക്കുന്നു.



കഥ

# യാത്ര

**സനീഷ് ചേന്നര**

തീവണ്ടി മുറിയിൽ എല്ലാ വെളിച്ചവും അണഞ്ഞു കഴിഞ്ഞിരുന്നു. ആ യുവതിയുടെ അഞ്ചും ആറും വയസുള്ള ആൺകുട്ടികളിലൊരാൾ ഏറ്റവും മുകളിലെ ബർത്തിലും ഒരാൾ താഴെയും കിടന്നുറങ്ങിയിട്ട് സമയം ഏറെയായി. ജനൽ കമ്പികൾക്കിടയിലൂടെ വിദൂരതയിലേക്ക് നോക്കി അവളും ആ തീവണ്ടി ശബ്ദങ്ങളോടൊപ്പം ഉറങ്ങാതെ രാവിന് കൂട്ടിരുന്നു. ജാലകത്തിനുള്ളിലൂടെ കടന്നുവന്ന പാലക്കാടൻ കാറ്റിന് ഡിസംബറിലെ മഞ്ഞു കണങ്ങളുടെ രുചിയായിരുന്നു. ആ തണുത്ത കാറ്റിനൊപ്പം ഏഴു വർഷങ്ങൾക്ക് മുമ്പ് സേലത്തേക്കുള്ള ആദ്യ തീവണ്ടി യാത്രയിലെ മനോഹരമായ കാഴ്ചകൾ അവളുടെ മനസിലേക്ക് ഒരു പാസഞ്ചർ വണ്ടി കണക്കെ വന്നുനിന്നു.

വിളവെടുത്ത വിശാലമായ വയലുകൾ. അതിന്റെ ഓരങ്ങളിൽ വീടുകൾ. കണ്ണെത്താ ദൂരത്തോളം പരന്നു കിടക്കുന്ന പാടങ്ങൾ. അവക്ക് നടുവിൽ തണലുപെയ്യുന്ന ഒറ്റപ്പെട്ട മരങ്ങൾ. അന്നം തേടി പറക്കുന്ന വെളുത്ത കൊറ്റികൾ. നീണ്ട ഒറ്റയടി പാതയിലൂടെ കുട ചൂടി പോകുന്ന പത്രാസുകാരി പെണ്ണുങ്ങൾ. അന്നവൾ കാഴ്ചകളിൽ മതിമറന്ന് ആശ്ചര്യത്തോടെ തീവണ്ടി ജാലകത്തിന് വെളിയിലേക്ക് തന്നെ നോക്കിയിരുന്നു. ആ യാത്ര അവസാനിക്കരുതേയെന്ന് പ്രാർത്ഥിക്കുകയുമുണ്ടായി. അവളുടെ ഭർത്താവ് അവൾക്കരികിൽ ചേർന്നിരുന്ന് തമിഴ് കലർന്ന മലയാളത്തിൽ കൊഞ്ചുകയും മനോവിചാരങ്ങളെ അലോസരപ്പെടുത്തുകയുമുണ്ടായി. പേടിയും അപരിചിതത്വവും നിറഞ്ഞ ചേഷ്ടകളോടെ അനിഷ്ടം തോന്നാത്ത വിധം ആ ഇരുപത് വയസുകാരി നവവധു അയാളെ സുഖിപ്പിച്ചു.

എന്നാലിപ്പോൾ രാത്രിയാണ്. ജാലകത്തിന് വെളിയിൽ നരച്ച് നിറം മങ്ങിയ തുണി പോലെ ആകാശം നിവർന്ന് കിടക്കുന്നു. അമ്പിളിയമ്മാവന്റെ ഔദാര്യം പോലെ ഒരു നേർത്ത നിലാവെളിച്ചം പരന്നൊഴുകുന്നുണ്ട്. നക്ഷത്ര കുഞ്ഞുങ്ങൾ അതിൽ നീരാട്ട് നടത്തുന്നു. താരകങ്ങൾക്ക് താഴെ മേഘകീറുകൾ ഒറ്റക്കും കൂട്ടമായും സഞ്ചരിച്ച് നിലാവെളിച്ചത്തെ വിഴുങ്ങുകയും നക്ഷത്രങ്ങളെ മറക്കുകയും ചെയ്യുന്നു. ദൂരെ വയലുകൾക്കപ്പുറത്ത് കരിമ്പനകൾ ഒരു നിഴലു കണക്കെ കാണാമായിരുന്നു.

അവളുടെ മനസിലെ സ്മരണകളുടെ കുന്നിൻ ചരുവിലൂടെ ആരോ ചൂട്ടു പിടിച്ച് വരികയുണ്ടായി. അത് രവിയാണ്. ഖസാക്കിലെ ഇതിഹാസം. അവളും രവിക്ക് പിന്നാലെ നടന്നു. ചൂട്ട് കെട്ടു. കൂമൻ കാവിലെത്തിയപ്പോൾ നേരം വെളുത്തിരുന്നു. ആലിയാരുടെ ചായക്കടയിൽ ശിവരാമൻ നായരും മാധവൻ നായരുമുണ്ടായിരുന്നു. പിന്നെയും നടന്നു. അപ്പുക്കിളി തുമ്പികൾക്ക് പിന്നാലെ പാഞ്ഞ് നടക്കുകയാണ്. മലഞ്ചരിവുകൾ കയറി ഖസാക്കിലെത്തുമ്പോൾ അള്ളാപിച്ച മൊല്ലാക്കയുടെ ഓത്ത് പള്ളിയിൽ പിള്ളേർ ജിന്ന് കഥ കേട്ട് അന്ധാളിച്ചിരിക്കുന്നു. ഗോപാലപണിക്കരുടെ ചെക്കൻ പൂജക്ക് വേണ്ട ഓന്തിന് പിന്നാലെ പാഞ്ഞു. തെരുത്ത് വച്ച കുപ്പായ കയ്യിന് താഴെ നീല ഞരമ്പുകൾ കാണിച്ചു കൊണ്ട് ആരുടെയും മനം കവരുന്ന ഖസാക്കിന്റെ സുന്ദരി മൈമൂന വശ്യമായൊരു പുഞ്ചിരി തൂകി നടന്നു പോയി. ചെതലിയുടെ മുകളിൽ ശൈഖ് തങ്ങളുടെ മിനാരങ്ങൾ. വീണ്ടും രാത്രി.. രവി ഞാറ്റുപുരയിലേക്ക് പോയി... ഞാറ്റുപുരയിലെ പാനീസ് വിളക്ക് കെട്ടു.

പണ്ടെങ്ങോ വായിച്ച പുസ്തകത്തിന്റെ ഓർമകളിൽ നിന്നും അവൾ ഞെട്ടിയുണർന്നു. നേരം വെളുത്തിരിക്കുന്നു. ആളുകൾ ഉണരുകയും തങ്ങളുടെ സാധനങ്ങൾ ഒതുക്കി വെക്കുകയും ചെയ്യുകയാണ്. തീവണ്ടി ഒരു സ്റ്റേഷനിലേക്കടുക്കും വിധം വേഗത കുറഞ്ഞിരിക്കുന്നു. അതവൾക്ക് ഇറങ്ങാനുള്ള സ്റ്റേഷൻ തന്നെയാണ്. അവൾ തന്റെ മക്കളെ ഉണർത്തുകയും ഇറങ്ങാൻ തയ്യാറാവുകയും ചെയ്തു. അവളുടെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. ഇനി സേലത്തേക്കൊരു മടക്കയാത്രയില്ല. അവളുടെ ഭർത്താവ് മറ്റൊരു വിവാഹം ചെയ്യുകയും അവളെ ഉപേക്ഷിച്ച് പോവുകയുമുണ്ടായി.

പ്ലാറ്റ്ഫോമിൽ നിന്ന് പുറത്തിറങ്ങി ബസ് സ്റ്റാൻഡിലേക്ക് നടക്കുമ്പോൾ അവൾ ചിന്തിച്ചു. 'അവനെന്ത്യേ? അവൻ വന്നില്ലേ?' എന്ന വീട്ടുകാരുടെ ചോദ്യത്തിന് എന്ത് മറുപടിയാണ് പറയുക. അവളുടെ കണ്ണുകൾ വീണ്ടും നിറഞ്ഞൊഴുകി. കുട്ടികൾ നടക്കാൻ മടി കാണിച്ചു. അവരിൽ ഇളയവനെ ഒക്കത്തിരുത്തി മറ്റവന്റെ കൈപിടിച്ച് നടന്നു. ബസിലിരിക്കുമ്പോൾ അവൾ കുട്ടികളുടെ മുഖത്തേക്ക് നോക്കി. ആത്മവിശ്വാസത്തിന്റെ ചെറുതും ശക്തവുമായ പുഞ്ചിരി അവളുടെ ചുണ്ടുകളെ കീഴ്പ്പെടുത്തി.



## കത്തുകൾ

### ഇത് സുവർണ ജൂബിലി

സംസ്ഥാന ചലച്ചിത്ര അവാർഡ് നിശയ്ക്ക് ഈ വർഷം 50 വയസ് പൂർത്തിയാകുന്നു എന്നത് പുതിയ അറിവായി. അക്കാദമി തന്നെ ഒരിക്കൽ കൃത്യമായി രേഖപ്പെടുത്തിയ വർഷക്കണക്ക് എങ്ങനെ തെറ്റിയെന്നു കണ്ടുപിടിക്കണം. ഇന്ത്യയിലെ തന്നെ ഏറ്റവും വിശ്വാസ്യതയുള്ള, മികച്ച ചിത്രങ്ങൾ അംഗീകരിക്കപ്പെടുന്ന സംസ്ഥാന ചലച്ചിത്ര പുരസ്കാരം ഇത്തരത്തിൽ ആശയക്കുഴപ്പത്തിൽ മുന്നോട്ടുപോകുന്നത് നന്നല്ല. ചരിത്രം തെറ്റായി രേഖപ്പെടുത്താനേ അതുപകരിക്കൂ. അതിനുപകരം തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ അതുപരിശോധിച്ച ശേഷം തിരുത്തൽ വരുത്തുവാൻ അക്കാദമി തയ്യാറാവുകയും വേണം.

മാത്യു ജോർജ്, തിരുവനന്തപുരം

### കാമറയുടെ കളിയാട്ടം

അന്തരിച്ച ഛായാഗ്രാഹകൻ എം ജെ രാധാകൃഷ്ണനെക്കുറിച്ച് സംവിധായകൻ ജയരാജിന്റെ കുറിപ്പ് ഹൃദയസ്പർശിയായി. എം ജെ എന്ന മനുഷ്യനെയും ഛായാഗ്രാഹകനെയും അടുത്തറിയാൻ സഹായിച്ചു.

അനുപമ എൻ. ആർ., കൊല്ലം

### കൗമുദിപ്ലസിൽ നിങ്ങളുടെ രചനകളും



കൗമുദിപ്ലസിലേക്ക് രചനകൾ ക്ഷണിക്കുന്നു. അധികം ദീർഘിപ്പിക്കാതെ രചനകൾ അയയ്ക്കുന്നതാണ് അഭികാമ്യം. എ4 പേപ്പറിൽ കഥ മൂന്നു പേജിലും കവിത 1 പേജിലും ലേഖനം, ഫീച്ചർ തുടങ്ങിയവ 5 പേജിലും കവിയാതിരിക്കുന്നതാണ് നന്ന്. രചനകൾ കഴിയുന്നതും ഇ മെയിൽ അയയ്ക്കണം. രചയിതാക്കളുടെ ഫോട്ടോയും അയയ്ക്കാം. രചനകൾക്കൊപ്പം മൊബൈൽ ഫോൺ നമ്പർ ഉൾപ്പെടെ പൂർണ മേൽവിലാസവും ഉണ്ടായിരിക്കണം.

വിലാസം: എഡിറ്റർ, കൗമുദിപ്ലസ്,
കലാകൗമുദി, കൗമുദി ഗാർഡൻസ്, കുമാരപുരം, മെഡിക്കൽ കോളജ് പി.ഒ,
തിരുവനന്തപുരം–11 ഇ മെയിൽ:kaumudiplusdesk@gmail.com

# കോടമഞ്ഞിൻ താഴ്‌വരയിൽ

**കാപ്പിയുടെ സുഗന്ധം ഏറ്റുവാങ്ങിയ കാറ്റ് സ്വീകരിക്കാൻ കൂർഗിൽ കാത്തുനിന്നു. മഞ്ഞിൽ മൂടി നിൽക്കുന്ന മലനിരകളും ഇടതൂർന്ന വനങ്ങളും പുൽമേടകളും യാത്രയിലെ കാഴ്ചകളാണ്**

**ഇന്ദിര തുറവൂർ**

ഇന്ത്യയുടെ സ്കോട്ട്ലാന്റ് എന്നും കർണാടകത്തിന്റെ കാശ്മീർ എന്നും പേരുള്ള കോടമഞ്ഞു മൂടിക്കിടക്കുന്ന മലനിരകളും കാപ്പി, തേയില, ഓറഞ്ച്, കുരുമുളക് എന്നിവയുടെ തോട്ടങ്ങളും, നദിയും വെള്ളച്ചാട്ടങ്ങളും ബുദ്ധക്ഷേത്രങ്ങളുമെല്ലാം ചേർന്ന കാഴ്ചയുടെ കലവറയുടെ കുടുക് എന്ന കൂർഗിലേക്കായിരുന്നു യാത്ര. ചിതറിക്കിടക്കുന്ന പർവതങ്ങൾ എന്നു തോന്നിക്കുന്ന മലനിരകൾക്കും ഒരു കഥയുണ്ട് പറയുവാൻ. പണ്ടു പണ്ട് പർവതങ്ങൾക്ക് ചിറകുകൾ ഉണ്ടായിരുന്നുവെന്നും അവ പറക്കുമായിരുന്നുവെന്നുമാണ് പറയുന്നത്. പറക്കുമ്പോൾ ഇവ ഇടയ്ക്ക് കൂട്ടിമുട്ടും. അപ്പോൾ ഭീകര ശബ്ദമുണ്ടാകുകയും ഇതുകേട്ട് സഹിക്കവയ്യാതെ ദേവേന്ദ്രൻ എല്ലാ പർവതങ്ങളുടെയും ചിറകുകൾ അരിഞ്ഞുകളഞ്ഞത്രേ! അങ്ങനെ ഭൂമിയിൽ പതിച്ച് ഉറച്ചതാണ് ഈ പർവതങ്ങൾ പോലുള്ള മലനിരകൾ എന്നാണ് കഥ. ആദിവാസി വിഭാഗമായ കൊടവരുടെ ദേശം എന്നർത്ഥമുള്ള ക്രോഡദേശ എന്നതിൽ നിന്നാണ് കുടുക എന്ന പേരുവന്നതെന്നും കൊട, അമ്മ എന്നർത്ഥം വരുന്ന അവ്വ എന്നീ വാക്കുകൾ ചേർന്നുള്ള കൊടവ്വ എന്ന പേരിൽ നിന്നാണ് കുടുക് എന്ന പേര് വന്നതെന്നും പറയപ്പെടുന്നു.

മഞ്ഞിൻപുതപ്പുകൊണ്ട് മൂടി പച്ചപ്പിന്റെയും കാപ്പിയുടെയും ഓറഞ്ചിന്റെയും ഗന്ധമുള്ള കൂർഗിലേക്ക് കോട്ടയത്തുനിന്ന് വെളുപ്പിന് പുറപ്പെട്ടു. ഈ യാത്ര ചെറുപ്പക്കാരുടെ യാത്ര അല്ലായിരുന്നു. മനസിൽ എപ്പോഴും ചെറുപ്പം കാത്തുസൂക്ഷിക്കുന്ന, യാത്രകൾ ഒരുപാട് ആസ്വദിക്കുന്ന 50 വയസു കഴിഞ്ഞ കുറച്ചു സുഹൃത്തുക്കൾ ഒന്നിച്ചായിരുന്നു യാത്ര. വൈകുന്നേരം ആയപ്പോൾ കേരള അതിർത്തിയിൽ ഞങ്ങൾ എത്തി. പോകുന്നവഴി കാപ്പിയുടെ സുഗന്ധം ഏറ്റുവാങ്ങിയ കാറ്റ് ഞങ്ങളെ സ്വീകരിക്കാൻ കൂർഗിൽ കാത്തുനിൽക്കുന്നുണ്ടായിരുന്നു. മഞ്ഞിൽ മൂടി നിൽക്കുന്ന മലനിരകളും ഇടതൂർന്ന വനങ്ങളും പുൽമേടകളും യാത്രയിലെ കാഴ്ചകളായിരുന്നു.



ബ്രിട്ടീഷുകാരാണ് ഇവിടുത്തെ പ്രത്യേക കാലാവസ്ഥ മനസിലാക്കി കാപ്പി കൃഷി തുടങ്ങിയത്. പ്രധാന കാപ്പി ഇനങ്ങൾ അറബിക്ക, റോബസ്റ്റ എന്നിവയാണ്. കാപ്പി പൂക്കുന്ന ഏപ്രിൽ, മേയ് മാസങ്ങളിൽ കാറ്റിന് കാപ്പിപ്പൂവിന്റെ മണമാണ്. ബ്രിട്ടീഷുകാരുടെ ഓർമ്മ പുതുക്കാൻ ബ്രിട്ടീഷ് പേരുള്ള എസ്റ്റേറ്റ് ബംഗ്ലാവുകളും റോഡുകളും പോകുന്ന വഴി കാണാം.

ഇരുവശവും കാപ്പിത്തോട്ടങ്ങളുള്ള റോഡിലൂടെയായിരുന്നു പിന്നീടുള്ള യാത്ര. രാജ്യത്തെ ഏറ്റവും വലിയ കാപ്പി ഉൽപ്പാദകരായ കർണ്ണാടകയുടെ കാപ്പി ഉൽപ്പാദനം കൂടുതലും കൂർഗിൽ നിന്നാണ്. കാപ്പിയുടെ ഇടവിളവായി ഓറഞ്ചും കുരുമുളകും ഏലവുമാണ് പ്രധാന കൃഷിവിഭവങ്ങൾ. കാപ്പിച്ചെടികളുടെ ഇടയിലുള്ള മരങ്ങളിൽ കുരുമുളകുവള്ളികൾ കാപ്പിക്ക് കൂട്ടായി വഴിനീളെ കണ്ടു. മാന്തളിർ നിറമുള്ള പൂക്കൾ വിരിഞ്ഞു നിൽക്കുന്ന കുറ്റിച്ചെടികളും ചുവന്ന ഓട് പാകിയ ചെറുവീടുകളാണ് കൂർഗിലെ ഗ്രാമവഴികളിൽ കണ്ടത്. വഴിയിൽ കണ്ട കൂർഗിലെ സ്ത്രീകൾ സാരി ഉടുത്തിരിക്കുന്നത് പ്രത്യേകരീതിയിലാണ്. സാരിയുടെ ഞൊറികൾ എല്ലാം കുത്തി വച്ചിരിക്കുന്നത് പിൻഭാഗത്താണ്. എന്നിട്ട് മുന്താണി ചുമലിലൂടെ ചുറ്റി തോളിലൂടെ ഇട്ട് ഒരു വലിയ ക്ലിപ്പ് കുത്തിയിട്ടുണ്ട്. അവിടുത്തെ സൈക്കിളുകളിൽ സ്റ്റിക്കർ ഒട്ടിച്ചിരിക്കുന്നത് കണ്ടു. തിരുപ്പതി വെങ്കിടേഷന്റെ രൂപത്തിൽ ഒരു തലയും അതിൽ ക്രോസ് ചെയ്തുവച്ച തോക്കും കത്തിയും ആയിരുന്നു സ്റ്റിക്കറിലുള്ളത്.

കൂർഗിന്റെ തലസ്ഥാനമായ മടിക്കേരി സമുദ്ര നിരപ്പിൽ നിന്നും 500 അടി ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്. കാടവ, തുളു, ഗൗഡ, കുടിയ തുടങ്ങി വിവിധ ഗോത്രവർഗങ്ങളുള്ള കൂർഗിൽ കൂടുതലും കൊടവ വിഭാഗക്കാരാണ്. അതിഥി സൽക്കാരത്തിനും ധീരതയ്ക്കും പ്രശസ്തരാണ് കൊടവിഭാഗത്തിലുള്ളവർ. കൊടവർ പരമ്പരാഗതരായി ധൈര്യശാലികളും ആയോധനമുറകൾ അഭ്യസിച്ചവരുമാണ്. ഒരുതരം കത്തികൾ ഇവരുടെ കയ്യിൽ എപ്പോഴും കാണും. ഇവിടത്തെ പ്രധാന ഉത്സവങ്ങൾ ഹട്ടാരി, മെർക്കാറ ദെസറ, കേളി പൊഡു, കവേരി സംക്രമണ, തുലാ സംക്രമണ എന്നിങ്ങനെ ഓർമയിൽ നിൽക്കാൻ പറ്റാത്ത പേരുകളാണ്. ഭക്ഷണ കാര്യത്തിലും, ആഘോഷങ്ങളിലും ഉത്സവങ്ങളിലും തനതായ ജീവിതശൈലിയും സംസ്കാരവുമാണ് കൂർഗ് ജനതയുടേത്.

മടക്കേരി എത്തുന്നതിന് മുന്നേ പച്ചപ്പുല്ലുകൾ നിറഞ്ഞ പരന്ന ഒരു കുന്ന് കണ്ടു. വണ്ടി അവിടെ നിർത്തി ആ കുന്നിൻമുകളിൽ കയറി ഞങ്ങൾ. യാത്ര ആസ്വദിച്ചുള്ള തുടക്കം അതായിരുന്നു. പുൽമേടിനു താഴെ മേഞ്ഞുനടക്കുന്ന എരുമകളുടെ കഴുത്തിൽ തിരിച്ചറിയാനായി നമ്പർ പ്ലേറ്റ് തൂക്കിയിട്ടുണ്ടായിരുന്നു. കുന്നിന്റെ അടുത്ത് ഒരു അമ്പലവും ഉണ്ടായിരുന്നു.



അതും കണ്ടുകഴിഞ്ഞു മടിക്കേരിയിലേക്ക് തിരിച്ചു. കോടമഞ്ഞു മൂടിത്തുടങ്ങിയ വഴിയിലൂടെ ചെന്നുനിന്നത് മടിക്കേരി പട്ടണത്തിലാണ്. മടിക്കേരിയിൽ എത്തിയപ്പോൾ വൈകുന്നേരമായി. ഹോം സ്റ്റേ നേരത്തെ ബുക്ക് ചെയ്തതുകൊണ്ട് താമസത്തിന് ബുദ്ധിമുട്ടുണ്ടായില്ല. റൂമിൽ പോയി ഫ്രഷ് ആയി ആദ്യം പോയത് മുസ്ളിം വാസ്തു വിദ്യാശൈലിയിലുള്ള അപൂർവം ക്ഷേത്രങ്ങളിൽ ഒന്നായ ഓംകാരേശ്വര ക്ഷേത്രത്തിലേയ്ക്കായിരുന്നു. 1820 ൽ ലിംഗരാജേന്ദ്ര രണ്ടാമൻ പണികഴിപ്പിച്ച ഈ ക്ഷേത്രം പണിതിരിക്കുന്നത് ഇസ്ളാമിക വാസ്തുകലയുടെ രീതിയിലാണ്. രാജാവ് ഒരു ബ്രാഹ്മണനെ വധിക്കുകയും പിന്നീട് ഈ ബ്രാഹ്മണന്റെ ആത്മാവ് ബ്രഹ്മരക്ഷസായി മാറിയെന്നും രക്ഷസിന്റെ ശാപമേൽക്കാതിരിക്കാൻ ഒരു ക്ഷേത്രം നിർമ്മിച്ചുവെന്നുമാണ് ഐതീഹ്യം. ബ്രാഹ്മണഹത്യക്കുശേഷം പരിഹാരമമെന്ന നിലയിൽ രാജാവ് കാശിയിൽ നിന്ന് ശിവലിംഗം കൊണ്ടുവന്ന് പ്രതിഷ്ഠിച്ച ശേഷമാണ് ഇവിടെ ക്ഷേത്രം നിർമ്മിച്ചത്. ദൂരെനിന്ന് കണ്ടാൽ അമ്പലമാണോ പള്ളിയാണോ എന്നു സംശയം തോന്നും. ക്ഷേത്രത്തിലെ പ്രധാന താഴികക്കുടത്തിന് ചുറ്റുമായി നാലു ഗോപുരങ്ങളുമുണ്ട്. ഇതിന് മുകളിലും താഴികക്കുടങ്ങളുണ്ട്. ക്ഷേത്രത്തിന്റെ രണ്ട് പ്രധാന കെട്ടിടങ്ങൾക്കിടയ്ക്കായി മത്സ്യങ്ങൾ നിറഞ്ഞ ഒരു തടാകവും അതിന് നടുവിൽ ഒരു മണ്ഡപവുമുണ്ട്. അവിടെ ചെന്നപ്പോൾ സന്ധ്യാസമയം ആയിരുന്നു. ക്ഷേത്രത്തിനോട് ചേർന്നുള്ള മുറിയിൽ പലതരത്തിലുള്ള വാദ്യോപകരണങ്ങൾ മൈക്കുമായി സെറ്റുചെയ്തു വച്ചിരിക്കുന്നത് കണ്ടു. സ്വിച്ചിട്ടാൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ ആയിരുന്നു അത്. പൂജാ സമയത്ത് വാദ്യമേളങ്ങൾ ഇതിലൂടെ കേൾക്കാമായിരുന്നു.



ക്ഷേത്രം കണ്ടുകഴിഞ്ഞ് മടിക്കേരിയിൽ വിനോദസഞ്ചാരികൾ എത്താറുള്ള രാജാസ് സീറ്റ് (രാജാവിന്റെ ഇരിപ്പിടം) കാണാൻ പോയി. ചെറുതായി മഴ തുടങ്ങിയിരുന്നു. മഴക്ക് കൂട്ടായി മൂടൽമഞ്ഞും. രാജഭരണകാലത്ത് രാജാവും കുടുംബാംഗങ്ങളും പ്രകൃതി ഭംഗി ആസ്വദിക്കാൻ വന്നിരിക്കുന്ന സ്ഥലമായിരുന്നു. രാജാസ് സീറ്റിൽ നിന്നും താഴ് വാരത്തിലേക്ക് എത്ര നേരം നോക്കി നിന്നാലും മതിവരില്ല. മലനിരകളിലൂടെ കോടമഞ്ഞ് ഒഴുകിപ്പോകുന്ന മനോഹരമായ കാഴ്ച കാണാം. ഒരുപാട് ടൂറിസ്റ്റുകൾ അവിടെ ഉണ്ടായിരുന്നു. ഞങ്ങളും ആ കൂട്ടത്തിൽ മനോഹരമായ കാഴ്ചകൾ കണ്ടു. തണുത്ത കാറ്റും മൂടൽമഞ്ഞും കൂടിയപ്പോൾ അന്നത്തെ യാത്ര മതിയാക്കി തിരിച്ചുപോന്നു. രാത്രി കുടുക് രീതിയിലുള്ള അക്കി റൊട്ടിയും (അരി കൊണ്ടുള്ള ചപ്പാത്തി) പോർക്ക് ഫ്രൈയും കഴിച്ചു. അവിടെയുള്ളവർ കൂടുതലും സസ്യഭുക്കുകളാണെങ്കിലും കൂർഗിലുള്ളവർ മാംസഭക്ഷണം പ്രിയമുള്ളവരുമാണ്. ഇവരുടെ പ്രധാന ഭക്ഷണം പന്നിയിറച്ചിയാണ്. മുളകൂമ്പും മുളയരിയും കൂർഗുക്കാരുടെ ഇഷ്ടവിഭവമാണ്.

(അടുത്ത ആഴ്ചയിൽ പൂർണമാകും)

ആരോഗ്യം

# മധുരമില്ലാത്ത ചായയും മട്ടൻ ബിരിയാണിയും!

പ്രമേഹരോഗികളിൽ മധുരത്തേക്കാൾ ദീർഘകാലാടിസ്ഥാനത്തിൽ ഉപദ്രവകാരി കൊഴുപ്പാണ്. ശരീരത്തിൽ കൊഴുപ്പിന്റെ അളവ് കൂടുമ്പോൾ ഇൻസുലിന്റെ പ്രവർത്തനം മന്ദീഭവിക്കുന്നു. ഇൻസുലിനെ ശരീരകോശങ്ങൾക്കുള്ളിലേക്ക് കടന്ന് പഞ്ചസാരയുമായി പ്രവർത്തിക്കുന്നതിൽ നിന്ന് കൊഴുപ്പ് തടയുന്നു

**ഡോ. ബീന തോന്നയ്ക്കൽ**

മധുരമില്ലാത്ത ചായ കുടിച്ചാൽ പ്രമേഹ നിയന്ത്രണമായി എന്നു ചിന്തിക്കുന്നവരാണ് അധികവും. പ്രമേഹരോഗികൾ പഞ്ചസാരയും മധുരവും ഭയക്കുന്നവരാണ്. എന്നാൽ, അവരുടെ ഭക്ഷണത്തിലെ കൊഴുപ്പിന്റെ അളവ് ശ്രദ്ധിക്കുന്നില്ല. മധുരം വർജ്ജിക്കുമ്പോഴും എണ്ണയിൽ വറുത്തതും മൊരിച്ചതുമായ ഭക്ഷണം മടികൂടാതെ ധാരാളമായി കഴിക്കുകയും ചെയ്യും.

## മധുരം മാത്രമല്ല വില്ലൻ

പ്രമേഹരോഗികളിൽ മധുരത്തേക്കാൾ ദീർഘകാലാടിസ്ഥാനത്തിൽ ഉപദ്രവകാരി കൊഴുപ്പാണ്. ശരീരത്തിൽ കൊഴുപ്പിന്റെ അളവ് കൂടുമ്പോൾ ആഗ്നേയഗ്രന്ഥി (പാൻക്രിയാസ്) ഉല്പാദിപ്പിക്കുന്ന ഇൻസുലിന്റെ പ്രവർത്തനം മന്ദീഭവിക്കുന്നു. ഇൻസുലിനെ ശരീരകോശങ്ങൾക്കുള്ളിലേക്ക് കടന്ന് പഞ്ചസാരയുമായി പ്രവർത്തിക്കുന്നതിൽ നിന്ന് കൊഴുപ്പ് തടയുന്നു.

പൊണ്ണത്തടിയുള്ളവരിൽ പ്രമേഹരോഗ സാധ്യത കൂടാനുള്ള കാരണമിതാണ്. തടിച്ച ശരീരമുള്ളവരിൽ കൊഴുപ്പിൻെ അളവ് കൂടുതലായിരിക്കും. കുടവയറുള്ളവരെ പ്രമേഹം വല്ലാതെ ശല്യം ചെയ്യാൻ കാരണം അധിക കൊഴുപ്പിന്റെ സാന്നിധ്യമാണ്.

## കൊഴുപ്പ് ആവശ്യമാണ്

അധിക കൊഴുപ്പ് ഹൃദ്രോഗങ്ങൾക്കു കാരണമാകുന്നു എന്നുകരുതി അതൊരു ഉപദ്രവകാരിയാണെന്നു ചിന്തിക്കരുത്. ആരോഗ്യകരമായ ജീവിതത്തിന് കൊഴുപ്പ് ആവശ്യമാണ്. സുഖകരമായ ദാമ്പത്യത്തിനും കൊഴുപ്പ് അനിവാര്യമാണ്.

കൊഴുപ്പ് ഉപദ്രവകാരിയെന്ന് കരുതി പ്രമേഹരോഗികൾ അത് പൂർണമായും വർജ്ജിക്കാനൊന്നും ശ്രമിക്കേണ്ട. ഭക്ഷണത്തെ സ്വാദിഷ്ടമാക്കുന്നതിൽ ഒരു പ്രധാനി എണ്ണയോ കൊഴുപ്പോ ആണ്. നോൺ വെജിറ്റേറിയൻ ഭക്ഷണങ്ങളുടെ കാര്യത്തിൽ പറയുകയും വേണ്ട.

എണ്ണ തൊടാതെ എങ്ങനെ ഭക്ഷണമുണ്ടാക്കും? ഉണ്ടാക്കിയാൽ നാവിൽ വച്ച് കഴിക്കേണ്ടേ? എണ്ണയിൽ കുളിച്ച ഭക്ഷണം ശീലമാക്കിയ, മെയ്യനങ്ങാതെ കഴിയാനാഗ്രഹിക്കുന്ന നമുക്കതിനാവുമോ? പൂരിതം, അപൂരിതം തുടങ്ങി കൊഴുപ്പുകൾ പലതരം. അതിൽ ഏതുതരം കൊഴുപ്പ് കഴിക്കുന്നുവെന്നതാണ് പ്രധാനം.

## മത്സ്യം കഴിക്കാം

ശരീരത്തിന്റ ദൈംദിന പ്രവർത്തനങ്ങളിൽ കൊഴുപ്പുകൾ അവശ്യഘടകങ്ങളാണ്. ഒമേഗ 3 ഫാറ്റി ആസിഡ് ഏറെ ഗുണങ്ങളുള്ള ഒരു കൊഴുപ്പാണ് . ചെറിയ മത്സ്യങ്ങളിൽ ഇത് ധാരാളം അടങ്ങിയിരിക്കുന്നു. നെയ്ചാളയുടെ കാര്യം പറയുകയും വേണ്ട. ഒമേഗ 3 ഫാറ്റി ആസിഡ് ഹൃദയരക്ഷകനാണ്. ഹൃദ്രോഗങ്ങളെ അകറ്റുന്നു. അതിനാലാണ് മത്സ്യാഹാരത്തെ ഇത്രയേറെ പ്രോത്സാഹിപ്പിക്കുന്നത്. ചെറിയ മത്സ്യങ്ങളാണ് മെച്ചം.

## അധികമാകരുത്

ശരീരത്തിന്റെ ആരോഗ്യസംരക്ഷണത്തിൽ വലിയ പങ്കുവഹിക്കുന്നവരാണ് ജീവകങ്ങൾ. ശരീരത്തിന്റെ അറ്റകുറ്റപ്പണികൾക്കും ഇതാവശ്യമാണ്. ജീവകങ്ങൾ കൊഴുപ്പിൽ ലയിക്കുന്നവയും ജലത്തിൽ ലയിക്കുന്നവയുമുണ്ട്. കൊഴുപ്പിൽ ലയിക്കുന്ന ജീവകങ്ങളെ ശരീരമാസകലമെത്തിക്കുന്നത് കൊഴുപ്പാണ്.

ഏറ്റവും കൂടുതൽ ഊർജ്ജം പ്രദാനം ചെയ്യുന്നത് കൊഴുപ്പുകളാണ്. കൊഴുപ്പിന് ശേഷമേ കാർബൊഹൈഡ്രേറ്റുകൾ വരികയുള്ളു. അതിനാൽ, അധിക കാലറി ഭക്ഷണം വിവിധതരം കൊഴുപ്പുകളായിട്ടാണ് ശരീരത്തിൽ സൂക്ഷിക്കുന്നത്. ഈ കൊഴുപ്പുകളാണ് ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ അടിഞ്ഞ് ആകൃതി നശിപ്പിക്കുന്നതും രോഗങ്ങളുണ്ടാക്കുന്നതും.

അധികമായാൽ അമൃതും വിഷം എന്നൊരു ചൊല്ലുണ്ട്. അതിനാൽ എത്ര നല്ലതും ആവശ്യത്തിനു മാത്രം മതി. സ്വാദിഷ്ടമെന്നുവച്ച് കൊഴുപ്പുമധികം വേണ്ട.

ചോറ് കുറച്ചു കഴിക്കുന്നു, മധുരം തൊടുന്നേയില്ല എന്നൊക്കെ വീമ്പിളക്കുന്ന പ്രമേഹരോഗികൾ പോലും എണ്ണയുടെയും കൊഴുപ്പിന്റെയും കാര്യത്തിൽ മാത്രം ഒന്നും മിണ്ടാറില്ല.

പ്രമേഹരോഗികൾ എണ്ണയും കൊഴുപ്പും പരമാവധി കുറയ്ക്കുക. വർജ്ജിക്കണമെന്ന് ചിന്തിക്കേണ്ട. അത് വല്ലാതെ ടെൻഷനുണ്ടാക്കിയേക്കാം. മാനസിക പിരിമുറുക്കവും മനോസംഘർഷങ്ങളും പ്രമേഹരോഗം വർദ്ധിപ്പിക്കുന്നു. അതിനാൽ, മനസ്സിനെ വേദനിപ്പിക്കാതെ പാകപ്പെടുത്താൻ ശ്രമിക്കുക. കൊഴുപ്പിന്റെ ഉപഭോഗം കുറയുന്നതുമൂലം പ്രമേഹരോഗസാധ്യതയും പ്രമേഹരോഗികളിൽ ഹൃദയാഘാത നിരക്കും കുറയുന്നു.







# റോൾ മോഡൽ ഞാൻ തന്നെ

"എന്റെ റോൾ മോഡൽ ഞാൻ തന്നെയാണ്. എനിക്ക് ആരാകണമെന്നു ചോദിച്ചാൽ എന്നെപ്പോലെയാകണം എന്നുതന്നെയാണ് മറുപടി. എന്നെപ്പോലെ വേറാരും ഉണ്ടാകാൻ പാടില്ല"

സിനിമ-സീരിയൽ താരം **ജാസ്മിൻ ഹണി** പറയുന്നു

**ബി.വി. അരുൺ കുമാർ**

"രാഷ്ട്രീയം ഒട്ടും ഇഷ്ടമില്ലാത്ത ആളാണ് ഞാൻ. അതിനാൽ, ഇതുവരെ വോട്ട് ചെയ്യാൻ പോയിട്ടില്ല. പക്ഷേ എന്റെ സ്വപ്നത്തിലെ ഹീറോ സുരേഷ് ഗോപി ചേട്ടൻ മത്സരിക്കുന്നുണ്ടെന്നറിഞ്ഞ അന്നുമുതൽ ഞാൻ മനസിൽ കുറിച്ചു കന്നി വോട്ട് അദ്ദേഹത്തിനു തന്നെ"-സിനിമ-സീരിയൽ താരം ജാസ്മിൻ ഹണി പറയുന്നു. കൊച്ചുനാൾ മുതൽ മനസിൽ കൊണ്ടുതന്ന ഹീറോ ആയിരുന്നു അദ്ദേഹം. നേരിട്ടു കണ്ടാൽ ഓടിച്ചെന്ന് കെട്ടിപ്പിടിക്കണമെന്നാണ് ആഗ്രഹം. പക്ഷേ എന്തുകൊണ്ടോ ഇതുവരെ നേരിട്ടു കാണാനുള്ള ഭാഗ്യം ഉണ്ടായിട്ടില്ല. ആ ആഗ്രഹം ഇപ്പോഴും മനസിൽ കൊണ്ടുനടക്കുന്നു- ജാസ്മിൻ ഹണി തന്റെ ആഗ്രഹം തുറന്നു പറയുന്നു.

## രാഷ്ട്രീയം ഇഷ്ടമല്ല

ഒരിക്കലും ഇല്ല. എനിക്ക് തീരെ ഇഷ്ടമില്ലാത്ത ഒരു മേഖലയാണ് അത്. ഓരോ സമയവും നേതാക്കൾക്ക് തോന്നുന്നതു പറയാനുള്ള വേദിയാണ് രാഷ്ട്രീയം. അതിനാൽ ഞാനതിനെ വെറുക്കുന്നു.

## സുരേഷ് ഗോപിയെ കാണണം

എന്തെന്നറിയില്ല, ചെറുപ്പം മുതൽ സുരേഷ് ഗോപിയോട് ആരാധനയാണ്. ചെയ്ത വേഷങ്ങളും പഞ്ച് ഡയലോഗുകളും ആകാം ആ ഇഷ്ടത്തിനു പിന്നിൽ. അദ്ദേഹത്തിന്റെ പല സിനിമകളും ഒന്നിലധികം തവണ ഒറ്റയ്ക്കു പോയിരുന്നു കാണും. ഇപ്പോഴും ചില സമയങ്ങളിൽ യുട്യൂബിലൂടെ അദ്ദേഹത്തിന്റെ ചിത്രങ്ങൾ ആസ്വദിക്കാറുണ്ട്. തൃശൂരിൽ അദ്ദേഹം മത്സരിക്കുന്നുവെന്നറിഞ്ഞപ്പോൾ കൂടുതൽ സന്തോഷം തോന്നി. എന്റെ സ്വന്തം മണ്ഡലത്തിൽ തന്നെ അദ്ദേഹം മത്സരിച്ചു. എങ്ങനെയെങ്കിലും കാണണമെന്ന് ആഗ്രഹമുണ്ടായിരുന്നു. നടന്നില്ല. തൃശൂർ കൂർക്കാഞ്ചേരി ബൂത്തിൽ അങ്ങനെ അദ്ദേഹത്തിനു വേണ്ടി കന്നി വോട്ടും ചെയ്തു.

## റോൾ മോഡൽ

എന്റെ റോൾ മോഡൽ ഞാൻ തന്നെയാണ്. എനിക്ക് ആരാകണമെന്നു ചോദിച്ചാൽ എന്നെപ്പോലെയാകണം എന്നുതന്നെയാണ് മറുപടി. എന്നെപ്പോലെ വേറാരും ഉണ്ടാകാൻ പാടില്ല. ഒരുപാട് ബുദ്ധിമുട്ടിയാണ് ഇതുവരെ എത്തിയത്. ഇല്ലായ്മയിൽ നിന്ന് വളർന്നുവന്നയാളാണ് ഞാൻ. ജീവിതത്തിൽ കയ്പ്പേറിയ ഒത്തിരി അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അച്ഛൻ നേരത്തെ മരിച്ചു. അമ്മ വളരെ കഷ്ടപ്പെട്ടാണ് വളർത്തിയത്. പട്ടിണി വരെ കിടന്നിട്ടുണ്ട്. ഇപ്പോൾ അതൊക്കെ ഓർക്കുമ്പോൾ ഇന്നലെ കഴിഞ്ഞതുപോലെയുണ്ട്. ബന്ധുക്കളുടെ സഹായത്തോടെയാണ് അന്ന് വളർന്നത്. എന്നാൽ ഇന്ന് ആരുടെ മുന്നിലും കൈനീട്ടാതെ സ്വന്തമായി ജോലിചെയ്ത് ജീവിക്കുന്നു. അതുകൊണ്ടാണ് ഞാൻ എന്നെത്തന്നെ റോൾ മോഡലാക്കുന്നത്.

## അഭിനയരംഗത്ത് എത്തിയത്

ഫേസ്ബുക്കിൽ ആക്റ്റീവാണ്. വിവിധ തരത്തിലുള്ള ഫോട്ടോകൾ ഞാൻ അതിൽ അപ് ലോഡ് ചെയ്തിരുന്നു. ഇതു കണ്ട് സീരിയലുകളിലേക്കാണ് ആദ്യം അവസരം വരുന്നത്. എന്നാൽ എന്നോട് പലരും പറഞ്ഞു സീരിയലിലേക്ക് പോയാൽ സിനിമയിൽ അവസരം കിട്ടില്ലെന്ന്. അങ്ങനെ ആ അവസരങ്ങൾ വേണ്ടെന്നു വച്ചു. അങ്ങനെയിരിക്കെയാണ് സൈറാ ബാനു എന്ന സിനിമയിൽ അവസരം ലഭിക്കുന്നത്. അമലയുടെ അസിസ്റ്റന്റായിട്ടായിരുന്നു വേഷം. അതിനു ശേഷം അയൽവാസിയായ മനാഫ് വഴിയാണ് മറ്റൊരു സിനിമയിൽ അവസരം കിട്ടിയത്. അദ്ദേഹം സിനിമയിലെ കോ-ഓർഡിനേറ്ററാണ്. 1971 ബിയോണ്ട് ദ ബോർഡർ എന്ന സിനിമയുടെ ലൊക്കേഷനിലേക്കാണ് മനാഫ് ഇക്ക കൊണ്ടുപോയത്. മോഹൻലാലിന്റെ സഹോദരിയായി അഭിനയിക്കാൻ പറ്റിയ ആൾക്കാരെ തിരഞ്ഞെടുക്കുന്ന അവസരമായിരുന്നു അത്. എന്നോടൊപ്പം കുറേ പേരുണ്ടായിരുന്നു. പക്ഷേ നറുക്കു വീണത് എനിക്കായിരുന്നു.

## മോഹൻലാലിന്റെ സഹോദരി

മോഹൻലാലിന്റെ സഹോദരിയായി അഭിനയിക്കാൻ പറഞ്ഞാൽ ആരെങ്കിലും പറ്റില്ലെന്നു പറയുമോ? എനിക്ക് ലോട്ടറി അടിച്ചതുപോലെയായിരുന്നു. നമുക്കിഷ്ടമുള്ള സൂപ്പർസ്റ്റാർ മുന്നിൽ നിൽക്കുമ്പോൾ ഉണ്ടാകുന്ന എക്സൈറ്റ്മെന്റ് പറഞ്ഞറിയിക്കാനാകില്ല. ലാലേട്ടനോടൊപ്പം അഭിനയിക്കാൻ പലരും തിരക്കു കൂട്ടുന്ന സമയമാണിത്. അപ്പോൾ എനിക്ക് അഭിനയിക്കാൻ പറ്റുക എന്നു പറയുന്നതുതന്നെ മഹാഭാഗ്യമാണ്.

## മറ്റു സിനിമകൾ

സൈറാ ബാനുവിനും 1971 ബിയോണ്ട് ദ ബോർഡേഴ്സിനു ശേഷം മറഡോണയിൽ അഭിനയിച്ചു. ടൊവിനോയുടെ ചെറുപ്പകാലത്തെ സീനിൽ നല്ലൊരു വേഷമായിരുന്നു ലഭിച്ചത്. അതിനു ശേഷം കായംകുളം കൊച്ചുണ്ണിയിൽ ചെറിയൊരു വേഷം ചെയ്തിരുന്നു. ഇടവേള ബാബു ചേട്ടന്റെ ഭാര്യയുടെ റോളായിരുന്നു. മൈ ബോസ് എന്ന സിനിമയുടെ തമിഴ് വേർഷനിൽ ഞാൻ അഭിനയിക്കുന്നുണ്ട്. സണ്ടക്കാരി എന്നാണ് സിനിമയുടെ പേര്. വിമൽ നായകനാകുന്ന സിനിമയിൽ ഷരൺ നായികാ വേഷത്തിലെത്തുന്നു. അതിൽ നല്ലൊരു വേഷം ചെയ്തിട്ടുണ്ട്.

പുതിയ ചിത്രം ശക്തൻ മാർക്കറ്റ് എന്ന സിനിമ ഈ മാസം റിലീസാകും. യൂണിയൻ തൊഴിലാളിയായാണ് വേഷമിട്ടത്. മാർക്കറ്റിലെ ചട്ടമ്പിക്കാരിയായ വനിത. ഒരുപക്ഷേ മലയാള സിനിമയിൽ ഇതുവരെ ഇത്തരം വേഷം ചെയ്തയാൾ ഉണ്ടാവില്ല. വലിയ പ്രതീക്ഷയാണ് ഈ സിനിമ.

## എതിർപ്പ്

ഞാൻ ഒരു മുസ്ലിം ഫാമിലിയിൽ നിന്നും വന്നയാളാണ്. നമ്മുടെ ഇടയിൽ നിലനിൽക്കുന്ന പ്രതിബന്ധങ്ങളാണ് എന്റെ സിനിമയിലേക്കുള്ള വരവിനെ വിലക്കാൻ ശ്രമിച്ചത്. മുസ്ലിം വിഭാഗത്തിൽപ്പെട്ട സ്ത്രീകളെ അഭിനയരംഗത്തേക്ക് അധികമൊന്നും ആരും പ്രോത്സാഹിപ്പിക്കാറില്ല. പക്ഷേ അമ്മ എന്റെ ആഗ്രഹത്തെ എതിർത്തില്ല. എല്ലാ പിന്തുണയും തന്ന് കൂടെനിന്നു. പിന്നെ കുട്ടിക്കാലം മുതൽക്കെ വായിച്ചറിഞ്ഞതാണ് നമ്മുടെ ഇടയിൽ നിന്ന് ആരെങ്കിലും സിനിമയിലേക്ക് പോയാൽ അവർക്ക് അവസരം കിട്ടാറില്ലെന്നും മറ്റും. പക്ഷേ എനിക്ക് അങ്ങനെയൊരു അനുഭവം ഉണ്ടായിട്ടില്ല.

## ആഗ്രഹം

വളരെ യാദൃശ്ചികമായാണ് സിനിമയിലേക്ക് വന്നത്. അന്നൊന്നും യാതൊന്നും ആഗ്രഹിച്ചിരുന്നില്ല. ഇപ്പോൾ ഈ മേഖലയെ ഞാൻ ഏറെ ഇഷ്ടപ്പെടുന്നു. എന്തെങ്കിലും ആകണമെന്നുണ്ട്. ഇതൊരു പാഷനായി മാറി. അഭിനയത്തിനു പുറമെ മോഡലിംഗും ചെയ്യുന്നുണ്ട്. ഒരു ആഡ് കമ്പനിക്കു വേണ്ടിയാണ് ചെയ്യുന്നത്. സ്വദേശം തൃശൂർ കൂർക്കഞ്ചേരിയാണെങ്കിലും ഇപ്പോൾ എറണാകുളത്താണ് താമസം.

# സാഹോ

## റൊമാന്റിക് പോസ്റ്റർ വൈറൽ ആഗസ്റ്റ് 30 ന് എത്തും




ആരാധകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന പ്രഭാസിന്റെ ആക്ഷൻ ചിത്രം സാഹോ ഓഗസ്റ്റ് 30 ന് എത്തും. ചിത്രത്തിന്റെ പുതിയ റൊമാന്റിക് പോസ്റ്ററിലാണ് റിലീസ് തീയതി ഔദ്യോഗികമായി പ്രഖ്യാപിച്ചത്. പ്രഭാസിന്റെ സോഷ്യൽ മീഡിയ പേജിലൂടെയാണ് പുതിയ പോസ്റ്റർ പുറത്തുവിട്ടത്. ശ്രദ്ധാകപൂറും പ്രഭാസുമാണ് പോസ്റ്ററിൽ ഉള്ളത്. മറ്റു ഭാഷകൾക്കൊപ്പം ചിത്രത്തിന്റെ മലയാളം പോസ്റ്ററും എത്തി. പുതിയ പോസ്റ്ററും സോഷ്യൽ മീഡിയയിൽ വൻ ഹിറ്റായി.

നേരത്തെ സ്വാതന്ത്ര്യദിനത്തിന് പ്രദർശനത്തിനെത്തിക്കാൻ തീരുമാനിച്ച ചിത്രം, ആക്ഷൻ സീക്വൻസുകൾ കൂടുതൽ മികവുറ്റതാക്കാൻ റിലീസ് നീട്ടിവയ്ക്കുകയായിരുന്നു. റിലീസ് തീയതി പ്രഖ്യാപിച്ചതോടെ പ്രഭാസിന്റെ ആരാധകരും ഏറെ ആവേശത്തിലാണ്.

പ്രഭാസും ശ്രദ്ധാകപൂറും പ്രധാന വേഷത്തിലെത്തുന്ന ബിഗ്ബജറ്റ് ചിത്രം സാഹോ 2017 ലാണ് ചിത്രീകരണം തുടങ്ങിയത്. സുജീത്ത് സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ ടീസറിനും ആദ്യ ഗാനത്തിനും സോഷ്യൽ മീഡിയയിൽ വൻ സ്വീകരണമാണ് ലഭിച്ചത്. ചിത്രം നിർമ്മിക്കുന്നത് യുവി ക്രിയേഷന്റെ ബാനറിൽ വാംസി-പ്രമോദാണ്. ജിബ്രാനാണ് ചിത്രത്തിന്റെ പശ്ചാത്തല സംഗീതം ഒരുക്കിയിരിക്കുന്നത്. ഹോളിവുഡ് ആക്ഷൻ കോ-ഓർഡിനേറ്റർ കെന്നി ബേറ്റ്സാണ് ചിത്രത്തിന്റെ ആക്ഷൻ ഡയറക്ടർ.

ബാഹുബലിയുടെ ആർട്ട് ഡയറക്ടറായിരുന്ന സാബു സിറിലാണ് സാഹോയുടെയും കലാസംവിധായകൻ. ഛായാഗ്രഹണം ആർ മഥിയും എഡിറ്റിങ് ശ്രീകർ പ്രസാദും നിർവഹിക്കുന്നു. വിഷ്വൽ എഫക്ട്- ആർസി കമലാകണ്ണൻ. വിഷ്വൽ ഡെവലപ്മെന്റ്- ഗോപി കൃഷ്ണ, അജയ് സുപാഹിയ.കോസ്റ്റ്യൂം ഡിസൈൻ-തോട്ട വിജയ് ഭാസ്കർ, ലീപാക്ഷി എല്ലവദി. സൗണ്ട് ഡിസൈൻ- സിൻക് സിനിമ, ആക്ഷൻ ഡയറക്ടേഴ്സ്- പെങ് സാങ്, ദിലീസ് സുബരായൻ, സ്റ്റണ്ട് സിൽവ, സ്റ്റീഫൻ, ബോബ് ബ്രൗൺ, റാം-ലക്ഷ്മൺ.

മലയാളി താരം ലാൽ, ജാക്കി ഷറോഫ്, നീൽ നിതിൻ മുകേഷ്, മന്ദിര ബേദി, ചങ്കി പാണ്ഡേ, മഹേഷ് മഞ്ജ്‌രേക്കർ, അരുൺ വിജയ്, മുരളി ശർമ, ടിനു ആനന്ദ്, ശരത് ലോഹിതഷ്വ, എവിലിൻ ശർമ, വെനില കിഷോർ തുടങ്ങിയവരും പ്രധാന വേഷം കൈകാര്യം ചെയ്യുന്നു.

# വിശ്വപാത ഒരുങ്ങുന്നു

തെക്കൻകുരിശുമല തീർത്ഥാടന കേന്ദ്രത്തെ ഇതിവൃത്തമാക്കി ഒരുക്കുന്ന ചിത്രം വിശ്വപാത ചിത്രീകരണം പുരോഗമിക്കുന്നു. ഇന്ദ്രൻസ്, ബിനു, സജിസൂര്യ, ഡോ. ദിവ്യ, ചെമ്പിൽ അശോകൻ, ഹരി കൊല്ലം, കുമരകം രഘുനാഥ്, സേതുലക്ഷ്മി, വിജയകുമാരി, പൂജപ്പുര രാധാകൃഷ്ണൻ, ബോബൻ ആലുംമൂടൻ, മനുരാജ്, അമ്പൂരി ജയൻ, പ്രമോദ് മണി, രാജാമണി. ആർ. കെസിയ, കല്യാണി, ഫാദർ പി. ഇഗ്നേഷ്യസ്, ബാബു സൂര്യ, രഹ്ന, പ്രിയൻഷാ മതിലകം, ആൻസിൽ എന്നിവർ അഭിനയിക്കുന്നു.

ബാനർ-സമന്വയ വിഷൻസ്, നിർമ്മാണം-സജി സൂര്യ, സംവിധാനം-വി.വി.വിൽഫ്രഡ്, ഛായാഗ്രഹണം-ഗുണ അനുരാഗ്, അലക്സ്, വിനോദ് ജി. മധു, കോ-ഡയറക്ടർ-ജിതേഷ് കരുണാകരൻ, കഥ, തിരക്കഥ, സംഭാഷണം-ഷാജി മതിലകം, എഡിറ്റിംഗ്-വിജിൽ. എഫ് എക്സ്, പ്രൊഡക്ഷൻ കൺട്രോളർ-കിച്ചി പൂജപ്പുര, ഗാനരചന-റവ. ഫാദർ വിൻസന്റ് കെ. പീറ്റർ, സംഗീതം-വില്യം ആറാട്ടുകുഴി, ആലാപനം-കാവാലം ശ്രീകുമാർ, വിധു പ്രതാപ്, പുഷ്പവതി, ഇമാനുവൽ ഹെൻട്രി, അനൂപ് കോവളം, ക്രീയേറ്റീവ് ഹെഡ് ആൻഡ് കാ-ഓർഡിനേഷൻ-റവ. ഫാദർ വിൻസന്റ് കെ. പീറ്റർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസേഴ്സ്-ക്രിസ്തുദാസ്, സേവ്യർ ഏഴാകോട്, ആർ. രാജാമണി എൽഐസി-പാറശ്ശാല, പിആർഓ - വാഴൂർ ജോസ്, അജയ് തുണ്ടത്തിൽ.





# സ്വനാശം

## പൂർത്തിയായി

മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ സ്വന്തം ജീവിതം സമർപ്പിച്ച ഒരു ഭ്രാന്തന്റെ ജീവിതകഥയാണ് സ്വനാശം. പ്രിജുകുമാർ ഹൃദയ് ആയുഷ്, ആകൃഷ്ണ പ്രിജുകുമാർ, ആത്മക പ്രിജുകുമാർ, ശരൺ, സ്ഫടികം ജോർജ്, ചിത്രപ്രസാദ്, ശില്പ മാർട്ടിൻ, സുമ കോടന്നൂർ, സുകുദേവ്, ഗിരിദാഷ്, ഷാജി മാരാത്ത്, മണികണ്ഠൻ ബ്രഹ്മകുളം, അഷ്റഫ് ഗുരുക്കൾ, സിജോ, ഉണ്ണികൃഷ്ണൻ നമ്പേക്കാട്ടിൽ, റോബിൻസോ, മല്ലിക സുകുദേവ്, ജോജുമോഹൻ, മനുമോഹിത്, നിജി മനോജ്, ആർദ്ര, അശ്വതി, ബിനീഷ്, സൽമോൻ, ജോർജ്ജ് എന്നിവർ അഭിനയിക്കുന്നു.

രചന, സംവിധാനം-പ്രിജുകുമാർ ഹൃദയ് ആയുഷ്, നിർമ്മാണം-ഹിമാപ്രിജുകുമാർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസേഴ്സ്-അജയൻ, പ്രഭകുമാർ, കാമറ-ധനപാൽ, ശ്യാം, നവീൻ, റിനു, എഡിറ്റിംഗ്-മിൽജോ ജോണി, പ്രൊഡക്ഷൻ കൺട്രോളർ-അനിൽ അങ്കമാലി, ഗാനരചന-പ്രിജുകുമാർ ഹൃദയ് ആയുഷ്, അനിൽ പത്തു, സംഗീതം-നിഖിൽ പ്രഭ, ശ്രീജിത്ത്, വിനോദ് എങ്ങണ്ടിയൂർ, ആലാപനം-വിധുപ്രതാപ്, ശ്രേയാ ജയദീപ്, നിഖിൽപ്രഭ, ഗോവിന്ദ്, ശ്രുതി ശശിധരൻ, സിബിൻ കുമ്പളം, വിനീത് പേരാമ്പ്ര, സനൂപ്, പിആർഓ - അജയ് തുണ്ടത്തിൽ.